www.malankaralibrary.com

# മലങ്കര സഭയും
# റോമൻ വാദങ്ങളും

## Part 1
## മലങ്കരസഭയും റോമാസിംഹാസനവും

ഗ്രന്ഥകർത്താവ്
ഫാദർ തോമസ് കൊററാത്തുവിള എൽ. ഡി

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# മലങ്കരസഭയും റോമൻ വാദങ്ങളും

PART I

## മലങ്കരസഭയും റോമാസിംഹാസനവും

ഗ്രന്ഥകർത്താ:

ഫാദർ തോമസ് കൊററാത്തുവിള

*Rights Reserved.*

1956

വില 1 രൂ. 4 ണ.

www.malankaralibrary.com

ഒന്നാംപതിപ്പ്

അച്ചടി:
ഭാഗ്യോദയം പ്രസ്,
പുളിക്കീഴ്.

ഗ്രന്ഥകർത്താവിൻെറ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

www.malankaralibrary.com

# ആമുഖം

ഈ ലഘുഗ്രന്ഥം സത്യാസത്യങ്ങളെ പരിഗണിക്കുവാൻ മതിയായ പ്രതിബോധമുള്ള സഹൃദയന്മാരുടെ മുമ്പിലാണു സമർപ്പിക്കുന്നതു്. ഇതെഴുതുവാൻ എന്നെ പ്രേരിപ്പിച്ചതു്; റോമൻറീത്തുപ്രചരണവകുപ്പിൽനിന്നും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള "കത്തോലിക്കാസഭയും, യാക്കോബായവാദങ്ങളും" എന്ന ഗ്രന്ഥമാണു്. അതിൻെറ ശരിയായ ഒരു വിശകലനം എഴുതണമെന്നു് അതു വായിച്ചപ്പോഠം സത്യസഭയുടെ അംശികളായ പല മാന്യ വ്യക്തികളും എന്നോടു് ആവശ്യപ്പെട്ടുകയും അതു് അനുപേക്ഷണീയമായി നിർവ്വഹിക്കേണ്ടതാണെന്നുള്ള കർത്തവ്യബോധം എനിക്കു പ്രചോദനം നൽകുകയും ചെയ്തതനുസരിച്ചുമാത്രമാണിതു്. അല്ലാതെ ഏതെങ്കിലും ക്രിസ്തീയസഭാവിഭാഗത്തെയൊ, വ്യക്തികളെയൊ മോശപ്പെടുത്തണമെന്നുള്ള ഉദ്ദേശം ഇതിൽ ഇല്ല. തെളിവിനായി ഞാൻ സ്വീകരിച്ചിട്ടുള്ള ഗ്രന്ഥങ്ങഠം റോമാസഭയിലെ അംഗങ്ങഠം രചിച്ചിട്ടുള്ളതും ചരിത്രസമ്മതി ആൎജ്ജിച്ചിട്ടുള്ളതും ആകുന്നു. ഉദ്ധരണികഠം ഒന്നുംതന്നെയും ഇടയ്ക്കുനിന്നും അടൎത്തി എടുത്തതോ ഗ്രന്ഥകർത്താവിൻെറ ആശയത്തിനു വിപരീതം വരുന്നതോ അല്ല.

www.malankaralibrary.com



ഞാൻ ഉപയോഗപ്പെടുത്തിയിട്ടുള്ള ഗ്രന്ഥങ്ങളിൽ ഡാക്ടർ ഹെഫലെ ഒഴികെ എല്ലാ ഗ്രന്ഥങ്ങളും എൻെറ കൈവശമുള്ളതും എൻെറ ഉദ്ധരണികളുടെ നിജാവസ്ഥയെ ആൎക്കും ബോദ്ധ്യപ്പെടുത്തിക്കൊടുക്കാവുന്നതും ആകുന്നു. മലങ്കരസഭാ മാസികയിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയിരുന്നതും പിന്നീടു വിപുലപ്പെടുത്തി എഴുതി പൂൎത്തിയാക്കിയതുമായ ഭാഗങ്ങൾ ക്രോഡീകരിച്ചു രൂപപ്പെടുത്തിയിരിക്കുന്ന ഈ ലഘുഗ്രന്ഥം അതിൻെറ ഉദ്ദേശലക്ഷ്യത്തിൽ എത്തുമെങ്കിൽ ഞാൻ കൃതാൎത്ഥനായി. എൻെറ സ്നേഹിതൎക്കു എൻെറ അകമഴിഞ്ഞ അഭിനന്ദനം. ഇതിൻെറ പ്രസിദ്ധീകരണത്തിനു് എന്നെ പ്രേരിപ്പിച്ച സുഹൃത്തുക്കളുടെ ആരുടേയും പേരു് ഇവിടെ രേഖപ്പെടുത്തുന്നില്ല. അവൎക്കു് എൻെറ കൂപ്പുകൈ.

ബദ്ധപരീതമായ കൃത്യബഹുലതകളെ മാററിവച്ചു് ഇതിൻെറ മുദ്രണം മൂന്നു ദിവസംകൊണ്ടു് ഭംഗിയായി നിൎവ്വഹിച്ചു തന്ന ഭാഗ്യോദയം പ്രസ്സ് പ്രവൎത്തകരോടു് എൻെറ അകൈതവമായ കൃതജ്ഞതയെ പ്രദൎശിപ്പിച്ചുകൊണ്ടും, സഹൃദയലോകത്തിനു് ഹൃദയംഗമമായ അഭിനന്ദനം അർപ്പിച്ചുകൊണ്ടും ഈ ഗ്രന്ഥത്തെ നീതിയേറിയ ലോകസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ആലപ്പുഴ,
30—10—1956

ഗ്രന്ഥകൎത്താ.

www.malankaralibrary.com

# REFERENCE

| Page | No. | Name of Book | Page |
|---|---|---|---|
| | | **I** | |
| 6 | 1 | See of Rome Fuller | 144 |
| 6 | 2 | See of Rome | 144 |
| 7 | 3 | Philip Hughes Vol. I | 190 |
| 7 | 4 | Catholic Dictionary | 612 |
| 9 | 5 | Dr. Hefele Vol. I | 134 |
| 9 | 6 | Ibid | 133 |
| 9 | 7 | Ibid | 133 |
| 9 | 8 | Philip Hughes Vol. I | 190 |
| 10 | 9 | F. X. Funk Vol. I | 199 |
| 10 | 10 | ക: സഭയും, യാ: വാദങ്ങളും | 284 |
| 22 | 11 | B. J. Kidd Documents | 156 |
| 23 | 12 | F. X. Funk Vol. I | 60 |
| | | **II** | |
| 26 | 1 | Adrian Fortesque L. E. C. | |
| 27 | 2 | Ibid | 44 |
| 27 | 2 | Ibid | 45 |
| 29 | 4 | Catholic Dictionary | 35 |
| | | **III** | |
| 32 | 5 | Philip Hughes Vol. II | 181 |
| 32 | 6 | Ibid | 181 |
| 35 | 7 | Ibid | 189 |
| 37 | 8 | Adrian Fortesque L. E. C. | 361 |
| | | **V** | |
| 44 | 1 | ക: സഭയും, യാ. വാദങ്ങളും | 287-288 |
| 50 | 2 | Vatican Council D. C. Butler Vol. I | 4 |
| 51 | 3 | Catholic Dictionary | 37 |
| 53 | 4 | Philip Hughes Vol. II | 62 |
| 57 | 5 | J. C. Robertson Vol. IV | 17 |

www.malankaralibrary.com



| | | | |
|---|---|---|---|
| 58 | 6 | Philip Hughes Vol. II | 193 |
| 59 | 7 | Ibid | 195 |
| 66 | 8 | P. Walsh Vol. II | 135 |
| 67 | 9 | Ibid | 136 |
| 74 | 10 | G. T. Mekenzi | 8 |
| 75 | 11 | Syrian Church of Malabar, Fr. Placid | 20 |
| 75 | 12 | മത്തോമ്മാക്രിസ്ത്യാനികൾ Fr. Bernard Ch. VIII Para 14 | |
| 78 | 13 | G. T. Mackenzi | 8 |
| 80 | 14 | ക. സഭയും യാ. വാദങ്ങളും | 455 |
| 85 | 15 | Philip Hughes Vol. III | 183 |
| 86 | 16 | Ibid | 183 |
| 87 | 17 | G. T. Mackenzi | 9 |
| 89 | 18 | Fr. Bernard Ch. VIII Para 16 | |

# VII

| | | | |
|---|---|---|---|
| 89 | 1 | ക. സഭയും യാ. വാദങ്ങളും | 288 |
| 93 | 2 | Encyclopeadia Brittanica 9th. Edition Vol. VIII | 663 |
| 93 | 3 | Hares | 177 |

# VIII

| | | | |
|---|---|---|---|
| 95 | 1 | ക. സഭയും യാ. വാദങ്ങളും | 289 |
| 96 | 2 | J. C. Robertson Vol. 4 | 22 |
| 98 | 3 | Buchanan Researches | 107 |
| 99 | 4 | Syrian Church of Malabar Fr. Placid | 21 |
| 100 | 5 | Buchanan Researches | 107 |
| 108 | 6 | J. C. Robertson Vol. VIII | 345 |
| 117 | 1 | Philip Hughes Vol. III | 398 |
| 118 | 2 | J. C. Robertson Vol. VIII | 232 |
| 118 | 3 | Philip Hughes Vol. III | 399 |
| 119 | 4 | Ibid | 400 |
| 126 | 5 | J. C. Robertson Vol. VIII | 276 |
| 128 | 6 | Ibid | 279 |

# IX

| | | | |
|---|---|---|---|
| 129 | 1 | ക. സഭയും യാ. വാദങ്ങളും | 290 |
| 134 | 2 | Mons. Duchesne E. T. Vol. III | 389 |
| 134 | 3 | A Portesque | 51 |

www.malankaralibrary.com



| | | | |
|---|---|---|---|
| 136 | 4 | Abid | 51 |
| 138 | 5 | Budge E. A. W. Philaxinose Vol. II | 26 |
| 139 | 6 | Duchesne Vol. III | 393 |
| 140 | 7 | Mackenzi | 5 |

## X

| | | | |
|---|---|---|---|
| 142 | 1 | Philip Hughes Vol. II | 266 |
| 142 | 2 | Ibid | 262 |
| 142 | 3 | Duchesne Vol. III | 329 |
| 143 | 4 | A. Fortesque | 218 |
| 144 | 5 | J. C. Robertson Vol. II | 272 |
| 145 | 6 | A Fortesque | 228 |
| 146 | 7 | Philip Hughes Vol. II | 213 |

## XI

| | | | |
|---|---|---|---|
| 146 | 1 | Finaly | 10 |

## XII

| | | | |
|---|---|---|---|
| 151 | 1 | ക. സഭയും യാ. വാദങ്ങളും | 290 |
| 151 | 2 | Ibid | 290 |
| 154 | 3 | A. Fortesque | 98 |
| 155 | 4 | Abid | 99 |
| 157 | 5 | Fr. Placid The Syrian Church of Malabar | 11 |
| 159 | 6 | ക: സഭയും യാ: വാദങ്ങളും | 290 |
| 160 | 7 | Mankezi | 12 |
| 162 | 8 | Buchanan | 105 |

## XIII

| | | | |
|---|---|---|---|
| 164 | 1 | State Manuel Vol. I | 286 |
| 164 | 2 | Abid | 289 |
| 165 | 4 | The Dutch in Malabar Dr. P. C. Alexander M. A., D. Litt. I. A. S. | 6 |
| 167 | 4 | State Manuel Vol. I | 289 |
| 168 | 5 | Fr. Bernard Ch. X | 127-128 |
| 169 | 6 | F. X. Funk Vol. II | 159 |
| 172 | 7 | Fr. Placid | 31 |
| 173 | 8 | Mackenzi | 60 |
| 173 | 9 | Fr. Bernard Ch. X | 148 |
| 173 | 10 | Fr. Placid | 188 |
| 174 | 11 | The Syrian Colonisation of Malabar | 188 |
| 174 | 12 | Machenzi | 66 |

www.malankaralibrary.com

## ഈ ഗ്രന്ഥനിർമ്മാണത്തിന്
## ഉപയോഗിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ


1. See of Rome F. W. Puller, 1893
2. History of the Churh in 3 Vols. Philip Hughes. R
3. Catholic Dictionary 10th. edition R
4. History of the Councils Dr. Hefele, Vol. 1 R
5. History of the Church F. X. Funk, 2 Vols. R
6. Documents B. J. Kidd
7. Lence Eastern Churches, Adrian Fortesque R
8 Vatican Council, D. C. Butler, 2 Vols R
9. History of the Church, J. C. Robertson, 8 Vols
10. Lights and Shades of Christendom, 2 Vols, Bishop Walsh
11. Christianity in Travancore, G. T. Mackenzy R
12. Syrian Church of Malabar, Fr. Placid R
13. മാർത്തോമ്മാക്രിസ്ത്യാനികൾ Fr. Bernard R
14. Encyclopeadia Brittanica Vol. VIII 9th. edition
15. W. H. Hares
16. Claudius Buchanan Researches
17. Mon. Duschesne 3 Vols. R
18. E. A. W. Budge 2 Vols.
19. Finlay, History of the Byzantine empire
20. Tarvancore State Manuel, Nagmiah Vol. I
21. The Dutch in Malabar, Dr. P. C. Alexander, M. A. D. Litt. I. A. S
22. The Syrian Colonisation of Malabar, Joseph Chazhikattu
23. Documents of the Christian Church H. Bettonson
24. Documents illustrative of the Papal authority. Giles.
25. The Canons, William Lambert.


---

(റോമൻസഭാഗ്രന്ഥങ്ങൾക്ക് R എന്ന അടയാളം കൊടുത്തിരിക്കുന്നു.)

www.malankaralibrary.com

# മലങ്കരസഭയും റോമ്മാസിംഹാസനവും.

മലങ്കരസഭ. അതൊരു യഥാർത്ഥമാണ്. ഒരു ചരിത്രമാണ്. അതിനുണ്ടൊരു പാരമ്പര്യം. ഭൂവിഭാഗത്തിലെവിടെയുമുള്ള ഏതൊരു സഭാവിഭാഗത്തിന്റെയും—സിറിയാ നാട്ടിലേതു കഴിഞ്ഞാൽ—ആരംഭത്തിനുമുമ്പാണ് അവളുടെ ജനനം. ഭാരതഭൂവിൽ ഇക്കാലമത്രയും വിജയശ്രീലാളിതയായി വിരാജിച്ച ആ പുണ്യശ്ലോക, അവളുടെ നിലനിൽപ്പിന്റെ 19-ാം ശതവത്സരാഘോഷമാണ് 1952-ൽസാഘോഷം കൊണ്ടാടിയതു്. അവളുടെ ജ്ഞാനസ്നാനപിതാവു്, മാർ തോമ്മാ, അവൾക്ക് പ്രിയംകരനാണ്. അവളുടെ അഭിമാനഭാജനമാണ്. അതുല്യനാണ്. അദ്ദേഹത്തിന്റെ പ്രത്യേകതകൾ അവൾക്കറിയാം. ഗുരുനാഥന്റെ മാർവിടത്തിലെ തിരുമുറിവുകളെ സ്വകൈകൊണ്ടു് തലോടുന്നതിനുള്ള ഭാഗ്യം ലഭിച്ച ഏകശിഷ്യപ്രമുഖനാണ് താൻ. "എന്റെ കർത്താവും, എന്റെ ദൈവവുമെ" എന്ന വിളിയാൽ ക്രിസ്തുമതവേദശാസ്ത്രത്തിന്റെ അടിസ്ഥാനക്കല്ലു് സ്ഥാപിച്ചതു അദ്ദേഹമാണ്. കണ്ടതും കേട്ടതും മാത്രമല്ലാ, സ്പർശിച്ചു് ബോദ്ധ്യപ്പെട്ടതുംകൂടിയാണ് അദ്ദേഹത്തിന്റെ സുവിശേഷ

www.malankaralibrary.com



ഘോഷണവിഷയം. അദ്ദേഹമൊ,–താൻ വിതച്ച വിത്തിന് വളൎച്ചയും പുഷ്ടിയും ശക്തിയും ലഭിക്കുവാൻ മണ്ണിനെ സ്വന്തരക്തംകൊണ്ടു് നനച്ചു് മാംസവും അസ്ഥിയും വളമായി നൽകി! ഇങ്ങിനെയാണു് ഈ ഭാരതഭൂവിൽ അവൾ ജനിച്ചതും വളൎന്നതും. ഇക്കാലമത്രയും അവൾ ജീവിച്ചു. പാതിവ്രത്യലംഘനത്തിനു അവളെ പ്രേരിപ്പിച്ച ദുഷ്ടശക്തികളുടെ കൌടില്യങ്ങളേയും, ഭീഷണികൊണ്ടു് അവളെ അന്യാധീനയാക്കി തീൎപ്പാൻ മുതിൎന്ന ശത്രുക്കളുടെ രണശൂരതയേയും, കുഞ്ഞാടിൻ വേഷത്തിൽ സമീപനം നടത്തി, കടിച്ചു ചീന്തി അവളുടെ രക്തം കുടിക്കുവാൻവന്ന വിദേശീയ ചെന്നായ്ക്കളുടെ രക്തദാഹത്തേയും, കോഴയും കൂലിയുംകൊടുത്തു് അടിമത്വത്തിലേയ്ക്കു് അവളെ ആനയിക്കുവാൻ ആവേശമെടുത്തവരുടെ കുടിലതന്ത്രങ്ങളേയും തങ്കക്കാശു് വായിലുതിൎത്തു് കൊടുത്ത മധുര പലഹാരങ്ങളുടെ സല്ക്കാരങ്ങളേയും, സംസ്കാരശൂന്യമായ അറബിനുകം അവളുടെ തോളിലേററി അവളെ പരാധീനയാക്കിതീൎക്കാൻ പ്രയോഗിച്ച വഞ്ചതിവുകളേയും അവൾ വീറോടെചെറുത്തു—അവൾ പോരാടി. ഇന്നും അവൾ നിലനില്ക്കുകതന്നെ ചെയ്യുന്നു. തങ്ങളുടെ ക്രിസ്ത്യാനിത്വത്തിൻെറ പാരമ്പര്യത്തിനൊരു മാററു് അവളുമായുള്ള വേഴ്ച ഒന്നുമാത്രമാണെന്നു് അധുനാതനരും, പുരാതനരും അവകാശപ്പെടുന്നു. പാശ്ചാത്യരാജ്യത്തു ജനിച്ചുവളൎന്നു് മരിച്ച ലൂഥർ, ആദിയായവരുടെ പ്രവൎത്തനങ്ങളോടനുബന്ധിച്ചു് ആവിർഭവിച്ച നവീകരണ വിഭ്രാന്തിയുടെ സംക്രമണത്തിലമൎന്ന സുവിശേഷവിഹിതോപദേശസഭക്കാർ പറയും, അവരാണു്

www.malankaralibrary.com



അവളുടെ യഥാർത്ഥമക്കളെന്ന്. അതു അത്രകാര്യമാക്കേണ്ടതില്ല. അവരുടെ ജന്മദിനം ഒരു രണ്ടു നാളിനു മുൻപായിരുന്നു എന്നു്, ചരിത്രത്തിന്റെ ഇന്നലെ എഴുതിത്തീർന്നവശം സാക്ഷിനിൽക്കുന്നുണ്ടു്. ഏതു തോട്ടം ഏതു കുളവും പരിശുദ്ധ "യൂർദിനാ"നായി പരിഗണിച്ചു്, നിറുത്തിയും, കിടത്തിയും മുക്കിയെടുക്കുന്ന ഒരു സമൂഹത്തിന്റെ ഒരു പാസ്റ്റർ കഴിഞ്ഞൊരു ദിവസം പറകയുണ്ടായി, തങ്ങളാണു് തോമ്മാശ്ലീഹാ സ്ഥാപിച്ച ഭാരതസഭയുടെ അരുമക്കുഞ്ഞുങ്ങളെന്നു്. ഒരമേരിക്കൻ ധപര എഴുതിയ ചരിത്രം അതിനാധാരമായിട്ടുണ്ടെന്നും. ഇങ്ങിനെയുള്ള പലതും, കേൾക്കുവാനും കാണുവാനുമുണ്ടു്. മറെറാരു ചരിത്രസൃഷ്ടി ശക്തിമത്തായി നടന്നുകൊണ്ടിരിക്കുന്നു. ഏതാണ്ടു് 24-വർഷങ്ങൾക്കു മുൻപു് മലങ്കര സഭാന്തരീക്ഷത്തിൽ പ്രത്യക്ഷപ്പെട്ട ഒററിക്കൊടുക്കൽ പ്രസ്ഥാനത്തിന്റെ പ്രചരണ വകുപ്പുവകയായി പുറപ്പെടുവിക്കപ്പെട്ടിട്ടുള്ള ചില ഗ്രന്ഥങ്ങളിലാണു് അതു പ്രധാനമായി കാണുന്നതു്. അതിൽ ഒന്നിൽ പറഞ്ഞിരിക്കുന്നു: "മലങ്കര സുറിയാനി സഭയെ പേർഷ്യാ, സെലൂക്യാ, (ബാബേൽ) അന്ത്യോക്യാ എന്നീ സിംഹാസനങ്ങളിൽനിന്നു് അയയ്ക്കപ്പെട്ട സുറിയാനി മെത്രാന്മാർ ഭരിച്ചിരുന്നതായി രേഖകളുണ്ടു്. അക്കാലത്തു പേർഷ്യാ, സെലൂക്യാസിംഹാസനത്തിനും, സെലൂക്യാ അന്ത്യോക്യാസിംഹാസനത്തിനും, അന്ത്യോക്യാ റോമാ സിംഹാസനത്തിനും, കീഴ്പ്പെട്ടിരുന്നതുകൊണ്ടു് മലങ്കരസഭ മാർപാപ്പായുടെ പരമാധികാരത്തെ സ്വീകരിച്ചിരുന്ന മെത്രാന്മാരാലാണു് ഭരിക്കപ്പെട്ടിരുന്നതെന്നു് പ്രത്യേകം പറയേണ്ടതില്ല

www.malankaralibrary.com



ല്ലോ!!" (കത്തോലിക്കാസഭയും യാക്കോബായ വാദങ്ങളും. പുറം 275) പ്രസ്തുത ഗ്രന്ഥത്തിൻെറ പണ്ഡിതനായ കർത്താവ് നിഷ്പ്രയാസം സമർത്ഥിച്ചിരിക്കുന്ന മലങ്കരസഭ ആദിമകാലംമുതൽ റോമാസഭയുടെ അധികാരത്തിനു വിധേയമായിരുന്നു എന്ന്. ഇതിലേക്കാധാരമായി ചില തെളിവുകൾ ആ ഗ്രന്ഥത്തിൽ നൽകിയിട്ടുണ്ട്. 283-ാം വശം മുതൽ 294-ാം വശം വരെ പ്രതിപാദിച്ചിട്ടുള്ള ആ തെളിവുകളെ ഒന്നു പരിശോധിക്കുകയെന്നുള്ളതാണ് ഈ ലേഖനോദ്ദേശം.

I

## നിഖ്യാസുന്നഹദോസിൽ.

നിഖ്യാ സുന്നഹദോസിൽ സംബന്ധിച്ച പേർഷ്യായിലെ മാർ യൂഹാനോൻ മെത്രാപ്പോലീത്താ സുന്നഹദോസ് നടപടികൾക്ക് ഒപ്പുവെച്ചത്, റോമാ പാത്രീയർക്കീസിൻെറ മേലധികാരത്തിന് വിധേയമായിട്ടായിരുന്നു എന്നും, അതിനാൽ യൂഹാനോൻ മെത്രാപ്പോലീത്തായാൽ ഭരിക്കപ്പെട്ടിരുന്ന ഇൻഡ്യയിലെ സഭ റോമാസഭയുടെ അഥവാ റോമാപാത്രിയർക്കീസിൻെറ പരമാധികാരത്തെ അംഗീകരിച്ചിരുന്ന ഒരു സഭയാണെന്നുമാണ് ഒന്നാമത്തെ തെളിവ്. ഈ വാദത്തിന് ഉപോത്ബലകമായി പ്രാധാന്യം കൊടുത്തു പ്രതിപാദിക്കപ്പെട്ടിരിക്കുന്നത് സന്നിഹിതരായിരുന്നവർ സുന്നഹദോസ് നിശ്ചയങ്ങളിൽ ഒപ്പുവച്ചതിൻെറ ക്രമത്തെയാണ്. കാണുക. "ബഹുഭൂരിപക്ഷം പൗരസ്ത്യമെത്രാന്മാരും അലക്സന്ത്രിയാ, അന്ത്യോക്യാ, യറുശലേം, എന്നീ വിശ്രുതങ്ങളായ സിം

www.malankaralibrary.com



ഹാസനങ്ങളെ ഭരിച്ചുകൊണ്ടിരുന്ന പാത്രിയക്കീസന്മാരും സന്നിഹിതരായിരുന്ന നിഖ്യാസുന്നഹദോസിൽ പാശ്ചാത്യനും, വെറുമൊരു മെത്രാനുമായിരുന്ന ഓസിയൂസും, അദ്ദേഹത്തോടൊരുമിച്ച് റോമായിൽനിന്നുവന്ന വെറും രണ്ടുപട്ടക്കാരും, മാർപാപ്പായുടെ പ്രതിനിധിമാരായി സുന്നഹദോസ് നിശ്ചയങ്ങളിൽ ഒന്നാംസ്ഥാനത്ത് ഒപ്പുവച്ചതിൽനിന്ന് നിഖ്യാസുന്നഹദോസിലെ പിതാക്കന്മാർ എല്ലാം റോമാസിംഹാസനത്തിൻെറ പരമാധികാരത്തെ സ്വീകരിച്ചിരുന്നവരും, റോമാപാപ്പായുടെ അധികാരത്തിന് വിധേയരായി കത്തോലിക്കാ വിശ്വാസം അവലംബിച്ചിരുന്നവരും ആയിരുന്നുവെന്ന് സ്പഷ്ടമല്ലേ." (പേജ് 284-285) വളരെ വിചിത്രതരവും, ചരിത്രത്തിൽ യാതൊരടിസ്ഥാനവുമില്ലാത്ത ഈ പ്രസ്താവനയിൽ മൂന്നു കാര്യങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. അവ:-

a) പാശ്ചാത്യനും വെറുമൊരു മെത്രാനും, ആയ ഓസിയൂസ് റോമാ പാപ്പായുടെ പ്രതിപുരുഷസ്ഥാനം വഹിച്ചിരുന്നു.

b) അദ്ദേഹത്തിൻെറ ഒപ്പും, വെറും രണ്ടു് പട്ടക്കാരുടെ ഒപ്പും ഒന്നാമതായി ഒന്നിച്ചു് നൽകപ്പെട്ടിരുന്നു.

c) നിഖ്യായിലെ പിതാക്കന്മാരെല്ലാവരും റോമാ സിംഹാസനത്തിൻെറ പരമാധികാരത്തെ അംഗീകരിച്ചിരുന്നു.

യഥാർത്ഥത്തിൻെറ കണികപോലും അതിൽ

www.malankaralibrary.com



അടങ്ങിയിട്ടില്ലാത്ത കാൎയ്യങ്ങളാണ് ഇവമൂന്നും. എങ്ങിനെയെന്നാൽ—

a) ഓസിയൂസ് റോമാപാപ്പായുടെ പ്രതിപുരുഷനായി നിഖ്യാസുന്നഹദോസിൽ സംബന്ധിച്ചു എന്നുള്ളതു് പുരാതനസഭയിലെ പിതാക്കന്മാർ ആരും തന്നെ രേഖപ്പെടുത്തിയിട്ടില്ലാത്തതും അഞ്ചാം നൂററാണ്ടിന്റെ അന്ത്യത്തിൽ ജീവിച്ചിരുന്ന ഗെലേഷിയസ് (Gelasius of Cyzicus) എന്ന ഒരാളിന്റെ കെട്ടുകഥയുമാണ്. ഈ ഗലേഷിയസിനെക്കുറിച്ചു് പണ്ഡിതനായ ഡൂപ്പിൻ (Dupin) അഭിപ്രായപ്പെട്ടിരിക്കുന്നതു ഇപ്രകാരമാണ്. "A sorry compiler, who gathered all he met with, relating to his subject, both bad and good, without examining whether it was true or false." [1]. അതായതു–തന്റെ വിഷയത്തെസംബന്ധിച്ചു് നന്മയും തിന്മയുമായി ലഭിച്ച എല്ലാം സംഭരിച്ചു് അതു, സത്യമോ അസത്യമൊ, എന്നു് പരിഗണിയ്ക്കാതെ കൂട്ടിച്ചേൎത്ത ഒരു ശോച്യനായ സംഗ്രഹിതാവെന്നു്—തന്നെ.

വീണ്ടുംകാണുക–പ്രെസെന്റർ വെനബിൾസ് (precentor venables) എന്ന ദേഹം രേഖപ്പെടുത്തിയിരിയ്ക്കുന്നു. "his work is little more than a compilation from the ecclesiastical histories of Eusebies, Socrates, Sozomen, and Theodoret to which he has added little but what is very doubtful or manifestly untrue:" [2] അതായതു യൂസീബിയിസ്, സോക്രട്ടീസ്, സോസൊ

www.malankaralibrary.com



മെൻ, തേയോദോറത്ത്, എന്നിവരുടെ സഭാ ചരിത്രങ്ങളിൽനിന്നുമുള്ള സമാഹരണത്തോട്, വളരെ സംശയകരമൊ, പ്രത്യക്ഷത്തിൽ അസത്യമൊ ആയ ചുരുക്കം കാര്യങ്ങൾ കൂട്ടിച്ചേർത്തിട്ടുള്ളതാണെന്നുള്ളതിൽകവിഞ്ഞു് കൂടുതലായി ഒന്നുമില്ലാത്ത ഒന്നാണ് ഈ ആളിന്റെ കൃതി. ഇങ്ങിനെ അഞ്ചാം നൂററാണ്ടിന്റെ അന്ത്യത്തിൽ രൂപമെടുത്ത കള്ളക്കഥയെ ആസ്പദമാക്കി ഓസിയൂസിനെ റോമാമെത്രാൻ സിൽവെസ്റ്ററിന്റെ പ്രതിപുരുഷനാക്കിയത് റോമാസഭയിലെ പ്രമുഖചരിത്രകാരന്മാർ അംഗീകരിക്കാത്ത ഒരു സംഗതിയാണെന്നുള്ളതു മേലുദ്ധരിച്ച ഗ്രന്ഥത്തിന്റെ നിർമ്മാതാവു് ഒരുപക്ഷേ അറിഞ്ഞിട്ടില്ലായിരിക്കാം. വാദ്ധക്യം ഹേതുവായി ദീർഘയാത്ര ചെയ്യുവാൻ അപ്രാപ്തനായിരുന്ന അന്നത്തെ റോമാമെത്രാൻ സിൽവെസ്റ്റർ തന്റെ പ്രതിപുരുഷന്മാരായി വെറും രണ്ടു പട്ടക്കാരെ മാത്രമാണ് നിയോഗിച്ചതു്. "The bishop of Rome was absent his age forbade his making the journey, but two of his priests represented him"[3]—പ്രായാധിക്യം, യാത്രചെയ്യുന്നതിന് പ്രതിബന്ധമായിരുന്നതിനാൽ റോമിലെമെത്രാൻ ഹാജരാകാതിരിക്കുകയും, അദ്ദേഹത്തിന്റെരണ്ടുപട്ടക്കാർ അദ്ദേഹത്തെ പ്രതിനിധീകരിക്കുകയും ചെയ്തു—

"The Roman bishop was represented by the priests Vitus, and Vincentius"[4]—വിററസ്, വിൻസൻറിയസ് എന്ന രണ്ടു പുരോഹിതന്മാരാൽ

www.malankaralibrary.com



റോമാമെത്രാൻ പ്രതിനിധീകരിക്കപ്പെട്ടിരുന്നു. ഇതു രണ്ടും രണ്ടു പ്രമുഖ റോമൻഗ്രന്ഥങ്ങളാണ്. ഇതു പോലെ പല ഗ്രന്ഥങ്ങളും പറയുന്നു രണ്ടു പട്ടക്കാരായിരുന്നു റോമൻ മെത്രാൻെറ പ്രതിപുരുഷന്മാരെന്ന്. എന്നാൽ കത്തോലിക്കാ സഭയും യാക്കോബായവാദങ്ങളും എന്ന ഗ്രന്ഥത്തിൻെറ കർത്താവു് റീത്തു പ്രചരണാർത്ഥം പ്രചരിപ്പിക്കുന്നു, ഓസിയൂസ് റോമാ മെത്രാൻെറ പ്രതിപുരുഷനെന്ന്. മലങ്കര സഭ റോമാ പാപ്പായ്ക്കു വിധേയമായിരുന്നു എന്നു തെളിയിക്കുവാൻ പ്രഥമതഃ പ്രയോഗിച്ചിരിക്കുന്നതു തന്നെ ഒരു വൻകള്ളം. ഓസിയൂസ് റോമാമെത്രാൻെറപ്രതിപുരുഷസ്ഥാനം വഹിച്ചിരുന്നില്ലാ എന്നുമാത്രമല്ലാ, ഇവർ തമ്മിൽ സമ്പക്കം പോലുമില്ലാതിരുന്ന രണ്ടു വ്യക്തികൾ ആയിരുന്നു എന്നു കൂടി ഗ്രഹിക്കേണ്ടതായിട്ടുണ്ടു്. റോമൻ സഭാംഗങ്ങളായ ചരിത്രകാരന്മാർ നൽകിയിട്ടുള്ള വിവരണങ്ങൾ അനുസരിച്ചു് അദ്ദേഹം കോൺസ്റ്റൻറയിൻ ചക്രവത്തിയുടെ ഒരു ആപ്തമിത്രവും, സഭാസംബന്ധമായ കാര്യങ്ങളിൽ ചക്രവത്തിയുടെ ആലോചനക്കാരനും അലക്സന്ത്രിയായിൽ അറിയൂസ് മൂലമുണ്ടായ കുഴപ്പങ്ങൾക്കു പരിഹാരം വരുത്തുവാൻ അവിടേക്കു ചക്രവത്തിയാൽ നിയുക്തനായ ദേഹവും ആ നിയോഗത്തിൽ നിന്നു ഗ്രഹിച്ച അറിവിനെ ആസ്പദമാക്കി ഒരു സുന്നഹദോസ് വിളിച്ചു കൂട്ടുവാൻ ചക്രവത്തിക്കു നിർദ്ദേശം കൊടുത്തയാളും, ഇങ്ങനെ പലവിധത്തിൽ ചക്രവത്തിയോടുള്ള ബന്ധുതാവും സഖിതാവും അനുസരിച്ചു് സുന്നഹദോസിൽ ആദ്ധ്യക്ഷം വഹിക്കുവാൻ

www.malankaralibrary.com



ചക്രവത്തിയാൽ നിയുക്തനായ ദേഹവുമെന്ന് മനസ്സി ലാക്കവാൻ കഴിയും. ഈ ഓസിയൂസിൻെറ 313 മു തൽ 325 വരെയുള്ള ചരിത്രത്തിൽ ചക്രവത്തിയോ ടല്ലാതെ, റോമിലെ മെത്രാനോട്ട് എന്തെങ്കിലും ബ ന്ധമോ വേഴ്ചയോ ഉള്ള ആളാണ് അദ്ദേഹമെ ന്ന് യാതൊരു ചരിത്രകാരനും സാക്ഷിക്കുന്നില്ല. റോ മൻ സമുദായാംഗവും, ഒരു മെത്രാനും ഒരു പ്രസിദ്ധ ഗ്രന്ഥകാരനും ആയ Dr. Hefele യുടെ "History of the Councils" എന്ന മഹൽഗ്രന്ഥസമുച്ചയത്തിൻെറ ഒന്നാം വാല്യത്തിൽ മേൽപറയപ്പെട്ട കാര്യങ്ങൾ രേഖ പ്പെടുത്തിയിട്ടുണ്ട്. ചില ഭാഗങ്ങളുടെ വിവത്തനം താഴെ ചേക്കുന്നു: "313 മുതൽ സ്പെയിനിലെ ഈ മെത്രാൻ കോൺസ്റ്റൻറയിനോടൊന്നിച്ചു ജീവിച്ചിരു ന്നു"[5]. "323 നും, 324 നും, വളരെ മുൻപ് സ്പെയിൻ വിട്ട ഓസിയൂസ് സാധാരണയായി ചക്രവത്തിയോടു കൂടി ജീവിച്ചിരുന്നു."[6]

"323—324, ഈ വർഷങ്ങളിൽ അലക്സന്ത്രി യായിലെ കുഴപ്പങ്ങൾക്ക പരിഹാരം വരുത്തുവാൻ ചക്ര വത്തിയാൽ നിയുക്തനായി."[7]

റോമൻ സഭാംഗം തന്നെയായ മറെറാരു ചരി ത്രകാരൻ 1948-ലും എഴുതിയിരിക്കുന്നു.

"ചക്രവത്തിയുടെ വിശ്വാസം ആ കാലഘട്ട ത്തിൽ ഏററവും അധികം ആജ്ജിച്ചിരുന്നതു് ഈ ഓസിയൂസ് ആയിരുന്നു."[8]. ഓസിയൂസ് റോമാ മെത്രാ ൻെറ പ്രതിപുരുഷനല്ലായിരുന്നു എന്നു തെളിയിക്കുന്ന മറെറാരു പ്രസ്താവന താഴെ ചേക്കുന്നതു വേറൊരു

www.malankaralibrary.com



പ്രമുഖ റോമൻസഭാചരിത്രകാരൻേറതാണ്. അദ്ദേഹത്തിൻെറ വാചകം തന്നെ ഉദ്ധരിക്കുന്നു. "At the Synods of Nicaea and Ephesus, Osius of Cordova and Cyril of Alexandria took precedenc of the Papal legates"[9]. നിഖ്യായിലും, എപ്പേസൂസിലും, ഓസിയൂസും, അലക്സാന്ത്രിയായുടെ കൂറിലോസും പാപ്പായുടെ പ്രതിപുരുഷന്മാരേക്കാൾ പ്രാധാന്യമേറിയ പ്രഥമസ്ഥാനം സ്വീകരിച്ചിരുന്നു.

മേൽപ്പറഞ്ഞ റോമൻചരിത്രകാരന്മാർ കൈ ക്രൂപ്പി സമ്മതിക്കുന്ന ഒരു സത്യമാണ് ഓസിയൂസ് റോമാ പാപ്പായുടെ പ്രതിപുരുഷൻ അല്ലായിരുന്നു എന്നുള്ളത്. റീത്തു പുരോഹിതൻ അദ്ദേഹത്തെ പ്രതിപുരുഷസ്ഥാനത്തു പ്രതിഷ്ഠിച്ചതു എത്രത്തോളം ശരിയെന്നു വായനക്കാർ തന്നെ വിധിച്ചു കൊൾക.

b) ഓസിയൂസിൻെറ ഒപ്പും വെറും രണ്ടു പട്ടക്കാരുടെ, ഒപ്പും ഒന്നാമതായി ഒന്നിച്ചു നൽകപ്പെട്ടിരിക്കുന്നു.

ഓസിയൂസ് ഒന്നാമതായി ഒപ്പിട്ടു എന്നുള്ളതു സത്യംതന്നെയാണ്. യോഗത്തിൻെറ അദ്ധ്യക്ഷൻ എന്നുള്ള നിലയിൽ ചെയ്യേണ്ടതും, ചെയ്തതുമാണ്. അദ്ദേഹം ഒപ്പിട്ടതിനുശേഷം താഴെ പറയുന്ന വാചകം എഴുതി റോമാ മെത്രാൻെറ പ്രതിപുരുഷന്മാർ ഒപ്പിട്ടിരിക്കുന്നതായിട്ടാണ് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നത്. അതായതു "റോമാപള്ളിയുടെ നാമത്തിൽ ഇററലിയിലും, സ്പെയിനിലും, പാശ്ചാത്യദേശം മുഴുവനിലുമുള്ള പള്ളികൾ"[10] എന്നെഴുതി റോമാ

www.malankaralibrary.com



മെത്രാൻെറ പ്രതിപുരുഷന്മാർ ഒപ്പുവെച്ചു എന്നാണ്. കത്തോലിക്കാസഭയും, യാക്കോബായ വാദങ്ങളും എന്ന ഗ്രന്ഥത്തിൻെറ കർത്താവ് ഇതു സമ്മതിച്ചിരിക്കുന്നു. (P. 284) പാശ്ചാത്യദേശത്തെ ഭരണാധികാരിയായ റോമ്മാമെത്രാൻെറ പ്രതിപുരുഷന്മാരാണ് ഒപ്പുവെച്ചിരിക്കുന്നതു്. പൌരസ്ത്യ ദേശത്തെ പ്രതിനിധീകരിക്കുവാൻ റോമാമെത്രാൻ ആരെയും നിയോഗിച്ചുമില്ല. റോമിൻെറ മെത്രാൻ, പാശ്ചാത്യദേശങ്ങളുടെ പാത്രിയക്കീസ്, പത്രോസിൻെറ പിൻഗാമി, ദൈവത്തിൻെറ വികാരി, ആകമാനക്രൈസ്തവസഭയുടെ പരമാധികാരി എന്നിങ്ങനെയുള്ള സ്ഥാനം വഹിക്കുന്നയാളിൻെറ പ്രതിപുരുഷന്മാരായി ഒപ്പിടേണ്ടുന്ന സ്ഥാനാപതികൾ, അങ്ങിനെ ചെയ്യാതെ, ഇററലിയുടേയും, പാശ്ചാത്യദേശം മുഴുവൻെറയും മാത്രം ഭരണാധികാരിയായി റോമാ മെത്രാനെ, അധികാരപരിധി നിർണ്ണയിച്ചു ഒപ്പുവെച്ചതിൽനിന്ന് അക്കാലത്തു ആകമാനസഭയിലെ പരമാധികാരം എന്ന മിഥ്യ രംഗപ്രവേശനം ചെയ്തിരുന്നില്ലായെന്നുള്ള ചരിത്രസത്യമല്ലെ പ്രസ്പഷ്ടമാകുന്നതു്. ഇന്നത്തെ റോമൻ സഭാപ്രവർത്തകർ സ്വപ്നം കാണുന്ന സാർവലൌകീക മേധാവിത്വം അന്നത്തെ പാപ്പായ്ക്കും, പ്രതിപുരുഷന്മാർക്കും അചിന്ത്യം തന്നെയായിരുന്നു. എന്നാൽ അന്ത്യോക്യായിലേയും, അലക്സാന്ത്രിയായിലേയുംപാത്രിയക്കീസന്മാർ സന്നിഹിതരായിരിക്കെ റോമാ ബിഷപ്പിൻെറ പ്രതിനിധികൾ അദ്ധ്യക്ഷൻ ഒപ്പിട്ടു കഴിഞ്ഞാലുടൻ ഒപ്പുവെയ്ക്കത്തക്കവണ്ണം അനുവദിച്ചതു റോമാ സഭക്കുള്ള പരമാധികാരത്തിൻെറ ഫലമല്ലേ എന്നൊരു ചോദ്യം ആ ഗ്രന്ഥ

www.malankaralibrary.com



ത്തിൻെറ കത്താവ് ചോദിച്ചിട്ടുണ്ട്. അതു ശരിയല്ലേ! എന്താണ് ആ വിധത്തിൽ അനുവദിച്ചതു്? അതിൻെറ യഥാൎത്ഥ കാരണം ഗ്രന്ഥകത്താവിന്നറിയാം. അതു മതപരമായ ഒന്നല്ലായെന്നുള്ളതുതന്നെ.

ഈ ഘട്ടത്തിൽ റോമിൻെറ പ്രാമുഖ്യം വൈദീകമൊ, രാഷ്ട്രീയമൊ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. റോമിലെ മെത്രാനും, റോമിലെ സിംഹാസനത്തിനും, റോമൻ ചക്രവത്തിമാരുടെ ഭരണകാലത്തു അവരുടെ അധികാരസീമയിൽ പ്രഥമസ്ഥാനംതന്നെ ഉണ്ടായിരുന്നു എന്നുള്ളതു തക്കരഹിതമായ ഒരു ചരിത്രവസ്തുതയാണ്. അതു മതപരമൊ, വൈദീകമൊ, ആദ്ധ്യാത്മീകമൊ, അല്ലാ. പ്രത്യുത രാഷ്ട്രീയരംഗത്തു രാഷ്ട്രീയമായ കാരണങ്ങളാൽ തലസ്ഥാനനഗരത്തിൻെറ പ്രാധാന്യത്തിൽനിന്ന് കാലാനുസരണം ഉത്ഭൂതമായതാണ്. അങ്ങിനെയല്ല എന്നു സമത്ഥിക്കുവാൻ തങ്ങളുടെ ദുരധികാരപ്രമത്തതയിൽ ആവേശഭരിതരായി തീൎന്ന ചില ഭരണാധികാരികളും, അവരുടെ ഹിതാനുവത്തികളും പലപ്പോഴും ആ അക്രൈസ്തവ റോമൻപാരമ്പര്യത്തിൻെറ രക്തത്തിളളലിൽ ഉത്സുകരായി വത്തിച്ചിട്ടുണ്ട്. അല്ലാതെ ക്രൈസ്തവമതസിദ്ധാന്തത്തിലൊ, സഭാ ഭരണഘടനയിലൊ, സുന്നഹദോസുനടപടികളിലൊ അധിഷ്ഠിതമായതല്ല. രണ്ടു കാരണങ്ങളാൽ റോമിന് പാശ്ചാത്യദേശങ്ങളിൽ പ്രഥമസ്ഥാനം ലഭിച്ചു. ഒന്നാമതായി, അപ്പോസ്തോലസ്ഥാപിതമായ സഭകൾ പൌരസ്ത്യദേശങ്ങളിൽ ധാരാളമായിരിക്കെ, പാശ്ചാത്യരാജ്യം ആകെക്കൂടി ദശിച്ച

www.malankaralibrary.com



ത്ത്, വി: പത്രോസ്, പൌലൂസ് ശ്ലീഹന്മാരാൽ സ്ഥാപിതമെന്ന് അവകാശപ്പെടുന്നതും, അവരുടെ അസ്ഥിക്കൂടം നിത്യവിശ്രമം കൊള്ളുന്നതുമായ ഏക അപ്പോസ്തോലസ്ഥാപിതസഭ റോമിൽ മാത്രമെയുള്ളു എന്നുള്ളതാണ്. അതിനാൽ പാശ്ചാത്യദേശത്തെ വിടെയും, റോമിനെ സംബന്ധിച്ച് ഒരു പ്രത്യേക ബഹുമാന്യതാബോധം വ്യാപിച്ചിരുന്നതു വെറും സ്വാഭാവികം മാത്രമാണ്. രണ്ടാമതായി റോമൻ സാമ്രാജ്യത്തിൻെറ തലസ്ഥാനമായി നൂററാണ്ടുകൾ റോമാപട്ടണം നിലനിന്നു വന്നതിൽക്കൂടി രൂപമെടുത്ത സ്ഥലപ്രാധാന്യം. 381-ൽ സമ്മേളിച്ച രണ്ടാം സാർവത്രീക സുന്നഹദോസിൻെറ (കുസ്തന്തീനോപോലീസ്) മൂന്നാംകാനോനായും, 451-ൽസമ്മേളിച്ച് റോമിലെ ലീയൊപാപ്പായുടെ ഹിതാനുസരണം നടത്തിയ കല്ക്കദോനിയാ സുന്നഹദോസിൻെറ ഇരുപത്തിഎട്ടാം കാനോനായും ഈ സത്യത്തെ ഉച്ചൈസ്തരം ഘോഷിക്കുന്നു. "That the bishop of Constantinople have the prerogative of honour, next after the bishop of Rome, because it (Constantinople) is New Rome." —കുസ്തന്തിനോപോലീസ് പുതിയ റോമായാകയാൽ റോമായുടെ മെത്രാൻ കഴിഞ്ഞാൽ ഉൽകൃഷ്ടപദവിയുടെ വിശേഷാധികാരം, കുസ്തന്തീനൊപോലീസിലെ മെത്രാനുണ്ടായിരിക്കേണ്ടതാകുന്നു. കുസ്തന്തീനോപോലീസിനെ പുതിയ റോമാ എന്നു വിളിക്കുവാൻ, അതു ചക്രവത്തിയുടെ തലസ്ഥാനനഗരമായി ഉയത്തപ്പെട്ടതൊഴികെ മററു യാതൊരു പ്രാധാന്യവും ആ സ്ഥലത്തി

www.malankaralibrary.com



നില്ലാ. പത്രോസ് പൌലൂസ് ശ്ലീഹന്മാരാൽ സ്ഥാപിക്കപ്പെട്ട സിംഹാസനമായതുകൊണ്ടാണ് റോമയ്ക്കു് പ്രാധാന്യവും, ഉൽകൃഷ്ടതയും ഉണ്ടായിരുന്നതെങ്കിൽ അതിനോടു് കുസ്തന്തീനൊപോലീസിനെ താരതമ്യപ്പെടുത്തി പുതിയ റോമാ എന്നു നാമകരണം ചെയ്യുവാൻ രണ്ടാം സാർവ്വത്രിക സുന്നഹദോസിൽ സമ്മേളിച്ച വി: പിതാക്കന്മാർ ധൈര്യപ്പെടുകയില്ലായിരുന്നു. അവൎക്കു് ഏകാഭിപ്രായമായി ബോദ്ധ്യപ്പെട്ടിരുന്നതു് റോമാ തലസ്ഥാന നഗരി എന്നുള്ള നിലയിൽ പ്രാധാന്യമർഹിക്കുന്ന ഒന്നുമാത്രമാണെന്നാണു്. അതാണു് "പുതിയ റോമാ" എന്ന പദസൃഷ്ടിയ്ക്കു് അവർ മുതിൎന്നതു്. രാഷ്ട്രീയമായ പ്രാധാന്യത്തിന്റെ തതൃത്തിലാണു് പാത്രിയക്കീസന്മാരുടെ മുറ മുൻ നിഖ്യാ സുന്നഹദോസിൽ നിശ്ചയിച്ചിരുന്നതും. അതായതു ഒന്നാമതു റോമാ, രണ്ടാമതു അലക്സാന്ത്രിയാ, പിന്നാലെ അന്ത്യോക്യാ. അപ്പോസ്തോലനാൽ സ്ഥാപിച്ചതുമൂലം ഒരു സ്ഥലത്തിനു് പ്രാധാന്യം ലഭിച്ചിരുന്നെങ്കിൽ വി: പത്രോസിനാൽ തന്നെ സ്ഥാപിതമെന്നു് ചരിത്രദൃഷ്ട്യാ സുസ്ഥാപിതമായ അന്ത്യോക്യാ, സിംഹാസന സ്ഥാപനങ്ങളുടെ പട്ടികയിൽ ഒന്നാമത്തേതൊ, അതല്ലാ ആ കാരണത്തിൽ റോമിനു പ്രഥമസ്ഥാനം നൽകിയെങ്കിൽ അന്ത്യോക്യായ്ക്കു് രണ്ടാം സ്ഥാനമെങ്കിലും ലഭിക്കേണ്ടതായിരുന്നു. ആ വിധത്തിൽ ക്രമം നിശ്ചയിക്കാതെ രണ്ടാമത്തെ സ്ഥാനം അലക്സാന്ത്രിയായ്ക്കു് കൊടുത്തതു് അതു റോമാസാമ്രാജ്യത്തിലെ അക്കാലത്തെ രണ്ടാമത്തെ പട്ടണം എന്നുള്ള നിലയിലാണു്. പില്ക്കാലത്തു കുസ്തന്തീനോപോലീസ് പട്ട

www.malankaralibrary.com



ണം തലസ്ഥാന നഗരി എന്ന നിലയിൽ വളർച്ച പ്രാപിച്ചപ്പോൾ, റോമിനശേഷം രണ്ടാമത്തെ സ്ഥാനം സിംഹാസന പട്ടികയിൽ ആ സ്ഥലത്തിന് നൽകി എന്നുള്ളതും ഈ പരമാൎത്ഥത്തെ വെളിവാക്കുന്നുണ്ട്.

ഇനിയും കല്ക്കദോനിയായുടെ—പാപ്പായുടെ ഹിതാനുസരണം നടത്തി തങ്ങളുടെ വിശ്വാസത്തിനും ഉത്തമബോദ്ധ്യത്തിനും എതിരായി രാജകീയബലപ്രയോഗത്തിന്റെയും സ്വാധീനത്തിന്റെയും തണലിൽ സന്നിഹിതരായിരുന്ന പിതാക്കന്മാരെക്കൊണ്ട് നിശ്ചയങ്ങളെ സമ്മതിപ്പിച്ച പട്ടാളസുന്നഹദോസ്—28-ാം കാനോനാ കാണുക.

"Following in all respects (everywhere) the decrees of the holy Fathers and recognising The Canon, which has been read, of the 150 bishops most beloved of God (who assembled in the regal city of Constantinople, the New Rome, in the time of Theodosius the emperor of pious memory) we too decree and note the same things concerning the privileges of the most holy church of the same Constantinople which is New Rome. For to the throne of old Rome, because that was the imperial city the fathers rightly(natuarly)granted privileges, and moved by the same consideration the 150 bishops most beloved of god; have given the like privileges to the most holy Throne of New Rome, rightly judging that the city which was honoured with the seat of the Empire and the Senate, enjoying, too, the same

www.malankaralibrary.com



civil privileges with the old imperial Rome, should be honoured as she is in ecclesiastical matters also being second and next after her"

"നൂതനറോമായാകുന്ന കോൺസ്റ്റാൻറിനോപ്പിൾ എന്ന രാജകീയപട്ടണത്തിൽ പാവനസ്മരണീയനായ തേവോദോസിയോസ് ചക്രവർത്തിയുടെ കാലത്തു കൂടിയ, ദൈവത്തിനു പ്രിയതമന്മാരായ 150 ബിഷോപ്പന്മാരാൽ വായിക്കപ്പെട്ട കാനോനെ ബഹുമാനിച്ചും, പരിശുദ്ധപിതാക്കന്മാരുടെ കല്പനകളെ എല്ലാവിധത്തിലും പിൻപററിയും പുതിയ റോമായാകുന്ന അതേ കുസ്തന്തിനോപ്പോലീസിലെ സഭയുടെ പദവികളെ ഞങ്ങളും അംഗീകരിക്കുന്നു. എന്തെന്നാൽ രാജകീയത്തു സ്ഥാനമായിരുന്ന പഴയ റോമാസിംഹാസനത്തിനു അതർഹിക്കുന്ന പദവികൾ പിതാക്കന്മാർ ശരിയായി അനുവദിച്ചതുപോലെ പുതിയതിനും അതേ കാരണത്താൽ അനുവദിച്ചു. ദൈവത്തിൻെറ പ്രിയതമന്മാരായ 150 ബിഷോപ്പന്മാർ ആലോചിച്ചപ്പോൾ, സാമ്രാജ്യസിംഹാസനത്താലും സെനററിനാലും ബഹുമാനിക്കപ്പെട്ടിരുന്ന ഏററവും പരിപാവനമായ നൂതനറോമും (കുസ്തന്തിനോപ്പോലീസ്) അതേ സാമ്രാജ്യപദവികൾ റോമ്മായെപ്പോലെ അർഹിക്കുന്നതായി അവർ മനസ്സിലാക്കി. സഭാസംബന്ധമായ കാര്യങ്ങളിൽ കോൺസ്റ്റാൻറിനോപ്പിൾ എങ്ങനെ റോമ്മാ കഴിഞ്ഞാൽ ഏററവും അടുത്ത രണ്ടാം സ്ഥാനം വഹിക്കുന്നുവോ അതുപോലെ സിവിൾ കാര്യങ്ങളിലും അവൾക്കു പദവികൾ നൾകേണ്ടതാണെന്നു നിശ്ചയിച്ചു."

www.malankaralibrary.com



ഈ നിശ്ചയം അംഗീകരിക്കപ്പെടാതിരിപ്പാൻ റോമാ പ്രതിപുരുഷന്മാർ ആവോളം ശ്രമിച്ചു. ഈ വിധകാര്യങ്ങളേക്കുറിച്ച് പ്രതിപാദിക്കരുതെന്ന് തങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടെന്ന് ശക്തിമത്തായി വാദിച്ചുനോക്കി. പക്ഷേ, അവരുടെ പ്രതിഷേധശബ്ദത്തിന് അശേഷം വിലകല്പിക്കാതെ സുന്നഹദോസ് ഏകാഭിപ്രായമായി അതു പാസ്സാക്കുകതന്നെ ചെയ്തു. കല്ക്കദോനിയായുടെ ആറാംസമ്മേളനത്തിൽ വിശ്വാസപ്രഖ്യാപനരംഗം ആവിർഭവിച്ചപ്പോൾ പ്രതിഷേധശബ്ദം ഉയർത്തിയ റോമാപ്രതിപുരുഷന്മാരെ സംതൃപ്തരാക്കുവാൻ സുന്നഹദോസിന് ഹിതകരമല്ലാതിരുന്നതും, അനുകൂലിക്കുവാൻ പാടില്ലാത്തതുമായ ഒരു നിശ്ചയത്തെ സുന്നഹദോസിലെ പിതാക്കന്മാരെക്കൊണ്ട് അംഗീകരിപ്പിക്കുവാൻ സർവ്വകഴിവുകളും ഉപയോഗിച്ച ചക്രവർത്തിയും ഈ നിശ്ചയത്തോടനുകൂലിക്കയാണ് ചെയ്തതു്. ദീയസ്കോറോസിൽനിന്ന് സ്ഥാനം പ്രാപിച്ചവനും, ആപൽഘട്ടത്തിൽ, സ്ഥാനമാനപ്രലോഭനങ്ങൾ ഇച്ഛിച്ച് അദ്ദേഹത്തെ ഉപേക്ഷിച്ച് ഒരു മാപ്പുസാക്ഷിയായി രൂപാന്തരപ്പെട്ട് റോമിലെ ലീയോയുടെ പിണിയാളായി വർത്തിച്ച കുസ്തന്തീനോപ്പോലീസിലെ പാത്രിയർക്കീസായ അനാറേലിയസും, ചക്രവർത്തിയുടെ അഭിമതമെന്തോ, അതിനെ കണ്ണുമടച്ച് അംഗീകരിക്കുകമാത്രം തങ്ങളുടെ ചുമതല എന്ന ഏകവിചാരത്തിൽ കഴിഞ്ഞുകൂടിയ സുന്നഹദോസംഗങ്ങളും ഏകാഭിപ്രായമായി പാസ്സാക്കിയ ഒന്നാണ് ഈ 28-ാം

www.malankaralibrary.com



കാനോനാ. ആ കാനോനിൽ പറയുന്നു റോമാ രാജകീയ ആസ്ഥാനമായിരുന്നതുമൂലമാണ് അതിന് പ്രധാന്യം ലഭിച്ചതെന്ന്. ഈ സുന്നഹദോസിൻെറ തന്നെ 9-ം, 17-ം കാനോനാകളും ശ്രദ്ധേയമാണ്. ഈ കാനോനകൾമൂലം കുസ്തന്തീനോപ്പോലീസ് പാത്രിയക്കീസിൻെറ അധികാരാതൃത്തിയിൽ യാതൊരു വിധപ്രവൎത്തനവും മററൊരധികാരിയിൽ നിന്നും ഉണ്ടാകുവാൻ പാടില്ലാ. റോമാപാത്രിയക്കീസിന് ആകമാന സഭയിൽ പരമാധികാരമുണ്ടെന്നല്ല—ഇല്ലെന്നാണ് ഈ നിശ്ചയങ്ങളിൽനിന്നും ഗ്രഹിക്കുവാൻ കഴിയുന്നത്. രാഷ്ട്രീയ രംഗത്തു സമുന്നതമായ സ്ഥാനം പ്രാപിച്ച റോമിന് ഒന്നാംസ്ഥാനവും, ആ കാരണംകൊണ്ട് ഉന്നതസ്ഥാനത്തെത്തിയ കുസ്തന്തീനോപോലീസിന് രണ്ടാം സ്ഥാനവും ചക്രവൎത്തിമാരുടെ പരിലാളനയിൽ സഭയിൽ ഉണ്ടായിവന്നു. ഈ രാഷ്ട്രീയ പ്രാധാന്യം ചക്രവൎത്തിമാർ നൽകിയതിനെ മററുള്ളവർ അംഗീകരിച്ചതുകൊണ്ടാണ് സുന്നഹദോസ് നിശ്ചയങ്ങളിൽ അദ്ധ്യക്ഷൻെറ ഒപ്പിനുശേഷം റോമാ സിംഹാസനത്തിൻെറ പേരിൽ ആരെങ്കിലും ഒപ്പു വയ്ക്കുന്ന പതിവുണ്ടായതു്. അല്ലാതെ സഭയുടെ ആത്മീക കാൎയ്യങ്ങളിൽ പ്രഥമസ്ഥാനം റോമായ്ക്കുണ്ടായിട്ടില്ല. കല്ക്കദോനിയയുടെ 9, 17, 28 എന്നീ കാനോനാകൾ സുന്നഹദോസ് അംഗീകരിച്ചതു നിയമവിരുദ്ധമെന്ന് ആരെങ്കിലും പറയുന്നെങ്കിൽ ഒന്നുകിൽ അവർ സത്യത്തെ നിഷേധിക്കുന്ന കള്ളന്മാരും, ദുരധികാരമോഹികളും; അല്ലെങ്കിൽ അവ പാസ്സാക്കിയ 520 ബിഷോപ്പന്മാ

www.malankaralibrary.com



രാദിയായവർ വിവേകരഹിതർ, പാരമ്പര്യം അറിയാത്തവർ, ചരിത്രം ഗ്രഹിച്ചിട്ടില്ലാത്തവർ, കള്ളന്മാർ. ഇപ്രകാരമെങ്കിൽ രണ്ടാം എപ്പേസ്സൂസ് സൂന്നഹദോസിന് ലീയോ കൊടുത്ത പേരു്—കള്ളന്മാരുടെ സംഘം—അതിനനുയോജ്യമല്ലാത്തതു് കല്ക്കദോനിയായ്ക്കു് വളരെ പററിയതാണു്. യഥാർത്ഥത്തിൽ അങ്ങനെയാണല്ലോ. നിഖ്യാസൂന്നഹദോസിൻെറ അദ്ധ്യക്ഷൻ -ചക്രവർത്തിയാൽ നിയോഗിതനായ ഓസിയൂസ് മെത്രാൻ—സൂന്നഹദോസ് നടപടികൾക്കു് ഒന്നാമതായി ഒപ്പിട്ടുകഴിഞ്ഞു് സാമ്രാജ്യത്തിലെ രാജകീയ പട്ടണങ്ങളിൽ പ്രഥമസ്ഥാനത്തുള്ള റോമിലെ മെത്രാൻെറ പ്രതിപുരുഷന്മാർ ഒപ്പുവെച്ചതു എന്തടിസ്ഥാനത്തിലാണെന്നു് മേൽപ്പറഞ്ഞ കാര്യങ്ങളിൽ നിന്നും ഗ്രഹിക്കാവുന്നതാണു്.

c) നിഖ്യായിലെ പിതിക്കന്മാരെല്ലാം റോമാ സിംഹാസനത്തിൻെറ പരമാധികാരത്തെ അംഗീകരിച്ചിരുന്നു. ഇതിനുപരി പ്രതിപാദിക്കപ്പെട്ടിട്ടുള്ള എ. ബി. കായ്യങ്ങളേപ്പോലെ തന്നെ അടിസ്ഥാനരഹിതമായ ഒരു നിഗമനമാണിതും. 451-ൽസമ്മേളിച്ച കല്ക്കദോനിയായിൽ റോമാ മെത്രാനു് പരമാധികാരം ആരും കൊടുത്തില്ലാ. അതിനു മുമ്പു് അങ്ങിനെ ഒന്നുണ്ടായിരുന്നൊ എന്നും, അങ്ങിനെ ഒരു പരമാധികാരം ആരെങ്കിലും സമ്മതിച്ചുകൊടുത്തിരുന്നൊ എന്നും പരിശോധിച്ചുനോക്കാം.

ആദിമ ശതാബ്ദങ്ങളിൽ പാശ്ചാത്യരാജ്യങ്ങളിലെ ക്രൈസ്തവകേന്ദ്രങ്ങൾ പലതും കൂടുതൽ സമ്പൽക്കം

www.malankaralibrary.com



പാലിച്ചു വന്നിരുന്നതും ആലോചനകളും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരാഞ്ഞുകൊണ്ടിരുന്നതും അലക്സന്ത്രിയൻസഭാ കേന്ദ്രമായിരുന്ന കാർത്തേജിനോടായിരുന്നു. അല്ലാതെ റോമിനോടായിരുന്നില്ല. ഇങ്ങിനെ വർത്തിച്ചുവന്നതിൽ ഏററവും പ്രമുഖ വിഭാഗം സ്പെയിനിലെ സഭയായിരുന്നു. റോമാ സിംഹാസനത്തിൽ സ്റ്റീഫൻപാപ്പാ ഭരണം നടത്തിക്കൊണ്ടിരുന്നപ്പോൾ പണ്ഡിതനും വിശുദ്ധനുമായ സിപ്രിയൻ (cyprian) അലക്സാന്ത്രിയാ സഭയെ ഭരിച്ചുവന്നിരുന്നു. ആ കാലഘട്ടത്തിൽ സ്പെയിനിലുണ്ടായ മതപീഡ മുഖാന്തിരം അനേകർ സത്യവിശ്വാസത്തേയും ക്രിസ്ത്യാനി മതത്തേയും ഉപേക്ഷിച്ചകൂട്ടത്തിൽ രണ്ടുമെത്രാന്മാരും വിശ്വാസത്യാഗികളായിതീർന്നു. ആ കാരണത്താൽ അവർ ഇരുവരും സ്ഥാനഭ്രഷ്ടരാക്കപ്പെട്ടുകയും അവരുടെ സ്ഥാനങ്ങളിലേക്ക് മററു രണ്ടുപേർ തിരഞ്ഞെടുക്കപ്പെട്ടു വാഴിക്കപ്പെട്ടുകയും ചെയ്തു. തള്ളപ്പെട്ടവരിൽ ഒരുവൻ റോമിലേക്ക് പോകയും നഷ്ടപ്പെട്ടസ്ഥാനം വീണ്ടെടുക്കുവാൻ വല്ല മാർഗ്ഗങ്ങളുമുണ്ടോയെന്ന് സ്റ്റീഫൻ പാപ്പായോടു ആലോചിക്കുകയുമുണ്ടായി. നീക്കം ചെയ്യപ്പെട്ടവരായ രണ്ടുപേരും തിരികെ അവരുടെ സ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കപ്പെടേണ്ടതാണെന്നാണ് പാപ്പാ അഭിപ്രായപ്പെട്ടതു്. അനധികൃതമായ ഈ അഭിപ്രായപ്രകടനത്തിൽ കുപിതരായിത്തീർന്ന സ്പെയിൻ സഭാംഗങ്ങൾ എന്താണ് ചെയ്യേണ്ടതെന്നു് തീരുമാനം അറിയിക്കുവാൻ കാർത്തേജിൽ അപ്പീൽ ബോധിപ്പിച്ചു. പാപ്പായെപ്പോലെ ധൃതഗതി

www.malankaralibrary.com



യിൽ ഒന്നും പ്രവർത്തിക്കാതെ നിയമാനുസരണം കാർത്തേജിൽ സുന്നഹദോസ് വിളിച്ചുകൂട്ടി, കാര്യങ്ങൾ വിശദമായി ചർച്ചചെയ്തു്, വിശുദ്ധനായ സിപ്രിയൻ ഈ അപ്പീൽ തീർച്ച ചെയ്തു. സ്റ്റീഫൻ പാപ്പായുടെ അഭിപ്രായം തെററായതാണെന്നും, അതിനാൽ ആ അഭിപ്രായം നിരാകരിക്കപ്പെടേണ്ടതാണെന്നുമാണ്. ഈ തീരുമാനമാണ് സ്പെയിനിലെ സഭ അംഗീകരിച്ചതും പ്രായോഗികമാക്കിയതും. ഇതാണ് റോമിലെ പാപ്പാ പാശ്ചാത്യരാജ്യത്തുതന്നെ അധികാര പ്രയോഗത്തിന് മുതിർന്നതിനു ലഭിച്ച അനുഭവം.

ഈ വിശുദ്ധ സിപ്രിയാനോസും റോമിലെ സ്റ്റീഫൻ പാപ്പായുമായി, വേദവിപരീതികളാൽ നടത്തപ്പെടുന്ന മാമോദീസായുടെ സാധുത്വത്തെ സംബന്ധിച്ചു് അഭിപ്രായവ്യത്യാസമുണ്ടായി. വേദവിപരീതികളാൽ നടത്തപ്പെടുന്ന മാമോദീസാ ശരിയായ മാമോദീസാ അല്ലാത്തതിനാൽ അവ ആവർത്തിക്കപ്പെടേണ്ടതാണെന്ന് വി:സിപ്രിയനും പൌരസ്ത്യമെത്രാന്മാരും വാദിച്ചു. അങ്ങിനെയല്ലാ പാഷണ്ഡികളാൽ നടത്തപ്പെടുന്ന മാമോദീസാ സാധുവായിട്ടുള്ളതാണെന്നും, അതിനാൽ ആവർത്തിക്കപ്പെടുവാൻ പാടുള്ളതല്ലെന്നും സ്റ്റീഫൻ വാദിച്ചു. തമ്മിൽ മത്സരമായി. അന്യോന്യമുള്ള സ്നേഹബന്ധം വേർപെടുത്തുമെന്ന് സ്റ്റീഫൻ ഭീഷണിപ്പെടുത്തി. പോരാ—തൻെറ ഇംഗിതാനുസരണം പ്രവർത്തിക്കുന്നില്ലെങ്കിൽ ഇതാണ് അതിനുള്ള മറുപടിയെന്ന് പറഞ്ഞു് സ്റ്റീഫൻ വി:സിപ്രിയനേയും കൂട്ടരേയും തങ്ങളുമായുള്ള ബന്ധത്തിൽനിന്ന് വേർതിരിച്ചു് പ്രഖ്യാപനവും

www.malankaralibrary.com



നടത്തി. പക്ഷേ ആ നടപടി വിജയിച്ചില്ല. 87 മെത്രാന്മാരും അനേകം പട്ടക്കാരും ഒട്ടധികം സത്യവിശ്വാസികളും സംബന്ധിച്ച ഒരു സുന്നഹദോസ് കാത്തേജിൽവച്ച് വി: സിപ്രിയൻ നടത്തുകയും, സ്റ്റീഫൻെറ അഭിപ്രായവും നടപടിയും തെററാണെന്നും തങ്ങളുടെ ഉപദേശം മാത്രമാണ് ശരിയെന്നും, ഖണ്ഡിതമായി തിരുമാനിക്കുകയുംചെയ്തു. റോമിലെ മെത്രാന് അലക്സാന്ത്രിയാ സഭയുടെമേൽ കർത്തൃത്വം ഉണ്ടായിരുന്നെങ്കിൽ അയാളുടെ കല്പനയെ അവഹേളിക്കത്തക്ക ഒരു ഭോഷനല്ലായിരുന്നു വി: സിപ്രിയനെന്ന് സഭാചരിത്രം അൽപ്പമെങ്കിലും അറിയാവുന്നവർ കൈക്കൊള്ളു സമ്മതിക്കും. റോമിലെ പാപ്പായ്ക്കു് "തെററാവരമെന്നു" ഒരു ഗുണവിശേഷം ഉണ്ടായിരുന്നില്ലെന്ന് പുരാതിന കാലത്തെ ഈ നടപടികൾ പ്രഖ്യാപിക്കുകയും ചെയ്യുന്നു. വി: സിപ്രിയൻ രേഖപ്പെടുത്തിയിരിക്കുന്നതു കാണുക.-

"We judge no one; we do not propose to put out of communion those who think otherwise, None of us wishes to prove as a bishop of bishops, or to force the agreement of his by a tyrannous terror. Every bishop n the fullness of his liberty and authority retains the right to think for himself; he is no more amenable to the judgement of another than he is at liberty to judge others." [11]
—നാം ആരെയും വിധിക്കുന്നില്ല. സ്വാഭിപ്രായത്തിനു വിപരീതമായി ചിന്തിക്കുന്നവരെ മുടക്കണമെന്ന് നാം

www.malankaralibrary.com



അഭിപ്രായപ്പെടുന്നില്ല. ബിഷപ്പന്മാരുടെ ബിഷപ്പ് എന്നു ഭാവിക്കുന്നതിനോ, സഹ ബിഷപ്പന്മാരുടെ ഏകകണ്ഠമായ അഭിപ്രായത്തെ നിഷ്ഠുരഭീഷണിയാൽ ബലാൽക്കാരേണ സമ്മതിപ്പിക്കുന്നതിനൊ ഞങ്ങളിൽ ആരും ആഗ്രഹിക്കുന്നില്ലാ. ഓരോ ബിഷോപ്പിനും,—സ്വാധികാരത്തിൻെറയും സ്വാതന്ത്ര്യത്തിൻെറയും പൂർണ്ണതയിൽ സ്വയം ചിന്തിയ്ക്കുന്നതിന് അവകാശമുണ്ട്. മററുള്ളവരെ വിധിപറയുന്നതിന് അദ്ദേഹത്തിന് സ്വാതന്ത്ര്യമില്ലാത്ത പ്രകാരംതന്നെ മറെറാരുവൻെറ വിധിയ്ക്കു് അദ്ദേഹം വിധേയനുമല്ല."

സ്റ്റീഫൻ ഭീഷണി പ്രയോഗിച്ചതു വൃഥാവായി. അയാളുടെ അഭിപ്രായം അതു അംഗീകരിക്കപ്പെട്ടേണ്ട റോമിൽ മാത്രം പ്രയോഗികമായി. അക്കാലത്തു നിലവിലിരുന്ന അഭിപ്രായഗതി വി: സിപ്രിയൻെറ ഒരു വാചകത്തിൽതന്നെ ഉദ്ധരിക്കാം.

—"and that what ever Peter was, so also the other Apostles."[12]. അതേ; പത്രോസ് ആരായിരുന്നുവോ, അതുതന്നെ തോമായും എന്നു ചുരുക്കം.

മറെറാരു രംഗം കാണുക. രണ്ടാംസാർവ്വത്രികസുന്നഹദോസെന്ന് റോമാസഭയും അംഗീകരിച്ചിരിക്കുന്ന കുസ്തന്തിനൊപോലീസ് സുന്നഹദോസിൽ അദ്ധ്യക്ഷം വഹിച്ചതു് അന്ത്യോക്യായിലെ മിലീത്തൂസ് ആയിരുന്നു. ആ കാലഘട്ടത്തിലെ സഭാചരിത്രം അൽപ്പം അറിയുന്നതു രസാവഹമാണ്. 360– ൽഅന്ത്യോക്യാ സിംഹാസനത്തിലേക്ക് ഒരു പാത്രിയക്കീസിനെ തിരഞ്ഞെടുക്കേണ്ട ഘട്ടം ആവിർഭവിച്ചു. പൌരസ്ത്യർ ത

www.malankaralibrary.com



ങ്ങളുടെ പതിവനുസരിച്ച് ഒരാളെ തിരഞ്ഞെടുത്തു സ്ഥാനാരോഹണം ചെയ്യുകയും ചെയ്തു. ആ ദേഹമാണ് മിലീത്തൂസ്. എന്നാൽ ഈ മിലിത്തൂസിനോട് അസുഖം ഉണ്ടായിരുന്ന ഒരു ചെറിയ വിഭാഗം പോളിനസ് എന്ന ഒരു പട്ടക്കാരന്റെ നേതൃത്വത്തിൽ രംഗപ്രവേശം ചെയ്യുകയും, റോമൻസഭാ വിഭാഗപ്രണയികളിലൊരാളായ ലൂസിഫർ എന്ന ദേഹത്താൽ ഈ പോളിനസ് തന്നെ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു അന്ത്യോക്യാ പാത്രിയക്കീസ് എന്ന പേർ വിളിക്കപ്പെട്ടുകയും ചെയ്തു. റോമാസഭ ഈ പോളിനസനേയാണ് അന്ത്യോക്യാ പാത്രിയക്കീസായി അംഗീകരിച്ചതു്. റോമാസഭയും അവരുടെ പാത്രിയക്കീസായ ഡമാസസും സ്വീകരിച്ചിരുന്ന പാത്രിയക്കീസ് പോളിനസായിരിക്കെ അവർ അംഗീകരിക്കാതിരുന്ന മിലീത്തൂസ് ആദ്ധ്യക്ഷം വഹിച്ചാണ് രണ്ടാം സാർവ്വത്രികസുന്നഹദോസ് നടന്നതു്. ഈ സുന്നഹദോസിനെ റോമാസഭ അംഗീകരിച്ചിട്ടുമുണ്ടു്. മിലീത്തൂസ് നിര്യാതനായി. പോളിനസ് ജീവനോടെയിരിക്കുന്നു. റോമാമെത്രാനും കൂട്ടരും പോളിനസ് അന്ത്യോക്യാ പാത്രിയക്കീസായി അംഗീകരിക്കപ്പെടുവാൻ ആവുന്നതു പരിശ്രമിച്ചുനോക്കി. പക്ഷേ ആ ശ്രമങ്ങൾ വിഫലങ്ങളായി തീരുകയും ഫ്ളാവിയൻ എന്നൊരു ദേഹം തെരഞ്ഞെടുക്കപ്പെട്ടു് വാഴിക്കപ്പെടുകയും അധികാരത്തിലെത്തുകയുമാണ് ചെയ്തതു്. റോമാ മെത്രാന് എന്തെങ്കിലും പ്രത്യേകതയും പ്രാമാണ്യവും പരമാധികാരവും ഉണ്ടായിരുന്നെങ്കിൽ മിലീത്തൂസ് അതെല്ലാം അവഗണി

www.malankaralibrary.com



ച്ചു് സിംഹാസനത്തിൽ വാണതും റോമാസഭ കൈക്കൊ പ്പി സമ്മതിക്കുന്ന ഒരു സാർവത്രിക സുന്നഹദോസിൽ ആദ്ധ്യക്ഷം വഹിച്ചതും എങ്ങിനെ?

മേലുദ്ധരിച്ച ചരിത്രങ്ങൾ റോമായിലെ മെത്രാ ന് അദ്ദേഹം ഭരിച്ചിരുന്ന സ്ഥലങ്ങളിലൊഴികെ മ റെറാരു സ്ഥലത്തുമുള്ള സഭകളിന്മേൽ യാതൊരുവിധ അധികാരാവകാശങ്ങളും ഉണ്ടായിരുന്നില്ലായെന്നല്ലെ തെളിയിക്കുന്നതു്.

നിഖ്യാസുന്നഹദോസിൽ പിതാക്കന്മാർ സുന്നഹ ദോസ് നടപടികൾക്ക് ഒപ്പുവെച്ചതു അവരവരുടെ ഭരണാധികാരാതൃത്തികളെ പ്രതിനിധീകരിച്ചുകൊണ്ടു് മാത്രമല്ലാതെ ഒരു പരമാധികാരത്തിന് വിധേയമായി ട്ടായിരുന്നു എന്നു് ചരിത്രം തെളിയിക്കുന്നില്ലാ. നിഖ്യാ സുന്നഹദോസിൽ പേർഷ്യായിലെ യൂഹാനോൻ മെ ത്രാപ്പോലീത്താ ഇൻഡ്യയെക്കൂടി പ്രതിനിധീകരിച്ചു കൊണ്ടു് ഒപ്പിട്ടു എന്നുള്ളതു മലങ്കരസഭയ്ക്കു് റോമാ സഭയോടുള്ള വിധേയതചത്തിന് തെളിവു നൽകുന്ന ഒരു സംഭവമല്ലതന്നെ. അതിനാൽ 325 വരെയും മല ങ്കരസഭ റോമാസഭയോടു ബന്ധം പുലർത്തിയിരുന്നില്ലാ യെന്നും റോമാ മെത്രാൻ ആ കാലഘട്ടംവരെ മലങ്കര സഭയുടെമേൽ ഭരണകർത്തൃത്വം വഹിച്ചിരുന്നില്ലായെ ന്നും ഉള്ളതു ഒരു ചരിത്രവസ്തുതയായി നിലനില്ക്കുക തന്നെചെയ്യുന്നു.

www.malankaralibrary.com

## II

## പേർഷ്യൻകുടിയേററം

മലങ്കരസഭ റോമാസഭയ്ക്കു് വിധേയയായിരുന്നു എന്നു് സമത്ഥിക്കുവാൻ രണ്ടാമതായി നൽകപ്പെട്ടിരിക്കുന്നതെളിവ് 345-ൽ പേർഷ്യായിൽനിന്നും കേരളത്തിലുണ്ടായ കുടിയേററമാണു്. "കുടിയേറിയവരും കത്തോലിക്കാവിശ്വാസികളും റോമാ പാപ്പായുടെ അധികാരത്തിനു് വിധേയരും ആയിരുന്നു" എന്നാണു് പ്രതിപാദിച്ചിരിക്കുന്നതു്. ഇതു യഥാത്ഥമൊ എന്നറിയുന്നതിനു് ആ കാലത്തെ പേർഷ്യാരാജ്യ ചരിത്രം അല്പമായി അറിഞ്ഞിരിക്കേണ്ടതുണ്ടു്. എ. ഡി. 309 മുതൽ 379വരെ-അതായതു എഴുപതു വർഷങ്ങൾ ആ രാജ്യത്തെ ഭരണാധികാരി സാഫോർ രണ്ടാമനാണു്. ചരിത്രകാരൻെറ വാചകം കാണുക.

"It is strange that any one can forget the Persian Martyrs. Not in the worst time of Roman persecution was there was so cruel a time for Christians as under Shapur II of Persia"[1]-പേഷ്യൻ രക്തസാക്ഷികളെ മറക്കുക ആക്കും സാദ്ധ്യമല്ലാ. റോമിലെ പീഡനങ്ങളുടെ അത്യുച്ചാവസ്ഥയിൽപോലും സാഫോർ ദ്വിതീയൻെറ കാലത്തു പേർഷ്യായിലെ ക്രിസ്ത്യാനികൾ അനുഭവിക്കേണ്ടിവന്ന ക്രൂരതകൾപോലെ ഒന്നുണ്ടായിട്ടില്ലാ, റോമൻ ഭരണാധികാരികൾ ക്രിസ്ത്യാനികളെ പീഡിപ്പിച്ചിരുന്ന ഒരു കാലഘട്ടത്തിൽ ക്രിസ്ത്യാനികൾക്കു അഭയം നൽകി

www.malankaralibrary.com



സംരക്ഷിച്ച പേർഷ്യൻ ഭരണാധികാരികൾ റോമൻ ചക്രവർത്തി ക്രിസ്തുമത സംരക്ഷകനായിതീർന്നപ്പോൾ മുതലാണ് ഈ ദുരന്ത നാടകം ആരംഭിച്ചത്. അതുവരെയും ക്രിസ്ത്യാനികൾ സ്വതന്ത്രരും സ്വസ്ഥരുമായിരുന്നു. "I rejoice to hear that all the chief cities of Persia are adorned by the presence of Christians"[2] — പേർഷ്യായിലെ എല്ലാ പ്രധാന പട്ടണങ്ങളും ക്രിസ്ത്യാനികളുടെ സാന്നിദ്ധ്യത്താൽ വിഭൂഷിതമാണെന്ന് കേട്ടതിൽ ഞാൻ ആഹ്ലാദിക്കുന്നു.-കോൺസ്റ്റൻന്റയിൻ ചക്രവർത്തി പേർഷ്യായിലെ സാപ്പൂർരാജാവിന് അയച്ച കത്തിലെ ഒരു വാചകമാണ് ഈ ഉദ്ധരണി. അതോടുകൂടി പേർഷ്യായിലെ ക്രിസ്ത്യാനികളുടെ സമാധാനപരമായ നിലനില്പും അവസാനിച്ചു. റോമൻ ചക്രവർത്തിയുമായി സദാ യുദ്ധങ്ങളിൽ ഏർപ്പെട്ടു കൊണ്ടിരുന്ന സാപ്പൂർ ദ്വിതീയന് റോമൻ ചക്രവർത്തിയുടെ കൊടിയിന്മേൽ കണ്ട കുരിശടയാളം, ആരാധനവസ്തുവായി അംഗീകരിച്ചിരിക്കുന്ന പേർഷ്യൻ ക്രിസ്ത്യാനികളെ തൻെറയും രാജ്യത്തിൻെറയും ശത്രുക്കളായി മാത്രമെ ഗണിക്കുവാൻ ഇതിനുശേഷം കഴിഞ്ഞുള്ളു. ക്രിസ്തുമതം രാജ്യത്തിനെതിരായുള്ള രാജദ്രോഹംതന്നെ എന്ന് അദ്ദേഹം തീർപ്പു കല്പിച്ചു. ക്രിസ്ത്യാനികൾക്കെതിരായി സാപ്പൂർ പുറപ്പെടുവിച്ച ഒന്നാമത്തെ വിളംബരത്തിൽ ഒരു വാചകം—ഇപ്രകാരമാണ്.

"They dwell in our land and share the ideas of our enemy" [3]
—അവർ നമ്മുടെ രാജ്യത്തിൽ അധിവസിക്കുകയും, അ

www.malankaralibrary.com



ത്തേസമയം നമ്മുടെ ശത്രുവായ കൈസറിൻെറ ആശയങ്ങൾക്ക് പങ്കാളികളായിരിക്കുകയും ചെയ്യുന്നു.-ക്രിസ്ത്യാനികൾ നികുതി ഇരട്ടിവീതം കൊടുത്തുകൊള്ളണമെന്നു് പ്രഥമ ഉത്തരവു്. തുടൎന്നു ക്രിസ്ത്യാനിയാണോ അവൻ വധിക്കപ്പെടണമെന്നുള്ള നടപടിയിലെത്തി. പേർഷ്യായിലെ പ്രധാന പുരോഹിത ശ്രേഷ്ഠനായിരുന്ന സയിമൺ ബാർസാബാ (Simon Bar Sabbae) ക്രിസ്തുവിനെ ഉപേക്ഷിക്കുവാൻ ആജ്ഞാപിക്കപ്പെട്ടു. ഉത്തരവിനെ സ്വീകരിച്ചില്ലാ. അഞ്ചു മെത്രാന്മാരേയും നൂറിൽപരം പുരോഹിതരെയും അദ്ദേഹത്തിൻെറ കൺമുൻപിൽവച്ചു വധിച്ചുകാണിച്ചു. അദ്ദേഹം കീഴടങ്ങിയില്ല, 339 ലെ ദുഃഖവെള്ളിയാഴ്ച അദ്ദേഹത്തിൻെറ ഉടലിൽനിന്നു് ശിരസ്സു വേർപെടുത്തപ്പെട്ടു സോസോമൻ എന്ന ചരിത്രകാരൻ രേഖപ്പെടുത്തിയിരിക്കുന്നതു സാഫോർ ദ്വിതീയനാൽ കൊല്ലപ്പെട്ടവരായി അറിയപ്പെട്ടിട്ടുള്ളവരുടെ സംഖ്യ (16000)—പതിനാറായിരമെന്നാണു്. ഇതിനെ വെല്ലുന്ന കൂട്ടക്കൊലകൾ റോമാസഭയുടെ ഏടുകളിൽ ചിലതിൽ നിന്നും മാത്രമെ ലോകത്തിനു് കാണുവാൻ സാധ്യമാകയുള്ളു. 339 മുതല്ക്കാണു് പേർഷ്യയിലെ പീഡ അത്യുച്ചാവസ്ഥയെ പ്രാപിച്ചതു്. അന്നുമുതൽ പ്രാണരക്ഷാൎത്ഥം ക്രിസ്ത്യാനികൾ പലനാടുകളിലേക്കും പാഞ്ഞോടി. ജീവിക്കുവാൻ—ജീവനെ നിലനിൎത്തുവാൻ അതല്ലാതെ മററുയാതൊരു മാർഗ്ഗവും ഒരു ക്രിസ്ത്യാനിക്ക് പേർഷ്യാരാജ്യത്തിൽ ഉണ്ടായിരുന്നില്ലാ. ഈ വിധം ജീവനെ രക്ഷിക്കു

www.malankaralibrary.com



വാൻ കുറേ ജനങ്ങൾ, സ്ത്രീകളും കുഞ്ഞുങ്ങളും ഉൾപ്പെടെ, 345-ൽപേർഷ്യാവിട്ടു് മറുനാടു പൂകി. അവർ വന്നെത്തിയതു സമാധാനമുള്ള നാട്ടിൽ; സുഭിക്ഷതയുടെയും ഐശ്വര്യത്തിൻെറയും നാട്ടിൽ; മനുഷ്യർ ഐക്യതയിൽ ജീവിച്ചുവന്ന കേരളഭൂവിൽ തന്നെ. ഈവിധം പ്രാണരക്ഷാൎത്ഥം നാടും വീടും വിട്ടു് മലങ്കരനാട്ടിൽ വന്നവർ മലബാർ ക്രിസ്ത്യാനികളുടേയും ഹൈന്ദവ സോദരുടെയും ആതിഥ്യവും ഔദാൎയ്യവും സ്വീകരിച്ചു് വാസമുറപ്പിച്ചതു റോമിലിരിക്കുന്ന ഏതോ ഒരജ്ഞാതമനുഷ്യൻെറ അറിവും ആജ്ഞയും അനുസരിച്ചാണെന്നു് പറയുന്നതു എത്ര കണ്ടു് അസത്യപൂൎണ്ണമെന്നു് പ്രത്യേകവിശദീകരണം കൂടാതെ തന്നെ ആർക്കും ഗ്രഹിക്കുവാൻ കഴിയും. റോമിൻെറ ഭരണമേധാവിത്വം നേരിട്ടല്ലാ അന്ത്യോക്യയിൽ കൂടിയാണു് നടത്തിവന്നിരുന്നതെന്നു് വാദിച്ചേക്കാം. എന്നാൽ അന്ത്യോക്യാസിംഹാസനത്തിനു് വിധേയമായിരുന്ന സ്ഥലങ്ങളുടെ ഗണത്തിൽ പേർഷ്യാ ഉൾപ്പെട്ടുകാണുന്നില്ലാ. റോമൻ ഗ്രന്ഥകാരൻ സാക്ഷിക്കുന്നു. It is doubtful wether Persia was subject to it Autioch-"4 പേർഷ്യാ അന്ത്യോക്യയ്ക്കു വിധേയമായിരുന്നുവോ എന്നുള്ളതു് സംശയകരമാണു്. അഥവാ വാദത്തിനുവേണ്ടി അന്ത്യോക്യയിൽ കൂടി ആ അധികാരത്തെ പേർഷ്യയിലെ ആളുകൾ സ്വീകരിച്ചു എന്നു് സമ്മതിച്ചാൽതന്നെയും റോമാമെത്രാനെ അറിയുകയോ ആ ദേഹവുമായി സമ്പൎക്കം പുലൎത്തുക

www.malankaralibrary.com



യൊ ചെയ്യാത്ത ചില ആളുകളാണ് പ്രസ്താവിത കാലങ്ങളിൽ അന്ത്യോക്യയിൽ വാണുകൊണ്ടിരുന്നതു്. എങ്ങനെയെന്നാൽ 325 ൽ നിഖ്യാസുന്നഹദോസിൽ സംബന്ധിച്ചിരുന്ന അന്തോക്യയുടെ ഒസ്താത്തിയോസ് പാത്രിയർക്കീസ് വേദവിപരീതികളായ അറിയൂസ്പ്പക്ഷക്കാരാൽ സിംഹാസനത്തിൽനിന്ന് തള്ളിഇറക്കപ്പെട്ടുകയും പകരം ആ സ്ഥാനത്തു അറിയൂസ്പക്ഷക്കാരനായ ഒരാളെത്തന്നെ പാത്രിയർക്കീസായി അവരോധിച്ചിരുത്തുകയും ചെയ്തു. 360–ാമാണ്ടുവരെയും ആ അറിയൂസ്പക്ഷക്കാരായ മെത്രാന്മാരാണ് (5പേർ) അന്ത്യോക്യയിൽ വാണതു്. ഇവരിലാരിലും റോമാമെത്രാനുമായുള്ള സമ്പക്കം ഉണ്ടായിട്ടില്ല. കേരളത്തിൽ കുടിയേറിയവർ ആരും തന്നെ അറിയൂസിന്റെ വിശ്വാസത്തെ അംഗീകരിച്ചിരുന്നവരുമല്ല? അതിനാൽ പേർഷ്യൻ കുടിയേററവും അന്ത്യോക്യ സിംഹാസനവുമായിപോലും ബന്ധമില്ലാതിരുന്നു എന്ന് സംശയരഹിതമായി അംഗീകരിക്കപ്പെടാം. റോമാപ്രദേശത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ പോലും ഭരണമേധാവിത്വം പുലത്തുവാൻ അവകാശാധികാരങ്ങളില്ലാതിരുന്ന റോമാമെത്രാൻ അതിവിദൂരത്തിൽ സ്ഥിതിചെയ്തിരുന്ന ഇൻഡ്യാരാജ്യത്തു ഭരണംനടത്തി എന്നു തെളിയിക്കുവാൻ ചരിത്ര ലക്ഷ്യങ്ങളുമുണ്ടെങ്കിൽ—കള്ളപ്രമാണങ്ങളിൽ (False Decretals) ഉൾപ്പെട്ടതല്ലാതെ എന്തെങ്കിലുമുണ്ടെങ്കിൽ അതു പ്രസിദ്ധപ്പെടുത്തണമെ എന്ന് റോമാസഭയിലെ ചരിത്രപണ്ഡിതന്മാരോടു് ഞാൻ ഒരു അ

www.malankaralibrary.com



ഭ്യർത്ഥന കൂടി നടത്തിക്കൊള്ളുന്നു. (ഈ വെല്ലുവിളി സുമാർ മൂന്നു വർഷങ്ങൾക്ക് മുൻപ് 5—10—1953-ൽ ഞാൻ നൽകിയിട്ടുള്ളതാണ്. 1956 ഒക്ടോബർ മാസംവരെയും മറുപടിയില്ല.)

## III

## മഹാനായ ആൽഫ്രഡ് രാജാവിൻെറ നേർച്ചകാഴ്ചകൾ.

മലങ്കരസഭ റോമാപാപ്പായുടെ അധികാരത്തിന് വിധേയമായിരുന്നു എന്ന് തെളിയിക്കുവാൻ മൂന്നാമതായി ഉന്നയിച്ചിരിക്കുന്ന തെളിവ് ഇംഗ്ലണ്ടിലെ രാജാവായിരുന്ന മഹാനായ ആൽഫ്രഡ് 883-ൽ മൈലാപ്പൂരിലുള്ള മർത്തോമ്മാ കബറിടത്തിൽ നേർച്ചകാഴ്ചകൾ കൊടുത്തയച്ചു എന്നുള്ളതാണ്. "അദ്ദേഹം—രാജാവ്—ഒരു കത്തോലിക്കനായിരുന്നതിനാൽ കത്തോലിക്ക ദേവാലയത്തിലേക്ക് മാത്രമെ നേർച്ചകൾ അർപ്പിക്കുകയുള്ളു." ഇതാണ് റോമൻ സഭയുടെ വാദം.

ഒൻപതാം നൂററാണ്ടിൽ മലങ്കര സഭ റോമൻ സഭാഭരണത്തിന് വിധേയമായിരുന്നു എന്ന് സ്ഥാപിക്കുവാൻ ഉദ്ധരിച്ചിരിക്കുന്ന ഈ തെളിവ് നമ്മുടെ പരിശോധനയ്ക്കു വിഷയമാക്കുന്നതിലേക്കായി വിദൂരസ്ഥിതമായ ഭാരതത്തിലെ ക്രൈസ്തവസഭയേയും ഭരിച്ചുകൊണ്ടിരുന്നു എന്ന് പറയുന്ന റോമാസഭയുടെ കേന്ദ്രത്തിലെ—പാപ്പാ അധിവാസംചെയ്യുന്ന പുണ്യനാട്ടിലെ—അവസ്ഥ എന്താ

www.malankaralibrary.com



യിരുന്നു എന്നു് അല്പം ഒന്നോരായേണ്ടിയിരിക്കുന്നു. റോമൻ സഭാംഗംതന്നെ ആ പുണ്യനാട്ടിലെ അന്നത്തെ സ്ഥിതിഗതികൾ നമ്മെ മനസ്സിലാക്കട്ടെ.

"The weaknesses were as evident as in the days of Boniface —ignorant clergy, worldly lords and successful brigands masquerading as prelates, a greedy laity, taking every occasion the times offered to lay hands on ecclesiastical property and jurisdiction for their own profit."[5] ബോനിഫസിന്റെ കാലത്തെപ്പോലെ ദൌർബല്യങ്ങൾ ദൃശ്യമായിരുന്നു. വിദ്യാരഹിതരായ പട്ടക്കാർ, ലൌകീക പ്രഭുക്കന്മാരും പ്രാപ്തന്മാരായ കൊള്ളക്കാരുമായി, കൃത്തു വേഷമണിഞ്ഞ പ്രധാന പുരോഹിതന്മാർ, അവരുടെ ലാഭത്തിനായി വൈദിക സമ്പത്തുകളിൽ കവച്ച്യും ഭരണവും നടത്തുന്ന ദുർമ്മോഹികളായ അത്മായക്കാർ; ഇതാണു് റോമിലെ അക്കാലത്തെ പൊതുനില. പോരാ; ശക്തിമത്തായി പ്രചാരത്തിലിരുന്നതും, പ്രയോഗത്തിൽ വരുത്തപ്പെട്ടതുമായ മറെറാരു ചിന്താഗതികൂടി മേല്പറഞ്ഞ അവസ്ഥാവിശേഷത്തോടു് അനുബന്ധിതമായി അറിഞ്ഞിരിക്കേണ്ടതുണ്ടു്. "The idea grows that the Papacy, a thing eminently profitable is worth much violence to secure, and at Rome there are soon rival factions traditionaly hostile, to whom every vacancy presents an opportunity for fraud, violence and sacrilege."[6]— "പാപ്പാസ്ഥാനം അതുല്യധനാഗമ മാർഗ്ഗത്തിനുതകുന്ന ഒന്നാണെന്നും, ആ

www.malankaralibrary.com


സ്ഥാനം പ്രാപിക്കുന്നതിനു വേണ്ടി അമിതമായ ബലപ്രയോഗം നടത്തുന്നതു വിലമതിക്കത്തക്കതാണെന്നും ഒരാശയം വളച്ച് പ്രാപിച്ചുകൊണ്ടിരുന്നു. റോമിൽ പരമ്പരാഗതമായി ശതൃതയിൽ കഴിഞ്ഞുകൂടിയിരുന്ന ഭിന്നകക്ഷികൾ പാപ്പാസ്ഥാനത്തിൻെറ ഒഴിവു്, വഞ്ചനയും, ബലാല്ക്കാരവും, പുണ്യവസ്തുദൂഷണവും പ്രവർത്തിക്കുന്നതിനുള്ള അവസരമായി ഗണിക്കുകയും ചെയ്തുവന്നു." എന്തിന് അധികം വർണ്ണിക്കുന്നു. പാപ്പായുടെ അവസ്ഥയും, അക്കാലത്തെ മ്ലേച്ഛതകളേയും വെളിവാക്കുന്നതിന് കൂടുതലായി ഒന്നും ഉദ്ധരിക്കുന്നതിന് ഞാൻ തുനിയുന്നില്ലാ.

മഹാനായ ആൽഫ്രഡ് മത്തോമ്മാശ്ലീഹായുടെ കബറിടത്തിങ്കലേക്ക് നേർച്ചകാഴ്ചകൾ അയച്ച 883-ാം വർഷം ആരംഭിക്കുന്നതിന് 16 ദിവസങ്ങൾക്ക് മുമ്പാണ് അന്നത്തെ പാപ്പാ ജോൺ എട്ടാമനെ യമപുരിയ്ക്കയയ്ക്കുവാൻ റോമിലെ പരിശുദ്ധ ക്രിസ്ത്യാനികൾ വിഷം കുടിപ്പിച്ചതു്. മരണം ആ പാപ്പായെ അതിവേഗത്തിൽ കൊന്നില്ല. അതിൽ അക്ഷമരായവർ കാര്യസാദ്ധ്യത വേഗത്തിൽ നിർവഹിച്ചു. ഒന്നിച്ചുകൂടി തല്ലി തല്ലി ഇഞ്ചിഞ്ചായി ചതച്ച് ദേഹിയെ ദേഹത്തിൽനിന്നും വിമുക്തമാക്കി. അദ്ദേഹത്തിൻെറ പിന്തുടർച്ചയാൽ പരിശുദ്ധസിംഹാസനത്തെ പ്രാപിച്ച പല പാപ്പാമാർക്കും ഇതേ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടു്. അക്കാലത്തെ മററു വിചിത്രസംഭവങ്ങളിൽ ഒരെണ്ണം ഉദാഹരണത്തിനായി രേഖപ്പെടുത്താം. അതും ഒരു പാപ്പായോടു് ബന്ധിതമാണ്. 891 മുതൽ 896

www.malankaralibrary.com



വരെ അഞ്ചു വർഷക്കാലം "പത്രോസിന്റെ പരിശുദ്ധാസിംഹാസനത്തിൽ തെററാവരത്തോടു"കൂടി വാണ ഒരു പരിശുദ്ധ പാപ്പായാണ് ഫോർമോസസ് (Formosus). അദ്ദേഹത്തിന്റെ നിര്യാണ വേളയിൽ സിംഹാസനത്തെ പ്രാപിച്ച ദേഹമാണ് സ്റ്റീഫൻ ആറാമൻ പാപ്പാ. ഈ പാപ്പായോ, മെത്രാൻ സ്ഥാനം പ്രാപിച്ചതു ഫോർമോസസിൽ നിന്ന്. തന്നെ വാഴിച്ചാക്കിയ ആ ഫോർമോസസ് പാപ്പായുടെ ശവക്കുടീരം തുറന്ന് അഴുകി തുടങ്ങിയ ശരീരം പുറത്തെടുത്തു് പാപ്പായുടെ സ്ഥാനവസ്ത്രാഭരണാദിവിശേഷാലങ്കാരങ്ങൾകൊണ്ടു് അലംകൃതമാക്കി സ്റ്റീഫൻ ആറാമൻ പാപ്പായുടെ തിരുസന്നിധിയിൽ ഹാജരാക്കി. ചില മെത്രാന്മാരും സന്നിഹിതരായി. ശവശരീരത്തെ വിസ്തരിച്ചു് ആരോപിക്കപ്പെട്ട കുററങ്ങളെല്ലാം തെളിയിച്ചു. പാപ്പാ വിധി എഴുതി. ആ തീപ്പിൻ പ്രകാരം ശവശരീരത്തിൽ നിന്ന് സ്ഥാനവസ്ത്രാലങ്കാരങ്ങൾ ഒന്നിനുപുറകേ ഒന്നായി എല്ലാം അഴിച്ചു് മാററി കുററക്കാരനായ ആ ചത്ത പാപ്പായെ അത്മായക്കാരനാക്കി. പത്രോസിന്റെ പിന്തുടച്ചാവകാശത്തിൽനിന്ന് അന്യനും ശപിക്കപ്പെട്ടവനുമാക്കി തീത്തു് ശവം ഏതോ ഒരു കുഴിയിൽ മറവും ചെയ്യിച്ചു. മതിയായില്ല. ശവം അവിടെ നിന്നും എടുപ്പിച്ചു. അഴിഞ്ഞുനാറിത്തുടങ്ങിയ ആ മൃതദേഹം, അതിന്റെ പ്രാന്തപ്രദേശങ്ങളിൽ നടന്നിട്ടുള്ള സകല അഴിമതികളുടേയും ദൃക്സാക്ഷിയായി തീന്നിട്ടുള്ള റൈറബർ നദിയുടെ ഓളങ്ങൾക്കിടയിൽ അലത്തല്ലലേററു് ശിഥിലീകൃതമാകുവാൻ എറി

www.malankaralibrary.com



യപ്പെട്ടു. അങ്ങിനെ പോകുന്ന അവസ്ഥാവിശേഷങ്ങൾ.

ഇനിയും മഹാനായ ആൽഫ്റഡ് രാജാവിങ്കലേക്ക് തിരിയാം. 871–മുതൽ 901 വരെയാണ് അദ്ദേഹം ഇംഗ്ലണ്ടിനെ ഭരിച്ചത്. ഈ ഇരുപതു വർഷകാലങ്ങളിൽ റോമിൽ പന്ത്രണ്ടുപേർ പാപ്പാസ്ഥാനം അലങ്കരിച്ചു. 882 ഡിസംബർമാസം 15–ാം തീയതിയാണ് ജോൺഎട്ടാമൻ പാപ്പായെ വിഷപാനം ചെയ്യിച്ചതിന്റെശേഷം തല്ലിക്കൊന്നത്. 897–ൽ അന്തരിച്ച സ്റ്റീഫൻ ആറാമനാണ് 896 ഏപ്രിൽ 4–ാം തീയതി ചത്ത പാപ്പാ ഫോർമസസിന്റെ ശവശരീരം മാന്തി എടുപ്പിച്ചതും വിസ്തരിച്ചതും വിധിച്ച് നദിയിൽ തള്ളിയതും. ചരിത്രകാരൻ പറയുന്നു:—

"In the next eighty years he—John VIII—was to have in the manner of his death not a few successors."[7]

അടുത്ത 80 വർഷക്കാലത്തേക്ക് അയാൾക്ക്—ജോൺ എട്ടാമന്—തന്റെ രീതിയിൽ മരണമടഞ്ഞ ധാരാളം പിൻതുടച്ച്ക്കാരെ ലഭിച്ചു—ഇപ്രകാരം റോമിൽ ഭരണം നടത്തിയ പാപ്പാമാർ വിഭ്രമസ്ഥിതമായ ഭാരതഭ്രമിയിൽ ആ നൂററാണ്ടുകളിൽ ഭരണം നടത്തിവന്നിരുന്നു എന്നു പറഞ്ഞാൽ അതിൽ എത്രകണ്ട് വാസ്തവമുണ്ടെന്ന് വായനക്കാർക്ക് നിഷ്പ്രയാസം ഗ്രഹിക്കാമല്ലോ.

ഇനിയും നേർച്ച്കാഴ്ചകൾ അയച്ചു എന്നു പറയപ്പെടുന്ന രാജാവിന്റെ കാര്യംക്രൂടിഅതരാഞ്ഞുനോക്കാം.

www.malankaralibrary.com



ചെറുപ്പം മുതല്ക്കേ ഇദ്ദേഹം ഒരു ദൈവഭക്തനായിരുന്നു. ദോഷം ചെയ്യാതെയും, പുണ്യകമ്മങ്ങൾ ചെയ്തും, സത്യക്രിസ്ത്യാനിയ്ക്കു അനുയോജ്യമാംവിധം അദ്ദേഹം ജീവിച്ചിരുന്നു. ഒരു ദിവസത്തിനുള്ള ഇരുപത്തിനാല് മണിക്കൂറുകളിൽ എട്ടുമണിക്കൂർ രാജ്യഭരണസംബന്ധമായ കാര്യങ്ങൾക്കും, എട്ടുമണിക്കൂർ പഠനത്തിനും, എട്ടുമണിക്കൂർ ശാരീരികമായ ആവശ്യങ്ങളുടെ നിർവ്വഹണത്തിനും ഈ വിധം സമയം വ്യയം ചെയ്യുന്നതിനു തന്നെ ഒരു നിർദ്ദിഷ്ടപരിപാടി അദ്ദേഹം ആജീവനാന്തം പുലർത്തിക്കൊണ്ടിരുന്നു. ശാരീരികാവശ്യങ്ങൾക്കായി വേർതിരിക്കപ്പെട്ടിട്ടുള്ള എട്ടു മണിക്കൂറുകളിൽ അധികപങ്കും പ്രാർത്ഥനയ്ക്കും ജാഗരണത്തിനും ആരാധനയ്ക്കുമായിട്ടാണ് വിനിയോഗിച്ചിരുന്നത്. അദ്ദേഹത്തിൻെറ ധനത്തെ സംബന്ധിച്ചും ഈ വിധമൊരു പദ്ധതി പ്രവൎത്തിപഥത്തിൽ ഉണ്ടായിരുന്നു. സമ്പത്തെല്ലാം മൂന്നായി ഭാഗിച്ച് ഒരുഭാഗം കുടുംബാംഗങ്ങളുടെ ആവശ്യത്തിനായി വേർതിരിച്ചു. ഒരു ഭാഗം സഭയുടെ ഉപയോഗത്തിനായും, മൂന്നാമത്തേതു സാധുജനങ്ങളുടെ സംരക്ഷണത്തിനായും വിനിയോഗിച്ചു. ഈ വിധം സകലഗുണസമ്പൂർണ്ണനായി വാണ മഹാനായ ആൽഫ്രഡ് രാജാവ്—റോമാസഭയുടെ അഴിമതി നിറഞ്ഞ അവസ്ഥയുമായി യാതൊരുവിധ സമ്പൎക്കവുമില്ലാതിരുന്ന ഒരു യഥാർത്ഥക്രിസ്തുഭക്തൻ—മാർത്തോമ്മാശ്ലീഹായുടെ കബറിടത്തിലേക്കു നേർച്ച കാഴ്ചകളയച്ചതു ഭാരതത്തിലെ ക്രൈസ്തവസഭയും റോമിലെ സഭയും തമ്മിലുള്ള വേഴ്ചകൊണ്ടും ബന്ധം

www.malankaralibrary.com



കൊണ്ടും, ആണെന്നും, ഭാരതസഭയും റോമിലെ മെത്രാൻെറ ഭരണത്തിനു വിധേയമായിരുന്നതു മൂലം മാത്രമായിരുന്നു എന്നും മററും ചരിത്രം സൃഷ്ടിച്ചാൽ എന്താണ് അതിൻെറ നിർമ്മാതാക്കളെക്കുറിച്ച് പറയേണ്ടതു്.

ഇനിയും നേർച്ചകാഴ്ചകളെ സംബന്ധിച്ച ചരിത്രം എന്താണെന്നാരായാം. ഇംഗ്ലണ്ട് ആക്രമിക്കാൻ ചെന്ന ഡയിൻകാർ പടിപടിയായി വിജയം വരിച്ച് ലണ്ടൻ പട്ടണപ്രാന്തത്തിലെത്തി പട്ടണത്തെ വളഞ്ഞു. അവരോടു പോരാടിക്കൊണ്ടിരുന്ന ആൽഫ്രഡിനു തനിക്കുള്ള ഭൗമികശക്തികളിലുള്ള ആശ്രയബോധത്തിനുപരിയായി ആദ്ധ്യാത്മികലോകത്തിലെ വിശുദ്ധന്മാരുടെ സഹായശക്തിയിലുള്ള വിശ്വാസം കൂടി ഉണ്ടായിരുന്നതിനാൽ ആ വിശുദ്ധന്മാരിൽ ചിലരെ യുദ്ധാരംഭത്തിനു മുമ്പായി സ്മരിക്കുകയും അവരുടെ സഹായത്തെ അഭ്യർത്ഥിക്കുകയും, തൻെറ ശത്രുക്കൾ പിന്തിരിപ്പിക്കപ്പെട്ടാൽ ആ വിശുദ്ധന്മാരുടെ കബറുകളിലേക്കു നേർച്ചകാഴ്ചകൾ അപ്പിച്ചുകൊള്ളാമെന്ന് നേരുകയുംചെയ്തു. ഒരു പ്രത്യേകവിഭാഗത്തിൻെറ കൈവശാനുഭവത്തെ ആശ്രയിച്ചല്ല ആ പരേതപുണ്യാത്മാക്കളോടുള്ള ഭക്തിപാരവശ്യം കൊണ്ടു മാത്രമാണ് അങ്ങിനെ ചെയ്തതു്. റോമൻ സഭാംഗം തന്നെ ഇതു സമ്മതിക്കുന്നു. "When the Danes were besieging London, Alfred(871—901) made a vow, if they were driven back, to send gifts to Rome and also to India in honour of St. Thomas and St. Bartholomew"[8]—ഡെയിൻ

www.malankaralibrary.com



കാർ ലണ്ടനെ വളഞ്ഞപ്പോഠം അവരെ തിരിച്ചോ ടിക്കുന്ന പക്ഷം റോമിലേക്കും, ഇൻഡ്ധ്യയിലേക്കും, വി: തോമ്മാശ്ലീഹായുടേയും വി: ബത്തലോമായുടേയും ബഹുമാനാർത്ഥവും കാഴ്ചകഠം അയച്ചുകൊള്ളാമെന്ന് ആൽഫ്റഡ് (871-901) ഒരു നേർച്ചനേന്ന് റോമിലേക്ക നേർച്ചകാഴ്ചകഠം അയച്ചതു ആ സ്ഥലത്തെ പരിശുദ്ധാവസ്ഥയുടെ ഔന്നാത്യത്തിൽ അമിത വിശ്വാസം തോന്നിയതുകൊണ്ടാണോ, ഭരണകൂടത്തിൻെറ സംശുദ്ധാവസ്ഥയിലുള്ള മതിപ്പുകൊണ്ടാണോ, പാപ്പാമാരുടെ വ്യക്തിവിശേഷം മൂലമാണോ, പുരോഹിത ശ്രേഷ്ഠരുടെ ത്യാഗസമ്പന്നമായ ജീവിതവിശുദ്ധി കണ്ടിട്ടാണോ ഇടപ്പെടുന്ന നേർച്ച കാഴ്ചകഠം പരിശുദ്ധമായി നല്ല കാര്യങ്ങഠംക്ക മാത്രം വിനിയോഗിക്കപ്പെടുമെന്നുള്ള ബോദ്ധ്യം കൊണ്ടാണോ? അല്ല ഇവ മൂലമൊന്നും അല്ല എന്ന് ചരിത്രം തെളിയിക്കുന്നു. വി. പത്രോസിൻേറയും വി. പൌലൂസിൻേറയും ശവകുടീരങ്ങഠം അവിടെയുണ്ടല്ലൊ. ആ വിശുദ്ധന്മാരുടെ നാമത്തിൽ എന്തെങ്കിലും പ്രവൎത്തിക്കുക എന്ന മാത്രമെ ആവക ചെയ്തികഠംക്ക് കാരണമായി തീന്നിട്ടുള്ളു. കത്താവിൻെറ തിരുകബറിടം മുഹമ്മദീയരുടെ കൈവശത്തിലമന്നിരുന്ന ഒരു കാലഘട്ടത്തിൽ അവിടേയ്ക്കു് നേർച്ചകഠം അയച്ചതും കാഴ്ചകഠം അർപ്പിച്ചതും മഹമ്മദീയരും കത്തോലിക്കരായിരുന്നതുമൂലമാണെന്ന് പറയുമോ? കത്താവിൻെറ കബറിടം എന്നുള്ള ഏക ബോദ്ധ്യത്തിൽമാത്രം. ഇതുപോലെ ഇൻഡ്ധ്യയിലെ

www.malankaralibrary.com



ക്രിസ്ത്യാനികൾ റോമാ മേധാവിത്വത്തിന്റെ കീഴ്പ്പെട്ട് അവരുടെ വിശ്വാസത്തിൽ ഉറച്ചുനില്ക്കുന്നവരാണെന്നുള്ള ബോദ്ധ്യത്തിലൊ ധാരണയിലൊ ആൽഫ്രഡ് നേർച്ചകാഴ്ചകൾ അയച്ചിരിക്കുക സാദ്ധ്യമല്ല. അപ്രകാരമൊരു സഭാവിഭാഗം ഭാരതത്തിലുള്ളതായി നേർച്ചകൾസഹിതം അയയ്ക്കപ്പെട്ട തീർത്ഥാടകർ മടങ്ങിച്ചെന്ന് അറിവുകൊടുത്തുമില്ല. തങ്ങളുടെ ആരാധനാക്രമങ്ങൾ ലത്തീൻഭാഷയിൽമാത്രം കണ്ടിട്ടുള്ള ആ വിദേശിയർ മൈലാപ്പൂരിലെത്തിയെങ്കിൽ തങ്ങൾക്കു യാതൊരു പരിചയവുമില്ലാത്ത സുറിയാനി ഭാഷയിൽ ഇവിടെ ആരാധനകൾ കണ്ടിരിക്കുന്നതിന് മാത്രമെ മാർഗ്ഗമുള്ളു. ഇങ്ങിനെയുള്ള യാതൊരു വിവരങ്ങളും, ഇവിടുത്തെ ക്രിസ്ത്യാനികളെ സംബന്ധിച്ചോ അവരുടെ ആരാധനാക്രമങ്ങളെക്കുറിച്ചോ രേഖപ്പെടുത്താതെ ഏതോ ചില സുഗന്ധദ്രവ്യങ്ങളും മററും കൊണ്ടുചെന്നു എന്നു മാത്രമെ രേഖപ്പെടുത്തിയിട്ടുള്ളു. അതിനാൽ ഇൻഡ്യയിലെ സഭ റോമൻ മേലധികാരത്തിലുള്ള ഒരു സഭയാണെന്നു ധരിച്ച് മത്തോമ്മാ ശ്ലീഹായുടെ കബറിടത്തിലേക്ക് നേർച്ചകൾ അയച്ചു എന്നുള്ള വാദം റോമൻമേധാവിത്വത്തിന് മലങ്കരസഭ വിധേയമായിരുന്നു എന്ന് സമർത്ഥിക്കുവാൻ യാതൊരുവിധത്തിലും സഹായിക്കുന്നില്ല. അഥവാ അങ്ങിനെ ധരിച്ചാണ് നേർച്ചകാഴ്ചകൾ അയച്ചതെന്ന് തെളിയിച്ചാൽതന്നെയും ഇവിടെ വന്നുകണ്ടപ്പോൾ മറിച്ച് അനുഭവപ്പെട്ടതുമൂലം ആ വിവരം ഒന്നും രേഖപ്പെടുത്താതെ വിട്ടുകളഞ്ഞു എ

www.malankaralibrary.com



ന്നുള്ള നിഗമനത്തിനാണ് കൂടുതൽ പ്രസക്തി. സഭയുടെ വിഭാഗീയമായ നിലയൊന്നും പരിഗണിച്ചല്ല ആൽഫ്രഡ് ഡെയിൻകാരുടെ ആക്രമണത്തിൽനിന്നും രക്ഷനേടുവാൻ വിശുദ്ധന്മാരുടെ മാദ്ധ്യസ്ഥം യാചിച്ചതും. ഈ മൂന്നാമത്തെ തെളിവിലും കഴമ്പൊന്നുമില്ലതന്നെ.

## IV

## ഇൻഡ്യയുടെ മെത്രാപ്പോലീത്താ റോമിൽ എത്തി പാല്യം സ്വീകരിച്ചപോലും.

നാലാമത്തെ തെളിവ് ഇൻഡ്യയുടെ മെത്രാപ്പോലീത്താ എന്നറിയപ്പെട്ടിരുന്ന ഒരു മാർയോഹന്നാൻ തൃതീയൻ റോമിലെത്തി പാപ്പായിൽനിന്നും "പാല്യം" എന്ന സ്ഥാനവസ്ത്രം സ്വീകരിച്ചു എന്നുള്ളതാണ്. ഇതുവായിച്ചാൽ തോന്നും ഇൻഡ്യയിൽ ഇങ്ങിനെ ഒരു മെത്രാപ്പോലീത്തായുണ്ടായിരുന്നെന്നും അയാറും ഭാരതസഭയെ ഭരണംനടത്തിയിരുന്നു എന്നും. എന്നാൽ ഈവിധം ഒരു യോഹന്നാൻ മെത്രാപ്പോലീത്താ മലങ്കരയിൽ ഭരണം നടത്തിയിരുന്നതായോ ജീവിച്ചിരുന്നതായോ പോലും യാതൊരു ചരിത്രകാരനും രേഖപ്പെടുത്തിയിട്ടില്ല. റോമൻസഭാംഗം കൂടിയായ ജി. ററി. മെക്കൻസി (G.T. Mackenzie) തിരുവിതാംകൂർ കൊച്ചിരാജ്യങ്ങളിൽ ബ്രിട്ടീഷ്ഭരണകൂടത്തിൻെറ പ്രതിനിധിയായി അധിവാസം ചെയ്തിരുന്ന കാലഘട്ടത്തിൽ കേരള ക്രൈസ്തവ സഭയുടെ ചരിത്രം പഠിക്കുകയും, സ്വയം ഒരു ചരിത്രപു

www.malankaralibrary.com



സ്തകം പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 1901 -ൽ അദ്ദേഹം പുറപ്പെടുവിച്ച ഗ്രന്ഥത്തിൻെറ ഏഴാംവശത്തു ഇപ്രകാരമൊരു ഉദ്ധരണി നൽകപ്പെട്ടിട്ടുണ്ട്—"about the year 1129 the Catholicose of Bagdad sent to Malabar a Nestorian bishop Mar John III"—1129—ാമാണ്ടിടയ്ക്കു് ബാഗ്ദാദിലെ കാതോലിക്കായാൽ മാർ യോഹന്നാൻ തൃതീയൻ എന്ന ഒരു നെസ്തോറിയൻ മെത്രാപ്പോലീത്ത മലബാറിലേക്ക് അയയ്ക്കപ്പെട്ടു:—ഈ യോഹന്നാൻ മെത്രാപ്പോലീത്തായുടെതായി പറയപ്പെടുന്ന രേഖകളിൽ അയാറം മയിലാപ്പൂരിലെത്തിയതായൊ അവിടെയുള്ള ചില അത്ഭുതങ്ങറം കണ്ടതായോ രേഖപ്പെടുത്തിയിട്ടുള്ളതൊഴികെ മലങ്കരയിൽ വന്നതായോ സഭാഭരണം നിവ്ഹിച്ചതായൊ സൂചനപോലും നൽകിയിട്ടില്ലാ. ഏതായാലും ഈ യോഹന്നാൻ മലങ്കര എത്തി എന്നു ധരിച്ചാൽതന്നെയും, ഇവിടെ എത്തിയപ്പോറം ആ സ്ഥലം തനിക്കു് ഒട്ടുംതന്നെ അനുയോജ്യമല്ലായെന്നു് ബോദ്ധ്യപ്പെട്ടു് ഉടനടി മടങ്ങിപ്പോയതായി ഗണിക്കേണ്ടിയിരിക്കുന്നു.

സ്വാഭാവികമായി അദ്ദേഹം മടങ്ങിപ്പോകേണ്ടതു് തന്നെ നിയോഗിച്ചയച്ച ദേഹത്തിൻെറ അടുക്കലേക്കായിരിക്കണം. പക്ഷേ അയാറം അതല്ലാ ചെയ്തതു്. ബഗദാദിലെ നെസ്തോറിയൻ കാതോലിക്കയായ തൻെറ പിതാവിൻെറ സമീപത്തേയ്ക്കു പോയി തൻെറ അനുഭവങ്ങറം അയാളെ അറിയിക്കുന്നതിനുപ

www.malankaralibrary.com



കരം, അയാളുടെ ശത്രുക്കൾ അധിവാസം ചെയ്യുന്ന കുസ്തന്തീനോപുരിയിലേക്കാണ് യാത്രയായത്. അക്കാലത്തു കുസ്തന്തീനോപുരിയിലെ ക്രൈസ്തവസഭയും, റോമിലെ സഭയും തമ്മിൽ ശത്രുതയിലും മത്സരത്തിലും കഴിഞ്ഞുകൂടുകയായിരുന്നൊന്നുള്ള ചരിത്രവസ്തുതയും ഇതോടൊന്നിച്ച് പരിഗണിക്കണം. ഈ യോഹന്നാൻ മെത്രാൻ റോമൻസഭാംഗവും റോമൻഭരണക്രുടത്തിന് വിധേയനുമായിരുന്നെങ്കിൽ, തൻെറ മാതൃസഭയുടേയും, അതിൻെറ ഭരണമേധാവികളുടേയും ബദ്ധശത്രുക്കളായി വത്തിച്ചുവന്ന ഒരു വിഭാഗത്തിൻെറ അടുക്കലേക്ക് പോകേണ്ടയാവശ്യം ഇല്ലാ; പോകുകയുമില്ലാ. ആ മനുഷ്യൻ കുസ്തന്തീനോപുരിയിൽ എത്തിയിട്ടോ, അവിടെയുള്ള ആളുകളുമായി ഇടപെട്ടുപോകുന്നതിന് കഴിവില്ലാതെ റോമൻസഭാംഗങ്ങളായ ചിലരെ കണ്ടുമുട്ടി അവരുടെ പിന്നാലെ റോമിലുമെത്തി. അവിടെ ചെന്നു ചേൎന്നാൽ ഉണ്ടാകുന്ന അവസ്ഥാവിശേഷങ്ങൾ വളരെയാണല്ലോ. നെസ്തോർവിശ്വാസത്തിൽ ജനിച്ചു വളൎന്ന് അതിലെ പൗരോഹിത്യപദവിയിൽ പടിപടിയായുയൎന്ന് മെത്രാൻവരെയായി, ആ സഭയ്ക്കുവേണ്ടി പ്രവൎത്തനംനടത്തുവാൻ നിയുക്തനായി, രംഗത്തു പ്രത്യക്ഷപ്പെട്ട ഒരു വിദേശീയൻ, അടുത്ത പടിയിൽ കുസ്തന്തീനോപുരിയിലെ ഓൎത്തഡോക്സ് പാത്രിയക്കീസിൻെറ അരമനയിലെത്തി, ഏതുവിധേനയോ കണ്ടുമുട്ടിയ റോമൻസഭക്കാരെ കണ്ടുപിടിച്ച് അവരെ പിന്തുടൎന്ന് റോമിലെത്തി, റോമിലെ മെത്രാൻെറ പക്കൽനിന്നും തൊപ്പിയും കുപ്പായവും വാങ്ങി

www.malankaralibrary.com



ച്ച ഒരു അസ്ഥിരനായ മനുഷ്യൻ ഇൻഡ്യയിൽ വന്നെന്നോ, പോയെന്നോ ജല്പിക്കുന്നതു് ഭാരതസഭയുടെ റോമൻമേധാവിത്വാംഗീകരണത്തിന് എങ്ങിനെയാണാവൊ തെളിവാകുക. ഇതു മാത്രവുമല്ലാ, ഇൻഡ്യയിലെ സഭയെപ്പററിയും മററും റോമിൽ നൽകിയതായി പറയപ്പെടുന്ന വിവരങ്ങൾ ആക്കും വിശ്വസിക്കുവാൻ പാടില്ലാത്തവണ്ണം അത്ര അതിശയോക്തിപരങ്ങളും, വൻകള്ളങ്ങളും അജ്ഞതകൊണ്ടു് ദൂഷിതവും ആയിരുന്നു. മലങ്കരയിൽ വന്നിരുന്നു എന്നു് സമ്മതിച്ചാൽതന്നെയും ബഗദാദ്കാരനായ ഒരുവൻ പല മറിച്ചിലുകൾ നടത്തിയ കൂട്ടത്തിൽ റോമിലെത്തി പാപ്പായുടെ "പാല്ല്യം" വാങ്ങിച്ചതു മലങ്കര സഭ റോമാമെത്രാന്റെ ഭരണാധികാരം അംഗീകരിച്ചതിന് തെളിവായി എങ്ങിനെയാണാവോ ഉപയോഗപ്പെടുത്തുന്നതു്? മലങ്കരയിലെ റോമൻസഭാചരിത്രകാരന്മാർ ബഗദാദുകാരനിൽക്കൂടിയാണോ മലങ്കരസഭയെ ദർശിക്കുക. മലങ്കരക്കാരനൊ ഇൻഡ്യാക്കാരനോ അല്ലാത്ത ഒരു നെസ്തോറിയൻ അയാൾക്കു് തോന്നിയതുപോലെ പ്രവത്തിച്ചതിന് മലങ്കരസഭയ്ക്കു് യാതൊരു ബന്ധവും ഉത്തരവാദിത്വവുമില്ലാ.

## V

മലങ്കരസഭയിൽ റോമാമെത്രാന് അധികാരമുണ്ടായിരുന്നു എന്നു് തെളിയിക്കുവാൻ അഞ്ചാമതായി നൽകപ്പെട്ടിരിയ്ക്കുന്ന വസ്തുത ഇപ്രകാരമാണു്.

"ഫ്രാൻസിലെ അവിഞ്ഞോൻപട്ടണത്തിൽ വസിച്ചിരുന്ന യോഹന്നാൻ ഇരുപത്തിരണ്ടാമൻ മാർ

www.malankaralibrary.com



പാപ്പാ 1328—ൽ ജോർദാന്തൂസ് എന്ന ഒരു ഡോമിനിക്കൻ സന്യാസിയെ അഭിഷേകംചെയ്ത് കൊല്ലത്തെ മെത്രാനായി നിയമിക്കുകയും ഇദ്ദേഹത്തിന്റെ കൈവശം കൊല്ലത്തെ നസ്രാണിക്രിസ്ത്യാനികളുടെ പ്രമാണിയ്ക്കു് ഒരു ലേഖനം കൊടുത്തയയ്ക്കുകയും ചെയ്തു. കേരളത്തിലെ നസ്രാണിക്രിസ്ത്യാനികൾ കത്തോലിക്കാ വിശ്വാസികളല്ലായിരുന്നുഎങ്കിൽ—റോമാപാപ്പായുടെ അധികാരത്തിന് വിധേയരല്ലായിരുന്നു എങ്കിൽ—മാർപ്പാപ്പാ ജോർദാന്തൂസിനെ കൊല്ലംമെത്രാനായി നിയമിക്കയോ, നസ്രാണികളുടെ അധിപതിയ്ക്കു് ലേഖനംകൊടുത്തയയ്ക്കുകയോ ചെയ്യുമായിരുന്നില്ലാ."! ഈ ഉദ്ധരണിയിൽ താഴെപ്പറയുന്ന രണ്ടു കാര്യങ്ങളാണു് പ്രധാനമായിട്ടുള്ളതു്.

a) കൊല്ലത്തേക്കു് ഒരു മെത്രാനെ റോമാപാപ്പാ നിയമിച്ചാക്കി.

b) കൊല്ലത്തെ നസ്രാണികളുടെ പ്രമാണിക്കു് ഒരു ലേഖനം കൊടുത്തയച്ചു.

ഈ രണ്ടു സംഗതികളിൽനിന്നും ഗ്രന്ഥകർത്താവു് എത്തിച്ചേരുന്ന ഒരു നിഗമനമുണ്ടു്. അതായതു,

c) കേരളത്തിലെ നസ്രാണികൾ റോമാപാപ്പായുടെ അധികാരത്തിന് വിധേയരായിരുന്നു.–ഈ മൂന്നുകാര്യങ്ങളും പരിശോധിച്ചുനോക്കേണ്ടിയിരിക്കുന്നു. ഒരുപക്ഷേ കേരളക്കരയിലെ ക്രൈസ്തവ സഭാരംഭം മുതൽ റോമിലിരുന്ന മെത്രാന്മാരാണു് ആ സഭയെ ഭരിച്ചിരുന്നതെന്നു് ബോദ്ധ്യപ്പെടുത്തുവാൻ വല്ലതും നമുക്കു് ലഭിച്ചേക്കാം. എന്നാൽ ആ ചരിതത്തിലേ

www.malankaralibrary.com



ക്ക് പ്രവേശിക്കുന്നതിനു മുമ്പായി റോമിലെ പാപ്പാ പോയെന്നും, ഫ്രാൻസിലെ അവിഞ്ഞോനിലാണ് പാപ്പാ കാണപ്പെട്ടുന്നതെന്നും, എഴുതിയിരിക്കുന്നതു പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അവിഞ്ഞോനിലെ പാപ്പായാണ് 1328-ൽ ജോർദാന്തുസിനെ കൊല്ലത്തേക്കയച്ചതെങ്കിൽ കേരളത്തിലെ ക്രിസ്ത്യാനികൾ അക്കാലത്തു അവരുടെ ഭരണവിധേയത്വം പുലർത്തിയിരുന്നതു റോമിലെ പാപ്പായോടല്ലെന്നും, അവിഞ്ഞോൻ പാപ്പായോടായിരുന്നു എന്നും ധരിക്കേണ്ടിയിരിക്കുന്നു. ഇതുവരെയും പറഞ്ഞുവന്നിരുന്നതു വി: പത്രോസ് റോമൻ സിംഹാസനം സ്ഥാപിച്ചെന്നും, അവിടെ പിന്തുടർച്ചക്കാരെ നിയമിച്ചാക്കി എന്നും, അവർ കേരളത്തിലെ സഭയെയും ഭരിച്ചുവന്നിരുന്നുഎന്നുമാണ്. അവിഞ്ഞോനിലെന്നല്ല ഫ്രാൻസിൻെറ അതൃത്തിയിൽപോലും വി: പത്രോസ് കാലുകുത്തിയിട്ടില്ല. ശ്ലൈഹീകസ്ഥലനം ആ രാജ്യാതിർത്തിക്കുള്ളിൽ മരിച്ചടക്കപ്പെട്ടിട്ടുമില്ല. റോമിലേതുതന്നെ സ്വീകാര്യയോഗ്യമല്ലാതിരിക്കെ അവിടവുംവിട്ട് അവിഞ്ഞോനിലേക്ക് വിധേയത്വം മാററണമെന്ന് പറഞ്ഞാൽ അതു എത്രകണ്ട് സ്വീകാരയോഗ്യമാണ്. നാടുംവീടുംവിട്ട് അസ്വതന്ത്രനായി എവിടയോ കഴിഞ്ഞുകൂടുന്ന തടവുപുള്ളിയായാലും കേരളത്തെ ഭരിക്കും. അഥവാ ഭരിച്ചു എന്നാണ് ഘോഷിക്കുന്നത്. ഈ വക പൊള്ളത്തരങ്ങൾ എഴുതിവിടുന്നതിന് ലജ്ജയില്ലാതെ പോകുന്നതല്ലെ കഷ്ടാൽകഷ്ടതരം!! ഈ അവിഞ്ഞോൻ പാ

www.malankaralibrary.com



പ്പാക്കായ്യം എന്തെന്ന് അല്പമായിട്ടൊന്നു പരിശോധിക്കാം. അതിനുള്ളിൽ രസാവഹവും ലജ്ജാകരവുമായ പലതുമുണ്ട്. ഏറിയപങ്കും ഉപേക്ഷിച്ച് വളരെ കുറച്ചുമാത്രം രേഖപ്പെടുത്താം.

മേലുദ്ധരിച്ച ഗ്രന്ഥത്തിൻെറ (ക്രാ: സഭയും, യാ: വാദങ്ങളും) 215, 216, 217, 218, 219 എന്നീ വശങ്ങളിൽ ഇന്നു മലങ്കരസുറിയാനിസഭയിൽ നിലവിലിരിക്കുന്ന കുഴപ്പങ്ങളേയും, വ്യവഹാരങ്ങളേയും വിമർശനവിധേയമാക്കി, കോടതി കയറുന്നതിനുള്ള അവിഹിതാവസ്ഥയെ പർവ്വതീകരിച്ചുള്ള ഒരു നീണ്ട വർണ്ണനയാണ് നൽകിയിരിക്കുന്നത്. "ഈ സംഗതികളെപ്പററി ചിന്തിക്കുന്ന യാക്കോബായസഹോദരങ്ങൾക്ക്, യാക്കോബായസഭയാണ് സാക്ഷാൽ ക്രിസ്തുവിൻെറ സഭയെന്നും, എല്ലാവരുടേയും രക്ഷാമാർഗ്ഗമെന്നും പറയുവാൻ എങ്ങിനെ നാക്കു പൊങ്ങും. എങ്ങിനെ ധൈര്യമുണ്ടാകും. എങ്ങിനെ മനസ്സു വരും?" മലങ്കര സുറിയാനിസഭയിലെ അഭിവന്ദ്യതിരുമേനിമാരെയും, നേതാക്കന്മാരെയും ഏററവും സംസ്കാരവിഹീനമായി വിമർശിച്ചു വായനക്കാരുടെ മുമ്പിൽ, ഒരു ചിന്താക്കുഴപ്പം സംജാതമാക്കുന്നതിനു ആവശ്യമായ രംഗവിധാനം സൃഷ്ടിച്ചതിൻെറ ശേഷമാണ് ശക്തിമത്തായ ഈ ചോദ്യശരങ്ങൾ എറിഞ്ഞുകൊടുത്തത്. എന്താ ശരിയല്ലേ? അഭിപ്രായവ്യത്യാസങ്ങളും വ്യവഹാരങ്ങളും മൂലം മലങ്കരസുറിയാനി സഭ അധഃപ്പതിച്ചു വരുകയല്ലേ? ദൈവത്തിൻെറ

www.malankaralibrary.com



സഭയെങ്കിൽ അതിൽ ഈ വിധകുഴപ്പങ്ങൾ ഉണ്ടാകുക സാദ്ധ്യമോ? അതിനാൽ ഇതിനു ക്രിസ്തുവിൻെറ സഭയെന്നു എങ്ങനെ പറയുവാൻ കഴിയും? ഞാൻ ചിന്തിച്ചു. എന്നെപ്പോലെ പലരും. ഞാൻ കണ്ടതിൽ ചിലതെല്ലാം താഴെ കുറിക്കാം.

മലങ്കരസഭയുടെ റോമൻ മേധാവിത്വം തെളിയിക്കുവാൻ 1328-ലെ അവിഞ്ഞോൻ പാപ്പായുടെ കാര്യം ഗ്രന്ഥകാരൻ ഉദ്ധരിച്ചിരിക്കുന്നതു വായിച്ചപ്പോൾ, ഇതുവരെ റോമാ പാപ്പായുടെ പേരു മാത്രം പറഞ്ഞുകൊണ്ടിരുന്ന ആൾ അവിഞ്ഞോൻ പാപ്പായുടെ പിന്നാലെ എങ്ങിനെ എത്തിച്ചേർന്നു—അഥവാ പാപ്പാ റോമിൽ നിന്നു മറഞ്ഞു അവിഞ്ഞോനിൽ പ്രത്യക്ഷപ്പെട്ടതു് എങ്ങിനെയെന്നു ഒന്നു നോക്കിപ്പോയി. ഫലമോ? സുറിയാനിസഭാംഗങ്ങളോട്ടു് ആ ഗ്രന്ഥകാരൻ അഥവാ ആ റോമൻസമുദായം ചോദിച്ചിരിക്കുന്ന ചോദ്യം—മുകളിൽ അടിവരചേർത്തുദ്ധരിച്ചിട്ടുള്ളതു്—കുറച്ചുകൂടി ശക്തിമത്തായ ഭാഷയിൽ അയാളോട്ടു്—അഥവാ ആ സമുദായത്തോട്ടു് ചോദിക്കുന്നതിനു ഞാൻ പ്രാപ്തനായി. ലൗകീകമായ കുഴപ്പങ്ങളോ വ്യവഹാരങ്ങളോ ഒന്നിലധികം അധികാരവാഹികളുടെ ഏകസമയത്തുള്ള രംഗപ്രവേശമോ, അവരുടെ മത്സരങ്ങളൊ ഈ വിധ ചോദ്യങ്ങൾ ചോദിക്കുന്നതിനു മതിയായ ആധാരങ്ങളെങ്കിൽ, അതേ കാരണങ്ങളൊ അതിലും ഭയങ്കരതരങ്ങളായ അവസ്ഥാവിശേഷങ്ങളൊ, ആധാരമാക്കി ഈ ചോദ്യം റോമൻസഭാംഗങ്ങളോട്ടു് ആയിരം പതിനായിരം

www.malankaralibrary.com



പ്രാവശ്യം കുറച്ചുകൂടി ശക്തിയായ ഭാഷയിൽ ചോദിക്കുന്നതിനു മലങ്കര സുറിയാനിസമുദായാംഗങ്ങൾക്കെല്ലാം തന്നെ അവകാശമുണ്ട്. സുറിയാനിസഭ ഒന്നടങ്കം അതിനിർഭാഗ്യകരമായി ഗണിക്കുന്നതും, അതിൽനിന്നും സഭയെ ഉദ്ധരിക്കുന്നതിനു അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുന്നതുമായ ചില കുഴപ്പങ്ങളും വ്യവഹാരങ്ങളും ഏതാണ്ടു നാല്പതുവർഷങ്ങളായി നിലനിന്നു വരുന്നുണ്ട്. അതു ഏററവും പരിതാപകരം തന്നെ. എന്നാൽ നമ്മുടെ തെററിനെ കുറിച്ച് നമുക്കു തന്നെ ബോധ്യമുള്ളപ്പോൾ ആ വക കുററങ്ങളെയും കുറവുകളെയും പർവ്വതീകരിച്ചു സഭയുടെ നിലനില്പിനെതന്നെ ചോദ്യം ചെയ്തു് നമ്മെ സമീപിക്കുന്ന കള്ളപ്രവാചകന്മാരുടെ വെള്ളപൂശിയ കല്ലറയ്ക്കകത്തുള്ള മ്ലേച്ഛതകൾ അല്പം ഒന്നു മനസ്സിലാക്കിയിരിക്കേണ്ടുന്നതു് നമ്മുടെ ബലഹീനതകളെ നീതീകരിക്കുന്നതിനല്ല, എന്നാലോ കുഴപ്പങ്ങളേയും ദുർന്നിമിത്തങ്ങളേയും നിരാശയോടുകൂടിയല്ല, പ്രത്യാശയോടുകൂടി വീക്ഷിച്ചു് അതിനു പ്രതിവിധി കണ്ടെത്തുവാൻ നാം നമ്മുടെ നിലയിൽതന്നെ ഉറച്ചുനിന്നു്, പ്രചാരണതന്ത്രങ്ങളുമായി നമ്മെ സമീപിച്ചു് അടിമത്വത്തിലേക്കും അന്ധകാരത്തിലേക്കും ആനയിക്കുവാൻ ഉത്സുകരായി വരുന്നവരോട്ട് ശരിക്കൊന്നു ചോദിച്ചു് അവരെ ആട്ടിപ്പായിക്കുവാൻ അവശ്യം ആവശ്യമായി അല്പമെങ്കിലും അറിഞ്ഞിരിക്കേണ്ടതിനു മാത്രമാണു് താഴെവരുന്ന ചിലതെല്ലാം കുത്തിക്കുറിക്കുന്നതു്. മലങ്കര സുറിയാനിസഭയുടെ പട്ടത്വവും കൂദാശകളും

www.malankaralibrary.com



സാധുവാണെന്ന് ഏതൊരു അപ്പോസ്തോലികസഭാ വിഭാഗവും കൈക്രപ്പി സമ്മതിക്കുന്നുണ്ട്. റോമാസഭ അതിൽ ഒന്നുമാത്രം. ആ സഭയുടെ നിലനില്പിനെ നാം ചോദ്യം ചെയ്യുന്നില്ല. ആ സഭ മലങ്കരസഭയിൽ അങ്ങേഅററം ആരോപിക്കുന്ന ബലഹീനത അതൊരു ശീശ്മസഭയാണെന്നുമാത്രം. ശീശ്മയൊ, അത് ആത്മരക്ഷയ്ക്കു് പ്രതിബന്ധം വരുത്തുന്ന ഒന്നാണെന്ന് ഖണ്ഡിതമായി തീരുമാനിക്കപ്പെട്ടുവാൻ ഇന്നും റോമൻ വേദശാസ്ത്രജ്ഞന്മാൎക്ക് സാധിച്ചിട്ടില്ലാത്ത ഒരു വിഷയവും. അതിനാൽ മലങ്കര സുറിയാനിസഭയിലെ ശരിയായ അംഗത്വം അഭംഗുരമായി പുലൎത്തിക്കൊണ്ടുപോരുന്ന ഒരുവൻ ആത്മരക്ഷയെ കരുതി തൻെറ സഭയെ ഉപേക്ഷിച്ച് റോമാസഭയെ ആശ്ലേഷിക്കേണ്ടതിന് യാതൊരാവശ്യവുമില്ല. പിന്നെ എന്തിനാണോ മലങ്കരസുറിയാനിക്കാരനെ റോമാസഭയിൽ ചേരുവാൻ ക്ഷണിക്കുന്നത്? അതിനുള്ള ഉത്തരം ഒന്നുമാത്രം. അവരുടെ വളൎച്ചയ്ക്കും, നിലനില്പിനും. മററുള്ളവരുടെ അധഃപ്പതനം അവർ അതിയായി ആഗ്രഹിക്കുന്നു എന്നുള്ളതുതന്നെ. ദൈവത്തിൻെറ സഭയിൽ കുഴപ്പങ്ങൾ ഒന്നും കാണുകയില്ലെന്നൊരു അലങ്കാരപ്രയോഗം അതിനു ശരിക്കുപയോഗിക്കുന്ന ഒരു പ്രചരണായുധവും. ഈ പ്രയോഗം അത്രകണ്ട് ശരിയോ—റോമാസഭയിൽ കുഴപ്പങ്ങൾക്ക് യാതൊരു സ്ഥാനവും അവളുടെ ഇതഃപൎയ്യന്തമുള്ള നിലനിൽപ്പിൽ ഉണ്ടായിട്ടില്ലയൊ—എന്നൊരു പരിശോധന അപരിത്യാജ്യമായി വന്നതിനാൽ അതിനായി അൽപ്പമൊന്നു തുനിയുന്നതാണ്.

www.malankaralibrary.com



പാപ്പാമാരുടെ കാര്യം പൊതുവെ പറയാം. ശരിയായി തെരഞ്ഞെടുത്തു ശരിയായി വാഴിച്ച്, ശരിയായി ജീവിച്ച് അങ്ങിനെതന്നെ അവസാനിച്ചവരായിരിക്കണമല്ലോ പാപ്പാമാരെല്ലാവരും. അവർ തെററാവരമുള്ളവരല്ലെ? പത്രോസന്മാരല്ലെ? ഭൂമിയിൽ ദൈവങ്ങളല്ലെ? ഒരു ചെറിയ ഉദ്ധരണി കാണുക.

"The Papacy became the plaything of rival factions of Roman nobles, probably the most turbulent and vicious of all European history, who for more than a century forcibly intruded into the papal chair popes according to their will licentious youths, feeble old men worldly scyophants. In the hundred years 870—970 twenty five popes reigned many of them violently done to death. It was a period of unparalleled disorder, violence, depravity in all ranks of church and state alike" [2]
—ഒരു നൂററാണ്ട് കാലത്തേക്ക് വിഷയാസക്തരായ യുവാക്കളേയും, ബലഹീനരായ വൃദ്ധന്മാരെയും, വെറും ലൌകീകരായ പാദസേവകരേയും, അവരവരുടെ അഭിമതാനുസരണം പാപ്പാമാരായി പ്രതിഷ്ഠിച്ച റോമാപ്രഭുക്കന്മാരുടെ—യൂറോപ്യൻചരിത്രത്തിൽ ഉണ്ടായിട്ടുള്ളതിലേയ്ക്കും കലഹപ്രിയരും ദുർവൃത്തരുമായ മത്സരകക്ഷികളുടെ—കളിസാധനമായി പാപ്പാസ്ഥാനം എത്തിച്ചേർന്നു. അവരിൽ അനേകരും അതിഭയങ്കരമായി കൊല്ലപ്പെട്ട ഇരുപത്തിഅഞ്ച് പാ

www.malankaralibrary.com



പ്പാമാർ 870 മുതൽ 970 വരെയുള്ള നൂറു വർഷങ്ങൾ ഭരണംനടത്തി. സഭയുടേയും രാഷ്ട്രത്തിന്റെയും എല്ലാരംഗങ്ങളിലും ഒന്നുപോലെ, അതുല്യമായ അവ്യവസ്ഥിതിയും, സാഹസങ്ങളും, അധമത്വങ്ങളും വിളയാടിയിരുന്ന ഒരു കാലയളവാണത്:-കാര്യങ്ങൾ സ്വയം വിശദമല്ലെ? ഗ്രന്ഥകർത്താവ് ബട്ലർ റോമൻസഭാംഗം തന്നെയാണ്. 1929 ഒക്ടോബർ 14-ാംനു ഇംപ്രിമാത്തൂർ ലഭിച്ചിട്ടുള്ള കൃതിയും തന്നെ.

മറെറാരുഭാഗം കാണുക–"In the first twelve centuries of her existance, the church was disturbed some twenty five times by rival claimants of the Papacy. The strife thus originated was always an occasion of scandal, some times of violence and bloodshed, but in most cases it was easy for men of honest will to distinguish between the true pope and the antipope or false claiment. It was very different in the great schism of the fourteenth (14th.) century. For forty years two and even three pretenders to the papacy claimed the allegiance of Catholicos. Whole countries, learned men, and canonised saints, ranged themselves on different sides, and even now it is not perhaps absolutely certain who was Pope and who antipope."[3]—അതായതു അവളുടെ നിലനില്പിന്റെ ആദ്യത്തെ പന്ത്രണ്ടു നൂററാണ്ടുകളിൽ ഏതാണ്ട് ഇരുപത്തിഅഞ്ചു പ്രാവശ്യം പാപ്പാസ്ഥാ

www.malankaralibrary.com


നത്തേക്കുള്ള പരസ്പരസംഘർഷികളാൽ സഭ ഉപ ദ്രവിക്കപ്പെട്ടിട്ടുണ്ട്. (ഒരു നൂററാണ്ടിന് രണ്ടെന്നുള്ള കണക്ക് അവർ തന്നെ സമ്മതിക്കുന്നു.) അപ്രകാരം ഉത്ഭവിച്ചിട്ടുള്ള കലഹം എപ്പോഴും അപവാദത്തി നും ബലാൽക്കാരത്തിനും, രക്തം ചിന്തലിനും—(പാപ്പാമാരാണ് പലപ്പോഴും കൊല്ലപ്പെട്ടതെന്ന് തുറന്നു പറയുന്നില്ലെന്നു മാത്രം)—അവസരമായി തീർന്നിട്ടുണ്ട്. എന്നാൽ നിർമ്മത്സരബുദ്ധികളായ ആളുകൾക്ക് യഥാർത്ഥ പാപ്പാ ആരെന്നും, എതിർപാപ്പാ അല്ലെങ്കിൽ കള്ളപാപ്പാ ആരെന്നും തിരിച്ചറിയുവാൻ പല അവസരങ്ങളിലും എളുപ്പമായിരുന്നു. പതിനാലാം നൂററാണ്ടിലെ ശീശ്മക്കാലത്തു കാര്യങ്ങൾ വളരെ വിഭിന്നമായിരുന്നു. (ആരംഭം മുതൽ 14-ാം നൂററാണ്ടു വരെ എത്തിയപ്പോൾ കലാപം കൂടാതെ റോമാസഭയ്ക്കു നിലനില്ക്കുവാൻ കഴിഞ്ഞതു ഒരേ ഒരു നൂററാണ്ടുകാലം മാത്രമാണെന്നുള്ള ഈ സമ്മതം വായനക്കാർ പ്രത്യേകം ഗൌനിക്കണം. പക്ഷേ, 13-ാം നൂററാണ്ടും കലാപപൂരിതമായിരുന്നു എന്നു പിന്നാലെ ഞാൻ തെളിയിച്ചുതരാം.) 40 വർഷക്കാലത്തേക്കു രണ്ടും ചിലപ്പോൾ മൂന്നും പാപ്പാനാടുക്കാർ കത്തോലിക്കരുടെ സ്വാമിഭക്തി അവകാശപ്പെട്ടിരുന്നു. രാജ്യങ്ങൾ ഒന്നടങ്കമായും, പണ്ഡിതന്മാരും പ്രഖ്യാപിതവിശുദ്ധന്മാരും ഭിന്നചേരികളിൽ അണിനിരക്കുകയും ചെയ്തു. എന്നതന്നെയുമല്ലാ ഇപ്പോഴും ആരു് യഥാർത്ഥപാപ്പായെന്നും ആരു് കള്ളപാപ്പായെന്നും ഖണ്ഡിതമായി തീരുമാനിക്കുക സാധ്യമല്ലാ.” ഈ മഹൽഗ്രന്ഥത്തിൻെറ

www.malankaralibrary.com



നിർമ്മാതാക്കൾ പണ്ഡിതന്മാരായ റോമൻ സഭാംഗങ്ങൾ തന്നെ. പക്ഷേ കേരളത്തിലെ റോമൻസഭക്കാരിൽ ചിലർ ഘോഷിക്കുന്നുണ്ട്, പത്രോസ് മുതൽ ഇന്നത്തെ പാപ്പാ ഇത്രാമനെന്ന്. എങ്ങനെയാണൊ ആ കണക്കു കൂട്ടുക.

മൊത്തത്തിൽ ഇത്രയും ചൂണ്ടിക്കാണിച്ചെങ്കിലും അതുകൊണ്ട് തല്ക്കാലം തൃപ്തിയടയുവാൻ നിവൃത്തിയില്ലാ. ചില പാപ്പാതിരഞ്ഞെടുപ്പുകളും അനുബന്ധിതചരിത്രങ്ങളും വളരെ ചുരുക്കത്തിൽ ഇതാ കാണുക. "Twice in the fourth century when the hostility of the rival parties had developed into riots and pitched battles in the street, the government had intervened in the interests of public order."—വിരുദ്ധകക്ഷികളുടെ ശത്രുത, കലാപങ്ങളും തെരുവു യുദ്ധങ്ങളുമായി പരിണമിച്ചതു പൊതുജനജീവിതസമാധാനത്തിനുവേണ്ടി ഗവർമ്മെൻറ് ഇടപെട്ട് ശമിപ്പിക്കേണ്ടതായിവന്ന രണ്ടുസന്ദർഭങ്ങൾ നാലാം നൂററാണ്ടിൽ ഉണ്ടായിട്ടുണ്ട്." 307 മുതൽ 312 വരെയുള്ള കാലഘട്ടത്തിൽ പാപ്പാസ്ഥാനം പ്രാപിക്കുന്നതിനുള്ള കലാപങ്ങൾ ശക്തിപ്പെട്ടുകയാൽ ചക്രവർത്തി പാപ്പായേയും പ്രതിയോഗിയേയും നാടുകടത്തി. തൽഫലമായി രണ്ടുവർഷക്കാലം പാപ്പായില്ലാതെയിരുന്നു. 366-ാമാണ്ട് പാപ്പാസ്ഥാനം കൈക്കലാക്കിയ ഡമാസസ് അവിടെ എത്തിച്ചേർന്നതു്, അനേകരെ കൊന്നൊടുക്കിയതും മൂന്നുദിവസം നീണ്ടുനിന്നതുമായ കലഹത്തിനുശേഷം

www.malankaralibrary.com



ചക്രവത്തി ഇടപെട്ടതുമൂലമാണു്. 418-ൽ ഈ പാപ്പാ നിയ്യാതനായി. അദ്ദേഹത്തിൻെറ ശവസംസ്കാരശുശ്രൂഷ നടന്നുകൊണ്ടിരിക്കുന്ന വേളയിൽ യുലാലിയോസ് എന്നൊരു ദേഹം — നിയ്യാതനായ ഡമാസസ് പാപ്പായുടെ ആത്മസുഹൃത്തെന്നു് പറയപ്പെടുന്ന ഒരുവൻ—ചില സഹചരന്മാരോടൊന്നിച്ചു് ലാററൻ കൊട്ടാരത്തിൽ സമ്മേളിച്ചു് തന്നെ പാപ്പായായി തിരഞ്ഞെടുപ്പിച്ചു. ഇതിൽ ക്ഷുഭിതരായ ഒരു വിഭാഗം മറെറാരുയോഗംകൂടി ബോനിഫസ് എന്നൊരുവനെ പാപ്പായാക്കി. തുടൻണ്ടായ കലാപങ്ങളിൽനിന്നു് നാടിനെ രക്ഷിപ്പാൻ രാജകീയാധികാരികൾ യുലാലിയോസിനെ അംഗീകരിച്ചു് ബോനിഫസിനെ നാടുകടത്തി. പക്ഷേ ബോനിഫസ് ചക്രവത്തിനിയെ സ്വാധീനംചെയ്തു തന്നെ വീണ്ടും സിംഹാസനത്തിൽ പ്രതിഷ്ഠിപ്പിച്ചു. കലഹങ്ങൾ വദ്ധിച്ചു. രണ്ടു പാപ്പാമാരെയും ചക്രവത്തി നാടുകടത്തി. മുൻപോട്ടുപോകാം. അഞ്ചാംനൂററാണ്ടിൻെറ അന്ത്യത്തിലും, ആറാംനൂററാണ്ടിൻെറ ആരംഭത്തിലുമായി രണ്ടുപാപ്പാമാർ ഒരുമിച്ചു് രംഗപ്രവേശം ചെയ്തതായി കാണപ്പെടുന്നു. 366-ലും-418ലും എന്നപോലെ തെരുവുയുദ്ധങ്ങളും അനേക കൊലപാതകങ്ങളും നടന്നു. ഇവയ്ക്കു് പരിഹാരം വരുത്തിയതു അറിയൂസ് പക്ഷപാതിയായ തേയോഡോറിക് രാജാവാണു്. തുടച്ചയായി കാണപ്പെടുന്ന ഈ വക ചരിതങ്ങൾ രേഖപ്പെടുത്തുന്നതു അത്ര സുഖകരമല്ലാ

www.malankaralibrary.com



ത്തതിനാൽ പലതും വിട്ടുകൊണ്ടു് ചിലതു മാത്രം സ്പർശിച്ചു് നമുക്കു് അവിഞ്ഞോനിൽ എത്താം.

767-ൽ മഹിമയിൻ സിംഹാസനത്തിൽ എഴുന്നള്ളിയിരുന്ന സ്റ്റീഫൻ നാലാമൻ പാപ്പായെ അവിടെ പ്രവേശിപ്പിച്ചിരുത്തിയതു ക്രിസ്റ്റോഫർ എന്നൊരു വഞ്ചകവിദഗ്ദ്ധനാണു്. തന്നെ ഈ സ്ഥാനത്തു ഉപവിഷ്ടനാക്കാൻ കെൽപ്പും പ്രാപ്തിയും സ്വാധീനവുമുള്ള ഒരുവൻെറ നിലനിൽപ്പു് തനിക്കുതന്നെ അപകടകരമായി പരിണമിച്ചേക്കാനിടയുണ്ടെന്നു് സംശയം തോന്നിയ പാപ്പാ ക്രിസ്റ്റോഫറിനെയും പോരാ അയാളുടെ സന്തതികളെക്കൂടി യമലോകത്തേക്കു യാത്രയാക്കി. അതുമൂലം പൂർണ്ണസമാധാനം ലഭിക്കായ്ക മൂലം ശത്രുക്കളെന്നു സംശയിക്കപ്പെട്ട സകലരുടേയും കണ്ണുകൾ ചൂഴന്നെടുപ്പിച്ച ശേഷം അവരെ എല്ലാവരെയും കാരാഗാരങ്ങളിലടച്ചു. വിൽഡിപെസ്റ്റ് എന്നൊരാളിനെ കുരുടനാക്കുവാൻ നടത്തിച്ച കത്തിപ്രയോഗം അയാളുടെ മരണത്തിനിടയാകത്തക്ക വിധം അത്ര ശക്തിമത്തായിത്തന്നെ പാപ്പാ നിവ്ഹിപ്പിച്ചു. 799-ൽ പാപ്പാസ്ഥാനത്തെ പ്രാപിച്ചതു് ലീയോ മൂന്നാമനാണു്. വി. മർക്കോസിൻെറ പെരുനാൾ ദിവസം ഈ പാപ്പാ ദേവാലയത്തിലേക്കു എഴുന്നെള്ളുന്നു. പക്ഷെ ദേവാലയം വരെ എത്തിച്ചേരുവാൻ ആ സാധുവിനു "ദൈവത്തിൻെറ വികാരിക്കു" അഥവാ "ദൈവത്തിനു്" തൻെറ അരുമക്കുഞ്ഞുങ്ങൾ അവസരം കൊടുത്തില്ല. മാർഗ്ഗമദ്ധ്യേ അവർ പരിശുദ്ധപിതാവിനെ തടഞ്ഞു. പലവിധ ഉപകരണങ്ങളാൽ ആ പാവനശരീരം ആ

www.malankaralibrary.com



കമാനം ഇടിച്ചും തല്ലിയും താലോലിച്ചു. പരിശുദ്ധവചനങ്ങൾ ഉച്ചരിക്കേണ്ട ആ നാവ് അവർ പുറത്തേക്കൊന്ന വലിച്ചു നീട്ടി. ദയാപുരസ്സരം പകുതിമാത്രം മുറിച്ചെടുത്തു. കണ്ണുകൾ പാടെ നശിച്ചില്ലെങ്കിലും കുത്തുകൾകൊണ്ട് ബഹുമാനിച്ചെന്നും രേഖയുണ്ട്. തൻെറ പ്രിയപ്പെട്ട വത്സലരുടെ ഈ വിധ സല്ക്കാരങ്ങൾമൂലം അല്പം ചിലതെല്ലാം ശരീരത്തിന് വരുത്തിക്കൂട്ടിയെങ്കിലും ജീവനോടെ രക്ഷപെടാനുള്ള മഹാഭാഗ്യം എങ്ങിനെയൊ ലഭിച്ച ആ പാപ്പാ ഇതിനെല്ലാം പകരംവീട്ടുവാനുള്ള അണിയറ ഒരുക്കങ്ങൾ അതിഗംഭീരമായി തന്നെ നടത്തി. അവരെയും അവരുടെ സന്തതികളേയും എന്നത്തേക്കുമായി ഭൂമുഖത്തുനിന്നും അപ്രത്യക്ഷരാക്കി. ആ രംഗവും കടന്നുപോകാം. 903-ൽ അതായത് പത്താംനൂററാണ്ടിൻെറ ആരംഭത്തിൽ ലീയോപഞ്ചമനാണ് പാപ്പാ. ഒരു സുപ്രഭാതത്തിൽ സിംഹാസനത്തിലിരുന്ന ലീയോപഞ്ചമൻ പാപ്പായെ കാണുവാനില്ലാ. ചെങ്കോല് കയ്യിലേന്തി കിരീടവുമണഞ്ഞു് സിംഹാസനത്തിലിരിയ്ക്കുന്നതു് തലേന്നാൾ രാത്രി വരെയും വെറുമൊരു പുരോഹിതനായി കാണപ്പെട്ടിരുന്ന ഒരു ക്രിസ്റ്റോഫറാണ്. നിനക്ക് ഇതു ആകാമെങ്കിൽ എനിക്കെന്തുകൊണ്ടു് ആ സ്ഥാനത്തു കയറി ഇരുന്നുകൂടാ എന്നൊരു ചോദ്യത്തോടെ സേർജിയസ് എന്നൊരാൾ മുമ്പോട്ടു വന്ന് ക്രിസ്റ്റോഫർ പാപ്പായെ പിടലിക്കുപിടിച്ച് ദൂരെ എറിഞ്ഞിട്ടു് സ്വയം സിംഹാസനത്തിൽ പ്രതി

www.malankaralibrary.com



ഷ്ടിച്ചു. സ്ഥാനഭ്രഷ്ടരാക്കപ്പെട്ടുന്ന പാപ്പാമാർ സാധാരണയായി വത്തിക്കാൻ അരമനയിലുള്ള ചില രഹസ്യസങ്കേതങ്ങളിലേക്കാണാനയിക്കപ്പെട്ടുക. കുറച്ചു നാഠം കഴിയുമ്പോഠം അവർ ബന്ധിതരായി കിടന്നിരുന്ന മുറികഠം ശൂന്യമായി തീരുകയും ചെയ്യും. ലീയൊയ്ക്കും—ക്രിസ്റ്റോഫറിനും— രണ്ടും പാപ്പാമാർ—ലഭിച്ചതു ഒരേ ഗുഹയാണു്. മറെറാരു സുപ്രഭാതം ഇവർ രണ്ടുപേരുടേയും ദേഹി വേർപെട്ട ജഡങ്ങഠം എവിടേയ്ക്കോ മാററപ്പെട്ടതായി ദർശിച്ചു. സേർജിയസ് പാപ്പാ അവരിരുവരേയും അതിനിഷ്ഠുരം വധിപ്പിച്ചു എന്നു് ചരിത്രകാരൻ സാക്ഷിപ്പെടുത്തിയിരിക്കുന്നു. ആവൂ! പാപ്പാസ്ഥാനത്തിൻെറ പരിശുദ്ധാവസ്ഥ. പാപ്പാമാരുടെ ദയാമസൃണമായ ജീവകാരുണ്യപ്രവൎത്തനങ്ങഠം. തുടന്നു് കാണുന്ന ചരിത്രം അതിലജ്ജാകരവും ബീഭത്സവുമാണു്. തേവോദോറാ എന്നൊരു പ്രഭ്വി, അവഠംക്കൊരു മകഠം മാറോസിയാ. ഇരുവരും സുപ്രസിദ്ധ കുലടകഠം. ചരിത്രകാരൻ പറയട്ടെ അടുത്ത വാചകം "For upwards of fifty years these women disposed at will of the Roman see which they filled with their paramours, their children and grand children" അവരുടെ കള്ളക്കാമുകരേയും, മക്കളേയും, കൊച്ചുമക്കളേയും സിംഹാസനങ്ങളിൽ ഉപവിഷ്ടരാക്കിക്കൊണ്ടു് അമ്പതിൽപ്പരം വൎഷങ്ങഠം റോമാസഭയെ ഈ സ്ത്രീകഠം അവരുടെ ഇംഗിതാനുസരണം ഭരിച്ചിരുന്നു. ലീയോ ആറു്, സ്റ്റീഫൻ ഏഴു്, ജോൺ പതിനൊന്നു്

www.malankaralibrary.com



ഇവർ മൂന്നുപേരും റോമാസഭയുടെ പരിശുദ്ധ പാപ്പാമാരാണ് സംശയമില്ല. ഏതു റോമൻസഭാംഗവും എഫ്. എക്സ്. ഫങ്ക് എന്ന സഭാചരിത്രകാരൻെറ കൃതിയുടെ രണ്ടാംവാല്യം 309-ം, 310-ം വശങ്ങൾ പരിശോധിച്ചുനോക്കുക. ഇവർ മൂവരും പാപ്പാമാരായിരുന്നു എന്ന് കാണും. അവരെ പാപ്പാമാരാക്കിയതു ആരെന്നു കൂടി റോമൻസഭാംഗം സാക്ഷിപ്പെടുത്തട്ടെ.

"The next three popes were nominated by Marozia, Leo VI, Stephen VII, and John XI" അടുത്ത മൂന്നു പേർ ലീയോ ആറ്, സ്റ്റീഫൻ ഏഴ്, ജോൺ പതിനൊന്ന്, ഇവർ മാറോസിയാ നിയമിച്ചാക്കിയ പാപ്പാമാരാണ്—ഈ കുലട മാറോസിയായുടെ മകൻ ആൽബറിക്ക് നിയമിച്ച് സിംഹാസനത്തിൽ പ്രതിഷ്ഠിച്ച പാപ്പാമാരാണ് ലീയൊ ഏഴ്, സ്റ്റീഫൻ എട്ട്, മാറിനസ് രണ്ട്, അഗാപ്പിറസ് രണ്ട് എന്നിവർ. ആ ഹീനസ്ത്രീകൾ പാപ്പാമാരെ നിയമിച്ചാക്കിയതിലടങ്ങിയിരിക്കുന്ന ലജ്ജാവഹമായ ചരിത്രങ്ങൾ പകർത്തി എൻെറ തൂലികയെ മലിനമാക്കാതെ വിട്ടുകളയുകയെ തല്ക്കാലം മാർഗ്ഗമുള്ളു. മാറോസിയായുടെ പൌത്രനാണ് ജോൺ പന്ത്രണ്ടാമൻ. ഈ പുണ്യദേഹം പാപ്പാസിംഹാസനത്തെ ഔദ്യോഗികമായി പ്രാപിച്ചപ്പോൾ വയസ്സു പതിനാറു പോലും തികയുന്നതിന് ഏതാനും മാസങ്ങൾ കൂടി കഴിയേണ്ടിയിരുന്നു. ആ അഭിവന്ദ്യ പാപ്പായെക്കുറിച്ച് റോമൻ സഭാംഗമായ മോൺസിഞ്ഞോർ ഡ്യൂ

www.malankaralibrary.com



ഷ്യേൻ അദ്ദേഹത്തിൻെറ കൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒരു ഭാഗം ഉദ്ധരിച്ചു് ഈ രംഗവും വിട്ടുകളയാം—"We know too in what other fashion his youthful spirits over flowed and how Rome was soon the witness of truly appalling scandals. The young pope took little pleasure in the ritual ceremonies of the church. Matins scarcely ever saw him present. His nights, no less than his days were spent in the company of woman and young men, in hunting and in banquetting. His Sacriligious love affairs were flaunted unshamedly. Here no barrier restrained him, neither the rank of the women for whom he bushed nor even his kinship with them. The Lateran was become bad a house. No decent woman was safe in Rome. This debanchery was paid for from the church treasury, a treasury filled by simony utterly regardless of the character of these who paid. We hear of a boy of ten consecrated bishop, a deacon ordained in a stable, of high diginatries deprived of their eyes or castrated, cruelty crowned the debanchery. That nothing might finally be lacking; impiety too was given its place and men told how in the feasting at Lateran, the pope used to drink to the helth of the devil"[7]

—അവൻെറ യൌവ്വനയുക്തമായ ചിത്തോല്ലാസം

www.malankaralibrary.com



കവിഞ്ഞൊഴുകിയ ഇതര മാർഗ്ഗങ്ങളേയും, റോമാ യ ഥാത്ഥമായി ഭയങ്കര അപവാദങ്ങൾക്ക് അതിവേഗം സാക്ഷിയായി തീന്നതും നമുക്കറിയാം. ഈ യുവപാപ്പാ ആരാധനാനുഷ്ഠാനങ്ങളിൽ അശേഷം ശ്രദ്ധകാണിച്ചില്ല. സന്ധ്യാനമസ്ക്കാരവേളകളിൽ ദേവാലയത്തിൽ ഇദ്ദേഹത്തെ കണ്ടിട്ടേയില്ലാ. അദ്ദേഹത്തിൻെറ ദിനരാത്രങ്ങൾ യൌവ്വനയുക്തരായ തരുണീമണികളോടും, യുവാക്കളോടും ഒന്നിച്ച് നായാട്ടിലും ഭക്ഷണോത്സവങ്ങളിലും കഴിച്ചുകൂട്ടി. ദൈവദൂഷണപരമായ അയാളുടെ വ്യാപാരങ്ങൾ ലജ്ജാരഹിതമായി വിലസിക്കൊണ്ടിരുന്നു. അവൻെറ സുരതാത്ഥതാനിർവഹണത്തിന് വിധേയരായ സ്ത്രീജനങ്ങളുടെ നിലയും അവരോടുള്ള ബന്ധുത്വവും യാതൊരുവിധ അതിർകോട്ടയായും നിലകൊണ്ടിരുന്നില്ല. കൊടുക്കുന്നവരുടെ സ്വഭാവ വൈശിഷ്ട്യം ഗണിക്കാതെ സ്വീകരിക്കപ്പെടുന്ന കൈക്കൂലിയാൽ നിറയ്ക്കപ്പെട്ട സഭാഭണ്ഡാഗാരത്തിൽനിന്നുമാണ് ഈ വിഷയോപഭോഗച്ചിലവുകൾ നിർവഹിക്കപ്പെട്ടിരുന്നതു്. ഒരു പത്തുവയസ്സുകാരൻ ബാലനെ മെത്രാനാക്കിയതും, കുതിരലായത്തിൽവച്ച് ഒരുവന് ശെമ്മാശുപട്ടം കൊടുത്തതും, ഉന്നതസ്ഥാനികളുടെ കണ്ണുകൾ ചുഴന്നെടുത്തതും, വൃഷണഛേദം നടത്തിയതും .നാം കേട്ടിട്ടുണ്ട്. നിർദ്ദയത്വം സുരതാഭിലാഷ പ്രകടനങ്ങൾക്ക് മകുടം ചാത്തി. തിന്മയുടെ പൂത്തീകരണത്തിന് ഒന്നുംതന്നെ പോരായ്കയുണ്ടായിരുന്നില്ലാ. ഈശ്വരനിന്ദാസ്ഥാനമായി തീന്ന ലാററൻ കൊട്ടാരത്തിലെ വിരുന്നുവേളകളിൽ

www.malankaralibrary.com



സാത്താൻെറ ആരോഗ്യത്തിനുവേണ്ടി പാപ്പാ മദ്യം കുടിക്കുന്ന വിധവും ആളുകൾ പറഞ്ഞിരിക്കുന്നു:-എന്തിനധികം ഉദ്ധരണികൾ ഞാൻ നൽകുന്നു. സാധാരണന്മാരുടെ ചിന്താഗതിയിൽ ഉദിക്കുവാൻപോലും സാദ്ധ്യതയില്ലാത്ത എത്ര നീചനീചമായ പ്രവൃത്തികളിലാണ് ഒരു പാപ്പാ ആനന്ദലഹരി ആസ്വദിച്ചത്. ആ ഒരു വ്യക്തിയിൽ ഉണ്ടായിട്ടില്ലാത്ത എന്തെങ്കിലും ഒരു അധർമ്മം കാണണമെന്നുണ്ടെങ്കിൽ അധർമ്മത്തിൻെറ മൂർത്തിപ്രഭുവായ സാത്താൻ ഇനിയും വളരെ നാളുകൾ തീവ്രയത്നം ചെയ്തു കണ്ടു പിടിക്കണം. ഈ വിധ അധർമ്മങ്ങളുടെ വിളനിലമായിരുന്ന ആ പുണ്യദേഹം റോമൻ സഭയുടെ അംഗീകരിക്കപ്പെട്ട പാപ്പാ തന്നെ. പൈശാചികന്മാരും കയറി ഇരുന്നു സുഖിക്കാവുന്ന ഒന്നാണ് റോമിലെ സിംഹാസനം. ജോൺ പന്ത്രണ്ടാമൻ പാപ്പാ മാറോസിയായുടെ പൌത്രനാണെന്നു മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതേ ജീവിതത്തിലും പ്രവൃത്തിയിലും മാറോസിയായുടെ പൌത്രനായിതന്നെ ശോഭിച്ചു. അന്ത്യവും വളരെ ഭംഗിയായിട്ടാണ്. അന്യൻെറ ഭവനത്തിൽ അസമയത്തു് അനാവശ്യ സംരംഭങ്ങൾക്കായി ചെന്നു കയറിയ ആ പാപ്പായെ ആ ഭവനാധിപൻ ഒററയടികൊണ്ടു് തലതല്ലിത്തകർത്തുവിട്ടു. അന്ത്യശ്വാസവും വലിച്ചു. അതിന് അൽപ്പം മുമ്പായി ചക്രവർത്തി ഈ പാപ്പായ്ക്കു പകരം ലീയൊ എട്ടാമനെന്നൊരു ദേഹത്തെ പാപ്പാ സ്ഥാനത്തു പ്രതിഷ്ഠിച്ചിരുന്നു. ആ പാപ്പായെ റോമിലുള്ളവർ സ്വീകരിക്കാതെ ബെനിഡിക്ട് പഞ്ചമൻ എന്നൊരു പാപ്പായെ വാഴി

www.malankaralibrary.com



ച്ചു. ഒരു മാസത്തിനകം ചക്രവർത്തി റോമിലെത്തി. ബെനിഡിക്ട് പാപ്പായെ ഹാംബർഗിലേക്ക് നാടുകടത്തുകയും ലീയൊ എട്ടാമനെ പുനഃപ്രതിഷ്ഠിക്കുകയും ചെയ്തു. അയാളുടെ ശേഷം ചക്രവർത്തിതന്നെ, പഴയ ജോൺ പന്ത്രണ്ടാമന്റെ വംശപരമ്പരയിൽപെട്ട ഒരാളിനെ ജോൺ പതിമൂന്നാമനെന്ന പേരിൽ പാപ്പായായി പ്രതിഷ്ഠ നടത്തി. അയാളെ തുടന്ന് ബെനിഡിക്ട് ആറാമൻ വന്നു. അല്പദിവസങ്ങൾ കഴിഞ്ഞപ്പോൾ ഈ ബെനിഡിക്ട് സ്ഥാനഭ്രഷ്ടനാക്കപ്പെടുകയും തൽസ്ഥാനത്ത് ബോനിഫസ് ഏഴാമൻ, പാപ്പായാക്കപ്പെടുകയും ചെയ്തു. ഈ പുതിയ പാപ്പാ മുൻ പാപ്പായെ ഞെക്കിക്കൊല്ലിച്ചു. പക്ഷേ ഈ കഠിനകൃത്യം ചെയ്യിച്ച ബോനിഫസും നീണ്ടുനിന്നില്ല. രാജകിങ്കരന്മാർ അയാളെ വേഷം അഴിപ്പിച്ച് ഇറക്കി വിടുകയും ബെനിഡിക്ട് ഏഴാമനെന്നൊരുവനെ സിംഹാസനത്തിൽ ഉപവിഷ്ഠനാക്കുകയും ചെയ്തു. തുടന്ന് വാണതു ചക്രവർത്തി നിയോഗിച്ചാക്കിയ ജോൺ പതിനാലാമൻ പാപ്പായാണ്. ഏതാനും ആഴ്ചകൾക്കുള്ളിൽ ചക്രവർത്തി നാടുനീങ്ങി. ബെനിഡിക്ട് ആറാമനെ കൊല്ലിച്ച പാപ്പാ—ചക്രവർത്തിയാൽ സ്ഥാനഭ്രഷ്ടനാക്കപ്പെട്ട പാപ്പാ—ബെനിഡിക്ട് ഏഴാമൻ പാപ്പാ ഒളിവിൽനിന്നും വെളിയിൽവന്നു. ജോൺ പതിനാലാമൻ പാപ്പായെ ബന്ധിച്ച് തടവിലാക്കി, സിംഹാസനസ്ഥിതനുമായി. വളരെ പരിതാപകരമായ കഷ്ടപ്പാടുകൾ അനുഭവിച്ച് ജയിലഴികൾക്കുള്ളിൽ വർഷങ്ങൾ ചിലതു തള്ളി ആ പാപ്പാ–ജോൺ പതിനാലാമൻ—

www.malankaralibrary.com



ഭൂമിയിൽനിന്നും അപ്രത്യക്ഷനായി. പിന്നാലെ ബെനിഡിക്ടും പോയി. ജോൺ പതിനഞ്ചു, ഗ്രീഗറി അഞ്ച്,—ഈ പാപ്പാമാർ രണ്ടുപേരും ഒരേസമയത്തു വാണു. ജോൺ പതിനഞ്ചാമൻ പാപ്പായുടെ കണ്ണും നാക്കും നഷ്ടപ്പെട്ടു. ചെവികളും മൂക്കും ചെത്തപ്പെട്ടു. സിംഹാസനത്തിൽനിന്നും ഇറക്കിവിടപ്പെട്ടുകയും ചെയ്തു. അദ്ദേഹത്തിന്റെ എതിരാളിയോ തന്റെ ശത്രുക്കളാൽ കൊടുക്കപ്പെട്ട വിഷം ഭക്ഷിച്ചതുമൂലം ഏറെത്താമസിയാതെ മൺമറയുകയും ചെയ്തു. പത്താംനൂററാണ്ടും അവസാനിച്ചു. തുടർച്ചയിൽ വന്നവരിൽ ജോൺ പത്തൊൻപതാമൻ മതിയാകുംവണ്ണം ദൂഷണീയനായിരുന്നു "ബെനിഡിക്റ്റ് ഒൻപതാമൻ" വിശ്വാസഘാതകിയും, ഇന്ദ്രിയ സുഖതൽപ്പരനും" തന്നെ. ഒരു വ്യാഴവട്ടക്കാലം സുഖലോലുപതയിലും, ചതിവിലും, കഴിഞ്ഞുകൂടിയ ആ പരമാധികാരിയെ 1044-ൽ ഒരു കൂട്ടർ തല്ലിഓടിച്ചു. ഈ സംരംഭത്തിൽ —പാപ്പായെ തല്ലുന്നതിലും ഓടിയ്ക്കുന്നതിലും വിരുതന്മാരായിരുന്നവരെ ഒരുവൻ കോഴകൊടുത്തു സ്വാധീനപ്പെടുത്തി പാപ്പാസ്ഥാനം പ്രാപിക്കുകയും സിൽവെസ്റ്റർ മൂന്നാമൻ എന്നപേർ സ്വീകരിക്കുകയും ചെയ്തു. പക്ഷേ കൊടുത്ത പണത്തിന്റെ മുതലെടുക്കുന്നതിന് അവസരം ലഭിക്കുന്നതിന് മുൻപ് പഴയ പാപ്പാ ശക്തിസംഭരിച്ച് വീണ്ടും പ്രത്യക്ഷപ്പെടുകയാൽ സിൽവെസ്റ്ററിന് സ്ഥാനവുംപോയി. പണവുംപോയി. വെറും പിണമായി രൂപാന്തരപ്പെട്ടു. ഈ വിധം സിംഹാസനം കരസ്ഥമാക്കിയ ദേഹമൊ ഗ്രീഗറി ആറാമനെ

www.malankaralibrary.com



ന്നൊരുവനുവേണ്ടി സ്ഥാനം ഒഴിഞ്ഞുകൊടുത്തു് കുറച്ചു ധനം സമ്പാദിച്ചു. ബെനിഡിക്ക്റ്റ് ഒൻപതാമൻ, സിൽവെസ്റ്റർ മൂന്നാമൻ, ഗ്രീഗറി ആറാമൻ—എന്നിങ്ങനെ മൂന്നു പേരാണു് ആ കാലയളവിലെ റോമാ പാപ്പാമാർ. പാപ്പാമാരിലൊ, പാപ്പാസ്ഥാനത്തിലോ ആത്മീക നൽവരത്തിന്റെ കണികയെങ്കിലും സ്പർശിച്ചിട്ടുണ്ടോയെന്നു് റോമൻ സഭാംഗങ്ങൾതന്നെ പറയട്ടെ. തെററാവരവും പരമാധികാരവും ഇതിൽ ഏതു പാപ്പായിലാണു് അക്കാലത്തു നിലനിന്നിരുന്നതെന്നുകൂടി മനസ്സിലാക്കി തന്നാൽ കൊള്ളാം. റോമാസഭയെ! നിന്റെ ചരിത്രത്തോട്ട് അനുബന്ധിച്ചുള്ള കൊള്ളരുതാഴികകളുടെ ഒരംശമെങ്കിലും ക്രൈസ്തവലോകത്തിലെന്നല്ലാ, അക്രൈസ്തവ ലോകത്തിലെ ഏററവും കിരാതന്മാരുടെ ഇടയിലെങ്കിലും ദർശിക്കുവാൻ എന്നെങ്കിലും സാധിച്ചിട്ടുണ്ടോ! ഇനിയും സാധിക്കുമോ? നീയാ കളങ്കരഹിതയായ മലങ്കര സുറിയാനി സഭയുടെ മാർവിൽ ചെളിവാരി വിതറുന്നതു! ഹാ കഷ്ടം, കഷ്ടം ലജ്ജാകരം.

"ഇംഗ്ലണ്ടിൽ ശക്തിമത്തായ എതൃപ്പു്, കാണപ്പെടുന്നു. ജർമ്മനിയിൽ ഒരുവൻപോലും എന്നെ അനുസരിക്കുന്നില്ല. ഫ്രാൻസ് ആക്രോശിക്കുകയും പിറുപിറുക്കുകയും ചെയ്യുന്നു. സ്പെയിനിലും കുഴപ്പം തന്നെ. ഇററലി എന്നെ സഹായിക്കുന്നില്ലെന്നു് മാത്രമല്ലാ എല്ലാവിധഅക്രമങ്ങളും, കള്ളത്തരങ്ങളും, ചതിവുകളും പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു." വത്തിക്കാൻഭണ്ഡാഗാരത്തിലെ രണ്ടുലക്ഷംപ

www.malankaralibrary.com



വൻ ധൂത്തടിച്ച് പാപ്പരായ പാപ്പാ ഉർബൻ നാലാമൻ 1264-ൽ സിംഹാസനത്തിലിരുന്നുകൊണ്ട് ത ൻെറ നിസ്സഹായാവസ്ഥയെ ലോകത്തോടറിയിക്കുവാൻ പാടിയ ആ വിലാപഗാനത്തിലെ ഒന്നുരണ്ടു ശീലുകളാണ് മേലുദ്ധരിച്ചിരിക്കുന്നത് അതുപാടി അദ്ദേഹവും മൺമറഞ്ഞു.

1294-ൽ ഭരണത്തിലിരുന്ന സെലസ്റ്റീൻ പഞ്ചമൻ പാപ്പാ സ്ഥാനത്യാഗംചെയ്യുവാൻ തൻെറ അരുമകുഞ്ഞുങ്ങൾ പ്രേരിപ്പിച്ചതിന് വിധേയനായി. പകരം സ്ഥാനത്തെ പ്രാപിച്ച പാപ്പായാണ് ബോനിഫസ് എട്ടാമൻ. ഭരണക്രുടത്തിൽ നിലനിന്നുവന്ന അഴിമതികളും, റോമിലെ പ്രഭുക്കന്മാരുടെ കൈകടത്തലുകളും, കൊള്ളകളും ലൌകീകഭരണാധികാരികളെപ്പോലും വെല്ലുന്ന സാമ്രാജ്യദുർമ്മോഹികളായ പാപ്പാമാരും, അജ്ഞരും അപ്രാപ്തരുമായ സാധാരണക്കാരും, ഇങ്ങിനെ അക്രൈസ്തവവും, അപരിഷ്കൃതവും ആയ എന്തെല്ലാം കാണപ്പെട്ടുന്നതിനുണ്ടോ-അതുകളുടെ എല്ലാം വിലാസരംഗമായി റോമാസഭ ഇതു: പഴുന്തമുള്ള നൂററണ്ടുകളെ പിൻതള്ളി 14-ാംനൂററാണ്ടിലേക്കും കാലുകുത്തി.

"To do ought good never will be our task. But ever to do ill our sole delight;" തള്ളപ്പെട്ട മാലാഖാവൃന്ദത്തിൻെറ പ്രഥമനരകസമ്മേളനത്തിൽ പാസ്സാക്കപ്പെട്ടതായി ആ ആംഗ്ലേയമഹാകവി മിൽററൺ (Miltou) ചിത്രീകരിച്ചിട്ടുള്ള ആ പ്രമേയത്തിൻെറ അക്ഷരാത്ഥത്തിലുള്ള പ്രയോ

www.malankaralibrary.com



ഗം നാലാംനൂററാണ്ടുമുതൽ പതിനാലാംനൂററാണ്ട് വരെയുള്ള റോമാസഭയുടെ ചരിത്രത്തിൽ ദൃശ്യമായിട്ടുള്ളതുപോലെ ഫലപ്പെടുത്താൻ അതിൻെറ പ്രയോക്താക്കൾക്കുപോലും സാധിച്ചിട്ടില്ലാ. അഴിമതികളിലാറാടി, മ്ലേഛതകളിലിടപഴകി, അജ്ഞതയിലഹങ്കരിച്ച്, ദുർമ്മോഹത്തിൽകുതിച്ചുചാടി, മുൻപോട്ടുഗമിച്ച റോമാസിംഹാസനമേധാവികളുടേയും, അനുചരരുടേയും ദ്രോഹവഹ്നിയിൽ എരിപൊരികൊണ്ടു പാശ്ചാത്യരാജ്യങ്ങളിലെവിടെയും ഒരെറപ്പും, വെറുപ്പും, നിരാശയും, പൊട്ടിപ്പുറപ്പെട്ടുവാൻ തുടങ്ങി ആവക ചരിതങ്ങളെ ലേഖനംചെയ്യുവാൻ വാല്യങ്ങൾതന്നെ വേണ്ടിയിരിക്കുന്നു. ബോനിഫസ് എട്ടാമൻ എന്നൊരുദേഹം പാപ്പാസ്ഥാനത്തെ പ്രാപിച്ചു അദ്ദേഹത്തിൻെറ ശവകുടീരത്തിൽ സ്ഥാപിക്കപ്പെട്ട സ്മാരകശിലയിൽ രേഖപ്പെടുത്തിയ വാചകം ഇതാണ്. "He came in like a fox, ruled like a lion, died as a dog"[8]—കുറുക്കനെപ്പോലെ വന്നു, സിംഹത്തെപ്പോലെ ഭരിച്ചു. പട്ടിയെപ്പോലെ ചത്തു." അതേവഞ്ചനയിൽകൂടി സിംഹാസനത്തെ പ്രാപിച്ചു. രക്തം കുടിച്ചുജീവിച്ചു. നിന്ദിതനായി മരിച്ചു. ഈ പാപ്പായുടെ അഹങ്കാരത്തെ ഉന്മൂലനം ചെയ്തു ഒരു "മനുഷ്യനും പുരോഹിതനും" ആക്കിതീർക്കുന്നതിന് അക്കാലത്തു ഫ്രാൻസ് ഭരിച്ചിരുന്ന ഫിലിഫ് നാലാമൻ രാജാവ് തീരുമാനമെടുത്തു, പാപ്പായുടെ ദുരധികാരപ്രമത്തതയെ വകവച്ചുകൊടുക്കേണ്ടതില്ലെന്നും, അയാളിൽനിന്ന് രാജ്യത്തെയും

www.malankaralibrary.com



ജനങ്ങളേയും രക്ഷിക്കേണ്ടതു തൻെറ ചുമതലയാ ണെന്നും രാജാവു് വെളിപ്പെടുത്തി. "Am not I the supreme pontiff? as not this the seat of Peter Am not I able to guard the rights of the empire? I, I am the emperor"[9]—ഞാൻ അത്യുന്നതപ്ര ധാനാചാൎയ്യനല്ലെ? ഇതു പത്രോസിൻെറഇരിപ്പടമല്ലെ? സാമ്രാജ്യത്തിൻെറ അവകാശങ്ങളെ സംരക്ഷിക്കുവാൻ ഞാൻ പ്രാപ്തനല്ലെ? ഞാൻ, ഞാനാകുന്ന ചക്രവൎത്തി:- കോൺസ്റ്റൻറയിൻ ചക്രവൎത്തിയുടെ കിരീടവും ശിര സ്സിലേന്തി, വലംകൈയ്യിൽ വാളും വഹിച്ചു് വേഷഭൂ ഷാദികളണിഞ്ഞു് സിംഹാസനത്തിലിരുന്നു കൊണ്ടു് ആ പാപ്പാ ബോനിഫസ് എട്ടാമൻ അരുളിച്ചെയ്ത ഒരു പ്രസംഗഭാഗമാണിതു്. അധികാരമത്സരങ്ങളിലും സാമ്രാജ്യസ്ഥാപനതൃഷ്ണയിലും നടമാടിയ വികൃതികളു ടേയും രാക്ഷസീയസംഭവപരമ്പരകളുടേയും കോലാ ഹലങ്ങൾ വൎണ്ണിക്കുക ശക്യമല്ല. ലോകോദ്ധാരണാ ൎത്ഥം അവതരിച്ച അരുമനാഥൻെറ സ്ഥാനാപതി എന്നു സ്വയം പ്രഖ്യാപനം ചെയ്യുന്ന പാപ്പാ മാൎവ്വിലും കരത്തിലും വഹിക്കേണ്ട ആ ഏക ആയുധമാകുന്ന ക്രൂശിനെ ചവുട്ടിമെതിച്ചുകൊണ്ടു് ഇതാ രക്തദാഹ ക്കൊതിപൂണ്ടു് മൂൎച്ചയേറിയ വാൾ കൈയ്യിലേന്തിയി രിക്കുന്നു. ഇതിങ്കൽ ലോകം ഞെട്ടി വിറച്ചു പോയതു അവരുടെ അജ്ഞത കൊണ്ടായിരിക്കാം! സ്വൎഗ്ഗത്തി ലും നരകത്തിലും തൻെറ ഇഷ്ടാനുസരണം മനുഷ്യരെ വിധിച്ചുതള്ളാൻ അധികാരമുള്ള പാപ്പായ്ക്കു് കൊല ചെയ്യും അധികാരംപ്രയോഗിക്കുവാൻ അവകാശമി

www.malankaralibrary.com



ല്ലെന്നു് ആരുപറയും. "അതിന്നു് ആക്ക് നാവുപൊങ്ങും." തന്നോടു് അധികാരപൂർവ്വം പെരുമാറിയ രാജാവിനെ ഒരു പാഠം പഠിപ്പിക്കുകയെന്നുതന്നെ പാപ്പാ നിശ്ചയിച്ചു. അതിനുള്ള കരുക്കളം വട്ടംകൂട്ടി. ഒന്നാമതായി മുടക്കെന്ന ആഗ്നേയാസ്ത്രം രാജാവിൻെറ നേക്കയയ്ക്കുകതന്നെ. അതു വിരചിതമായി—മുദ്രയും പതിക്കപ്പെട്ടു. അടുത്ത പ്രഭാതം, അതിൻെറ മാറെറാലി ദിഗന്തങ്ങളിലെവിടയും മുഴങ്ങും. സംശയമില്ലതന്നെ. പക്ഷേ, ആ രാത്രിയുടെ അന്ത്യയാമം പാപ്പാ കഴിച്ചുകൂട്ടിയതു വത്തിക്കാനിലെ തങ്കക്കട്ടിലിലല്ലാ. രാജാവിൻെറ കാരാഗൃഹത്തിലെ ഒരു ഇരുളടഞ്ഞ മുറിക്കുള്ളിലാണു്. തൻെറ വാർദ്ധക്യകാലത്തു് അപ്രതീക്ഷിതമായി ലഭിച്ച ഈ അനുഭവത്തിൻെറ ഭീകരതയിൽ മനമിളകി, ശരീരമുലഞ്ഞു്, ബുദ്ധിഭ്രമിച്ചു "പട്ടിയെപ്പോലെ ചത്തു," ആ ഭാരത്തിൽനിന്നും ലോകവും വിമുക്തമായി. 1303 ഒക്ടോബർമാസം 20-ാംനു- നടന്ന ഈ പാപ്പാതിരോധനത്തെ അനുധാവനം ചെയ്തു് സിംഹാസനത്തിൽ കയറിയതു ബെനിഡിക്ട് പതിനൊന്നാമനാണു്. അദ്ദേഹവും നീണ്ടുഭരിച്ച പാപ്പായല്ലാ. 1304 ജൂലായിമാസം 7-ാംനു- ആരോ നൽകിയ വിഷം പാനംചെയ്കമൂലം അദ്ദേഹവും സ്ഥാനംഒഴിഞ്ഞു് മണ്ണിനടിയിലേക്കു് യാത്രയായി. അടുത്തപാപ്പായുടെ തെരഞ്ഞെടുപ്പിൻെറ അണിയറപ്പോരുകളും കലാപങ്ങളും പരസ്യപ്രകടനങ്ങളും ഏതാണ്ടു് ഒരുവഷക്കാലം നീണ്ടുനിന്നതിൻെറശേഷം 1305 ജൂൺമാസം 5-ാംനു-

www.malankaralibrary.com



വാഴിക്കപ്പെട്ട ആളാണ് ക്ലെമെൻറ് അഞ്ചാമൻ. ഈ പാപ്പാ പത്രോസിൻേറതെന്നു പറയപ്പെടുന്ന സിംഹാസനമോ, വത്തിക്കാൻ അരമനയോ തൻെറ ഉദ്യോഗവാഴ്ചയിൽ ദർശിച്ചിട്ടില്ലെന്നു മാത്രമല്ലാ—റോമാപട്ടണംപോലും കാണുവാൻ സാധ്യമായില്ല. അവിടവിടെ ഊടാടിസഞ്ചരിച്ച് 1309 മാർച്ച്മാസത്തിൽ ഫ്രാൻസിലെ രാജാവിൻെറ ആജ്ഞാനുസരണം "അവിഞ്ഞോനി"ലെത്തി. അങ്ങിനെ റോമിലെ പാപ്പാപോയി അവിഞ്ഞോൻപാപ്പാ നിലവിൽ വന്നു.

മലങ്കരസഭയുടെ റോമാവിധേയത്വം തെളിയിക്കുവാൻ റോമൻസഭാചരിത്രകാരൻ രംഗപ്രവേശനം ചെയ്യിച്ചിരിക്കുന്ന ജോൺ ഇരുപത്തിരണ്ടാമൻ പാപ്പാ ഈ അവിഞ്ഞോൻപാപ്പാമാരിൽ രണ്ടാമനാണ്. മലങ്കരസഭയോട് പ്രത്യേകമായി ബന്ധപ്പെട്ട ഒരാളാണ് ഈ പാപ്പായെന്നു മുകളിൽ നൽകപ്പെട്ടിട്ടുള്ള ഉദ്ധരണിമൂലം വാദിക്കപ്പെട്ടിരിക്കുന്നതിനാൽ, ഈ പാപ്പായുടെ തിരഞ്ഞെടുപ്പ് മുതലായ കാര്യങ്ങൾ അല്പമായിട്ടെങ്കിലും അറിഞ്ഞിരിക്കുന്നതു ആവശ്യംതന്നെ. ക്ലെമെൻറ് അഞ്ചാമൻ പാപ്പാ 1314-ഏപ്രിൽമാസം 20-ാംനു-നിര്യാതനായി. അടുത്തപാപ്പായെ തിരഞ്ഞെടുക്കുന്നതിനായി പരിശുദ്ധ കർദ്ദിനാളന്മാരുടെ സംഘംകൂടി ആലോചനതുടങ്ങി. അതിൻെറ ഫലമോ സന്നിഹിതരായിരുന്ന 23 കർദ്ദിനാളന്മാരും പല ചേരികളിലായി തിരിഞ്ഞു. അപ്പോഴിതാ നിര്യാതനായ പാപ്പായുടെ ആൾക്കാർ ആ

www.malankaralibrary.com



യുധമേന്തി വന്നെത്തി. പലരും കൊല്ലപ്പെട്ടു. തങ്ങളുടെ ജീവനെ രക്ഷിക്കുവാൻ അവശേഷിച്ച കർദ്ദിനാളന്മാർ ഓടിഒളിച്ചു ബഹളമേ ബഹളം. പട്ടാളവുംവന്നു. കർദ്ദിനാളന്മാർ ഒളിവുസ്ഥലങ്ങളിൽനിന്നും ഒരു പ്രത്യേകസ്ഥലത്തേക്ക് പട്ടാളത്താൽ ആനീതരായി. പാപ്പാ തിരഞ്ഞെടുക്കപ്പെടുക, അല്ലെങ്കിൽ കർദ്ദിനാളന്മാരെ! നിങ്ങൾ എല്ലാവരെയും ഇന്നുതന്നെ——ഭയചകിതരായ ആ ഭീരുക്കൾ 1316-ആഗസ്റ്റ്മാസം 7-ാംനു-ഒരാളിനെ നാമനിർദ്ദേശം ചെയ്തുതിരഞ്ഞെടുത്തു. ഒരു എഴുപത്തിരണ്ടുകാരൻ പടുവൃദ്ധൻ, ആ സാധു മനുഷ്യൻ വാഴിക്കപ്പെട്ടിട്ട് അധിക ദിവസങ്ങൾ കഴിഞ്ഞില്ലാ. അയാളെ വധിക്കുവാൻ ഒരു ഗൂഢാലോചന അണിയറയിൽ ആസൂത്രണംചെയ്യപ്പെട്ട വിദഗ്ദ്ധപദ്ധതി "പാഷാണവും മന്ത്രവാദവും."പാപ്പായെകൊല്ലുന്ന പരിശുദ്ധനടപടിയാണല്ലൊ. അതു സാധാരണ ജനങ്ങൾ ചെയ്യുകയെന്നതു അനുവദനീയമല്ലാ. അതിനാൽ ഒരു അത്യുന്നതകർദ്ദിനാളും രണ്ടു മെത്രാന്മാരും എന്തുകൊണ്ടോ ഒരു പുരോഹിതനെയും, ഒരു ശെമ്മാശനെയും ഒരു കപ്യാരെയുംകൂടിചേർത്ത് ആ വൈദികസംഘത്തിന് പൂർണ്ണതവരുത്തിയില്ലാ, ഏതായാലും പാപ്പായുടെ ആയുർദൈർഘ്യഭാഗ്യം അവരുടെ പദ്ധതി സാധിതമാക്കിയില്ല.

പാപ്പാ തെരഞ്ഞെടുപ്പ്, സഭാഭരണരീതി എന്നിവകളിലെല്ലാം നടമാടിയ അക്രമങ്ങൾ, അരാജകതകൾ മുതലായതിലെല്ലാം അതിപ്രധാനമായ പങ്ക് വഹിക്കുന്ന ഒരുകൂട്ടരാണ് കർദ്ദിനാളന്മാർ എന്ന് പറയപ്പെടുന്ന അത്യുന്നതസ്ഥാനികൾ.ഇവരുടെപ്രധാനജോ

www.malankaralibrary.com



ലികരം കുതിരലായങ്ങരം ഉടമയിൽ സൂക്ഷിക്കുക, നടീനടന്മാരെ തങ്ങളുടെ അരമനകളിൽ അവക്ക് ആവശ്യമുള്ള സകലത്തും കൊടുത്ത് സ്ഥിരമായി താമസിപ്പിക്കുക, ലൌകികപ്രഭുക്കന്മാരെ വെല്ലുന്ന വേഷവിധാനങ്ങളോടു കൂടി ആഡംബരസമന്വിതം ജീവിച്ചു സുഖിക്കുക എന്നിങ്ങനെയെല്ലാമുള്ളതാണ്. പാപ്പാമാരോടും കർദ്ദിനാളന്മാരോടും വളരെ ബന്ധപ്പെട്ടു നില്ക്കുന്ന രണ്ടു പ്രയോഗങ്ങളാണ് കൊലയും വിഷംകൊടുക്കലും. വ്യഭിചാരവും വേശ്യാവൃത്തിയും റോമിൻെറ പട്ടികയിൽ സന്മാർഗ്ഗപ്രവൃത്തികളാണ്. അവയില്ലാത്തതാണ് പാപം. പാപ്പാസ്ഥാനവും, അതിൽ വാഴുന്ന പാപ്പാമാരും പരിശുദ്ധമെന്നും, വിശുദ്ധരെന്നും അവർ ഘോഷിക്കും. പക്ഷെ റോമിലെ ആളുകരംക്ക് പാപ്പാമാരെ സൃഷ്ടിക്കുന്നതും, നശിപ്പിക്കുന്നതും, അവരെ തല്ലുന്നതും, കൊല്ലുന്നതും, പല്ലുപറിക്കുന്നതും, മൂക്കു ചെത്തുന്നതും എല്ലാം നിത്യത്തൊഴിലാണ്. പാപ്പാമാരും തഥൈവ. ഇങ്ങനെ ഏതു രംഗത്തിൽ നോക്കിയാലും അഴിമതികരം കൊണ്ടു നിറഞ്ഞ ഒരവസ്ഥയിലാറാടി മുരടിച്ച ചരിത്രത്തെളിവുകരം മാറിലണച്ചാലിംഗനം ചെയ്തുകൊണ്ടാണ് ഒരു ചെറുവ്യവഹാരത്തിൽ ഏർപ്പെട്ടുപോയ സുറിയാനിസഭയോട് "നിങ്ങളുടെ സഭയാണ് സാക്ഷാൽ ക്രിസ്തുസഭയെന്നു പറയുവാൻ എങ്ങിനെ നാക്കു പൊങ്ങും, എങ്ങിനെ ധൈര്യമുണ്ടാകും" എന്നു ചോദിച്ചിരിക്കുന്നത്. കഷ്ടം: പരിതാപകരം തന്നെ. ലൗകീകമായ പോരാട്ടങ്ങളും, പരാജയങ്ങളും ഒരു സഭയുടെ നിലനിൽപ്പിനെ ചോ

www.malankaralibrary.com



ദ്ര്യം ചെയ്യുവാൻ മതിയായ കാരണങ്ങളെങ്കിൽ, അതിലും വളരെ വളരെ ഉപരിയായ കാരണങ്ങളാൽ ആ ചോദ്യങ്ങൾ ചോദിക്കപ്പെടുന്നതിനുള്ള അവകാശം. റോമാസഭയെ സംബന്ധിച്ചിടത്തോളം എത്ര വലുതെന്നു "കത്തോലിക്കാസഭയും യാക്കോബായ വാദങ്ങളും" എന്ന ഗ്രന്ഥത്തിൻെറ പ്രയോക്താക്കളും പ്രചരണക്കാരും ഒന്നു ചിന്തിച്ചു നോക്കണം.

പാപ്പാ അവിഞ്ഞോനിൽ ചെന്നെത്തിയതു എങ്ങിനെ എന്ന് ഏററവും സമഗ്രമായി ഗ്രഹിച്ച നമുക്ക് ഇനിയും മുകളിലുദ്ധരിച്ചിരിക്കുന്ന വാദമുഖങ്ങളിലേക്കു കടക്കാം.

1) കൊല്ലത്തേക്കു ഒരു മെത്രാനെ അയച്ചു.

കൊല്ലത്തേക്കു ഒരു മെത്രാനെ അവിഞ്ഞോൻ പാപ്പാ നിയമിച്ചതു അദ്ദേഹത്താൽ ഭരിക്കപ്പെടുന്നതിനുള്ള ആളുകൾ കൊല്ലം പട്ടണത്തിലൊ പരിസരങ്ങളിലൊ ഉണ്ടായിരുന്ന മൂലം ആയിരിക്കണമല്ലൊ. അപ്രകാരം ഒരു ജനത കൊല്ലത്തു ഉണ്ടായിരുന്നു എന്നും, അതു മലങ്കര മാർത്തോമ്മാ നസ്രാണികൾ ആയിരുന്നു എന്നുമാണ് ഈ റോമൻ സഭാംഗം വാദിക്കുന്നതു്. എന്നാൽ ഈ ദേഹത്തേക്കാൾ പേരും പെരുമയും പാണ്ഡിത്യവും ചരിത്രനിർമ്മാണകാര്യത്തിൽ റോമാസഭയിൽ ആർജ്ജിച്ചിട്ടുള്ള രണ്ടു ചരിത്രകാരന്മാരുടെ സാക്ഷിതെളിവുകൾ ഇക്കാര്യത്തിൽ ഞാൻ ആശ്രയിക്കേണ്ടിയിരിക്കുന്നു.

ഫാദർ ബർണാഡിൻെറ "മാർത്തോമ്മാക്രിസ്ത്യാ

www.malankaralibrary.com



നികരം" എന്ന ഗ്രന്ഥത്തിന്റെ 8-ാം അദ്ധ്യായം 14-ാം പാരായിൽ ഇപ്രകാരം കാണുന്നു. "ജോർഡാൻ (Jordanus) എന്നു പേരുള്ള ഒരു ഡോമിനിക്കൻ സന്യാസിഗുരു ആദ്യപ്രാവശ്യം 1322-ൽ ഇൻഡ്യ സന്ദർശിച്ചു." ഫാദർ പ്ലാസിഡിന്റെ "Syrian church of Malabar" എന്ന കൃതിയുടെ 20-ാം വശത്തു Jordanus in 1322 baptised many in Quilon" 1322-ൽ ജോർഡാനൂസ് കൊല്ലത്തു് അനേകരെ മാമോദീസാ മുക്കി—എന്നും രേഖപ്പെടുത്തിയിരിക്കുന്നു. കേരള റോമൻസഭയിലെ പ്രമുഖരായ ഈ ചരിത്രനിർമ്മാതാക്കൾ രണ്ടുപേരും സമ്മതിക്കുന്ന ഒരു വസ്തുതയാണു് 1322-ൽ ജോർഡാനൂസ് മിഷ്യനറിപ്രവർത്തനാർത്ഥം ഇൻഡ്യയിലെത്തിയെന്നുള്ളതു്. സ്ഥലനിർണ്ണയത്തിൽ ഫാദർപ്ലാസിഡ് പറഞ്ഞിരിക്കുന്ന അദ്ദേഹത്തിന്റെ മിഷ്യനറിപ്രവർത്തനസ്ഥലം കൊല്ലവുമെന്നു്. പോരാ അവിടെ—കൊല്ലത്തു്—അനേകരെ മാമോദീസാമുക്കിയെന്നും. ഇനിയും ഈ ജോർഡാനൂസിന്റെതാണെന്നു് പറയപ്പെടുന്ന മിറാബിലിയാ (Mirabilia) എന്ന ഗ്രന്ഥത്തിൽ—1328നു് മുൻപ് യൂറോപ്പിൽ പ്രസിദ്ധപ്പെടുത്തിയതു്—അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നതുകൂടി കാണുക.

"In this India there is a scattered people, one here, another there who call themselves Christians, but are not so nor have they Baptism, nor do they know anything about the faith. Nay they believe St. Thomas the great to be

www.malankaralibrary.com



Christ There in the India I speak of I baptised and brought into faith about 300souls"[10]

അതായത്തു– ക്രിസ്ത്യാനികളെന്ന് വിളിക്കപ്പെടുന്നുണ്ടെങ്കിലും യഥാൎത്ഥമായി ക്രിസ്ത്യാനികളല്ലാത്ത ഒരു ജനസമുദായം ചിന്നിച്ചിതറി അവിടവിടെയായി കാണപ്പെടുന്നുണ്ട്. അവൎക്ക് മാമോദീസാ ഇല്ലാ എന്നു മാത്രവുമല്ലാ വിശ്വാസത്തെ സംബന്ധിച്ച് അവൎക്ക് യാതൊരു പരിജ്ഞാനവുമില്ല. വലിയവനായ വി: തോമാ ക്രിസ്തുവാണെന്ന് അവർ വിശ്വസിക്കുന്നു. ഞാൻ അതിനെക്കുറിച്ച് പ്രതിപാദിക്കുന്ന ഇൻഡ്യയിൽ മുന്നോറോളം ആത്മാക്കളെ മാമോദീസാ മുക്കി വിശ്വാസത്തിലേക്ക് കൊണ്ടുവരുകയും ചെയ്തു. ജോർദാന്തൂസ് കണ്ട ഇൻഡ്യയിൽ ക്രിസ്ത്യാനികളുണ്ട്. അവർ വിശ്വാസത്തിൽ ജോർദാന്തൂസിൻെറ കൂട്ടരുമായി സാമ്യമോ സമ്പൎക്കമോ ഇല്ലാതിരുന്ന ഒരു വിഭാഗക്കാരാണ്. അവൎക്ക തോമായെക്കുറിച്ചറിയാം. ക്രിസ്തുവിനേക്കുറിച്ചും അറിയാം. എന്നാൽ പാപ്പായെക്കുറിച്ച് എന്തെങ്കിലും അറിവുള്ളതായി യാതൊരു സൂചനയുമില്ല. അദ്ദേഹം എവിടെ നിന്നോ, ഏതു ജാതിയിൽനിന്നോ 300 പേരെ മാമൂദീസാ നൽകി തൻെറ കൂട്ടരാക്കി. അതു കൊല്ലത്തായിരുന്നു എന്ന് പണ്ഡിതനായ പ്ളാസിഡ്അച്ചൻ പ്രസ്താവിക്കുകയുംചെയ്തിരിക്കുന്നു. വസ്തുതകൾ ഈ വിധമിരിക്കെ വിശ്വാസത്തിൽ യോജിപ്പും, സമ്പർക്കവും, പാപ്പായേയും കൂട്ടരേയും കുറിച്ച് അറിവും ഇല്ലാത്തവരെന്ന് ജോർദാന്തൂസ് സാക്ഷിപ്പെടുത്തിയിരിക്കുന്ന ഒരു വിഭാഗം ആളുകളെ ഭരിക്ക

www.malankaralibrary.com



വാൻ അദ്ദേഹം മെത്രാനായി അഭിഷേകം ചെയ്യപ്പെട്ട് അയക്കപ്പെട്ടു എന്നു വിശ്വസിക്കുക ആരാലും സാദ്ധ്യമല്ലാ. ഈ നിഗമനമാണ് ശരിയായിട്ടുള്ളതെന്നുള്ളതിനു ഫാദർ പ്ളാസീഡ്തന്നെ സാക്ഷിപ്പെടുത്തുന്നു. "Jordanus in 1322 baptised many in Quilon and he was afterwards made bishop of Quilon by John XXII."[11]

—1322-ൽ ജോർദാനൂസ് അനേകരെ മാമോദീസ മുക്കുകയും, പിൽക്കാലത്തു് കൊല്ലത്തെ മെത്രാനായി അദ്ദേഹം ജോൺ ഇരുപത്തിരണ്ടാമനാൽ നിയോഗിക്കപ്പെടുകയും ചെയ്തു. ഫാദർ ബർനാഡ് രേഖപ്പെടുത്തിയിരിക്കുന്നതു കാണുക. "പ്രസ്തുത മാർപാപ്പാ 1328-ൽ കൊല്ലത്തു ഒരു ലത്തീൻ ഇടവക സ്ഥാപിച്ച് അതിൻെറ മെത്രാനായി ജോർദാനുസിനെ നിയമിക്കുകയും, നസ്റാണികളുടെ നായകനും, മന്നാർ ഉൾക്കടലിൻെറ തീരപ്രദേശങ്ങളിൽ നിവസിച്ചിരുന്ന ക്രിസ്ത്യാനികൾക്കും കൊടുക്കുന്നതിനായി രണ്ടെഴുത്തുകൾ അദ്ദേഹത്തെ ഏൽപ്പിക്കുകയും ചെയ്തു."[12]—റോമാസഭയിലെ പ്രസിദ്ധിപെററ ചരിത്രകാരന്മാർ സമ്മതിക്കുന്നു. ജോർദാനൂസ് കൊല്ലത്തെ ലത്തീൻകാരെ ഭരിക്കുന്നതിനാണ് അയയ്ക്കപ്പെട്ടതെന്ന്. ആ ലത്തീൻകാരൊ 1322-ൽ തൻെറ മിഷനറി പ്രവർത്തനത്താൽ മാമോദീസാ മുക്കി ക്രിസ്തുമതത്തിലേക്ക് നൂതനമായി കൊണ്ടുവരപ്പെട്ടവർ. ഇന്നത്തെ റോമാസഭയിലെ പുത്തു ക്രിസ്ത്യാനികളുടെ പ്രചരണവകുപ്പ് ഘോഷിക്കുന്നതു് 1328-ൽ ജോർദാനുസ് അയക്കപ്പെട്ടതു

www.malankaralibrary.com



കൊല്ലത്തെ പൂർവീക നസ്റാണികളെ ഭരിക്കുന്നതിനാണെന്ന്. ഈ വിധ ചരിത്രനിർമ്മാണം റോമാസഭയ്ക്കു പുത്തരിയല്ലാ. പുതുതായി ചെന്നുചേർന്നവർക്ക് ഈ വിദ്യ അത്ര സുപരിചിതമല്ലാത്തതിനാൽ ഈ ആവശ്യത്തിലേക്ക് കടമെടുക്കപ്പെട്ട ചിലരാണ് ഈ വിധ കള്ള ചരിത്രങ്ങളുടെ നിർമ്മാണ ജോലി ഏറ്റെടുത്തിരിക്കുന്നതു്.

യഥാർത്ഥ ക്രിസ്ത്യാനികളെന്ന് സമ്മതിക്കപ്പെടുവാൻപോലും അർഹരല്ലെന്ന് ജോർദാന്തൂസ് ആരെക്കുറിച്ച് അഭിപ്രായപ്പെട്ടുവോ, (മിറാബിലിയാ പ്രസ്താവന) ആ മലങ്കര മർത്തോമ്മാ സുറിയാനി ക്രിസ്ത്യാനികൾ അധിവസിച്ചിരുന്ന കൊല്ലത്ത് ജോർദാന്തൂസ് അയയ്ക്കപ്പെട്ടതു അവരെ ഭരിക്കുന്നതിനല്ലാ, നേരെമറിച്ച് അദ്ദേഹത്തിൻെറ മുൻസന്ദർശന കാലത്തു അവരുടെ സഭാംഗങ്ങളാക്കി തീർക്കപ്പെട്ട ലത്തീൻകാരെ ഭരിക്കുന്നതിനാണ്. ഈ വസ്തുത ചരിത്രം സ്പഷ്ടമായി രേഖപ്പെടുത്തിയിരിക്കെ അന്യഥാ വ്യാഖ്യാനിക്കുവാൻ ഇപ്പോഴത്തെ ചില പണ്ഡിതാഭിനയക്കാർ വെമ്പൽ കൊള്ളുന്നതു കാണുമ്പോൾ അവരെക്കുറിച്ച് ഒരു പരിഹാസ്യത തോന്നിപ്പോകുന്നതു സ്വാഭാവികം മാത്രമാണല്ലോ.

2. <u>കൊല്ലത്തെ നസ്രാണികളുടെ നായകന് ഒരു ലേഖനം കൊടുത്തയച്ചു.</u>

ഇതാണ് അടുത്ത തെളിവ്. ജോർദാന്തൂസ് കൊല്ലത്തുവന്നു ചേരുകയോ, എഴുത്ത് നസ്റാണിനായകന് കൊടുക്കുകയോ ഉണ്ടായിട്ടില്ലെന്ന് ഫാദർ

www.malankaralibrary.com



പ്ളാസിഡ് സമ്മതിക്കുന്നുണ്ട്. എന്നാൽ കൊല്ല ത്തെ നസ്റാണി പ്രധാനിക്ക് പാപ്പാ ഒരെഴുത്തു കൊടുത്തയച്ചു എന്ന് റോമൻ ചരിത്രകാരന്മാർ എല്ലാവരും ഒന്നുപോലെ അഭിപ്രായപ്പെട്ടിരിക്കുന്നതിനാൽ ആ കത്തിനെക്കുറിച്ചും അല്പമായിട്ടാരായേണ്ടിയിരിക്കുന്നു. ആ ലേഖനത്തിൽ എന്താണു രേഖപ്പെടുത്തിയിരിക്കുന്നതെന്ന് ക: സഭയും യാക്കോബായ വാദങ്ങളും എന്ന ഗ്രന്ഥത്തിൽ മനഃപൂർവം ചേക്കാതെ അതിൻെറ നിർമ്മാതാവ് വിട്ടുകളഞ്ഞിരിക്കുകയാണ്. സർവ്വാധികാരവാഹകനായ ഒരു മേലധികാരിയിൽനിന്നും തൻെറ പ്രജാസഞ്ചയത്തിന് എഴുതിയ ഒരു ഗുണദോഷമാണോ അതിലടങ്ങിയിരിക്കുന്നത്? അല്ലാ, അവശ്യം ആവശ്യമായി അനുധാവനം ചെയ്ത് മുൻപോട്ട് പോകുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി സഹായിക്കുന്ന ഒരു നിയമസംഹിതയാണോ? അല്ലാ, എന്നാലോ അയൽപക്കത്തുവന്ന് താമസമുറപ്പിച്ചിരിക്കുന്ന വിദേശീയനായ ഒരുവന് കഴിവതു സഹായം ചെയ്തുകൊടുക്കണമേ എന്ന് അവിഞ്ഞോനിൽ ഇരിക്കുന്ന ഒരു മനുഷ്യൻ കൊല്ലത്തെ നസ്റാണിക്രിസ്ത്യാനികളുടെ തലവന് എഴുതിയ ഒരു അഭ്യർത്ഥനാപത്രമാണത്. മറിച്ച് ഭരണകർത്താവിൽനിന്ന് ഭരണീയനുള്ള ഒരു ഔദ്യോഗിക കല്പന അല്ലാ അത്. അപരിചിതനായ–അന്യനായ ഒരു ഭരണാധികാരിക്കു മറെറാരു വിഭാഗത്തിൻെറ ഭരണകർത്താവ് എഴുതിയ ഒരു ശുപാർശക്കത്താണത്. മലങ്കരമത്തോമ്മാ ക്രിസ്ത്യാനികൾ അതിൽ ഉൾപ്പെട്ടു നില്ക്കുന്ന ഒരു സഭാവിഭാഗ

www.malankaralibrary.com



ത്തിൽനിന്ന് വേർപെട്ട് തന്റെ റോമായെ ആശ്ലേഷിക്കണമെന്ന് ജോൺ ഇരുപത്തിരണ്ടാമൻ പാപ്പാ അയച്ച ഒരു ക്ഷണപത്രികയാണതെന്നുള്ളതു അവിതക്കിതം തന്നെ. ഈ വിധമുള്ള ഒരു കത്തിന്റെ ഉള്ളടക്കം എന്തെന്ന് വെളിപ്പെടുത്തുന്നതു തങ്ങളുടെ ഉദ്ദേശസാദ്ധ്യത്തിന് ഹാനികരമാകയാൽ അതു റോമൻ ചരിത്രനിർമ്മാതാക്കൾ സാധാരണ ചെയ്യാറില്ലാ. പക്ഷേ റോമൻ സഭാംഗംതന്നെയെങ്കിലും, വിദേശീയനായ മെക്കൻസി കേരള സഭാചരിത്രം പഠിച്ചവേളയിൽ ഇതു കണ്ടെത്തുകയും തന്റെ ഗ്രന്ഥത്തിൽ അതിനെക്കുറിച്ച് ഉദ്ധരണി നൽകി വ്യവഹരിക്കുകയും ചെയ്തുപോയി. അദ്ദേഹം പറയുന്നു:—

"The letter asked the good will of the Nazarani chief towards bishop Jordan and his missionaries and ends by inviting these christians to abjure their schism and to enter unity of the catholic Church."[13]

—ജോർദാനൂസ് മെത്രാന്റെയും അദ്ദേഹത്തോടുകൂടെയുള്ള മിഷ്യനറിമാരുടെയും നേരെ നസ്റാണികളുടെ നായകന് നല്ല മനസ്സുണ്ടാകേണമെന്ന് ആ എഴുത്തിൽ ആവശ്യപ്പെട്ടുകൊണ്ടും മലങ്കര ക്രിസ്ത്യാനികൾ തങ്ങളുടെ ശീശ്മയെ വിട്ട് റോമൻ സഭയുടെ ഐക്യത്തിൽ ചേരണമെന്ന് ക്ഷണിച്ചുകൊണ്ടും എഴുത്തു അവസാനിക്കുന്നു.

ഇതാണ് പാപ്പായുടെ കത്തിലെ ഉള്ളടക്കം. അഥവാ രത്നച്ചുരുക്കം. 1328-ൽ അതായതു് 14-ാം നൂറ്റാണ്ടിൽ പാപ്പാ എഴുതുന്നു-അഥവാ അഭ്യർത്ഥി

www.malankaralibrary.com



ക്കുന്നു: "നിങ്ങൾ ശീശ്മവിട്ട് അദ്ദേഹത്തിൻെറ സഭയിൽ ചേരേണമെന്ന്. ഈ കാലത്തിന് മുൻപ് റോമാമെത്രാന് അല്ലെങ്കിൽ അവിഞ്ഞോൻ പാപ്പായ്ക്ക് മലങ്കരസഭയിൽ—മത്തോമ്മാ നസ്രാണികളുടെമേൽ— എന്തെങ്കിലും ഭരണകർത്തവ്യം നിലനിന്നിരുന്നെങ്കിൽ ഇങ്ങനെ ഒരു അഭ്യർത്ഥന പുറപ്പെടുവിക്കേണ്ടയാവശ്യം പാപ്പായ്ക്ക് നേരിടുമായിരുന്നോ എന്ന് വായനക്കാർ ചിന്തിച്ചുനോക്കുക. റോമാ പാപ്പായോടും ആ സ്ഥാനിയാൽ ഭരിക്കപ്പെടുന്ന സഭയോടും വേഴ്ചയും വിധേയത്വവും പുലർത്തുന്ന ഒരവസ്ഥ മലങ്കരസഭയ്ക്കില്ലായിരുന്നു എന്ന് പ്രസ്പഷ്ടമാക്കുന്ന ഈ കത്തിൻെറ ഉള്ളടക്കം വെളിപ്പെടുത്താതെ റോമൻ ചരിത്രകാരന്മാർ ഒളിച്ചുകളി നടത്തുന്നതു എന്തുകൊണ്ടെന്ന് ഞാൻ കൂടുതലായി വ്യവഹരിക്കേണ്ടതില്ലല്ലോ. അതേ 1328 വരെ 14-ാം നൂററാണ്ടുവരെ-മലങ്കര റോമാപാപ്പായുടെ ഭരണത്തിനു വിധേയമല്ലായിരുന്നു എന്നുതന്നെ ചുരുക്കം.

3) <u>കേരളത്തിലെ നസ്രാണികൾ റോമാ പാപ്പായുടെ അധികാരത്തിനു വിധേയമായിരുന്നു പോലും.</u>

ഇതിനുപരി വ്യവഹരിക്കപ്പെട്ടിരിക്കുന്ന രണ്ടുസംഗതികളെ ആസ്പദമാക്കി ക:സഭയും യാ:വാദങ്ങളും എന്ന കൃതിയുടെ നിർമ്മാതാവ് എത്തിച്ചേർന്ന നിഗമനമാണ് ഈ മൂന്നാമത്തെ സംഗതി. അതായതു ജോർദാനൂസിനെ മെത്രാനായി കൊല്ലത്തയച്ചതും നസ്രാണികളുടെ തലവന് ഒരു ലേഖനംകൊടുത്തയ

www.malankaralibrary.com



ച്ചതും, കേരളത്തിലെ നസ്രാണികൾ കത്തോലിക്കവിശ്വാസികളും റോമാപാപ്പായുടെ അധികാരത്തിന് വിധേയരും ആയിരുന്നതുമൂലമാണെന്ന്. ആദ്യത്തെ രണ്ടുകാര്യങ്ങളും ഈ വാദത്തിന് എതിരായി നില കൊള്ളുന്നതാണെന്ന് ഞാൻ മേൽപ്രസ്താവിച്ചിട്ടുള്ളതിൽനിന്നും വെളിവായിട്ടുള്ളതിനാൽ ഈ നിഗമനം ഒട്ടും തന്നെ സ്വീകാര്യമല്ല. പക്ഷെ ഇതും അല്പമായിട്ടൊന്ന് പരിശോധിച്ചുനോക്കാം.

പാപ്പായുടെ കത്തിൽ പ്രതിപാദിച്ചിട്ടുള്ള ഏററവും പ്രധാന സംഗതി കേരളത്തിലെ നസ്റാണികൾ അവരുടെ ശീശ്മയെ വിട്ടൊഴിഞ്ഞു് റോമാസഭയിലേക്കു ചേരണമെന്നുള്ളതാണ്. വന്നുചേരണമെന്നു ക്ഷണിക്കുന്നതു് പുറമെയുള്ളവരെയാണ്. അവർശീശ്മക്കാരാണെന്ന് പാപ്പാ സമ്മതിക്കുന്നു. ശീശ്മ എന്നാൽ എന്താണെന്ന് മേലുദ്ധരിച്ച ഗ്രന്ഥത്തിൽ വിശദീകരിച്ചിരിക്കുന്നതു കാണുക. "തിരുസഭയിലെ ദൈവസ്ഥാപിതമായ അധികാരത്തെ—വി: പത്രോസിൻെറ യഥാർത്ഥ പിൻഗാമിയായ റോമാ റീശ് പാത്രിയർക്കീസിൻെറ പരമാധികാരത്തെ—അവഗണിച്ചു് സാർവത്രീക സഭയ്ക്കു് പുറമെ നില്ക്കുന്നവരാണ്."[14] ജോൺ ഇരുപത്തിരണ്ടാമൻ പാപ്പാ രേഖാമൂലം സമ്മതിച്ചിരിക്കുന്നു. "മലങ്കര നസ്റാണികൾ ശീശ്മക്കാരാണെന്ന്"—അതായതു "സാർവത്രീക സഭയ്ക്കു് പുറമെ നില്ക്കുന്നവരെന്ന്." കേരളത്തിലെ ചരിത്രനിർമ്മാതാവു് പറയുന്ന 14–ാം നൂററാണ്ടിലെ നസ്റാണികൾ പാപ്പായുടെ അധികാരത്തെ അംഗീകരിച്ചിരുന്നവരായി

www.malankaralibrary.com



രുണ്ടു എന്നു്. ഇതിൽ ഏതാണു് സത്യം. ഏതെങ്കിലും ഒന്നു മാത്രമെ സത്യമായിരിക്കുവാൻ പാടുള്ളൂ. സാഹചര്യങ്ങളും തെളിവുകളും ഒത്തിണങ്ങി നിൽക്കുന്നതു പാപ്പായുടെ അഭിപ്രായത്തോടാണു്. അതിനാൽ പാപ്പാ പറഞ്ഞതു കള്ളമായി ഗണിക്കേണ്ടതില്ലാ. സത്യമായി തന്നെ നിലനില്ക്കുന്നു.

## VI

## മരിഞ്ഞോളിയും പൊൻപണവും

1348-ൽ ജോൺ മരിഞ്ഞോളി മെത്രാൻ ചൈനായിൽനിന്നുള്ള മടക്ക യാത്രയിൽ കൊല്ലത്തു ഇറങ്ങി ഒരു കൊല്ലവും നാലുമാസവും താമസിച്ചു എന്നും, കൊല്ലത്തെ ക്രിസ്ത്യാനികൾ അദ്ദേഹത്തിനു് പ്രതിമാസം നൂറുപൊൻപണം വീതവും, അവിടെനിന്നും നാട്ടിലേക്കു് യാത്രയായവേളയിൽ ആയിരം പണവും കൊടുത്തു എന്നു കാണുന്നു. കൊല്ലത്തെ ക്രിസ്ത്യാനികൾ പാപ്പായുടെ അധികാരത്തിനു് വിധേയരല്ലായിരുന്നു എങ്കിൽ ഈ വിധം പാപ്പായുടെ മെത്രാനെ ബഹുമാനപുരസ്സരം സ്വീകരിക്കുകയും അയാൾക്കു് പണം കൊടുക്കുകയും സാദ്ധ്യമല്ലായിരുന്നു. ഇതാണു് തെളിവും വാദവും. ഈ മരിഞ്ഞോളി കൊല്ലത്തിറങ്ങിയതു അവിടെയുള്ള ഇടവകയുടെ അന്വേഷണാത്ഥമാണെന്നോ, താമസവേളയിൽ സുവിശേഷപരമായ പ്രവൎത്തനങ്ങളിൽ ഏപ്പെട്ടിരുന്നു എന്നോ, പഴയ ജോർദാനൂസ് മാമോദീസാ മുക്കിച്ചേൎത്ത മൂന്നൂറിന്റെ കൂടെ കുറേപ്പേരെക്കൂടി ചേൎത്തെന്നോ, മേലധികാരത്തിലെ നിയോഗാനുസരണം താൻ അവിടെ എത്തി താമസിച്ചതാണെന്നോ

www.malankaralibrary.com



വാദിക്കപ്പെടുന്നില്ല. ഈ വക യാതൊന്നും തെളിയിക്കപ്പെട്ടിട്ടുമില്ല. പിന്നെ എന്തു കാൎയ്യത്തിനാണാവോ മരിഞ്ഞോളി കൊല്ലത്തിറങ്ങിയതു്. കുറച്ചു് പണം തട്ടി എടുക്കാൻ കുറച്ചെല്ലാം സംഭരിച്ചു് നാട്ടിൽ കൊണ്ടു പോകാൻ. ഈ പൊൻപണക്കൊതിയൻ മരിഞ്ഞോളിയുടെ നാട്ടിൽ–പാപ്പായുടെ അധിവാസ രംഗത്തു്–ഒരു ചെറിയ പരിശോധന നടത്താം. ഒരു പക്ഷെ പൊൻപണത്തിനും മററും അവിടെ വല്ല പ്രത്യേകതയും കണ്ടുകിട്ടിയേക്കാം. പാപ്പാ ഇപ്പോഴും അവിഞ്ഞോനിലാണു്. റോമിൽ അല്ലാ. 1348–ൽ ആണു് മരിഞ്ഞോളി കൊല്ലത്തെത്തിയതു്. മാർച്ചു് 15–നും, ഏപ്രിൽ 30–ാം തീയതിക്കുള്ളിലുമായിരിക്കണം ആ കാലുകുത്തൽ. കാരണം ആ വഷത്തെ ഓശാനദിവസം ആ സംഭവം നടന്നു എന്നാണു് മെക്കൻസി രേഖപ്പെടുത്തിയിരിക്കുന്നതു്. ചൈനയിൽനിന്നും കൊല്ലത്തെത്തിയ മരിഞ്ഞോളിയുടെ കാതുകളിൽ തൻെറ നാട്ടിലെ ഏററവും പുതിയ വാൎത്തകൾ കപ്പൽക്കാരും യാത്രക്കാരും മുഖാന്തിരം വന്നെത്തി. കുരുമുളകു കയററിക്കൊണ്ടു പോകുവാൻ പാശ്ചാത്യദേശങ്ങളിൽനിന്നു് കപ്പലുകൾ കൊല്ലത്തു് വരുകയെന്നുള്ളതു സാധാരണമായിരുന്നല്ലൊ. അന്നു് കൊല്ലത്തുണ്ടായിരുന്ന വൈദേശികവാൎത്ത 1348 ജനുവരി മുതൽ Black death എന്ന മഹാവലിയ സാംക്രമികരോഗം ഇററലി, ഫ്റാൻസ്, സ്പെയിൻ ആദിയായ രാജ്യങ്ങളിൽ നടത്തിക്കൊണ്ടിരുന്ന നരവേട്ടയുടെ ഭീകര വാഴ്ചാചരിതം മാത്രമായിരുന്നു. ആയിരം പതിനായിരങ്ങളെ അനുനിമിഷം യമപുരിയ്ക്കു് യാത്രയാക്കിക്കൊണ്ടിരുന്ന ആ ഭയങ്കര രോഗം വരു

www.malankaralibrary.com



ത്തിയ നാശത്തിൻെറ ഒരു ചെറിയ കണക്ക് ഞാൻ ഉദ്ധരിക്കാം. വെനീസ്, 100000; ഫ്ളോറൻസ്, 100000; വിയന്നാ, 80000; മാഴ്സെയിൽസ്, 57000; അവിഞ്ഞോനിലെ ബഹുഭൂരിപക്ഷവും. നാട്ടിലേക്ക് പുറപ്പെട്ട മരിഞ്ഞോളി യാത്ര തുടരാതെ കൊല്ലത്തിറങ്ങി താമസമുറപ്പിച്ചതു എന്താണെന്ന് ഇനിയും വിശദീകരിക്കേണ്ടതില്ലല്ലോ. ജീവിക്കുന്നതിനുള്ള ആശ; മരണത്തെ അഭിമുഖീകരിക്കുവാനുള്ള ഭയം, അദ്ദേഹത്തെ കൊല്ലത്തു താമസിപ്പിച്ചു. 1949 ജൂൺമാസത്തോടുകൂടി നാട്ടിലെ മാരണം അവസാനിച്ചു. അപ്പോഴേക്കും കൊല്ലത്തെ താമസം ഒരുവർഷവും നാലുമാസവും ആയിരുന്നു. മരിഞ്ഞോളി നാട്ടിലേക്കും പോയി.

കൊല്ലത്തെ താമസവേളയിൽ അയാൾ വസിച്ചിരുന്ന സെൻറ് ജോർജ്ജ് പള്ളിയിൽ കുറെ അലങ്കാര പണികളെല്ലാം അയാൾ ചെയ്തു എന്നുള്ളതൊഴികെ മററു .യാതൊന്നും അയാളുടെ പ്രവർത്തനത്തിൽ ഉൾപ്പെട്ടിരുന്നതായി ആ മരിഞ്ഞോളിയും ഈ നാട്ടിലെ ചരിത്രകാരന്മാരും അവകാശപ്പെടുന്നില്ലാ. കൊല്ലത്തു പുരാതനമായ ഒരു പള്ളി അന്നുമുണ്ട്. ക്രിസ്തുമതം പ്രഥമത ആ കരയിൽ എത്തിച്ച തോമസ് അപ്പോസ്തോലൻെറ പാവനനാമധേയത്തിലാണ് ആ പള്ളി അറിയപ്പെട്ടിരുന്നതും. അവിടെ ആരാധന നടത്തിയിരുന്ന മർത്തോമ്മാക്രിസ്ത്യാനികളുമായി ഏതെങ്കിലുംവിധത്തിൽ മരിഞ്ഞോളി സമ്പർക്കംപുലർത്തിയിരുന്നതായൊ അവരുടെ പള്ളിയിൽ ഒരു പ്രാവശ്യമെങ്കിലും സന്ദർശനം നടത്തിയതായോ യാതൊരു തെളിവുമി

www.malankaralibrary.com



ല്ലാ. അങ്ങിനെ ഒരു നടപടി അവകാശപ്പെട്ടിട്ടുമില്ലാ. 16 മാസക്കാലം കൊല്ലത്തു താമസിച്ച മരിഞ്ഞോളി ഇതിനും പുറമെ അക്കാലത്തു മർത്തോമ്മാ ക്രിസ്ത്യാനികളുടെ കേന്ദ്രങ്ങളായി പരിലസിച്ചിരുന്ന തേവലക്കര, കടമ്പനാട്ട്, കല്ലട മുതലായ സമീപപ്രദേശങ്ങളിലെങ്കിലും പോകുമായിരുന്നു. പുരോഹിതന്മാരുടെ അഭാവംമൂലം ക്ലേശം അനുഭവിച്ചുകൊണ്ടിരുന്ന അക്കാലത്തെ ക്രിസ്ത്യാനികൾ കൊല്ലത്തു വ്യാപാരാർത്ഥം പോകുക പതിവായിരുന്നതിനാൽ തങ്ങൾക്ക് നിർവഹിക്കപ്പെടേണ്ടതായ മതപരമായ ആവശ്യങ്ങൾ സാധിച്ചു കിട്ടുന്നതിന് ഈ മെത്രാനെ സമീപിക്കുകയും തങ്ങളുടെ സ്ഥലങ്ങളിലേക്കു കൊണ്ടുപോകുകയും ചെയ്യുമായിരുന്നു. ഈ വിധ ചെയ്തികൾ ഒന്നുംകൂടാതെ കൊല്ലത്തെ ലത്തീൻപള്ളിയിൽമാത്രം താമസിച്ച ഒരു മെത്രാനെ മലങ്കര നസ്റാണികൾ പണം കൊടുത്തു ബഹുമാനിച്ചു എന്നു പറയുന്നതു സ്വാഭാവികമല്ലാ. അങ്ങിനെ ചെയ്തിട്ടുമില്ലാ. മരിഞ്ഞോളിയ്ക്കു പണം കൊടുത്തെങ്കിൽ അതു ലത്തീൻപള്ളി ഇടവകയിൽ ഉണ്ടായിരുന്ന പുതുക്രിസ്ത്യാനികൾ മാത്രമായിരുന്നു എന്ന് അവിതർക്കിതമായി തെളിയുന്നു.

<u>പണം ലഭിച്ചു.</u> ഇതാണ് കൊല്ലം താമസത്തിലെ ഏററവും പ്രാധാന്യമേറിയ സംഭവമായി മരിഞ്ഞോളിതന്നെ രേഖപ്പെടുത്തിയിരിക്കുന്നതു്. എന്താണോ ഈ പണത്തിന് ഇത്രവലിയ പ്രാധാന്യം നൽകിയതു്? പഴയ ജോർദാനൂസിനെപ്പോലെ കുറച്ചുപേരെയെങ്കിലും മാമോദീസാ നൽകി സഭയിൽ

www.malankaralibrary.com



ചേത്തന്നോ മററൊ പറയുന്നതിനല്ലാ. പണം തന്നു. പണം ലഭിച്ചു. ഇത്രമാത്രം. അക്കാലത്തെ റോമാസഭയുടെ ഒരു പ്രത്യേക ലക്ഷണമാണ് ഈ പണക്കാര്യത്തിൽ കൂടി വെളിവാക്കപ്പെട്ടിരിക്കുന്നതു്. ഏതുവിധമെന്നു കാണുക. ക്ലെമന്റ് ആറാമനെന്നൊരു ദേഹമാണ് പാപ്പാ. മനുഷ്യരുടെമേൽ മാത്രമല്ല മാലാഖമാരുടേയുംമേൽ അധികാരവാഹിയാണ് താനെന്ന് ഈ മനുഷ്യൻ അവകാശപ്രഖ്യാപനം നടത്തിയിരുന്നു. അദ്ദേഹം മുതൽ ഏററവും എളിയ സ്ഥാനിവരെയുള്ള സകലർക്കും പണത്തിൻെറ ഉപയോഗം ശരിക്കറിയാമായിരുന്നു. തിന്നണം, കുടിക്കണം, സുഖിക്കണം. വേഷവിധാനങ്ങളണിഞ്ഞു് നടക്കണം. ഇതാണ് ഈ കൂട്ടരുടെയെല്ലാം പരമലക്ഷ്യം. പാപ്പായുടെ കൊട്ടാരം ഒന്നു കാണുക. True indeed the court of Clement VI was one of the most brilliant in forteenth centuary Europe. It was the rendezvous of innumerable nobles and enlivened by feasts balls and tournaments. Ladies were to be seen there too. [15]"—14-ാം ശതാബ്ദത്തിലെ യൂറോപ്പിൽ ക്ലെമൻറ് ആറാമൻെറ കൊട്ടാരം ഏററവും തേജസ്സോടു കൂടിയ ഒന്നായിരുന്നു. അസംഖ്യം പ്രഭുക്കന്മാരുടെ സമാഗമസ്ഥാനമായിരുന്നു ആ കൊട്ടാരം. സംഭോജനോൽസവങ്ങളാലും, നൃത്തനഘോഷങ്ങളാലും, മത്സരക്കളികളാലും അതു സജീവമായിരുന്നു. സ്ത്രീജനങ്ങളുടെ സാന്നിദ്ധ്യ സഹവാസവും ആ പാപ്പാകൊട്ടാരത്തിൽ ധാരാളമായിട്ടുണ്ടായിരുന്നു. പ

www.malankaralibrary.com



ണത്തിന്റെ ആവശ്യവും ഉപയോഗവും എത്ര ഭംഗിയായി ആ കൊട്ടാരത്തിൽ നാം കണ്ടു. ഇനിയുമുണ്ട്.

"The example given by the Pope became contagious. The clergy began to dress sumptuously wearing the check silks and long toed shoes which were then the hight of fashion and what went contrary to all ecclesiastical custom with hair allowed to grow its length" [16] — പാപ്പായുടെ ജീവിതരീതി പ്ളേഗു കണക്കെ പടൎന്നു പിടിച്ചുകൊണ്ടിരുന്നു. മനോഹരമായ പട്ടുളോഹകളാണ് പുരോഹിതരുടെ വേഷം. കാലിലെ ചെരുപ്പുകൾ അന്നത്തെ പരിഷ്കാരത്തിന്റെ അത്യുച്ചാവസ്ഥയെ പ്രകടിപ്പിക്കുന്നതാണ്. ഇതൊന്നും പോരാ, ചീകിമിനുക്കി ആകർഷണീയമായി പരിരക്ഷിച്ചുവന്ന തലമുടിയും. അതോ എത്രത്തോളം വളൎത്തുവാൻ കഴിയുമോ അത്രത്തോളം വളൎത്തിയതു്. ഇതിനും വേണമല്ലൊ പണം. പോരാ. പണം ആവശ്യമുള്ള മററു രംഗങ്ങളുമുണ്ടു്. പാപ്പാ, കർദ്ദിനാളന്മാരെ തൃപ്തിപ്പെടുത്തിതന്നെ മുൻപോട്ടു കൊണ്ടുപോകണം. അവരുടെ അതൃപ്തി തന്റെ നിലനിൽപ്പിനെ ചോദ്യംചെയ്യും. അവരെ തൃപ്തിയിൽ സംരക്ഷിച്ചുകൊണ്ടു പോകുന്നതിന് പാപ്പാ പണം കൊടുത്താൽ മാത്രം മതി. ബാക്കി കാര്യങ്ങളെല്ലാം അവരവർതന്നെ നോക്കിക്കൊള്ളും. പാപ്പാ തുടങ്ങി താഴോട്ടു് ഏതു സ്ഥാനികളുടേയും അന്തേവാസികളായി കഴിഞ്ഞുകൂടിയിരുന്ന സ്ത്രീജന സംരക്ഷണത്തിനും പ

www.malankaralibrary.com



ണം ധാരാളം വേണമല്ലോ. കർദ്ദിനാളന്മാക്ക് മാത്രമായി ക്ലെമെൻറ് ആറാമൻ പാപ്പാ ചിലവഴിച്ചതു 108000 സ്വർണ്ണ ഫ്ളോറിൻസാണ്. കർദ്ദിനാളന്മാക്ക് ഇങ്ങിനെ പാപ്പാ പണം വിതരണം ചെയ്യുമ്പോഠം മരിഞ്ഞോളിയെപ്പോലെയുള്ള മെത്രാന്മാർ പാപ്പായ്ക്കും പണം നേർച്ചവെയ്ക്കണം. ഇങ്ങനെ ഏതുവിധത്തിലും "പണ"ത്തിൻെറ ഉപയോഗവും ആവശ്യവും നല്ലവണ്ണം പരിചയിച്ച മരിഞ്ഞോളി സുഭിക്ഷതയുടെ നാട്ടിൽ വന്നാൽ നൂറല്ലാ, ആയിരമല്ലാ, പതിനായിരക്കണക്കിനതന്നെ അതു സമ്പാദിക്കും. കൊല്ലത്ത് അദ്ദേഹം ചെയ്തതു് അതു മാത്രമാണ്. അല്ലാതെ സഭാഭരണവും, സുവിശേഷപ്രവത്തനവും ഒന്നും നടത്തിയില്ല. നടത്തിയിട്ടുണ്ടെന്ന് അദ്ദേഹം അവകാശപ്പെടുന്നുമില്ല.

കൊല്ലത്തു സെൻറ്ജോജ്ജിൻെറ നാമത്തിൽ സ്ഥാപിതമായിരുന്ന ഒരു ലത്തീൻപള്ളിയിൽ, ഒരു ലെത്തീൻമെത്രാൻ, യാത്രാമദ്ധ്യേ നാട്ടിലെ ഭയങ്കരമായ പകച്ചവ്യാധിയെക്കുറിച്ച്കേട്ട് ഭയപ്പെട്ട് രക്ഷതേടിചെന്നുപാത്തതും, അവിടെയുള്ള ഇടവകക്കാരിൽനിന്ന് താമസത്തിനും യാത്രയ്ക്കും പണം വസൂലാക്കിയതും മലങ്കരസഭയ്ക്ക് റോമാസഭയോടുള്ള വിധേയത്വം കാണിക്കുവാൻ എങ്ങിനെയാണോ ഉപകരിക്കുന്നതു? "So after a year and four months I took leave of my brothern."[17]—ഒരു വഷവും നാലുമാസങ്ങളും കഴിഞ്ഞു് ഞാൻ എൻെറ സഹോദരങ്ങളോട് യാത്രപറഞ്ഞു. ഇതാണ് അദ്ദേ

www.malankaralibrary.com



ഹത്തിൻെറതന്നെ ഖാചകം. ഇതിലെ "സഹോദര ങ്ങൾ" കൊല്ലത്തെ ലെത്തീൻക്രിസ്ത്യാനികളല്ലാതെ സെൻറ്തോമസ്ക്രിസ്ത്യാനികളല്ലാ. 1328–ൽതങ്ങളുടെ ശീശ്മയെവിട്ടു് തൻെറ സഭയിലേക്ക് വരണമെന്നു് ഏതൊരു ക്രിസ്തീയവിഭാഗത്തോടു് പാപ്പാ രേഖാമൂലം ആവശ്യപ്പെട്ടുവോ ആ ക്രിസ്ത്യാനികൾ ഏതാണ്ടു് 20 വഷങ്ങൾമാത്രം കഴിഞ്ഞപ്പോഴേക്കം തങ്ങളുടെ പൂർവ്വികസഭയെ വിട്ടു എന്നും റോമാസഭയെ ആശ്ലേഷിച്ചുവെന്നും പറഞ്ഞാൽ അതിൽപരം ഒരു വൻകള്ളം മറെറങ്ങും കണ്ടെത്തുക സാദ്ധ്യമല്ലാ. പൊൻപണക്കാരൻ മരിഞ്ഞോളിവന്നപ്പോഴും പോയപ്പോഴും കൊല്ലത്തെ മത്തോമ്മാക്രിസ്ത്യാനികൾ തങ്ങളുടെവക സെൻറ്തോമ്മസ്പള്ളിഇടവകക്കാരായി പൂർവ്വികമായി തങ്ങൾ നിലനിന്നുവന്നിരുന്ന അവസ്ഥയിൽ—പാപ്പായെ അറിയാത്തവരായി—തന്നെ നിലനിന്നിരുന്നു. അതിനാൽ മരിഞ്ഞോളിമെത്രാനും ഉദ്ദേശസാദ്ധ്യത്തിന് ഉതകുന്നതെളിവുകളാകുന്നില്ലാ എന്നു ചുരുക്കം. ലത്തീൻകാരോടു് സമ്പക്കംപുലത്തുന്നതിൽ മാത്തോമ്മാക്രിസ്ത്യാനികൾ വിമുഖരായിരുന്നു എന്നുമത്രമല്ല, അവരുടെ പ്രവത്തനങ്ങളിൽ ശത്രുമനോഭാവവും മലങ്കരക്രിസ്ത്യാനികൾക്കുണ്ടായിരുന്നു എന്നു് തെളിവു നൽകുന്ന ഒരുഭാഗം റോമൻസഭാംഗവും ചരിത്രകാരനുമായ ഫാദർ ബർനാഡിൻെറ കൃതിയിൽനിന്നുദ്ധരിച്ചുകൊണ്ടു് ഈഭാഗം ഞാൻ സമാപിച്ചുകൊള്ളട്ടെ. "കൊല്ലത്തു് ഒരു ലത്തീൻസ്ഥാപനവും, മെത്രാസനവും ഉണ്ടാക്കുന്നതിന് വളരെ

www.malankaralibrary.com



പരിശ്രമം ചെയ്തതു ജോർദാൻ തന്നെയായിരുന്നു. അഭിനവമായ ഈ സ്ഥാപനവിഷയത്തിൽ നസ്രാണികഠം അനുകൂലികളായിരുന്നില്ലാ."[18] 1328-ൽകൊല്ലംനസ്രാണികഠം ലത്തീൻകാൎക്ക് എതിരായിനിന്നു എന്നു സമ്മതിക്കപ്പെട്ടിരിക്കുന്നു. 20വൎഷങ്ങഠം കഴിഞ്ഞപ്പോഴേക്കും അവർ മാനസാന്തരപ്പെട്ടു മരിഞ്ഞോളിയ്ക്കു പൊൻപണം കൊടുത്തില്ല. ലത്തീൻ "സഹോദരങ്ങഠം" തന്നെകൊടുത്തു. റോമാപാപ്പായുടെ മേധാവിത്വം കാണിക്കുവാൻ ഈ പൊൻപണത്തിലും ഒന്നുമില്ലതന്നെ.

## VII

## സെൻറ് തോമസ് ക്രിസ്ത്യാനികളുടെ ചക്രവർത്തിക്കു എവുജേനിയോസ് കല്പന അയച്ചുവത്രെ.

എവുജേനിയോസ് പാപ്പാ മലങ്കര മത്തോമ്മാ ക്രിസ്ത്യാനികളുടെ ചക്രവൎത്തിക്കു 1439-ൽ ഒരു കല്പന അയച്ചു എന്നുള്ളതാണ് അടുത്തതായി രംഗപ്രവേശം ചെയ്യിച്ചിരിക്കുന്ന തെളിവു്. "മിശിഹായിൽ നമുക്കു ഏററം പ്രിയപുത്രനും ഇൻഡ്യയുടെ വിശ്രുത ചക്രവൎത്തിയുമായ തോമായ്ക്കു ക്ഷേമവും ശ്ലൈഹികാശീർവാദവും. താങ്കളും താങ്കളുടെ രാജ്യത്തെ പ്രജകളും സത്യക്രിസ്ത്യാനികളാണെന്നുള്ള സുസ്ഥിരമായ കേഠംവി നമ്മുടെ പക്കൽ പലപ്പോഴും വന്നിട്ടുണ്ടു്." ഈ വാചകമാണു് തെളിവിലേക്കായി ഉദ്ധരിച്ചിരിക്കുന്നതു്. പാപ്പാമാർ കേരളത്തിലേക്കു കല്പനകഠം

www.malankaralibrary.com



അയക്കും. പക്ഷേ ഒന്നെങ്കിലും കേരളത്തിൽ എത്തി ച്ചേരുകയില്ല. ആ വിധത്തിലുള്ള ഒരു കത്താണ് എവുജോനിയോസ് പാപ്പായുടേതും. അതും ഇങ്ങെ ത്തിച്ചേരാഞ്ഞതിനാൽ മേൽവിലാസക്കാരനെ തിര ക്കി അന്നത്തെ തപാൽ ശിപായി ബുദ്ധിമുട്ടേണ്ടി വ ന്നിട്ടില്ലാത്തതിനാൽ ചക്രവർത്തിക്കായ്യും വിട്ടുകളയാം.

1439-ൽ ഇൻഡ്യയിലെ ആളുകളെല്ലാം സത്യ ക്രിസ്ത്യാനികളാണെന്നു പാപ്പാ കേൾവി കേട്ടെന്നാ ണ് കത്തിന്റെ ഉള്ളടക്കം. 1348-ൽ മരിഞ്ഞോളി "പൊൻപണം" വാങ്ങിയ കാലത്തു് മലങ്കരക്രിസ്ത്യാ നികൾ മുഴുവനും റോമാപ്പാപ്പായുടെ അധികാരത്തിനു വിധേയരായിരുന്നു എന്നു സമർത്ഥിക്കുവാൻ ശ്രമിച്ച ഒരു ദേഹമാണ്. ആ കാലം കഴിഞ്ഞു് 91 വർഷ ങ്ങൾക്കു ശേഷം ഇൻഡ്യയിലെ ക്രിസ്ത്യാനികളെക്കു റിച്ചു് യഥാർത്ഥമായ ഒന്നും തന്നെ അറിവില്ലെന്നും, ചില "കേൾവികൾ" മാത്രമെ ഉള്ളുവെന്നും പാപ്പാ യെക്കൊണ്ടു് സാക്ഷിപ്പെടുത്തിയിരിക്കുന്നതു്. പാപ്പാ യുടെ അരമനയിൽ കയറി ഇറങ്ങിയ സ്ത്രീജനങ്ങളുടെ പേരുവിവരങ്ങളും അവക്കു് വേണ്ടി ചിലവഴിച്ചിട്ടുള്ള തുകകളുടെയും രേഖകൾ പോലും സൂക്ഷിക്കപ്പെട്ടിരി ക്കുന്ന വത്തിക്കാനിൽ, മലങ്കരസഭയെക്കുറിച്ചു എന്തെ ങ്കിലും ഒരു രേഖയെങ്കിലും ഉണ്ടായിരുന്നെങ്കിൽ പാ പ്പാ ഈ "കേൾവി"യുടെ പിന്നാലെ പോകാതെ ഇ രിക്കുമായിരുന്നു എന്ന് ഇത്ര സ്പഷ്ടമായി വെളിപ്പെ ടുത്തേണ്ടതില്ലായിരുന്നു. പാപ്പാ മലങ്കരസഭയെ ഭരി ച്ചിരുന്നതായോ അവിടുത്തെ സഭയെക്കുറിച്ചു് എ

www.malankaralibrary.com



ന്തെങ്കിലും ശരിയാംവണ്ണം ധരിച്ചിരുന്നതായോ, സാക്ഷിപ്പെടുത്തുന്നതിന് പാപ്പായുടെ പക്കൽ യാതൊന്നുമില്ലാതെ പോയതിനാലാണ് "കേഠംവി" ആശ്രയിച്ച് കത്തെഴുതുവാൻ ഇടയായതു എന്നു ഖണ്ഡിതമായി പറയുവാൻ മടിക്കേണ്ടതില്ലല്ലോ. "കേഠംവി" അതെങ്ങിനെയുള്ളതായിരുന്നാലും അതിനെ അടിസ്ഥാനപ്പെടുത്തി എഴുതിയ ഒരു കത്തു ആധാരമാക്കി മലങ്കരസഭ റോമാ പാപ്പായുടെ അധികാരത്തിൻ കീഴിലായിരുന്നു എന്ന് സമത്ഥിക്കുവാൻ ശ്രമം നടത്തിയ പാണ്ഡിത്യം ആവൂ! അത്ഭുതാവാഹംതന്നെ.

പാപ്പായ്ക്കു ഈ കേഠംവി എങ്ങിനെ ലഭിച്ചു എന്ന് പറഞ്ഞു കാണുന്നില്ലാ. എവുജേനിയോസ് പാപ്പായെ സംബന്ധിച്ചിടത്തോളം "കേഠംവിക്കു" ഒരു സാധ്യത അദ്ദേഹത്തിൻെറ ബാല്യകാലത്തിലുണ്ടായിട്ടുണ്ട്. ആ ബാല്യകാല സ്മരണയിൽ നിന്നായിരിക്കണം ഇപ്രകാരം ഒരു കത്തെഴുതാൻ—എഴുതീട്ടുണ്ടെങ്കിൽ—പ്രേരണ ലഭിച്ചതു്. വെനീസിലെ ഒരു പ്രസിദ്ധ വ്യാപാരിയുടെ മകനായി ജനിച്ചു വളന്ന ഒരു ഗബ്രിയേലാണ് ഈ എവുജേനിയോസ്. പിതാവിൻെറ വ്യാപാരശാലയിൽവച്ച് കുരുമുളക് വിളയുന്ന നാടിനെക്കുറിച്ചും, ആ ദേശത്തെ ആളുകളേക്കുറിച്ചും കേട്ടിരിയ്ക്കും. ഈ കേഠംവികളുടെ സ്മരണയിൽ നിന്നല്ലാതെ മലങ്കര ക്രിസ്ത്യാനികളെക്കുറിച്ച് അധികമൊന്നും കേട്ടിരിയ്ക്കുവാൻ സാധ്യതയില്ലാ. ഒരു പക്ഷെ മഹമ്മദീയരുടെ ആക്രമണത്തിൽനിന്നും തങ്ങളെ രക്ഷിക്കുന്നതിന് പാശ്ചാത്യ ക്രിസ്ത്യാനികളുടെ സ

www.malankaralibrary.com



ഹായമഭ്യർത്ഥിച്ചുകൊണ്ടു് റോമിലും മററും എത്തിച്ചേർന്ന പൌരസ്ത്യരായ സഭാവിഭാഗക്കാർ, കിഴക്കൻ രാജ്യങ്ങളിലെ ക്രിസ്ത്യാനികളുടെ അവസ്ഥാവിശേഷങ്ങളും മററും 1439-ൽ പ്രതിപാദിച്ചതിൽനിന്ന് കേട്ടിരിക്കാം. ഏതുവിധേന ലഭിച്ചിട്ടുള്ളതായാലും പാപ്പായുടെ പക്കൽ ആകെക്കൂടി ഉണ്ടായിരുന്ന ഏക ആധാരം ഒരു "കേൾവി" മാത്രമാണു്. മററു യാതൊന്നും അടിസ്ഥാനപ്രമാണമായി സ്വീകരിക്കുന്നതിനില്ലാതെ "കേൾവി" ആധാരമാക്കി എഴുതിയ കത്തു മേലധികാരത്തേയും ബന്ധത്തേയും തെളിയിക്കുന്ന ഒന്നാണെന്നു് ജല്പിക്കുന്നതു എത്രയൊ ബാലിശമായ ചരിത്രസൃഷ്ടിയാണെന്നു് ഞാൻ ഊന്നിപറയേണ്ടതില്ലല്ലൊ. മലങ്കരസഭ റോമാസഭയ്ക്കു് വിധേയയായി 15-ാം നൂററാണ്ടിൽ നിലനിന്നിരുന്നു എന്നു് തെളിയിക്കുവാൻ യഥാർത്ഥമായ യാതൊന്നും റോമാസഭാ ചരിത്രകാരന്റെ പക്കൽ ഇല്ലാ. ഒരു കേട്ടുകേൾവി മാത്രം ഉണ്ടുപോലും. എന്നാൽ ഇപ്രകാരം ഒരു കത്തെഴുതുന്നതിന് പോലും അനുകൂലമായ സാഹചര്യത്തിലല്ലാ അന്നത്തെ പാപ്പാ ദിനരാത്രങ്ങളെ തള്ളിനീക്കിക്കൊണ്ടിരുന്നതെന്നുകൂടി ഗ്രഹിക്കുമ്പോൾ ഈ കത്തും ഒരു കൃത്രിമകത്തെന്നു് തീരുമാനിക്കപ്പെടേണ്ടിയിരിക്കുന്നു. പാപ്പായുടെ ഒരു വാചനം ഉദ്ധരിക്കാം "Oh! Gabriel, Garbriel better would it have been for you to have been neither Pope, nor Cardinal, nor bishop, but to have finished your days as you commenced them following peacebily in the monastery,

www.malankaralibrary.com



the exercises of your order." അതായതു: ഓ ഗബ്രി യേലേ, ഗബ്രിയേലേ ആശ്രമത്തിലെ അനുഷ്ഠാനങ്ങൾ അനുവൎത്തിച്ചു സമാധാനപരമായി നിൻെറ ജീവിതം ആരംഭിച്ചതുപോലെ പിന്തുടൎന്നു പോയി അവസാനി പ്പിച്ചിരുന്നെങ്കിൽ അതു പാപ്പായൊ കൎദ്ദിനാളോ, മെ ത്രാനൊ ആകുന്നതിൽ നിനക്കെത്രയോ മെച്ചമായിരു ന്നു. ഇത്ര നിരാശാജനകമായി ചിന്തിച്ചു വ്യാകുലപ്പെട്ട വാൻ ഈ പാപ്പായ്ക്കു ആ വാൎദ്ധക്യകാലത്തു ഇടവ ന്നെതെന്തെന്നു 1431 മുതൽ 1449 വരെ സമ്മേളിച്ച ബാസിൽ സുന്നഹദോസിൻെറ (Synod of Basle) 1439-ൽ പാസ്സാക്കിയ ഒരു നിശ്ചയം വെളിവാക്കു ന്നുണ്ടു. അനുദിന ആവശ്യങ്ങൾക്കു പണമില്ലാതെയും ഋണഭാരം കൊണ്ടുവലഞ്ഞും കഴിഞ്ഞുകൂടിയ പാപ്പാ വത്തിക്കാൻ ഭണ്ഡാഗാരത്തിൽനിന്നും രത്നങ്ങളും പാ ത്രങ്ങളും പണയം വച്ചു ഇരുപത്തിഅയ്യായിരം സ്വ ൎണ്ണഫ്ളോറൻസു കടംവാങ്ങി അല്പം കഴിഞ്ഞപ്പോഴാ ണു ഈ നിശ്ചയം തൻെറ കാതുകളിൽ എത്തുക.

"We condemn and depose Pope Eugenius, a despiser of the Holy Canons, a disturber of the peace and unity of the church of God, a notorious offender of the whole universal church, a simonist, a foresworn man, a man incorrigible, a schismatic, a man fallen from the faith and a wilful heretic"[3]

–ഇതാണു നിശ്ചയം. പരിശുദ്ധ കനോനാകളെ നി ന്ദിച്ചവനും, ദൈവത്തിൻെറ സഭയുടെ സമാധാനത്തേ യും ഐക്യത്തേയും ഇല്ലായ്മ ചെയ്തവനും, സാൎവത്രി

www.malankaralibrary.com



ക സഭയുടെ കുപ്രസിദ്ധ വിരോധിയും സൈമൊണി യിൽ മുഴുകിയവനും, കള്ളസത്യം ചെയ്യുവനും, നന്നാക്കപ്പെടുവാൻ പാടില്ലാത്തവനും, ശീശ്മക്കാരനും, വിശ്വാസത്തിൽനിന്നും വീണുപോയവനും, താന്തോന്നിയായ വേദവിപരീതിയും മററുമായ പാപ്പാ എവുജനിയോസിനെ ഞങ്ങൾ കുററംവിധിച്ചു സ്ഥാനഭ്രഷ്ടനാക്കുന്നു.

റോമൻസഭാംഗങ്ങൾ സുന്നഹദോസുകൂടി ഏതു വർഷത്തിൽ ഈ വിധിയെഴുതിയിരിക്കുന്നുവോ, ഏതൊരു വ്യക്തിയെ ആ വിധിബാധിക്കുന്നുവോ ആ പാപ്പാ സംഭ്രമചിത്തനായി ഉഴന്നുകൊണ്ടിരിക്കെ വിദൂരസ്ഥിതമായ മലങ്കരനാട്ടിലേക്ക് ഒരു കത്തയക്കുകയെന്നുള്ളതു് എത്രമാത്രം അസംഭവ്യമെന്നു വായനക്കാർതന്നെ വിധിക്കുക. കത്തു് മലങ്കരയെത്തിയില്ല., കത്തു് എഴുതപ്പെട്ടിട്ടുമില്ല. ആകുലമാനസനായി ദിനരാത്രങ്ങളെ തള്ളിവിട്ടുകൊണ്ടിരുന്ന പാപ്പാ, സ്വന്തം നിലനില്പിനാവശ്യമായ മാർഗ്ഗങ്ങളെക്കുറിച്ചു് മാത്രം ചിന്താഭരിതനായി കഴിഞ്ഞുകൂടിയപാപ്പാ, കേരളനസ്രാണികളുടെ ചക്രവർത്തിക്ക് ഒരു കത്തെഴുതി എന്നു പറയുന്നതു്, കോൺസ്റ്റൻറെറൻ ചക്രവർത്തിയുടെ "ദാനപത്രം" ആദിയായ കൃത്രിമരേഖകളുടെ നിർമ്മാതാക്കളുടെ ചെയ്തികളിൽ മറെറാന്നാണെന്നുമാത്രം ഗണിച്ചാൽ മതി. മലങ്കരസഭയുടെ റോമൻവിധേയത്വം തെളിയിക്കുവാൻ ഈ പ്രമാണവും പ്രയോജനകരമല്ല തന്നെ.

www.malankaralibrary.com



# VIII

## വെനീസ്സുകാരൻെറ സഞ്ചാരപുസ്തകം

അടുത്തതായി ഉന്നയിച്ചിരിക്കുന്ന തെളിവ് ഏതോ ഒരു വെനീസ്സുകാരൻെറ യാത്രാവിവരണഗ്രന്ഥത്തിൽ എന്തോ പറഞ്ഞിട്ടുണ്ടെന്നുള്ളതാണ്. "റോമയിലെ സഭയെപ്പററി അധികമൊന്നും അവക്ക് (മലങ്കരക്രിസ്ത്യാനികൾക്ക്) അറിഞ്ഞുകൂടിയെങ്കിലും തിരുസഭയുടെ തലവനായ മാർപാപ്പാ റോമാപട്ടണത്തിൽ വസിക്കുന്നുവെന്നുള്ള കാര്യം ഖണ്ഡിതമായി അവക്കറിയാമെന്നു രേഖപ്പെടുത്തിയിരിക്കുന്നു."[1] ഇതു് 1493-ലെ രേഖയായിട്ടാണ് ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നതു്. അത്ഥവത്തായ ഒരു തെളിവു തന്നെയായിരിക്കാം. തിരുവിതാംകൂറിൻെറ കിഴക്കെ അതിത്തി സഹ്യപവ്വതമാണെന്നറിയാം. ഇൻഡ്യാസാമ്രാജ്യത്തിൻെറ വടക്കെഅററത്തു് ഭീമാകാരനായ ഹിമാലയൻ സ്ഥിതിചെയ്യുന്നു. ലണ്ടൻനഗരിയിലാണ് ഇംഗ്ലണ്ടിലെരാജാവിൻെറ ഔദ്യോഗികവസതി. ഇപ്രകാരമുള്ള അറിവുകളെ ആസ്പദമാക്കി ഒരുവൻെറ ജാതിനിണ്ണയംചെയ്യുവാനുള്ള കഴിവു് മേലുദ്ധരിച്ച ഉദ്ധരണിയുടെ നിമ്മാതാവായ സർവ്വജ്ഞനില്ലാതെ സാധാരണമായി കാണപ്പെടുന്ന ഒന്നല്ല. അതിപുരാതനകാലംമുതൽക്കേ ഇൻഡ്യാവൻകരയിലെ തുറമുഖങ്ങളുമായി വാണിജ്യബന്ധം പുലത്തിക്കൊണ്ടിരുന്ന പാശ്ചാത്യരുടെ ഗമനാഗമനവേളകളിൽ ആശയവിനിമയങ്ങളും സംസ്കാരപകത്ച്ചകളും ഉണ്ടായിട്ടുണ്ടെന്നു സ്വാഭാവികമായി ആക്കും ബോദ്ധ്യ

www.malankaralibrary.com



മുള്ളതും ചരിത്രത്തിൻെറ താളുകളിൽ അതിനു ധാരാളം തെളിവുകൾ ഉള്ളതും ആണ്. റോമിലെ വിചിത്രതരമായ സംഭവപരമ്പരകളിൽ പലതും മുൻപിറാലെമുതൽക്കുതന്നെ ഭാരതത്തിലറിയപ്പെട്ടുകൊണ്ടിരുന്നുവെന്നുള്ളതിന് റോമായിൽ ജീവിച്ചിരുന്നവരിൽനിന്നുതന്നെ ഞാൻ സാക്ഷിതെളിവുനൽകാം. ജോൺപന്ത്രണ്ടാമൻ പാപ്പായുടെ പേരിലുള്ള ആരോപണങ്ങളേയും അയാളുടെ അനാശാസ്യനടപടികളേയും കുറിച്ച് അന്വേഷണം നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും 963 നവംബർമാസം 6-ാംനു-വത്തിക്കാനിലെ വി: പത്രോസിൻെറ ദേവാലയത്തിൽ ഒട്ടധികം മെത്രാൻമാരും പുരോഹിതന്മാരും അത്മായപ്രമുഖന്മാരും സമ്മേളിച്ചു, റോമിലെ പൗരോഹിത്യഗണത്തിൽപ്പെട്ട എല്ലാവരുംതന്നെ ആ സമ്മേളനത്തിൽ സംബന്ധിക്കുകയുണ്ടായിട്ടുണ്ട്. ശിഷ്ടം ചരിത്രകാരൻ പറയട്ടെ. "The Roman clergy, who all attended the meeting were for condemning him at once evidence they said was needless in the ease of iniquities which were notorious even to Iberians, Babylonians and Indians—[2]"

അതായത്:—സമ്മേളനത്തിൽ സംബന്ധിച്ചിരുന്ന റോമിലെ എല്ലാ പുരോഹിതന്മാരും പാപ്പായെ ഉടനടി കുററം വിധിക്കണമെന്നുള്ള അഭിപ്രായക്കാരായിരുന്നു. പാപ്പായുടെ അതിക്രമങ്ങളും മ്ളേച്ഛതകളും തെളിയിക്കപ്പെടേണ്ട ആവശ്യമില്ലാത്തവണ്ണം ഐബീരിയ, ബാബിലോണിയ, ഇൻഡ്യ മുതലായ

www.malankaralibrary.com



രാജ്യങ്ങളിൽപോലും അത്ര കുപ്രസിദ്ധമായിരുന്നു. റോമിലെ സംഭവപരമ്പരകൾ ആ പത്താം നൂററാണ്ടിലും ഇൻഡ്യാ സാമ്രാജ്യത്തിൽ അറിയപ്പെട്ടുകൊണ്ടിരുന്നുവെന്നു റോമാക്കാർതന്നെ സമ്മതിച്ചിരിക്കെ 15-ാം നൂററാണ്ടിലെ വാർത്തകൾ ഇൻഡ്യയിൽ പ്രചരിച്ചിരുന്നില്ലയെന്ന് ആക്കെങ്കിലും പറയുവാൻ കഴിയുമോ. കേരള തുറമുഖങ്ങളെ സമീപിച്ചിട്ടുള്ളവരുടെ കൂട്ടത്തിൽ പാപ്പാ മതക്കാരും എക്കാലവും ഉണ്ടായിരുന്നു. ഈ നാട്ടിലെ ക്രൈസ്തവരുമായി—അവരാണല്ലോ കുരുമുളകാദിയായവയുടെ വ്യാപാരികൾ—സമ്പക്കം പുലത്തിക്കൊണ്ടിരുന്ന ആ വിദേശീയ ക്രിസ്ത്യാനികൾ തങ്ങളുടെ മതത്തെക്കുറിച്ചും സഭയെക്കുറിച്ചും ഭരണാധികാരികളെക്കുറിച്ചും പലതും വിവരിച്ചിരിക്കാം. ആ വക അറിവിനെ ആസ്പദമാക്കി 1493-ൽ വന്ന വെനീസ്സുകാരനോടു റോമിലാണ് പാശ്ചാത്യസഭയുടെ പാപ്പാ അധിവസിക്കുന്നതെന്നുള്ള തങ്ങളുടെ അറിവ് വെളിപ്പെടുത്തിയിരിക്കാം. ഇപ്രകാരം തങ്ങൾക്കുള്ള അറിവ് പ്രകടിപ്പിച്ചതു അക്കാലത്തെ മലങ്കര ക്രിസ്ത്യാനികൾ റോമാ പാപ്പായുടെ മേലധികാരത്തിന് വിധേയരായിരുന്നു എന്നു തെളിയിക്കുവാൻ മതിയായ ഒന്നാണെന്നു വാദിക്കുന്നതു് എത്ര ബാലിശം, എത്ര അത്ഥശൂന്യം. മലങ്കര ക്രിസ്ത്യാനികൾതന്നെ ഒരു സഭയെന്നുള്ള നിലയിൽ റോമാ സഭയെപ്പററി അജ്ഞരാണെന്നു തുടന്നു സമ്മതിച്ചിരിക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. തങ്ങൾകൂടി അതിൽ അംഗത്വം പുലത്തുന്ന

www.malankaralibrary.com



ഒരു സഭയാണ് റോമാസഭയെങ്കിൽ പാപ്പായെക്കുറിച്ചും ആ സഭയെക്കുറിച്ചും കൂടുതൽ അന്വേഷിക്കുന്നതിന് അഥവാ ഗ്രഹിക്കുന്നതിന് കേരള ക്രിസ്ത്യാനികൾ ശ്രമിക്കുമായിരുന്നില്ലേ. അങ്ങനെയൊന്നും കാണുന്നില്ല. ഭാഷാപരിചയമില്ലാത്ത ഒരു വെനീസ്സുകാരൻ എന്തൊക്കെയോ കേട്ടിരിക്കാം, എന്തൊക്കെയോ രേഖപ്പെടുത്തിയിരിക്കാം. അത് റോമൻ സഭാചരിത്രസൃഷ്ടിക്ക് ഉപയുക്തമായ ഒരു മൗലിക പ്രമാണവുമായി. ഈ വെനീസ്സുകാരൻ വന്നുപോയതായി അവകാശപ്പെടുന്ന കാലഘട്ടം കഴിഞ്ഞു് ഒരൻപതു വർഷങ്ങൾ മുമ്പോട്ടു നീങ്ങിയപ്പോൾ, അതായതു് 1502-ൽ മുകളിൽ പറഞ്ഞവിധത്തിലൊരറിവു് കേരള ക്രിസ്ത്യാനികൾക്കില്ലായിരുന്നുവെന്നു തെളിയിക്കുന്ന മറെറാരു ചരിത്രവസ്തുത ഇത്തരുണത്തിൽ ശ്രദ്ധാർഹമാണ്. കേരളത്തിൻെറ പശ്ചിമ തീരത്തെത്തിയ പോർട്ടുഗീസുകാർ പല ക്രൈസ്തവ ദേവാലയങ്ങളേയും ദർശിച്ചു് നാട്ടുക്രിസ്ത്യാനികളോടു പറയുകയാണ് "ഈ പള്ളികൾ പാപ്പായുടെ വകയാകുന്നു". സ്വദേശികൾ കൊടുത്ത മറുപടിയോ? "പാപ്പാ ആരാകുന്നു? ഞങ്ങൾ അയാളെപ്പററി ഒരിക്കലും കേട്ടിട്ടില്ലല്ലോ."[3] 1493-ൽ റോമിലെ പാപ്പാ തിരുസഭയുടെ പരമാധികാരിയാണെന്ന് ഖണ്ഡിതമായി അറിവുള്ളതായിരുന്നു എന്നു പറയുകയും 1502 -ൽ കേരളീയ ക്രിസ്ത്യാനികൾ അപ്രകാരമൊരാളെപ്പററി ഒരിക്കലും കേട്ടിട്ടുപോലുമില്ലാ എന്നു പറയുകയും ചെയ്യുന്നെങ്കിൽ വെനീസ്സുകാരൻേറതായി ഉദ്ധരിച്ച

www.malankaralibrary.com



രിക്കുന്ന രേഖയുടെ നേരും നെറിയും എങ്ങനെ ചോദ്യംചെയ്യാതിരിക്കും. റോമാസഭയിലെ ഒരു ചരിത്ര പണ്ഡിതനായ ഫാദർ പ്ളാസിഡിന്റെ ഒരു വാചകം ഈ ഘട്ടത്തിൽ ഉദ്ധരണീയമാണ്. "Aloysius Cadamust who was in Calicut in 1493 says that the christians of Malabar knew that the Pope resides in Rome."[4] പാപ്പാ റോമിലാണ് അധിവസിക്കുന്നതെന്ന് മലബാർ ക്രിസ്ത്യാനികൾക്കറിയാമായിരുന്നുവെന്നു 1493-ൽ കോഴിക്കോട്ടെത്തിയിരുന്ന Aloysius Cadamust പറഞ്ഞിട്ടുണ്ട്. തിരുസഭയുടെ തലവനെന്ന പ്രയോഗം ഫാദർ പ്ളാസിഡ് സാക്ഷിപ്പെടുത്തിയിട്ടില്ല. മലങ്കര ക്രിസ്ത്യാനികളുടെ അക്കാലത്തെ ചരിത്രംകൂടി അല്പമായി പരിശോധിച്ചുനോക്കാം. തങ്ങൾക്കു മേല്പട്ടക്കാരില്ലാതിരുന്നതുമൂലം ദുരിതാനുഭവക്കാരായി കഴിഞ്ഞുകൂടിയ മലങ്കര സഭാംഗങ്ങൾ, എങ്ങനെ, എവിടെനിന്നും, മേൽപ്പട്ടക്കാരെ ലഭിക്കും, എങ്ങോട്ടു പോകണം, എവിടെ ആവശ്യപ്പെടണം, എന്നെല്ലാം തലപുകഞ്ഞു് ആലോചിച്ചുകൊണ്ടിരുന്ന ഒരു അവസരമാണത്. ഈ വിഷമപ്രശ്നവുമായി മുമ്പോട്ടു നീങ്ങിക്കൊണ്ടിരുന്ന മലങ്കര നസ്രാണികൾ 1490-ൽ തങ്ങളിൽ നിന്നും മൂന്നുപേരെ മേൽപ്പട്ടക്കാരെയുള്ള അന്വേഷണാർത്ഥം ശീമോൻ പാത്രിയക്കീസിന്റെ നാട്ടിലേക്ക് അയയ്ക്കുകയുണ്ടായി എന്ന് ചരിത്രത്തിൽ കാണുന്നു. തങ്ങളുടെ നിലനില്പിന് വൈദേശികരായ മേല്പട്ടക്കാരെ സമീപിക്കേണ്ട അവസ്ഥയിലായിരുന്ന

www.malankaralibrary.com



മലങ്കര സഭാവിഭാഗം പാപ്പായെക്കുറിച്ചും, അദ്ദേഹം ആകമാനസഭയുടെ തലവനാണെന്നും ബോധമുള്ളവരായിരുന്നെങ്കിൽ തീർച്ചയായും ആ പരമാധികാരിയുടെ സവിധത്തിലെത്തുന്നതിനും വേണ്ടതു് അറിയിക്കുന്നതിനും ആവശ്യങ്ങൾ സാധിച്ചുകിട്ടുന്നതിനും സ്വാഭാവികമായി മർത്തോമ്മാ ക്രിസ്ത്യാനികൾ മുതിരുമായിരുന്നില്ലേ? 1502-ൽ പോർട്ടുഗീസുകാരുമായുള്ള സംഭാഷണത്തിൽ മലങ്കര ക്രിസ്ത്യാനികൾ തുടന്നു പറഞ്ഞിരിക്കുന്നതുകൂടി കാണുക. "പാശ്ചാത്യരായ നിങ്ങൾ ഏതുവിധത്തിലുള്ളവരായിരുന്നാലും ഞങ്ങൾ സത്യവിശ്വാസികളാണു്, എന്തുകൊണ്ടെന്നാൽ ക്രിസ്തുവിൻെറ പിൻഗാമികളെ ആദിയിൽ ക്രിസ്ത്യാനികളെന്നു വിളിച്ചസ്ഥലത്തു് (അന്ത്യോഖ്യാ) നിന്നത്രെ ഞങ്ങൾ വന്നതു്".[5] പാശ്ചാത്യരാജ്യത്തുനിന്നും വന്നെത്തുന്നതായ ആളുകൾ ശരിയായ ക്രിസ്ത്യാനികൾ ആണെന്നുള്ള ധാരണപോലും മലങ്കര ക്രിസ്ത്യാനികൾക്കുണ്ടായിരുന്നില്ലെന്നും അതേയവസരത്തിൽ തങ്ങൾ സത്യക്രിസ്ത്യാനികൾ ആണെന്നുള്ള ഉത്തമബോദ്ധ്യം തങ്ങൾക്കുണ്ടെന്നുമാണു് പോർട്ടുഗീസുകാരോടു പറഞ്ഞതു്. വെനീസുകാരനായ അലോഷ്യസ് കാഡമസ്റ്റിനോട്ടു് എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽത്തന്നെയും അതു് വൈദേശികരുമായുണ്ടായ വ്യാപാരബന്ധത്തിൽ ആശയവിനിമയങ്ങൾ നടത്തിയ വേളയിൽ റോമാ പാപ്പായെക്കുറിച്ചോ മറ്റോ തങ്ങൾ കേട്ടിരുന്ന ഒരു വാർത്താശകലം സൂചിപ്പിച്ചുപോയി എന്നുമാത്രമെ അർത്ഥമാക്കേണ്ടതാ

www.malankaralibrary.com


യിട്ടുള്ളു. അല്ലാത്തപക്ഷം അക്കാലത്തെ റോമാസിംഹാസനത്തിന്റെയും അതിലെഴുന്നള്ളിയിരുന്ന പാപ്പാമാരുടേയും ചരിത്രങ്ങൾ ആൎക്കും സംഭാഷണവിഷയമാകത്തക്കവിധവും പ്രചരിപ്പിക്കപ്പെടുവാൻ സാദ്ധ്യതയുള്ള ചില പുതുമകളോടുംകൂടി ഉള്ളതായിരുന്നതിനാൽ ആ പാപ്പാമാരെക്കുറിച്ചു കേട്ടിട്ടുള്ള വാൎത്തകളിൽ ചിലത് വെനീസ്സുകാരനോടു പറഞ്ഞിരിക്കാം. വെനീസുകാരന്റെ സഞ്ചാരകാലത്തെ റോമാസിംഹാസനചരിതം വൈമനസ്യത്തോടു കൂടിയെങ്കിലും വളരെ സംക്ഷിപ്തമായി രേഖപ്പെടുത്തിക്കൊള്ളട്ടെ.

എവിടെയെല്ലാമെത്തിച്ചേരുന്നതിനു അക്കാലത്തെ യാത്രാസൗകര്യവും സഞ്ചാരകൗതുകവും വ്യാപാരരംഗനിരീക്ഷണവും ബന്ധവും സൗകര്യം നൽകിയിട്ടുണ്ടോ അവിടെയെല്ലാം കേൾവി വ്യാപിക്കത്തക്കവണ്ണം വിചിത്രചരിത്രങ്ങളേന്തി നിലനിന്ന റോമാസിംഹാസനചരിത്രം മലബാർ തീരങ്ങളിലുമെത്തിച്ചേരുക സഹജമാണല്ലോ. ഒന്നല്ല, രണ്ടല്ല, മൂന്നു പാപ്പാമാരുടെ ഏകസമയത്തുള്ള ഭരണവും, അവൎക്കും പുറമേ പാപ്പാമാൎക്കുപരിയായി ഭരണചക്രം തിരിച്ചുകൊണ്ടിരുന്ന കൗൺസിൽ ഭരണവും, ഇങ്ങനെ പാശ്ചാത്യരാജ്യത്തു നടമാടിക്കൊണ്ടിരുന്ന സഭാ ഗതിവിഗതികൾ ലോകത്തിലെവിടെയും വ്യാപിച്ചു. മലബാർ ക്രിസ്ത്യാനികളും അറിഞ്ഞു. വെനീസ്സുകാരൻ മലങ്കരയെത്തിയപ്പോൾ റോമിലെ അന്ധകാരാവൃതമായിരുന്ന അവസ്ഥ അൽപ്പമൊന്നു മാറി റോമിൽ മാത്രം ഒരു പാപ്പായിരുന്ന് സഭാഭരണം നട

www.malankaralibrary.com



ത്തുകയാണെന്നുള്ള വിവരവും കേരളീയ ക്രിസ്ത്യാനികൾ ഗ്രഹിച്ചുകഴിഞ്ഞു. ഈ വസ്തുത വെനീസ്സുകാരനോടു പറഞ്ഞിരിക്കാം. ഒരേ കാലത്തു മൂന്നു പാപ്പാമാർ ഭരണം നടത്തിയതും അതു മാറി റോമിൽ മാത്രം പാപ്പാ വാണതും എങ്ങനെയെന്ന് ചുരുക്കമായിട്ടെങ്കിലും അറിയുന്നതു രസാവഹംതന്നെ.

1389-ൽ വാഴിക്കപ്പെട്ട റോമിലെ പാപ്പാ 1404ൽ ഇഹലോകത്തോടു യാത്രപറഞ്ഞു. 15-ാം നൂററാണ്ടിലെ ഒന്നാമത്തെ പാപ്പായായിരുന്ന ഇദ്ദേഹം. ബോനിഫസ് 9-ാമൻ (Boniface IX) എന്നാണ് ചരിത്രത്തിൽ അറിയപ്പെടുക. "The crooked days of Boniface IX" ബോനിഫസ് ഒൻപതാമൻെറ കുടിലതയുടെ നാളുകൾ എന്ന ഈ പാപ്പായുടെ ഭരണകാലത്തെകുറിച്ച് റോമൻസഭാംഗമായ ചരിത്രകാരൻ അഭിപ്രായപ്പെട്ടിട്ടുണ്ടെന്നറിയുമ്പോൾ ആ പാപ്പായുടെ മാഹാത്മ്യത്തെ കൂടുതലായി ഞാൻ വിശദീകരിക്കേണ്ടതില്ലല്ലോ. ഈ വന്ദ്യദേഹത്തിൻെറ ഭരണകാലചെയ്തികളിൽ സർവ്വപ്രധാനമായ ഒന്ന് പാപമോചനചീട്ടിൻെറ വർദ്ധനവും കച്ചവടവും ആണ്. അനേകായിരം പാപമോചനചീട്ടുകൾ തയാറാക്കപ്പെട്ടു. അവ പണവ്യാപാരികളായ ബാങ്കുകാരെ ഏല്പിക്കും. കമ്മീഷൻവ്യവസ്ഥയിൽ ചീട്ടുകളുടെ വിൽപനാഭാരം ബാങ്കുകാർ സ്വീകരിക്കും. വിൽപനനടത്തിയ തങ്ങളുടെ ഓഹരിയെടുത്തുകൊണ്ടു ബാക്കി സംഖ്യ പാപ്പായെ ഏല്പിക്കണം. ഇതാണ് പാപമോചനചീട്ടിൻെറ ക്രയവിക്രയപദ്ധതി. തെററുകളെക്കുറി

www.malankaralibrary.com



ച്ചുള്ള അനുതാപമോ പശ്ചാത്താപമോ, തെററുകൾ ആവത്തിക്കാതെ ജീവിക്കുന്നതിനുള്ള സന്നദ്ധതയോ പ്രതിജ്ഞയോ കുമ്പസാരമോ ഏററുപറച്ചിലോ ഇവയൊന്നുംതന്നെ പാപമോചനം പ്രാപിക്കുന്നതിനാവശ്യമില്ല. കൈയിൽ പണമുണ്ടോ, ഉണ്ടെങ്കിൽ അതു മണിയോർഡർചെയ്യണം. അയക്കുന്ന തുകയ്ക്കു എത്രപാപങ്ങൾ മോചിക്കപ്പെട്ടുവെന്ന് സാധിക്കുമോ എന്നു കണക്കു കൂട്ടി അത്രയുംപാപങ്ങളുടെ മോചനചീട്ട് അടുത്ത ദിവസത്തെ തപാൽ, പണക്കാരൻെറ വീട്ടിൽ എത്തിക്കും. ധനമാർജ്ജിക്കുവാൻ ബോനിഫസ് ഒൻപതാമൻ തൻെറ "കുടിലതയുടെ നാളുകളിൽ" ഏററവും സജീവമായി പ്രവത്തിച്ചുകൊണ്ടിരുന്നതു് ഈ ഒരു കച്ചവടം മാത്രമാണ്.

1404-ൽ ഇദ്ദേഹത്തെ, പിന്തുടൎന്ന് സിംഹാസനസ്ഥനായ അഭിവന്ദ്യദേഹമാണ് ഇന്നസെൻറ് ഏഴാമൻ. (Innocent VII) ചുരുങ്ങിയതും കലക്കം നിറഞ്ഞതുമായ ഭരണം രണ്ടുവർഷത്തേക്കു മാത്രം നടത്തി ഗ്രീഗറി പന്ത്രണ്ടാമനെന്ന പിൻതുടർച്ചക്കാരന് സിംഹാസനമൊഴിഞ്ഞുകൊടുത്ത് അദ്ദേഹവും തിരോധാനം ചെയ്തു. റോമിൽ ഇവരെല്ലാം ഭരണം നടത്തുന്ന കാലത്തു ബെനഡിക്ട് പതിമൂന്നാമനെന്നൊരു ദേഹം പാപ്പാസ്ഥാനംതന്നെ വഹിച്ചുകൊണ്ട് ഫ്രാൻസിലെ അവിഞ്ഞോൻ പട്ടണത്തിലും വിരാജിക്കുന്നുണ്ട്. ഏക സമയത്തു രണ്ടു പാപ്പാമാരും ഇരുവരുടേയും മത്സരവും മൂലം പാശ്ചാത്യരാജ്യങ്ങളിലെ ക്രൈസ്തവാന്തരീക്ഷം അതിമലിനമാക്കപ്പെട്ടതിനാൽ ഈ അവസ്ഥക്കൊരു

www.malankaralibrary.com



വ്യത്യാസം വരുത്തി ആപത്തിൽനിന്നും സഭയെ രക്ഷിച്ചു് അഴിമതികളെ ഉന്മൂലനം ചെയ്തു് ശാശ്വതമായ സമാധാനം സംജാതമാക്കുവാൻ അതിയായ ആഗ്രഹം പാശ്ചാത്യ രാജ്യങ്ങളിൽ ഉടനീളം പ്രകടിതമായി തുടങ്ങിയിട്ടു് ഇതിനകം വർഷങ്ങൾ പലതും കഴിഞ്ഞിരുന്നു. ഈ ചിന്താഗതിയുടെ പ്രത്യാഘാതഫലമായി ചില വ്യവസ്ഥകളോടുകൂടിയാണു് ഗ്രീഗറി പന്ത്രണ്ടാമനെ പാപ്പായായി തിരഞ്ഞെടുത്തു വാഴിച്ചതു്. എഴുപതു വയസ്സു കഴിഞ്ഞിരുന്ന ഈ പാപ്പാ യാഥാർത്ഥ സന്യാസ ജീവിതം നയിച്ച ഒരു ഭക്തനാകയാൽ ലൌകീക വ്യാമോഹങ്ങൾക്കധീനനായി തന്നിൽ നിക്ഷിപ്തമായ അത്യുന്നതസ്ഥാനം ദുഷിപ്പിക്കയില്ലെന്നു് ഈ ദേഹത്തെക്കുറിച്ചൊരു പ്രതീക്ഷയും സാധാരണ ജനങ്ങൾക്കുണ്ടായിരുന്നു. അവിഞ്ഞോൻ പിന്തുടർച്ചയിലുള്ള ബെനഡിക്റ്റ് സഭയുടെ നന്മയെ കരുതി പാപ്പാസ്ഥാനത്തുനിന്നും ഇറങ്ങിക്കൊടുക്കുന്നതിനു് സന്നദ്ധത പ്രകടിപ്പിക്കുന്ന പക്ഷം ഗ്രീഗറി പാപ്പായും സ്ഥാനം രാജിവച്ചു് ഒഴിഞ്ഞുകൊടുക്കണമെന്നുള്ളതായിരുന്നു വ്യവസ്ഥകളിൽ ഒന്നു്. ഗ്രീഗറി പന്ത്രണ്ടാമൻ സ്ഥാനം പ്രാപിച്ചു് അൽപ്പനാളുകൾക്കകം ബെനഡിക്റ്റ് പതിമൂന്നാൻ പാപ്പായുമായി ഒരു വട്ടമേശ സമ്മേളനം നടത്തുന്നതിനുള്ള പരിശ്രമം 1407 ഏപ്രിൽമാസം 20-ാം തീയതി ഇരുപക്ഷീയരുടേയും പ്രതിനിധികൾ ഒപ്പുവച്ച മാഴ്സെയിൽസ്സു സന്ധിമൂലം വിജയമടഞ്ഞു. സന്ദർശനസ്ഥലം സവോന— (Savona) എന്നും തീരുമാനിക്കപ്പെട്ടു. ഇരു പാ

www.malankaralibrary.com



പ്പാമാരും സമ്മതിച്ച ഒരു വ്യവസ്ഥയാണിതു്. എന്നാൽ മാഴ്സെയിത്സ് സന്ധിക്കുശേഷം റോമിലും അവിഞ്ഞോനിലും നടന്ന അണിയറശ്രമങ്ങൾ സമാധാനസ്ഥാപനത്തിന്റെ സാദ്ധ്യത ഇല്ലായ്മ ചെയ്യുക തന്നെ ചെയ്തു. എങ്ങിനെയെന്നു കാണുക. ബെനിഡിക്റ്റ് പതിമൂന്നാമൻ പാപ്പാ അവിഞ്ഞോനിലെ അന്തഃപുരത്തിലിരുന്നുകൊണ്ടു് ഒരുനീണ്ട പട്ടിക തയാറാക്കി. ഗ്രീഗറി പന്ത്രണ്ടാമൻ—റോമിലെ പാപ്പാ—രാജിവെച്ചൊഴിയുമ്പോൾ താനും രാജി കൊടുത്തൊഴിയണമെന്നു് ആവശ്യപ്പെട്ടവരുടെ പേരുവിവരം ഉൾപ്പെടുത്തി 'ഭൂമിയിൽ ദൈവത്തിന്റെ പ്രതിപുരുഷൻ.' 'പത്രോസിന്റെ പിന്തുടർച്ചക്കാരൻ' ഭൂമിയിൽ ദൈവം തന്നെ എന്നാദിയായ സ്ഥാനബഹുമാനങ്ങളോടുകൂടി വാഴുന്ന പാപ്പാ രാജിവെക്കണമെന്നൊരു പദ്ധതി ആവിഷ്കരിച്ചതിനുതന്നെ ഒരു മുടക്കു് പ്രഖ്യാപിക്കുകയെന്നുള്ളതാണു് അദ്ദേഹത്തിന്റെ തീർപ്പു്. ആ പട്ടികയിൽ ഫ്രാൻസിലെ രാജാവും ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ടു്. പാപ്പാ ഈ പദ്ധതി മനോരാജ്യത്തിൽ പാകപ്പെടുത്തിക്കൊണ്ടിരിക്കെ അയാൾ സ്വതന്ത്രനായി എങ്ങുമേ ഒളിച്ചോടി പോകാതിരിപ്പാൻ ഫ്രാൻസിലെ രാജാവു് അവിഞ്ഞോൻ കൊട്ടാരത്തിനു ചുററും തന്റെ പടയാളികളാൽ ഒരു കാവൽവലയം ഏർപ്പെടുത്തിക്കൊണ്ടു് റോമിലെ പാപ്പാ ഗ്രീഗൊറിയെ സവോനായിലേക്കു് ആനയിച്ചുകൊണ്ടു വരുവാൻ ദൂതന്മാരെ അയച്ചു. ബെനിഡിക്ടിനേയും ഗ്രിഗൊറിയേയും സവോനായിൽ ഒന്നിച്ചുകൂട്ടി സഭയിലെ കു

www.malankaralibrary.com



ഴപ്പങ്ങൾക്ക് പരിഹാരം വരുത്തണമെന്നുള്ളതായിരുന്നു ഉദ്ദേശം. പക്ഷേ ഫ്രാൻസിലെ രാജാവിൻെറ ദൂതന്മാർ റോമിലെത്തിയപ്പോഴേക്കും നാടകീയമായ ചില പരിവത്തനങ്ങൾ അവിടെ രൂപമെടുത്തു കഴിഞ്ഞിരുന്നു. ഗ്രീഗറിപാപ്പായുടെ ബന്ധുജനങ്ങളും, മിത്രങ്ങളും, ചില സ്ഥാപിതതാല്പര്യക്കാരും അദ്ദേഹത്തെ വലയംചെയ്തു്, "പാപ്പാസ്ഥാനത്തുനിന്നും ഒഴിഞ്ഞുകൊടുക്കരുത്, ബെനിഡിക്ടിനെ കാണ്മാൻ പുറപ്പെടരുത്, പോയാൽ അപായപ്പെടുത്തത്തക്കവണ്ണം കരുതലുകൾ ബെനിഡിക്ടിൻെറയും രാജാവിൻെറയും മററും പക്ഷത്തുനിന്ന് ചെയ്തുകഴിഞ്ഞിട്ടുണ്ടു്, അതിനാൽ വത്തിക്കാൻ വിട്ടു് പുറത്തേക്കിറങ്ങുകപോലും അരുത്" എന്നിങ്ങനെ പലതും ധരിപ്പിച്ചു. അതെല്ലാം അതേപടി വിശ്വസിക്കുകയും അതിനനുസരണമായി മാത്രം പ്രവത്തിക്കുവാൻ തീരുമാനമെടുക്കയും ചെയ്ത പാപ്പാ, തങ്ങളോടൊന്നിച്ചു് സവോനായിലേക്ക് പുറപ്പെടുവാൻ സന്നദ്ധനല്ലായെന്നു് ഗ്രഹിച്ച രാജകീയ ദൂതന്മാർ ഫ്രാൻസിലേക്കു മടങ്ങിപ്പോയി. അവസരം വരുമ്പോൾ മുടക്ക് പ്രഖ്യാപിക്കത്തക്കവണ്ണം കൽപ്പന തയ്യാറാക്കി മുദ്രയും പതിച്ചു് അക്ഷമനായി പാത്തിരുന്ന ബെനിഡിക്ട് പാപ്പായുടെ കാതുകളിൽ ഗ്രീഗറിയുടെ പിന്മാററസംഗതി എത്തിച്ചേന്നു. പെട്ടെന്നു് ബെനിഡിക്ട് അടവൊന്നുമാററി ഒരു ശക്തിയേറിയ പ്രഖ്യാപനം എല്ലാവരേയും കേൾപ്പിച്ചു. "സഭയുടെ നന്മയ്ക്കുവേണ്ടി എന്തും ചെയ്യുവാൻ ഞാൻ സന്നദ്ധൻതന്നെ. അതി

www.malankaralibrary.com



ന്നവേണ്ടിയുള്ള ഏതു ത്യാഗവും നമുക്ക് നിസ്സാരം തന്നെ. മാഴ്സെയിൽസ് കരാറനുസരിച്ചുള്ള വട്ടമേശസമ്മേളനം കഴിയുന്നത്ര വേഗത്തിൽത്തന്നെ നടത്തണം. ഞാൻ അതിനായിട്ടിതാ സവോനായിലേക്ക് യാത്രയായിക്കഴിഞ്ഞു." ആത്മാർത്ഥതയുടെ കണികലവലേശം സ്പർശിച്ചിട്ടില്ലാത്ത ഈവക പ്രഖ്യാപനങ്ങളും, അഭിനയങ്ങളും പലതു നടന്നു. ഫലമോ രണ്ടു പാപ്പാമാരും, രണ്ടു ഭരണക്രൂടങ്ങളും. അതുകൊണ്ടുമായില്ലാ. ഈ രണ്ടു പാപ്പാമാരും സഭയെ ഭരിക്കുന്നതിന് അർഹരല്ലെന്നും, അതിനാൽ സഭാഭരണം നമുക്ക് കൈവശപ്പെടുത്തണമെന്നും ചിലർ ക്രൂടി ആലോചിച്ചു. ഇതിനു തുനിഞ്ഞിറങ്ങിയ വീരന്മാർ അഥവാ ചതിവന്മാർ പോരാ ഒററിക്കൊടുത്തവർ അവിഞ്ഞോൻ പാപ്പായുടെ ആറു കർദ്ദിനാളന്മാരും, റോമിലെ പാപ്പായുടെ എട്ടു കർദ്ദിനാളന്മാരുമാണ്. അവരും കുറെ നാളുകഠം ഭരിച്ചു. വളരെ ചുരുക്കാം. 1409-ാമാണ്ട് വന്നപ്പോഴേക്കും ഇരു പാപ്പാമാർക്കും അനുയായികളൊ അവരെ അനുസരിക്കുന്നവരൊ ഇല്ലാതെയായി. കർദ്ദിനാളന്മാരുടെ ഭരണവും അൽപ്പാൽപ്പമായി പരാജയം ദർശിച്ചുതുടങ്ങി. അന്ത്യമായി കർദ്ദിനാളന്മാർ നേതൃത്വം കൊടുത്തു് ഒരു കൗൺസിൽ സഭാഭരണം ഏറെറടുത്തു. ഈ കൗൺസിൽ ഭരണം 9 വർഷക്കാലത്തേക്കാണു നിലനിന്നതു്. ഇരു പാപ്പാമാരുടേയും പേരിലുള്ള ആരോപണങ്ങളെയും അവരുടെ നടപടികളേയും കൗൺസിൽ ശോധനചെയ്തു് 1409 ജൂൺ 5-ാംതീയതി

www.malankaralibrary.com



ഒരു പ്രഖ്യാപനം പുറപ്പെടുവിച്ചു. "ഗ്രീഗോറി പന്ത്രണ്ടാമനെന്നും, ബെനിഡിക്ട് പതിമൂന്നാമനെന്നും" ഒരിക്കൽ വിളിക്കപ്പെട്ടിരുന്ന ആ രണ്ടുപേരും കുപ്രസിദ്ധ വേദവിപരീതികളും, കള്ളസത്യം ചെയ്തവരുമാണ്. അവർ അക്രമികളും ദുർവൃത്തരുമാണ്. അതിനാൽ അവരെ നീക്കംചെയ്തിട്ട് സഭയെ ഭരിക്കുന്നതിനായി ഞങ്ങൾ ഇതാ മറെറാരു ദേഹത്തെ പാപ്പാസ്ഥാനത്തേക്ക് തിരഞ്ഞെടുത്തു നിയമിക്കുന്നു." ഇപ്രകാരം കർദ്ദിനാൾ സംഘം നിയമിച്ചാക്കിയ പാപ്പായാണ് അലക്സാണ്ടർ അഞ്ചാമൻ. ഒന്നല്ല, രണ്ടല്ല, മൂന്നാണ് പാപ്പാമാർ. 1412 ഏപ്രിൽ മാസത്തിൽ ഒരു സാർവ്വത്രിക സൂന്നഹദോസ് കൂടണമെന്നുള്ള തീരുമാനംകൂടി ചെയ്തു. പിസാ കൗൺസിൽ 1409 ആഗസ്റ്റ്മാസം 7-ാംതീയതി അലക്സാണ്ടർ അഞ്ചാമൻ പാപ്പായുടെ ഉപസംഹാരപ്രസംഗത്തോടും, അപ്പോസ്തോലിക ആശീർവ്വാദത്തോടുംകൂടി പിരിഞ്ഞു. ഈ കൗൺസിലിൽ 24 കർദ്ദിനാളന്മാർ, 4 പാത്രിയർക്കീസന്മാർ, 80 മെത്രാന്മാർ, 102 മെത്രാന്മാരുടെ പ്രതിനിധികൾ, 87 മഠാദ്ധ്യക്ഷന്മാർ, 200 മഠാധിപതികളുടെ പ്രതിപുരുഷന്മാര, അനേകം പണ്ഡിതന്മാർ, സർവ്വകലാശാലാപ്രതിപുരുഷന്മാർ ആദിയായവർ സംബന്ധിച്ചിരുന്നു. റോമാ സഭയുടെ വിദഗ്ദ്ധ വേദശാസ്ത്ര പടുക്കളായ നെററലീസ് അലക്സാണ്ടർ, റെയീനാൾഡ് ബല്ലേർനിനി, ആദിയായവർ ഈ കൗൺസിലിനെ സഭയുടെ ശരിയായ സൂന്നഹദോസായി അംഗീകരിച്ചിട്ടുണ്ട്. അലക്സാ

www.malankaralibrary.com



ണ്ടർ പഞ്ചമൻ പാപ്പായുടെ ആകെക്കൂടിയുള്ള ചെയ്തികൾ ഒരു യുദ്ധം നടത്തിയതും മററു രണ്ടു പാപ്പാമാരെ മുടക്കിയതും മാത്രമാണു്. മറെറാന്നും ചെയ്യുന്നതിനു കഴിയാതെ പ്രായത്തിൻെറ തികവു് അദ്ദേഹത്തെ ലോകത്തിൽനിന്നും യാത്രയാക്കി.

അദ്ദേഹത്തിൻെറ പിന്തുടർച്ചയിൽ—പിസാൻ പിന്തുടർച്ച—വന്നതു ജോൺ ഇരുപത്തിമൂന്നാമൻ പാപ്പായാണു്. തെരഞ്ഞെടുപ്പിൽ താൻ വിജയിയായതു കൈക്കൂലി കൊടുത്തായിരുന്നു എന്നുള്ളതു വെറുമൊരു സാധാരണ സംഭവം മാത്രമാണല്ലോ. രാഷ്ട്രീയമായ കൂട്ടുകെട്ടുകളിൽ വ്യാപൃതനായി ദിനരാത്രങ്ങളെ പിൻതള്ളിയ ഇദ്ദേഹത്തെ കാലാന്തരത്തിൽ അദ്ദേഹത്തിൻെറ ഉററസ്നേഹിതന്മാർപോലും ഉപേക്ഷിച്ചു. കർദ്ദിനാൾ സ്ഥാനത്തേക്കു തന്നാൽ ഉയർത്തപ്പെട്ട ഒരുവൻ തനിക്കഭിമുഖമായി നിന്നുകൊണ്ടു് തൻെറ സ്വഭാവദൂഷ്യങ്ങളേയും, ജീവിത വൈകല്യങ്ങളേയും മററും വിളിച്ചറിയിച്ചതു അത്രപ്രാധാന്യമുള്ള ഒരുകാര്യമായി ഗണിക്കാതിരിക്കുവാൻ തക്കവണ്ണം അത്ര മുരടിച്ച പ്രകൃതവും, നിർജ്ജീവ മനസ്സാക്ഷിയും തനിക്കുണ്ടായിരുന്നതു, താൻ വഹിക്കുന്ന പാപ്പാധിപത്യത്തിൽ ഒട്ടും നവീനമല്ലാത്ത പഴയ പാരമ്പര്യമാണെന്നു് ആ മനുഷ്യൻ ശരിക്കു ധരിച്ചിരുന്നു. ആരെന്തു പറഞ്ഞാലും, സഭയിലെ അഴിമതികൾ ഇല്ലായ്മചെയ്തു സഭയെ പുതുക്കേണ്ടതു ആവശ്യമെന്നു് ആരുതന്നെ അഭിപ്രായപ്രകടനം നടത്തിയാലും, ലഭിച്ചിരിക്കുന്ന സ്ഥാനം തൻെറ സ്വന്ത നന്മയ്ക്കും, സുഖാഭിലാഷനി

www.malankaralibrary.com



ർവ്വഹണത്തിനും മാത്രമായിട്ടുള്ളതാണെന്ന് അനേകം പൂർവ്വീകർ പ്രവർത്തികൊണ്ട് സുസ്ഥാപിതമാക്കിയിട്ടുള്ളതിനെ ആധാരമാക്കി ജീവിക്കുക എന്നു മാത്രമെ ഈ ജോൺ ഇരുപത്തിമൂന്നാമൻ പാപ്പാ കരുതിയുള്ളൂ. രാഷ്ട്രീയാന്തരീക്ഷത്തിലെ കോളിളക്കങ്ങൾ ഏതാണ്ട് ശമിച്ചിരുന്ന ഒരു കാലഘട്ടമായിരുന്നതിനാൽ സഭാകാര്യങ്ങളുടെ ആലോചനാർത്ഥം ഒരു സുന്നഹദോസ് വിളിച്ചുകൂട്ടണമെന്നുള്ള ജർമ്മൻ ചക്രവർത്തിയുടെ അഭിപ്രായത്തോട് ഈ പാപ്പാ അനുകൂലിക്കേണ്ടതായി വന്നതു മാത്രമാണ് ഈ ദേഹത്തിനു പററിയ ഏക അമളി. അതു അദ്ദേഹത്തിൻെറ നാശത്തിൻെറ വഴിതെളിച്ചു. ജർമ്മൻ ചക്രവർത്തി സിജിസ്മൺഡ് സുന്നഹദോസു വിളിച്ചുകൂട്ടി. ലൗകീക അധികാരികൾ സഭാകാര്യങ്ങളിൽ ഇടപെടുന്നതു അമിതമായ വെറുപ്പോടുകൂടി മാത്രം വീക്ഷിക്കുന്ന റോമൻ ചരിത്രകാരന്മാർ—കേരളത്തിലുള്ളവർ—ജർമ്മൻ ചക്രവർത്തി സുന്നഹദോസ് വിളിച്ചുകൂട്ടിയെന്നോ കുഴപ്പങ്ങൾക്കു പരിഹാരം വരുത്തിയെന്നോ, കാണുന്നതു വളരെ നിസ്സാരമായിട്ടായിരിക്കാം ഗണിച്ചിരിക്കുന്നതു്. അവരുടെ ഈവക കുഴപ്പങ്ങൾ ഒന്നും കുഴപ്പങ്ങളല്ല, പരിശുദ്ധ നടപടികളാണ്. മററുള്ളവരുടെ ചിരങ്ങു കാണുവാൻ അവക്കു കഴിയുമ്പോൾ സ്വന്തം കുഷ്ഠരോഗം കാണ്മാൻ അവക്കു ദർശനശക്തിയില്ലായെന്നാണ് അവരുടെ വിചിത്ര കൃതികളിൽനിന്നും നാം ഗ്രഹിക്കേണ്ടതു്. നാലു സുദീർഘ വർഷങ്ങളാണ് ഈ സുന്നഹദോസു നീണ്ടുനിന്നതെന്നറിയുമ്പോൾ തീർമാ

www.malankaralibrary.com



നിക്കപ്പെടേണ്ടിയിരുന്ന വിഷയങ്ങളുടെ ബഹുലതാവും, ഉന്മൂലനം ചെയ്യപ്പെടേണ്ടിയിരുന്ന അഴിമതികളുടെ സംഖ്യാതീതത്വവും വായനക്കാർക്ക് ഊഹിക്കാമല്ലൊ. റോമാ പാപ്പാ, അവിഞ്ഞോൻ പാപ്പാ, പിസാ പാപ്പാ എന്നിവരെയെല്ലാം സിംഹാസനങ്ങളിൽനിന്നു തള്ളിയിറക്കി, പാപ്പാ നാട്യക്കാരുടെ അക്രമങ്ങളിൽനിന്നും, അപഹരണത്തിൽനിന്നും സഭയെ രക്ഷിക്കത്തക്കവണ്ണം ആവിധ പ്രവൎത്തനങ്ങളിൽ വ്യാപൃതരായിരുന്ന സകലരേയും അകലത്താക്കിയിരിക്കുന്നു, എന്ന സദ്വാൎത്ത പട്ടണങ്ങൾതോറും പരസ്യം ചെയ്യുന്നതിനായി കാഹളദൂതന്മാരെ ചക്രവൎത്തി നിയോഗിക്കുകയും, അവരിൽനിന്നു് ശ്രവിച്ച വിശേഷവാൎത്ത സാധാരണ ജനങ്ങളെ ആഹ്ലാദഭരിതരാക്കിത്തീൎത്തതോടൊപ്പം, കൊള്ളക്കാരും, വഞ്ചകരും, ദുർവൃത്തരുമായ കർദ്ദിനാളന്മാരെയും മെത്രാന്മാരെയും ആശങ്കാകുലരും നിഷ്പ്രഭരും ആക്കിത്തീൎക്കയും ചെയ്തു എന്നു റോമൻ ചരിത്രകാരന്മാർ സാക്ഷിപ്പെടുത്തിയിട്ടുണ്ടു്. കോൺസ്റ്റൻസ് സുന്നഹദോസ്—Synod of constance—എന്നു് ചരിത്രത്തിൽ അറിയപ്പെടുന്ന ഈ സംഘത്തിൽ പുരോഹിതഗണത്തിൽ പെട്ടവരും അനുയായികളുമായി സംബന്ധിച്ചിരുന്നവർ പതിനെണ്ണായിരം എന്നാണു് പറയപ്പെട്ടിരിക്കുന്നതു്. അഭ്യാസങ്ങളും, വിനോദപ്രകടനങ്ങളും നടത്തി കൊള്ളയടിക്കുവാൻ ചെന്നുചേൎന്നവരുടെ സംഖ്യ ആയിരത്തിഎഴുനൂറെന്നും, ചുററുപാടിൽ വന്നു് അധിവാസമുറപ്പിച്ച കുലടകളുടെ എണ്ണം അറിയപ്പെട്ടതു് എഴുനൂറെന്നും ചരിത്രത്തിൽ കാണുന്നു.

www.malankaralibrary.com



മൂന്നുപാപ്പാമാരെയും സ്ഥാനഭ്രഷ്ടരാക്കി അവരെ മഹറോൻചൊല്ലിയശേഷം 1417 നവംബർ 14-ാംനു- കോൺസ്റ്റാസ് സുന്നഹദോസ് തിരഞ്ഞെടുത്തു നിയമിച്ചപാപ്പാ മാർട്ടിൻ അഞ്ചാമനെന്ന് അറിയപ്പെട്ടുന്നു. ഇങ്ങിനെ പലയിടങ്ങളിലും പാപ്പാമാരുണ്ടായിരുന്ന അവസ്ഥയിൽനിന്ന് റോമാസഭ രക്ഷപെട്ടെന്നും, വെനീസുകാരൻ കേരളത്തിലെത്തുന്നകാലത്ത് റോമാസഭയ്ക്കു് പാപ്പാ ഒരാൾമാത്രമെ ഉണ്ടായിരുന്നുള്ളു എന്നും ആ പാപ്പാ റോമിൽതന്നെയാണ് അധിവസിക്കുന്നതെന്ന് തങ്ങൾക്കറിയാമെന്നുമാണ് മലങ്കരനസ്രാണികൾ വെനീസുകാരനോട്ട് പറഞ്ഞത്. വെനീസുകാരൻ കേരളം സന്ദർശിച്ചകാലത്തും അതിനുമുമ്പും റോമിലെ പാപ്പാസ്ഥാനം നാനാദിഗന്തങ്ങളിലും മാറ്റൊലികൊള്ളിച്ച പല സംഭവപരമ്പരകളുടേയും നടനരംഗമായി പ്രകീർത്തിതമായിരുന്നു. സാധാരണസംഭവങ്ങൾതന്നെ പ്രചരിക്കുക സാധ്യമാണെങ്കിൽ അസാധാരണവും, ഭയങ്കരവുമായ ചെയ്തികൾക്ക് എത്രമാത്രം വിപുലമായ പ്രചരണമാണ് ലഭിക്കുക. അതാണ് റോമിലെ അനുദിനസംഭവങ്ങൾ. ക്രിസ്തുനാഥന്റെ നാമത്തിൽ, തന്റെ പ്രതിപുരുഷരാണെന്ന് പേർപിടിച്ചുകൊണ്ട് പാപ്പാമാർ കാട്ടിക്കൂട്ടിയ ആ വികൃതിത്തരങ്ങൾ വിശദമായി വർണ്ണിക്കുക എന്നുള്ളതിൽ എനിക്ക് വൈമനസ്യം നന്നേയുണ്ട്. അതിനാൽ ഉദാഹരണത്തിന് മാത്രമായി ഒരു സംഗതി രേഖപ്പെടുത്താം.

1471-മുതൽ 1434വരെ ഭരിച്ചിരുന്ന പാപ്പാ

www.malankaralibrary.com



യാണ് സിക്സ്റ്റസ് നാലാമൻ (Sixtus IV) അദ്ദേഹത്തിന്റെ പൂർവ്വീകരുടെ കാലംമുതല്ക്കു വത്തിക്കാന്റെ പണമിടപാടുകളുടെ ചുമതല വഹിച്ചുവന്നിരുന്നതു ഫ്ളോറൻസ് പട്ടണത്തിലെ മെഡിസി കുടുംബക്കാരായിരുന്നു. ഈ പാപ്പായും ആ നടപടി പിന്തുടന്നു. ഏതാനംനാളുകൾകഴിഞ്ഞപ്പോൾ പാപ്പായുടെ ഒരു അനന്തിരവനായ ഗിറോലിമൊ എന്ന ദേഹത്തിന് മിലാനിലെ ഒരു സ്ഥലവിഭാഗം വാങ്ങികൊടുക്കുന്നതിലേക്കായി ഒരു വലിയസംഖ്യ കടമായികൊടുക്കണമെന്ന് പാപ്പാ മെഡിസി കുടുംബത്തിലെ കാരണവരോട് ആവശ്യപ്പെടുകയുണ്ടായി. പാപ്പായ്ക്കു് കടം കൊടുക്കുന്നതിന് അവർ സന്നദ്ധരാണെങ്കിലും പല കാരണങ്ങളാൽ തങ്ങൾ വെറുത്തിരുന്ന ഗിറോലിമൊ മിലാനിൽ അധിവാസം ഉറപ്പിക്കുന്നതിന് എതിരായിരുന്നതിനാൽ പാപ്പാ ആവശ്യപ്പെട്ടവിധം പണം കൊടുക്കുന്നതിൽ വിമുഖത പ്രദർശിപ്പിച്ചു. തന്റെ ആവശ്യാനുസരണം പ്രവർത്തിക്കാതിരുന്ന മെഡിസി വംശജരോട് കുപിതനായിതീർന്ന പാപ്പാ ഉടനെതന്നെ വത്തിക്കാനുമായുള്ള അവരുടെ പണമിടപാടുകൾ വേർപ്പെടുത്തുകയും പണവ്യാപാരരംഗത്തു അവരുടെ ശത്രുക്കളും എതിരാളികളുമായ പാസ്സീവംശജരെ ഏല്പിക്കുകയും ചെയ്തു. ഇതുമൂലം പാപ്പായോട് മെഡിസിവംശക്കാർക്ക് എന്തെന്നില്ലാത്ത വൈരാഗ്യവും വിദ്വേഷവും ഉളവായി. അതു പ്രകടിപ്പിക്കുന്നതിന് അവർ അവസരംപാർത്തുകൊണ്ടിരിക്കുന്ന വേളയിൽ ഫ്ളോറൻസിസിലെ മെത്രാപ്പോലീത്താ

www.malankaralibrary.com



സ്ഥാനം ഒഴിവു്വരുകയും ആ സ്ഥാനത്തേക്ക് പാപ്പാ യുടെ ഒരു ബന്ധു നിയുക്തനാക്കപ്പെട്ടകയുംചെയ്തു. ഈ നിയമത്തെ മെഡിസികുഡുംബക്കാർ എതിർത്തു: പാപ്പായുടെ അഭീഷ്ടം സാധിതമായില്ലാ. പക്ഷേ പാപ്പാ ഒരു തീരുമാനത്തിലെത്തി. ശ്രേഷ്ഠതയേറിയ പൌരോഹിത്യത്തിൻെറ അത്യുന്നതപദവിയിലിരിക്കുന്നവക്ക് ഏററവും അനുയോജ്യമായ ഒരു പരിശുദ്ധതീരുമാനം! തന്നോടു് എതൃത്ത മെഡിസിഗോത്രം ഇനിയും ഭൂമുഖത്തു അവശേഷിക്കരുതു് ആവൂ! ആ തീരുമാനം എത്ര പരിപാവനം. ഈ വിധിതീർപ്പിന് എതിരില്ലാ. പീലാത്തോസ് എഴുതിയതു എഴുതി. മാററമില്ല. ആ വിധിനടത്തിപ്പിൻെറ ചുമതല തൻെറ അനന്തിരവൻ ഗിറോലിമാ, പുതിയബാങ്കുകാർ പാസ്സിക്കൂട്ടർ, പിസായിലെ അത്യുന്നതമെത്രാപ്പോലീത്താ എന്നിവരെ അദ്ദേഹം ഭരമേല്പിച്ചു് അനുഗ്രഹിച്ചു. അവരോ തങ്ങൾ അജ്ഞാപിക്കപ്പെട്ടതു് അക്ഷരംപ്രതി പരിപാലിക്കാൻ ഉടനെതന്നെ ഒന്നിച്ചുകൂടി ആലോചിച്ചു. മെഡിസിവംശജരിൽ പ്രധാനികളായവരെ ഒന്നാമതായി കൊല്ലുക. പിന്നാലെ മററുള്ളവരെയും. ഇതാണ് പാപ്പാ കൽപനപ്രകാരം അവർ രൂപീകരിച്ച പദ്ധതി. ഇതു് പ്രയോഗത്തിൽ വരുത്തിയതെങ്ങിനെയെന്നു കാണുക. 1478 ഏപ്രിൽമാസം 28–ാംനു ഒരു ഞായറാഴ്ചയായിരുന്നു. ഗൂഢാലോചനാസംഘത്തിലെ പ്രധാനികളിലൊരുവനായ ഗിറോലിമോയുടെ അനന്തിരവൻ ഒരു 17 വയസുകാരൻ—ആയിട കർദ്ദീനാളായി ഉയർത്തപ്പെട്ടവൻ—

www.malankaralibrary.com



മെഡിസിവീട്ടുകാരുടെ അതിഥിയായി അവരുടെഭവനത്തിൽ നേരത്തെ ചെന്നുചേൻു. ആ ഞായറാഴ്ച (28-ാംതീയതി) താൻതന്നെ അവരുടെ കുഡുംബദേവാലയത്തിൽ തിരുബലിഅർപ്പിക്കുന്നതാണെന്നും എല്ലാവരും ദേവാലയത്തിൽഎത്തി ആരാധനയിൽ സംബന്ധിച്ച് അനുഗ്രഹീതരായി മടങ്ങണമെന്നും ഈ പരിശുദ്ധകർദ്ദിനാൾബാലൻ ഘോഷിച്ചു. അഥവാ ആജ്ഞാപിച്ചതുമായിരിക്കാം. വി:ബലിയുടെ അർപ്പണം ആരംഭിച്ചു. സന്നിഹിതരായിരുന്നവരെല്ലാം ഭക്തിപുരസ്സരം ധ്യാനനിരതരായി ആരാധനയിൽ സംബന്ധിച്ച് നിലകൊണ്ടു. നിമിഷങ്ങൾചിലതുകഴിഞ്ഞു. കാർമ്മികനായ കർദ്ദിനാൾ ശ്രേഷ്ഠൻെറ തൃക്കൈകളിൽ ഓസ്തിയപ്പം മുകളിലേക്കുയൻു. വി:ത്രോണോസിൽ എഴുന്നെള്ളിയ മിശിഹാരാജാവ്. തൻെറ ആട്ടിൻകൂട്ടത്തിലെ അരുമകുഞ്ഞുങ്ങൾ തന്നെ ഹൃദയംഗമമായി ആരാധിച്ച് നിലകൊള്ളുന്നോരുസമയം. ഇതാ ഒരടയാളം ശുദ്ധതകളുടെ ശുദ്ധിസ്ഥലത്തുനിന്നും. അതും ഒരു പുരോഹിതൻെറതു്. ചുംബനംകൊണ്ടു് ഗുരുനാഥനെ ഒററികൊടുത്തതു കൂടെതന്നെ നടന്ന യൂദയല്ലേ? അയാളുടെ സന്താനപരമ്പര അന്നും ഇന്നും ഇനിയും എന്നും നിലനില്ക്കുകതന്നെ ചെയ്യും. മെഡിസിപുരുഷന്മാരെ പരിശുദ്ധദേവാലയത്തിൽവച്ച് വധിക്കുന്നതിനും, അങ്ങിനെ ദേവാലയത്തെ ഒരു കൊലക്കളമായി രൂപഭേദപ്പെടുത്തുന്നതിനും, തങ്കക്കാശിൻെറ മേനിപ്പകിട്ടിൽ ആകൃഷ്ടനായി കരാറുചെയ്തു് ആയുധമേന്തിവ

www.malankaralibrary.com



ന്നെത്തിയിരുന്ന മോൻററിസക്കൊ—Montesecco—വലത്തുഭാഗത്തെ കള്ളൻ കണക്കെ ആരാധനയിലുള്ള സംബന്ധംമൂലം ഒരു മനോപരിവത്തനത്തിന് വിധേയനാകുകയാൽ അടയാളം നൽകപ്പെട്ടിട്ടും ആയുധം കൈകളിലെടുത്തില്ലാ. പക്ഷെ പദ്ധതി പരാജയപ്പെടേണ്ടിവന്നില്ലാ. ശുദ്ധതകളുടെ ആ മഹനീയ സ്ഥലത്തുനിന്നും രണ്ട് പുരോഹിതന്മാർ പുറകോട്ടൊന്നു ചാടി. ഹാ അവരുടെ ആയുധപ്രയോഗനൈപുണ്യം. രക്തച്ചീന്തലിനുള്ള ആ ചാതുര്യം. അവരാണ് യഥാർത്ഥറോമാപുരോഹിതന്മാർ. ഒന്നല്ല രണ്ടല്ലാ വെട്ടുകൾ പന്ത്രണ്ടാണ് കണ്ണിമയ്ക്കുന്നതിനകം അവർ ഫലപ്രദമായിഏല്പിച്ചതു്. ഗിലിയാനോമെഡിസി ലോകത്തോട്ട് യാത്രപറഞ്ഞു. ഇതിനകം രക്ഷപെടുന്നതിന് ശ്രമിച്ച രണ്ടാമൻ ലോറൻസോമെഡിസിയ്ക്കു മറെറാരുപുരോഹിതനിൽനിന്നും ഒരുവെട്ടുമാത്രമെ ലഭിച്ചുള്ളു. എങ്ങിനയോ ആ മനുഷ്യൻ രക്ഷപെട്ടു. "പാസ്സിഗ്രൂഢാലോചന" എന്നു് ചരിത്രത്തിൽ പേർപ്പെററ ഈ അതിനിഷ്ഠൂര സംഭവത്തിൻെറ പ്രത്യാഘാതം ഫ്ലോറൻസിലെ ജനങ്ങളുടെ പ്രതികാരേച്ഛയുടെ ഉജ്ജ്വലനവും, ആ സംരംഭത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നു് സംശയിക്കപ്പെട്ട അനേകരുടെ ദാരുണ വധങ്ങളുമാണ്. പാപ്പാ ആരെന്നും, റോം എന്തെന്നും, റോമിലെ ചെയ്തികൾ എങ്ങിനെയുള്ളതെന്നും ഈ സംഭവം സ്വയം വിശദീകരിക്കുന്നു. ഞാൻ അതിനു തുനിയേണ്ടല്ലൊ.

In Rome itself the habit of war and the

www.malankaralibrary.com



sudden new insistance on the national aspects of the papal office had given new life to the old habits of riot and feud and had indeed revived a barbarous past. The Cardinal's palaces were now strong holds where each lived surrounded by his own guards, Centers of bloody tumult only too often, sanctuaries for bravoes and assasins."[1]

—റോമിൽതന്നെ യുദ്ധപ്രകൃതവും പാപ്പാധിപത്യം നൽകുന്ന ഭൗമീക നേട്ടങ്ങളുടെ പ്രചോദനവും ആ പഴയ അപരിഷ്കൃതാവസ്ഥയെ പുനരുദ്ധാരണം ചെയ്യത്തക്കവിധം ലഹളകളും കലാപങ്ങളും ഉദയം ചെയ്തു. കർദ്ദിനാളന്മാരുടെ കൊട്ടാരങ്ങൾ അവരുടെ ചുററിലും അണിനിരന്നിരുന്ന കാവൽഭടന്മാരാൽ സുരക്ഷിത കേന്ദ്രങ്ങളാക്കിത്തീർക്കുകയും, ഘാതകന്മാരുടേയും കൊലപാതകികളുടേയും പുണ്യക്ഷേത്രങ്ങളായിത്തീരുകയും ചെയ്തു:—ഈവിധ വാർത്തകൾ എങ്ങിനെ പ്രചരിക്കാതിരിക്കും. അറിയപ്പെടാതിരിക്കും. പാപ്പാ സിക്സ്റ്റസ് നാലാമൻ നിര്യാതനായി. പതിന്നാലു ദിവസങ്ങളിലേക്കു നീണ്ടുനിന്ന കൊലയും കൊള്ളിവയ്പും അപഹരണവുമാണ് അനന്തര അനുഭവം. ഒരു കർദ്ദിനാളുപോലും സംബന്ധിക്കാത്ത ഒരു ശവസംസ്കാരമാണ് ആ മനുഷ്യനു സിദ്ധിച്ചതു്. പോരാ, ജനതയുടെ വെറുപ്പും ശാപവും നിന്ദയും ആ മഹാനെ ശവകുടീരത്തിലേക്ക് അദൃശ്യമായി അനുധാവനം ചെയ്യുകയുമുണ്ടായി.

www.malankaralibrary.com



"'Sixtes was followed to the tomb by the undisguised hatred and execrations of his people."[2]

അടുത്ത പാപ്പായെ തിരഞ്ഞെടുക്കണമല്ലൊ. ആ പരിശുദ്ധമേറിയ ചുമതല നിവ്വഹിക്കുന്നതിന് കർദ്ദിനാളന്മാരുടെ തിരുസംഘം സമ്മേളിച്ചു. കൂടിയിരുന്ന് ആലോചിച്ചവർ എങ്ങിനെയുള്ളവരായിരുന്നാലും അവിടെ നടന്നതും അവർ നടത്തിയതും തങ്കക്കാശിന്റെ കൈമാററവും അതിന്റെ എണ്ണലും പേച്ചലും ആയിരുന്നു. "It was a conclave in which bribery played a great part."[3] —കൈക്കൂലി മികച്ച മേധാവിത്വം പുലത്തിയ ഒരു സംഘമായിരുന്നു അതു്—കൂടുതൽ പണം ചിലവഴിക്കാൻ പ്രാപ്തനായിരുന്നയാൾ 1484 ആഗസ്റ്റ്മാസം 28-ാം തീയതി ഇന്നസൻറ് എട്ടാമൻ എന്ന പേരിൽ പാപ്പാ സിംഹാസനത്തെ പ്രാപിച്ചു. ഇദ്ദേഹത്തിന്റെ പക്കലുമുണ്ട് കേൾവിപരത്താൻ ചിലതെല്ലാം. നാട്ടുനീളെ പ്രചരിക്കുവാൻ.

വത്തിക്കാനിലെ വിവാഹോത്സവങ്ങളാണ് ഇതിൽ പ്രാധാന്യം അർഹിക്കുന്ന ഒന്ന്. ഇന്നസൻറ് പാപ്പായെക്കുറിച്ചുള്ള പലതും വിട്ടുകളയാനെ നിവത്തിയുള്ളു എങ്കിലും വിവാഹകായ്യവും മററും അങ്ങിനെ പാടെ ഉപേക്ഷിച്ചുകളയാവുന്ന ഗണത്തിലുള്ളവയല്ല. നേപ്പിൾസിലെ വൈസ്രോയിയുടെ മകനായി ജനിച്ചു് രാജകീയ സുഖാനുഭവക്കാരനായി വളന്നുവന്ന സീബൊ—ഇതായിരുന്നു പേർ—സൗന്ദയ്യത്തിലും

www.malankaralibrary.com



ആരോഗ്യത്തിലും സാധാരണ ജനങ്ങളെ മുന്നേറിയിരുന്നതിനാൽ അവയോട്ട് അനുബന്ധിതമായി പലതും പരിചയിച്ചും വച്ചുപുലർത്തി സംരക്ഷിച്ചും യൗവ്വനകാലം പിൻതള്ളി. ഒരു മകനും മകളും സന്താനങ്ങളായി ശോഭിച്ചിരുന്ന ഒരു കുഡുംബത്തിൻെറ സംരക്ഷണ ചുമതലയും അദ്ദേഹത്തിനുണ്ടായിരുന്നു. ഈ സന്താനങ്ങളെയെല്ലാം ആ അവകാശവഴിയിൽ പ്രദർശിപ്പിക്കുന്നതിനും പൈതൃക വാത്സല്യാനുഭവക്കാരാക്കുന്നതിനും ഈ ഇന്നസൻറ് പാപ്പാ വിമുഖത കാണിച്ചില്ല. തനിക്കുമുൻപ് ജീവിച്ചിരുന്ന പാപ്പാമാരിൽ ഭാര്യാ, പുത്രാ, പുത്രീ, സമ്പത്തുണ്ടായിരുന്നവരിൽനിന്ന് ഈ പാപ്പാ ഒരു വ്യത്യസ്ഥത വരുത്തിയതു പ്രത്യേകം പ്രസ്താവ്യമാണ്. തൻെറ പൂർവ്വീകരിൽ ഒരുത്തരുംതന്നെ തങ്ങളുടെ ഭാര്യമാരെയോ മക്കളെയോ അത്ര പരസ്യമായി പ്രദർശിപ്പിക്കാറില്ലായിരുന്നു. അവരെപ്പോലെ ഗൃഹസ്വാമിനിയേയും മക്കളേയും ഒളിച്ചുവെക്കുവാനോ അവരുമായുള്ള ബന്ധത്തെ രഹസ്യമായി സൂക്ഷിക്കുന്നതിന് ആഗ്രഹിക്കുകയോ ചെയ്യാതെ അവരെ എല്ലാം പ്രദർശിപ്പിക്കുന്നതിനു ഈ പാപ്പാ സന്നദ്ധനും പ്രാപ്തനുമായിരുന്നു. എൻെറ ഈ പ്രസ്താവന സാധൂകരിക്കുന്നതിനു ആവശ്യമായ സാക്ഷിത്തെളിവ് ഒരു റോമൻ സഭാംഗംതന്നെ നൽകട്ടെ. "He was the first of the Popes to make a show of sons and daughters the first who openly arranged marriages for them, the first to keep up weddings in his own palace".[4] —പുത്രന്മാരെയും, പുത്രികളെയും

www.malankaralibrary.com



പരസ്യമായി പ്രദർശിപ്പിക്കുന്നതിനും, പരസ്യമായി അവക്കു വിവാഹാലോചനകൾ നടത്തുന്നതിനും, വത്തിക്കാൻ കൊട്ടാരത്തിൽവച്ചുതന്നെ ആ വിവാഹോത്സവങ്ങൾ ഘോഷിക്കുന്നതിനും പ്രഥമതഃ മുതിൎന്ന പ്രഥമ പാപ്പാ ഇദ്ദേഹമാണെന്നാണു് മേലുദ്ധരിച്ചതിൽ സ്പഷ്ടമാക്കപ്പെട്ടിരിക്കുന്നതു്.

ശക്തന്മാരായ ആളുകളുടെ കൂട്ടുകെട്ടുമൂലം തന്റെ സ്ഥാനം സുരക്ഷിതമാക്കുന്നതിനു് അക്ഷീണം പരിശ്രമിച്ചുകൊണ്ടിരുന്ന ഈ പാപ്പാ, തന്റെ പൂർവ്വികനാൽ മുടക്കപ്പെട്ടിരുന്ന മെഡിസി വംശജൻ ലോറൻസൊയുടെ മകനായ ഒരു പതിമ്മൂന്നുവയസ്സുകാരൻ പിഞ്ചു ബാലനെ അത്യുന്നത കർദ്ദീനാളായി ഉയൎത്തിയതും, തമ്മിൽ ഇരുപതു വയസ്സിനു വ്യത്യാസമുള്ള തന്റെ പുത്രനെ ലോറൻസോയുടെ മകളുമായി വിവാഹബന്ധത്തിൽ ഏർപ്പെടുത്തിയതും മററും അദ്ദേഹത്തിന്റെ കുഡുംബാഭിവൃദ്ധിക്കു വേണ്ടത്ര സഹായിച്ചിട്ടുള്ള ചെയ്തികളാണു്.

കള്ളപ്രമാണങ്ങളുടെ സൃഷ്ടി ഈ പാപ്പായുടെ ഭരണകാലത്തു വത്തിക്കാൻ അരമനയിലെ ഒരു പ്രത്യേക പ്രവൎത്തനമായിരുന്നു. ഏററവും കൂടിയ വിലയ്ക്കു വാങ്ങുന്നവൎക്കു വിൽപ്പന നടത്തി ധനം ആർജ്ജിച്ചു മക്കളുടെ സാമ്പത്തികസ്ഥിതി കൂടുതലായി ഉയൎത്തുന്നതിനു ചില പുതിയ ഉദ്യോഗങ്ങളും ഇദ്ദേഹം നിൎമ്മിക്കുക ഉണ്ടായിട്ടുണ്ടു്. പാപ്പാ ബൂളാകൾക്കു മുദ്ര അടിക്കുന്ന തൊഴിലിലേക്കു മാത്രമായി അൻപത്തിരണ്ടുപേരെ പുതുതായി നിയമിച്ചതു, നിയമനം ഒന്നു

www.malankaralibrary.com



ക്ക രണ്ടായിരത്തിഅഞ്ഞൂറു ഡ്യൂക്കററസ് വീതം വി ലവച്ചാണ്. ഉദ്യോഗം സ്വീകരിച്ചവക്കോ മുടക്കുസം ഖ്യ തിരികെ ലഭിക്കേണ്ടതാണല്ലൊ. അതിലേക്കുള്ള പദ്ധതി അവരും ആസൂത്രണം ചെയ്തു. ആക്ക്വേ ണ്ടി എഴുതപ്പെട്ടുന്ന ബൂളാകളാണോ, അവ ലഭി ക്കേണ്ടവർ ഭീമമായ സംഖ്യകൾ മുദ്രസൂക്ഷിപ്പുകാര ന്റ കൊട്ടത്തെങ്കിൽ മാത്രമെ അയാൾ മുദ്ര പതിച്ച് ബൂളാകൾ കൊട്ടക്കുകയുള്ളു. കാലാന്തരത്തിൽ കള്ള കൽപ്പനകളുടെ നിമ്മാണവും, മുദ്ര അടിപ്പും തിരുത ക്ലതിയായിത്തന്നെ നടമാടി. ഇതുപോലെ നാടാകെ വാത്ത പരത്താൻ പലതും പ്രവത്തിച്ച പാപ്പാ വെ നീസ്സുകാരൻ കേരളത്തിൽ എത്തുന്നതിനു അല്പമാ സങ്ങൾക്കു മുൻപുമാത്രമാണ് ഇഹലോകവാസം വെടി ഞ്ഞത്. കേരള ക്രൈസ്തവക്ക് പുതുമയേറിയ പലതും അവരെ അറിയിച്ച് കുരുമുളകു മുതലായ കച്ചവടസാ ധനങ്ങളുമേന്തി സ്വദേശത്തു തിരിച്ചെത്തിയപ്പോൾ അന്നത്തെ കപ്പലോട്ടക്കാരും കച്ചവടക്കാരും കണ്ട പാപ്പായുടെ ചെയ്തികളും നാട്ടിലെ വാത്തകളും അട്ട ത്ത പ്രാവശ്യം കേരളത്തിൽ എത്തിയപ്പോൾ കേര ളത്തിലെ ക്രൈസ്തവരോട്ട് പറയുകയുണ്ടായിട്ടുണ്ട്. അങ്ങിനെ വ്യാപാരാത്ഥം വന്നും പോയുമിരുന്ന കപ്പലു കളിലാണല്ലൊ വെനീസുകാരൻ മലയാളക്കരയിൽ എത്തിയതും മടങ്ങിയതും.

വെനീസുകാരൻെറ കേരള സന്ദർശനകാലത്തു റോമിൽ ഭരിച്ചിരുന്ന പാപ്പായും പലതും നാടാകെ പ്രചരിപ്പിച്ചിട്ടുണ്ട്. അൽപ്പം ചിലതുമാത്രം പ്രസ്താ

www.malankaralibrary.com



വിച്ച് ഈ വെനിസുകാരൻെറ തെളിവുംതള്ളിയേക്കാം. പ്രജ്ഞയററിരുന്ന ഒരു 96 വയസ്സുകാരനെക്കൊണ്ട് കൂടി വോട്ടുചെയ്യിച്ചും, അൽപ്പം ചിലരൊഴികെ എല്ലാ പരിശുദ്ധ കർദ്ദിനാളന്മാക്കും ധാരാളം പണംകൊടുത്തും, അവരുടെ ഭാവി നന്മയെ സാരമായി സ്പർശിക്കുന്ന ചില നൂതന സ്ഥാനങ്ങളുടെ വാഗ്ദാനങ്ങൾമൂലം പ്രേരിപ്പിച്ചുമാണ് റോഡ്റിഗൊ ബോർജിയാ എന്ന കർദ്ദിനാൾ പാപ്പാസ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. തെരഞ്ഞെടുപ്പു പൂർത്തിയാകുന്നതിന് മുൻപായി റോമാ പട്ടണത്തിൽതന്നെ 220 പേർ കൊല്ലപ്പെട്ടതും, പാപ്പാ തിരഞ്ഞെടുപ്പും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. കർദ്ദിനാളന്മാർ ഒന്നിച്ചുകൂടി ആലോചന തുടങ്ങിയതിൻെറ അഞ്ചാം ദിവസം അർദ്ധരാത്രിയോടു കൂടിയാണ് ഫലപ്രഖ്യാപനം പുറത്തുകേട്ടത്. താൻ തിരഞ്ഞെടുക്കപ്പെട്ടേക്കും എന്ന് ഏതാണ്ടു ബോദ്ധ്യമായപ്പോഴേക്കും റോഡ്റിഗൊ ബോർജിയാ പാപ്പാ വേഷവിധാനങ്ങൾ അണിഞ്ഞുകഴിഞ്ഞിരുന്നു. "I am Pope, Pontiff and vicar of christ" ഞാൻ പാപ്പാ, പ്രധാന പുരോഹിതശ്രേഷ്ഠൻ, ക്രിസ്തുവിൻെറ വികാരി" എന്ന പ്രസ്താവന ഉച്ചത്തിൽ നൽകിക്കൊണ്ട് ആ പാപ്പാതിരഞ്ഞെടുപ്പ് അദ്ദേഹംതന്നെ അവസാനിപ്പിച്ചു. അലക്സാണ്ടർ ആറാമൻ—Alexander VI—എന്ന് ഈ ദേഹം ചരിത്രത്തിൽ അറിയപ്പെടുന്നു. "Nero among popes"പാപ്പാമാരിൽ നീറൊ "Devil on the chair of St. Peter" പത്രോസിൻെറ കസേരയിലിരുന്ന ചെകുത്താൻ-എന്നാദിയായ വിശേ

www.malankaralibrary.com



ഷനാമങ്ങളും ഇദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്. റോമാ പട്ടണത്തിന് തീ കൊടുപ്പിച്ച് പട്ടണം എരിയുന്നതും, അനേകായിരങ്ങൾ അഗ്നിയുടെ ആളിക്കത്തലിൽ അമരുന്നതും ആഹ്ലാദപൂർവം ആസ്വദിച്ച് വീണവായന നടത്തിയ പരമനിഷ്ഠൂരനും "സ്തന്യപാനം" നൽകി വളർത്തിയ മാതാവിനെ കഠാര കുത്തിയിറക്കി കാലപുരിക്കയച്ച അതിനീചനും, ക്രിസ്ത്യാനികളെ പീഢിപ്പിച്ചിട്ടുള്ളവരിൽ അഗ്രഗണ്യനുമായ നീറൊയുടെ നാമം ഈ മനുഷ്യാധമന് ഭൂഷണമായി നൽകത്തക്കവണ്ണം പാശ്ചാത്യർ തുനിഞ്ഞതുതന്നെ ഈ പാപ്പാ എത്ര നിന്ദ്യനായിരുന്നു എന്ന് തെളിയിക്കുന്നു. കർദ്ദിനാളായി 35 സുദീർഘവർഷങ്ങൾ സഭാകാര്യങ്ങളിൽ ഇടപെട്ടു തഴക്കവും പഴക്കവും സമ്പാദിച്ചിരുന്ന ഈ ബഹുമാന്യ ദേഹം പാപ്പാസ്ഥാനത്ത് അവരോഹിതനായപ്പോൾ വയസ്സ് അറുപതു തികഞ്ഞിരുന്നു. അന്ന് അദ്ദേഹത്തിന്റെ ആദ്യജാതന് വിവാഹനിശ്ചയം കഴിഞ്ഞിരുന്നതേയുള്ളു. രണ്ടാമത്തെപുത്രൻ സീസർപാമ്പലൂനായിലെ മെത്രാനായിരുന്നു. പുത്രരിൽ ഏററവും ഇളയ ആളിന് 12 വയസ്സു തികയുന്നതിന് ചില ദിവസങ്ങൾകൂടി കഴിഞ്ഞാൽ മതിയാകും. പക്ഷേ ആ പന്ത്രണ്ടുകാരന്റെ വിവാഹനിശ്ചയവും കഴിഞ്ഞിരുന്നു. മക്കളുടെ പട്ടികയിൽ പാപ്പായുടെ ഭാര്യ മൂന്നാമതായി പ്രസവിച്ച ആ പെൺപ്രജ്ഞാ–ലുക്രീഷ്യാ–പതിനാലാമത്തെ വയസ്സിൽനിന്നും അൽപ്പമാസങ്ങൾക്കൂടെ മുൻപോട്ടു പോയെങ്കിലും വിവാഹിതയായിട്ടു് വർഷങ്ങൾ ചിലതു കഴിഞ്ഞിരുന്നു.

www.malankaralibrary.com



കർട്ടിനാളിൻെറ മകളായി ജനിച്ച് കർട്ടിനാളിൻെറ മകളായി വിവാഹം കഴിക്കപ്പെട്ട ലൂക്രീഷ്യാക്ക് പിതാവ് പാപ്പായായി കഴിഞ്ഞപ്പോഠം നിലവിലിരുന്ന വിവാഹബന്ധത്തിലൊരു പോരാഴിക തോന്നി, ഭർത്താവിനെ ഉപേക്ഷിച്ച് മറെറാരു വിവാഹത്തിന് ചട്ടവട്ടങ്ങഠം ഇണക്കി. സഖീവൃന്ദത്തോടൊന്നിച്ച് ലാററൻ കൊട്ടാരത്തിൻെറ ഉദ്യാനങ്ങളിലങ്ങനെ ഉല്ലാസപ്രദമായ ജീവിതം തുടൎന്ന ആ സൌന്ദൎയ്യറാണി 1493 ഫെബ്രുവരിമാസം 2-ാം തീയതി നടത്തിയ രണ്ടാം വിവാഹത്തിൽനിന്ന് 1497 ഡിസംബർ 20-ാം തീയതി പാപ്പായുടെ ബൂളാ മുഖേന വിവാഹമോചനം പ്രാപിക്കുകയും മറെറാരു വിവാഹബന്ധത്തിൽ ഏർപ്പെടുകയും ചെയ്തു. ഈ വിവാഹത്തിൽ ലഭിച്ച വരനെ —അൽഫോൻസോയെ—1500 ആഗസ്റ്റിൽ വത്തിക്കാൻ അരമനയിൽവച്ച് കൊല്ലിച്ചെന്നും, നാലുമാസങ്ങഠംക്കുശേഷം മറെറാരു വിവാഹബന്ധത്തിൽ അവഠം ഏർപ്പെട്ടു എന്നും ചരിത്രകാരൻ രേഖപ്പെടുത്തിയിരിക്കുന്നു. ഇവയെല്ലാം വത്തിക്കാൻ അരമനയിലെ രഹസ്യ സംഗതികളുടെ ചില പരസ്യ വിവരങ്ങഠം മാത്രം.

സഭാഭരണത്തിലെ വിക്രിയകഠം ഇതിലും ഭയങ്കരം. രാജ്യവിഭാഗങ്ങഠം സമ്പാദിക്കുക, കൊള്ളയടിക്കുക, തനിക്കും മക്കഠംക്കും ധനമാൎജ്ജിക്കുക എന്നീ വക പ്രവൎത്തികളിൽമാത്രം ഉൽസുകനായിരുന്ന ഈ പാപ്പാ പലരേയും കൂട്ടുപിടിക്കുകയും, പലരോടും യുദ്ധംചെയ്യുകയും ഉണ്ടായിട്ടുണ്ട്. തൻെറ അഭീഷ്ടസി

www.malankaralibrary.com



ഢിയ്ക്കു് ഏതെങ്കിലും മാർഗ്ഗേണ പ്രതികൂലമായി കാണപ്പെട്ട സകലരേയും യമപുരിയ്ക്കു് യാത്രയാക്കുന്നതിൽ ഒട്ടുംതന്നെ അലസത ഇദ്ദേഹം പ്രദർശിപ്പിച്ചിട്ടില്ല. വിഷപ്രയോഗം അനുദിനസംഭവമെന്നല്ല അനുനിമിഷസംഭവങ്ങളുമായി തീന്നിരുന്നു. വെനീസിലെ ഒരു കർദ്ദിനാൾ—വലിയധനവാൻ—പൊട്ടന്നനവെ നിര്യാതനായി. വിഷപ്രയോഗമാണു് അതു സാധ്യമാക്കിയതു്. അയാളുടെ ധനം മുഴുവനും പാപ്പായുടേതുമായി. ഒരുലക്ഷത്തിഇരുപതിനായിരം ഡ്യൂക്കററസ് പ്രതിഫലമായി ലഭിച്ച ഒൻപതുകർദ്ദിനാൾ സൃഷ്ടി, എഴുനൂററിഅറുപതു് ഡ്യൂക്കററസ് വീതം വിലവച്ചുവിററ 80 പുതിയ ഉദ്യോഗങ്ങളുടെ നിർമ്മാണം മുതലായി തങ്കമാജ്ജിക്കുവാൻ പലതും ഈ പാപ്പാ ചെയ്തു. അതിഭയങ്കരങ്ങളായ മററു് അഴിമതികളും അക്രമങ്ങളും ഈ ദേഹത്തിൻേറതും മക്കളുടേതും പ്രത്യേകിച്ചു് മകൾ ലുക്രീഷ്യായുടേതും ഞാൻ വിട്ടുകളയുന്നു. റോമിലേക്കു് ഒന്നെത്തിനോക്കുവാൻ ഒരുവനിടയായാൽ അവൻ അമ്പരന്നു് മൂർച്ഛിച്ചു് നിലംപതിക്കും. അവിടുത്തെ കാഴ്ചകൾ അതിഭയാനകം! ഭീകരം!! ബീഭത്സം!!!

"Rome was kept under a system of terror, so that no one dare to mutter dissatisfaction. The dungeons of St. Angelo and of the Tor di Nona were crowded with prisoners, of whom many found an end by secret violence. Prelates whose wealth made them objects ofsinister

www.malankaralibrary.com



interest to the Pope disappeared and were not again heard of. Dead bodies were found in the streets or were thrown into the Tiber."[5] അതൃപ്തനായിട്ടുള്ള ഒരുവനും അവൻെറ അഭിപ്രായം പ്രകടിപ്പിക്കുവാൻ നിർവാഹമില്ലാത്തവണ്ണം അത്ര ഭയങ്കരമായ ഒരവസ്ഥയാണ് നിലവിലിരുന്നത്. വിസ്തൃതമായ കൊട്ടാരങ്ങളിലും പരിസരങ്ങളിലുമായി അനേകം ഇരുട്ടറകളുണ്ടായിരുന്നതിലെല്ലാം അനേകായിരങ്ങൾ അടയ്ക്കപ്പെട്ടിരുന്നു. ആ വക നിർഭാഗ്യർ മറുലോകത്തിലേക്ക് യാത്രയാകുന്ന പദ്ധതി വളരെ രഹസ്യമായും അതിവിദഗ്ദ്ധമായും നിർവഹിക്കപ്പെട്ടിരുന്നു. ധനാഢ്യരായ കർദ്ദിനാളന്മാരോട് ഈ പാപ്പായ്ക്ക് വർണ്ണനാതീതമായ വാത്സല്യം ഉണ്ടായിരുന്നു. അവരോരോരുത്തരും പെട്ടെന്ന് അപ്രത്യക്ഷരാകും. അവരേക്കുറിച്ച് പിന്നീടൊന്നും കേൾക്കുകപോലുമില്ലാ. ഓരോ സുപ്രഭാതത്തിലും മൃതശരീരങ്ങൾ വത്തിക്കാൻ തെരുവീഥികളിൽ എറിയപ്പെട്ടിരിക്കും. റൈറബർനദിയുടെ ഓളങ്ങൾക്കിടയിലും ഈ വിധം എത്ര എത്ര ആയിരങ്ങളെയാണ് പാപ്പാമാർ കാലപുരിക്കയച്ചിട്ടുള്ളത്? സുപ്രസിദ്ധമായ ക്രൂനൻകുരിശു് സത്യത്തിന് മുൻപും പിൻപും ഇപ്രകാരമുള്ള അനുഭവങ്ങൾ മലങ്കരയിലെ ചില വൈദീകർക്കും—പോരാ മെത്രാന്മാർവരെ—മററും പറങ്കിപട്ടക്കാരിൽനിന്നും മേൽപട്ടക്കാരിൽനിന്നും ലഭിച്ചിട്ടുണ്ട്. മലങ്കരയിൽആവർത്തിച്ച ആ കഠോരരംഗങ്ങൾറോമിൽനിന്നുമുള്ള പകർത്തലുകളാണ്. പോകട്ടെ. പാപ്പാ അല

www.malankaralibrary.com



ക്സാണ്ടർ ആറാമനും യമലോകം പൂകി. എങ്ങിനെ യെന്നു വളരെ ചുരുക്കത്തിൽ കാണുക. വത്തിക്കാൻ കൊട്ടാരത്തിന് സമീപേ അലക്സാണ്ടർ ആറാമനുണ്ടാ യിരുന്ന ഒരു മുന്തിരിതോട്ടത്തിൽ 1503 ആഗസ്റ്റ്മാ സം 12-ാംതീയതി സായാഹ്നം ഒരു പുത്രനോടും ഒരു കർദ്ദിനാളോടും ഒന്നിച്ചിരുന്ന് അദ്ദേഹം ഗൌരവാ വഹമായ ഏതൊ കാര്യങ്ങളെക്കുറിച്ച് ആലോചനനട ത്തുകയാണ്. ഉദ്യാനപാലകരിൽ ഒരുവൻ തങ്കനിർമ്മി തമായ ഒരു വലിയ ഭരണിയും അതിനനുയോജ്യമായ മൂന്നു തങ്കക്കപ്പുകളുമായി പ്രത്യക്ഷപ്പെട്ടു. പാപ്പായുടെ സ്വന്തം മുന്തിരിതോട്ടത്തിലെ നല്ലഇനം മുന്തിരിയി യിൽനിന്നും പ്രത്യേകം തിരഞ്ഞെടുത്ത പഴങ്ങളുടെ ഏററവും അസ്വാദ്യതരമായ വീഞ്ഞാണ് ആ ഭര ണിയിലെ ഉള്ളടക്കം. കപ്പുകളിൽ മൂന്നിലും ഒന്നുപോ ലെ ദ്രാക്ഷാരസം പകന്നു. ആവൂ! മൂന്നുപേരും എ ടുത്ത് അന്യോന്യം ആരോഗ്യം ആശംസിച്ചു. ഒന്നു മുത്തി അൽപം നുകന്നു. കപ്പുകഠം മൂന്നും നിലംപ തിച്ചു. മൂന്നുപേരും പിറകോട്ടേക്കും. ഈ വിധ ത്തിലൊ പാപ്പായുടെ അന്ത്യം? വീഞ്ഞുകലവറക്കാരന് ഒരു പ്രമാദം പററി. ഭരണി എടുത്തതിൽ ഒരു പിശക്. വിഷംകലന്നതും, കലരാത്തതും, എപ്പോ ഴും സംഭരണശാലയിലുണ്ടായിരിക്കണമല്ലോ. പാപ്പാ- ഞാൻ പാപ്പാ, ഞാൻ പ്രധാന പുരോഹിതശ്രേഷ്ഠൻ, ഞാൻ ക്രിസ്തുവിൻെറ വികാരി എന്ന് സ്വയം പ്ര ഖ്യാപിച്ച ആ നീറൊ, അലക്സാണ്ടർ ആറാമൻ ഏ തൊന്ന് തൻെറ നിലനില്പിന് അത്യന്താപേക്ഷിത

www.malankaralibrary.com



മായി ഗണിച്ച് അതിൻെറ പ്രയോഗവും അത്യധികമായി ഫലപ്പെട്ടത്തിയോ, ആ വിഷസംഭരണം തന്നെ അദ്ദേഹത്തെ ഈ ലോകത്തിൽനിന്ന് യാത്രയയച്ചു.

"And it was commonly believed at Rome that the devil by whose aid he had attained the Pafacy, after having long attended on him in the form of an ape, had carried off his forfeit soul."[6]

ചരിത്രാതീതകാലംമുതൽക്കെ കുരുമുളക് തേടി മലബാർ തീരങ്ങളിലെത്തിയ പാശ്ചാത്യർ അതാതുകാലത്തെ നാടോടിവാർത്തകൾ ഭിന്നദേശങ്ങളിലെത്തിക്കുക സഹജമായിരുന്നതിനാൽ 1493–ലെ പാപ്പാകാര്യവും പ്രത്യേകിച്ച് പലവക വിചിത്രചരിതങ്ങളോടുകൂടിയ വാർത്തകൾ കേരളത്തിലെത്തിച്ചതിൽനിന്നും പാപ്പാ റോമിലാണ് പുകഴുന്നതെന്നു തങ്ങൾ കേട്ടിട്ടുണ്ടെന്നു് മാത്രമാണ് വെനീസുകാരനോട് കേരളക്രൈസ്തവർ പറഞ്ഞിട്ടുള്ളതിൽനിന്ന് ഗ്രഹിക്കേണ്ടത്. പാപ്പായെ തങ്ങളുടെ മേലദ്ധ്യക്ഷനായി അവർ അംഗീകരിച്ചിട്ടുണ്ടെന്നു് തെളിയിക്കുന്നതിന് വെനീസുകാരൻെറ യാത്രാവിവരണത്തിലും ഒന്നുമില്ലതന്നെ.

www.malankaralibrary.com

# IX

## മലങ്കരസഭ

## നാലും, അഞ്ചും, ആറും നൂററാണ്ടുകളിൽ.

"പോർട്ടുഗീസ്കാരുടെ കേരളപ്രവേശനത്തിന് അനേക ശതാബ്ദങ്ങൾക്കു മുൻപ് തുടങ്ങി—ക്രിസ്താബ്ദം 325-ൽ നടന്ന നിഖ്യാസുന്നഹദോസിൻെറ കാലം തുടങ്ങി–ഉള്ളതും മുകളിൽ ഉദ്ധരിച്ചതുമായ നിരവധി ചരിത്രരേഖകൾ ചൂണ്ടിക്കാണിക്കുന്നതു പോർട്ടുഗീസുകാരുടെ വരവിന് മുൻപുതന്നെ കേരളത്തിലെ സുറിയാനിക്രിസ്ത്യാനികൾ കത്തോലിക്കവിശ്വാസികളും, മാർപ്പാപ്പായുടെ അധികാരത്തെ സ്വീകരിച്ചിരുന്നവരുമാണെന്നത്രെ"

അസ്വീകാര്യങ്ങളെന്നും കൃത്രിമങ്ങളെന്നും, ഇതിനുപരി തെളിയിച്ചുകഴിഞ്ഞിട്ടുള്ള വാദമുഖങ്ങളെ അടിസ്ഥാനമാക്കി റോമൻസഭാംഗം എത്തിച്ചേർന്ന നിഗമനമാണ് ഞാൻ മേലുദ്ധരിച്ചിരിക്കുന്നത്. 325 വരെ –നിഖ്യാസുന്നഹദോസിൻെറ കാലംവരെ–മലങ്കരസഭ റോമാപാപ്പായുടെ ഭരണത്തിൻകീഴിലായിരുന്നു എന്ന് സമത്ഥിക്കുവാൻ ശ്രമിച്ചില്ലാ, എന്നു കാണുന്നതുതന്നെ ഭാഗ്യം. റോമാസിംഹാസനത്തിന് മലങ്കരസഭയോട്ട് ബന്ധമുണ്ടായിരുന്നു എന്നു തെളിയിക്കുവാൻ, ഇതിനുപരി പ്രതിപാദിക്കപ്പെട്ടിട്ടുള്ള യാതൊരുവസ്തുതയും സഹായിക്കുന്നില്ല. ഇവകൂടാതെ മറെറന്തെങ്കിലും തെളിവുകൾ ഉണ്ടെങ്കിൽ അവ വെളിച്ചത്തുകൊണ്ടുവരുവാൻ ഞാൻ ഒരു വെല്ലുവിളിനടത്തിയിട്ട് വ

www.malankaralibrary.com



ഷങ്ങൾ പലതുകഴിഞ്ഞു. ഇന്നോവരെയും ഒന്നംതന്നെ പുറത്തുവന്നിട്ടില്ല. ഇനിയുമൊട്ട് വരുകയുമില്ലാ. 1599-ൽ ബലപ്രയോഗത്താലും ഭീഷണിയാലും വഞ്ചനയാലും, കോഴയാലും, മലങ്കരസഭയെ റോമാനുകത്തിന്ന് വിധേയമാക്കി അധഃപതിപ്പിച്ചതുവരെയും പാപ്പാമേധാവിത്വം മലങ്കരസഭക്കുണ്ടായിട്ടില്ലെന്ന് ഇതാ വീണ്ടും ഉച്ചൈസ്തരം ഘോഷിക്കുന്നു. ഇതിനുവിപരീതമായി എന്തെങ്കിലും ചൂണ്ടിക്കാണിക്കുന്നതിനുണ്ടെങ്കിൽ ഇപ്പോഴെങ്കിലും ആകട്ടെ.

മലങ്കരസഭയുടെ ചരിത്രം ഒന്നാരാഞ്ഞു നോക്കാം. കേരളസഭാ ചരിത്ര പഠിതാക്കൾക്ക് 345-ലെ പേർഷ്യൻ കുടിയേററം ഒരു പ്രധാന സംഭവമാണ്. ആ വസ്തുതയും റോമാ സഭയുമായി യാതൊരു ബന്ധവുമില്ലെന്ന് ഞാൻ ഇതിനുപരി പ്രതിപാദിച്ചിട്ടുണ്ട്. സന്ദർഭത്തെ ഒന്നുകൂടി വിശദീകരിക്കാം. ക്രൈസ്തവസഭ ആദിമകാലം മുതൽ പേർഷ്യൻ രാജ്യത്തിൽ പ്രചരിച്ചുകൊണ്ടിരുന്നു. ആ രാജ്യത്തിലെ ദേശീയമതമായി ഭരണാധികാരികളാലും മററും അംഗീകരിക്കപ്പെട്ടിരുന്ന മാസ്ഡെയിസം (Mazdaeism) അതിന്റെ ശത്രുസ്ഥാനത്തു ഈ നൂതന മതത്തെ ഗണിച്ചെങ്കിലും ഭരണാധികാരികളുടെ നിഷ്പക്ഷബുദ്ധിയിൽ നീതിന്യായ പരിപാലനവും ഇരുമതങ്ങളും തമ്മിൽ സംഘട്ടനം ഉണ്ടാകാതെ പുലർത്തിക്കൊണ്ടു വന്നിരുന്നു. ആ വിധം കാലം മുൻപോട്ട് പൊയ്ക്കൊണ്ടിരിക്കവെ കുസ്തന്തീനൊ പുരിയിൽ ആസ്ഥാനമുറപ്പിച്ച് ക്രിസ്തുമത പുരോഗമനത്തിനും വളർച്ചക്കുമായി പ്രവർത്തിച്ചുകൊണ്ടിരുന്ന കുസ്തന്തീനോസ് രാജാവിന്റെ

www.malankaralibrary.com



പക്കൽനിന്നും പേർഷ്യൻ രാജാവായ സാപ്പോർ ദ്വിതീയന് ഒരു കത്തുലഭിച്ചു. അതിലെ ഉള്ളടക്കത്തിൽ ഒരു വാചകം ഇപ്രകാരമായിരുന്നു.

"I rejoice to hear that all chief cities of Persia are adorned by the presence of Christians"

പേർഷ്യയിലെ പ്രമുഖ പട്ടണങ്ങളിലെല്ലാം ക്രൈസ്തവരുടെ സാന്നിദ്ധ്യംമൂലം അലംകൃതമാണെന്ന് കേൾക്കുന്നതിൽ ഞാൻ അതീവ സന്തുഷ്ടനാണ്— 333-ാമാണ്ടിടക്കാണ് ഈ കത്തെഴുതിയത്. കത്തുവായിച്ച സാപ്പോർദ്വിതീയൻ രോഷാകുലനായിതീൎന്നു. തന്റെ രാജ്യത്തു് അധിവസിക്കുന്ന ഈ ക്രിസ്ത്യാനികൾ, തന്റെ ശത്രുവും തന്റെ രാജ്യഭാഗങ്ങളിൽ പലതും ആക്രമിച്ചു് അധീനത്തിൽ വെച്ചുകൊണ്ടിരിക്കുന്നവനുമായ റോമാ കൈസരോടു ബന്ധവും വേഴ്ചയും ഉള്ളവരാണല്ലൊ; ഇവരെ നമ്മുടെ രാജ്യത്തു വെച്ചു് പുലത്തുന്നതു് രാജ്യത്തിനും, തനിക്കും വിനാശകരമാണ് എന്നെല്ലാം ചിന്തിച്ചു് ആ വിഭാഗം ജനതയെ കൊന്നൊടുക്കി നാമാവശേഷമാക്കുവാൻ തന്നെ തീരുമാനിച്ചു് അതിനായി ഉടനെതന്നെ ഒരുങ്ങി അതിലേക്കായി ഒരു വിളംബരം ഉടനെതന്നെ പ്രസിദ്ധപ്പെടുത്തി. ദേശീയ മതത്തിന്റെ സംഘടിതശ്രമം ഈ വിളംബരപ്രയോഗത്തിന് സഹായകരവുമായി ഭവിച്ചു. ഏതാണ്ടു് ശാന്തതയിലും സമാധാനത്തിലും വളൎന്നുവന്നിരുന്ന പേർഷ്യൻ ക്രൈസ്തവസഭ ഇങ്ങനെ രാഷ്ട്രീയമായ കാരണങ്ങളാൽ നശിക്കുവാൻ തുടങ്ങി. 340-ൽ പുറപ്പെടുവിക്കപ്പെട്ട രാജകീ

www.malankaralibrary.com



യ ശാസനത്താൽ റോമൻ സാമ്രാജ്യവുമായി പേർഷ്യ നടത്തുന്ന യുദ്ധാവശ്യത്തിലേക്കായി ഒരു നികുതി ഇരട്ടിപ്പടിയായി ക്രിസ്ത്യാനികൾ കൊടുക്കുവാൻ ബാദ്ധ്യസ്ഥരാക്കപ്പെട്ടു. പള്ളികൾ നശിപ്പിക്കപ്പെടുന്നതിനും അവയുടെ സ്വത്തുക്കൾ രാജ്യഭണ്ഡാരങ്ങളിലേക്കു മുതൽ കൂട്ടുന്നതിനും ഉത്തരവായി. ഘോരാ കൂട്ടക്കൊല ആരംഭിച്ചു. 341-ലെ ദുഃഖവെള്ളിയാഴ്ച ഒരു ഭയങ്കര കൂട്ടക്കൊലയുടെ ദിവസമായി അനുഭവപ്പെട്ടു. 342-ൽ പുറപ്പെട്ട മറ്റൊരുത്തരവ്, കാണപ്പെടുന്ന ഏതൊരു ക്രിസ്ത്യാനിയേയും കൊന്നൊടുക്കുവാനുള്ള അവകാശ പ്രഖ്യാപനമായിരുന്നു. ഈ ഭീകര ഭരണം 379-വരെ നീണ്ടുനിന്നു. അതിനകം യാതൊരു വിദേശശക്തികളും പൌരോഹിത്യ മേധാവികളും പേർഷ്യൻ അതിർത്തിയിൽ കാലുകുത്തിയിട്ടുപോലുമില്ല. ഈ കാലഘട്ടത്തിൽ പേർഷ്യയിൽനിന്നും രക്ഷപെട്ടോടിയ ഒരു വിഭാഗം ആളുകളാണ് ഇൻഡ്യയിൽ ക്നായി തോമ്മായോടൊന്നിച്ച് എത്തിച്ചേർന്നത്. ഈ സംഭവം റോമൻ ചക്രവർത്തിയുടെ മതാനുയായികൾ എന്ന നിലയിൽ അനുഭവിക്കേണ്ടിവന്നതെന്നുള്ളതൊഴികെ യാതൊരു വിധ പാശ്ചാത്യപൌരസ്ത്യബന്ധത്തിൽനിന്നും ഉളവായതല്ലാ. ചരിത്രം അതു തെളിയിക്കുന്നുണ്ട്. പിൻകാലത്തു പഴങ്കഥകളും കെട്ടുകഥകളും കൂട്ടിച്ചേർത്ത് ഈ ചരിത്രസംഭവത്തിന് രൂപഭേദം കൊടുത്തിട്ടുള്ളതു ചില നാടോടി ഗ്രന്ഥങ്ങളിൽ കാണുന്നതൊഴികെ അതിനു ചരിത്രത്തിൽ ഒരു പശ്ചാത്തലമില്ലതന്നെ. ഈ സംഭവം വിട്ടിട്ടു പേ

www.malankaralibrary.com



ഷ്യൻ രാജ്യ ചരിത്രം അല്പംകൂടി മുൻപോട്ടു പരിശോധിക്കാം...379 മുതൽ 383 വരെ പേർഷ്യൻ രാജാവായിരുന്നതു അർസാഷീർ (Ardashir II) ദ്വിതീയനായിരുന്നു. അയാളും ക്രിസ്ത്യാനികളെ ആവോളം പീഡിപ്പിച്ചു. അയാളുടെ പിന്തുടർച്ചയിൽ —420 ൽ-പേർഷ്യൻ സിംഹാസനത്തിൽ വന്നതു ബഹറാം അഞ്ചാമനാണ്. (Buharam V) കുസ്തന്തീനൊ പോലീസിലെ സിംഹാസനത്തിൽ ഈ ഘട്ടത്തിൽ വാണതു തേവോദോസിയോസ് രണ്ടാമനാണ്. ഇവർ ഇരുവരും തമ്മിൽ ഒരു ഉടമ്പടി കൈമാററം ചെയ്തു. അതിൻപ്രകാരം തേവോദോസിയോസിൻെറ സാമ്രാജ്യതിർത്തിയ്ക്കുള്ളിൽ ജീവിക്കുന്ന മാസ്‌സയിസ മതക്കാർക്കു മതസ്വാതന്ത്ര്യം നൽകപ്പെടുന്നതാണെന്ന് അദ്ദേഹവും പേർഷ്യൻ രാജ്യാതിർത്തിയ്ക്കുള്ളിൽ അധിവസിക്കുന്ന ക്രിസ്ത്യാനികൾക്കു മതസ്വാതന്ത്ര്യം നൽകികൊള്ളാമെന്ന് ബഹറാം രാജാവും സമ്മതിച്ചു. ഇതു 422-ൽ ആണ്. ഇതനുസരിച്ച് പേർഷ്യൻ ക്രിസ്ത്യാനികൾ പരിപൂർണ്ണമായി പീഡയിൽനിന്നും രക്ഷപെട്ടില്ലെങ്കിലും അൽപ്പമൊരു സ്വസ്ഥതയ്ക്കനുഭവക്കാരായി തീൎന്നു. ഇതിനകം പേർഷ്യയിലെ ക്രിസ്ത്യാനികൾ ആ കാൎയ്യം ശരിയായി മനസ്സിലാക്കി. .അതായതു് പേർഷ്യൻ രാജ്യത്തിൻെറ ശത്രുവായ കോൺസ്റ്റാൻറിനോപ്പിൾ ചക്രവൎത്തിയോടൊ അയാളുടെ സംരക്ഷണയിലായിതീർന്ന പാശ്ചാത്യ ക്രിസ്ത്യൻ ജനവിഭാഗത്തോടോ അതിലെ പൌരോഹിത്യ സ്ഥാനികളോടൊ ബന്ധവും വേഴ്ചയും പുലർത്തുകയെന്നതു

www.malankaralibrary.com



തങ്ങളുടെ നിലനില്പിന് ഒരിക്കലും സഹായകരമല്ലെന്നുള്ളതുതന്നെ അനുഭവത്തിൽനിന്നും ദീർഘകാലത്തെ പരിചയത്തിൽനിന്നും അവർ ഗ്രഹിച്ച ഈ സത്യം പ്രയോഗത്തിൽ വരുത്തുക എന്നുതന്നെ അവർ നിശ്ചയിച്ചുറച്ചു.

424-ൽ പേർഷ്യൻ സഭയിലെ മെത്രാന്മാരുടെ ഒരു സുന്നഹദോസ് "മക്ക്ത്താബാ" (Maktaba as given by Duchsne and Markabta as given by Fortesque) യിൽ സമ്മേളിച്ചു. അതിലെ പ്രധാന തീരുമാനം പാശ്ചാത്യസഭയുമായുള്ള സകലവിധ ബന്ധങ്ങളും ഉപേക്ഷിച്ചിരിക്കുന്നു എന്നാണ്. എന്റെ ഈ പ്രസ്താവനയുടെ സത്യാവസ്ഥ റോമൻ സഭാംഗങ്ങൾതന്നെ സാക്ഷിപ്പെടുത്തട്ടെ. "Thus was cut the bond, a very weak one which from a disciplinary point of view attached the Persian Church to that of the Roman empire and more especialy to the Patriarchal see of Antioch."[2] —റോമൻ സാമ്രാജ്യത്തോടും വിശിഷ്യാ അന്ത്യോക്യാ പാത്രിയർക്കാ ഇടവകയോടും പേർഷ്യൻ സഭയ്ക്കു ഭരണപരമായി ഉണ്ടായിരുന്ന ആ വളരെ നേരിയ ബന്ധം ഇതുമൂലം വിച്ഛേദിക്കപ്പെട്ടു:—

"From 424 we must date the independence of Persia from Edesa and Antioch".[3] —ഏദേസായുടേയും അന്ത്യോക്യായുടേയും ബന്ധത്തിൽനിന്ന് പേർഷ്യാ 424 മുതൽ സ്വതന്ത്രയായതായി നാം കണക്കാക്കേണ്ടിയിരിക്കുന്നു—ഈ തീരുമാനം പേ

www.malankaralibrary.com



ഷ്യൻ സഭയുടെ ചരിത്രത്തിൽ ഒരു നവീന അദ്ധ്യായം ആരംഭിക്കുകയാണ് പാശ്ചാത്യ സഭകളോ, അവയുടെ പാത്രിയർക്കാ സിംഹാസനങ്ങളൊ, അവയിലെ ആളുകളുമായി ബന്ധമോ വേഴ്ചയോ ഇല്ലാത്ത ഒരു സ്വതന്ത്ര സഭയായി പേർഷ്യൻ സഭ തീൎന്നു. ചരിത്രം അല്പംകൂടി പരിശോധിക്കാം. 431-ൽ എഫേസൂസ് സുന്നഹദോസിൽവച്ച് നെസ്തോറിയസ് ശപിക്കപ്പെട്ട് വേദവിപരീതിയായി മുദ്രയടിക്കപ്പെട്ടു. ഈ സംഭവം പേർഷ്യൻ സഭാചരിത്രത്തിൽ അതിപ്രധാനമായ ഒരു പങ്ക് വഹിക്കുന്നുണ്ട്. റോമൻ ചക്രവൎത്തിമാരാലും, ഭരണകൎത്താക്കളാലും പീഡിപ്പിക്കപ്പെട്ടുവാൻ തുടങ്ങിയ നെസ്തോറിയർ, അതിൽനിന്നും രക്ഷപെടുന്നതിനും, തങ്ങളുടെ വിശ്വാസം കാത്തുരക്ഷിച്ച് പുലൎത്തുന്നതിനും റോമൻ സാമ്രാജ്യാതിൎത്തികളിൽനിന്ന് അഭയം തേടി ഇതര സ്ഥലങ്ങളിലേക്ക പ്രയാണംചെയ്ത കൂട്ടത്തിൽ ഒരു വിഭാഗം പേർഷ്യായിലും എത്തിച്ചേൎന്നു. കുസ്തന്തീനൊ പോലീസിൽ അധിവസിക്കുന്ന റോമൻ രാജാവിനേയും, അയാളുടെ ഭരണത്തേയും, മതവിശ്വാസത്തേയും വെറുക്കുന്ന ഒരു കൂട്ടർ എന്നുള്ള വസ്തുത പേർഷ്യൻ ഭരണാധികാരികളുടെ മുൻപിൽ ആനുകൂല്യം ലഭിക്കുന്നതിന് ഇവൎക്ക് മതിയായ കാരണവുമായി. ആ വിധത്തിൽ പേർഷ്യയിൽ നെസ്തോറിയ പക്ഷീയരും അധിവാസമുറപ്പിച്ച് മുമ്പോട്ടുപോകുമ്പോഴാണ് 451-ൽ കൽക്കദോനിയാ സുന്നഹദോസ് നടത്തപ്പെട്ടുന്നത്. കല്ക്കദോനിയാ! ക്രൈസ്തവ സഭാന്തരീക്ഷത്തെ കാർമേഘാ

www.malankaralibrary.com



വൃതമാക്കിത്തീത്ത ഒരു പട്ടാളസംഘമാണതു്. മനസ്സാക്ഷിക്കനുസരണമായി അഭിപ്രായം പറയുന്നതിനോ പ്രവത്തിക്കുന്നതിനോ സ്വാതന്ത്ര്യമില്ലാതെ, അവതരിപ്പിക്കപ്പെടുന്നതിനെല്ലാം അംഗീകരണം നൽകുകമാത്രം ചെയ്യുവാൻ സാഹചര്യങ്ങളാൽ പ്രേരിതരാക്കപ്പെട്ട അംഗങ്ങളോടുകൂടി നടത്തപ്പെട്ട ആ സൂന്നഹദോസ്, വരുത്തിവച്ച നന്മ എന്തുള്ളു എന്നു ചോദിച്ചാൽ ഒന്നുമില്ല; ഭവിഷ്യൽഫലങ്ങൾ ഏവയെന്നു ചോദിച്ചാൽ ക്രൈസ്തവ സഭയുടെ ഭിന്നിപ്പ്, നീണ്ടുനീണ്ടു കിടക്കുന്ന കലഹകോലാഹലങ്ങളുടെ പട്ടിക. കല്ക്കദോൻ! അങ്ങിനെ ഒരു പ്രഹസനം നടന്നു. അഥവാ നടത്തി. നടപടികളെല്ലാം പൂത്തിയായിക്കഴിഞ്ഞപ്പോൾ അവയെല്ലാം രാജ്യത്തിലെ നിയമാവലിയിൽ ഉൾക്കൊള്ളിച്ചു് രാജാവു് വിളംബരവും പ്രസിദ്ധപ്പെടുത്തി. "The decrees of Chalcedon were made the law of the empire, they were enforced by government some times very cruelly".[4] കൽക്കദോനിയായ്ക്കെതിരായി ചിന്തിക്കുകയോ പ്രവത്തിക്കുകയോ ചെയ്യുന്ന ആളുകൾക്കു് മാക്കിയൻ ചക്രവത്തിയുടെ രാജ്യാതിത്തിക്കുള്ളിൽ ജീവിതം സാദ്ധ്യമല്ലാതെവന്നു. കൽക്കദോനിയ വിരുദ്ധകക്ഷികളിൽ അനേകംപേർ കൊല്ലപ്പെട്ടു. അനേകർ നാടുകടത്തപ്പെട്ടു. ഒട്ടധികം നാടുവിട്ടു. പാപ്പാമതക്കാർ മനുഷ്യരെ അവരുടെ പ്രേരണയ്ക്കനുസരണമായി ചിന്തിക്കുന്നതിനോ, ജീവിക്കുന്നതിനോ, പ്രവത്തിക്കുന്നതിനോ അനുവദിച്ചില്ല. തങ്ങളുടെ എ

www.malankaralibrary.com



തിരാളികളായി കാണപ്പെട്ടവരെ ഉപദ്രവിക്കുന്നതി നുപയോഗിച്ച മാർഗ്ഗങ്ങളിൽ ഒന്ന് ഒരു ഉദാഹരണ ത്തിന് ഞാൻ ഇവിടെ വിവരിക്കാം. നമ്മുടെ നമ സ്കാര പുസ്തകങ്ങളിലും തക്സാകളിലും ഇതര മത ഗ്രന്ഥങ്ങളിലും മാബൂഗിലെ മാർ പീലക്സീനോസ് എന്നൊരു വിശുദ്ധ നാമം കാണുന്നുണ്ടല്ലോ. "സി റിയാനാടു പുറപ്പെടുവിച്ചിട്ടുള്ളതിൽ ഏററവും പ ണ്ഡിതന്മാരിലൊരാൾ" എന്ന് ഇദ്ദേഹത്തെക്കുറിച്ചു ബാറെബ്രായ രേഖപ്പെടുത്തിയിട്ടുണ്ട്. 519-ൽ ഈ പീലക്സീനോസിനേയും, വേറെ 58 മെത്രാന്മാരെ യുംകൂടി പാപ്പാമതക്കാർ, കൽക്കദോനിയാ സുന്ന ഹദോസ് നിശ്ചയങ്ങൾ തെററാണെന്നുപദേശിച്ചതി നും പഠിപ്പിച്ചതിനും മററുമായി നാടുകടത്തി. നാ ലു വർഷക്കാലം അവിടവിടെ പാർപ്പിച്ച് പീലക്സീ നോസിനെ പീഡിപ്പിച്ച് മനഃപരിവർത്തനം വരുത്തു വാൻ ശ്രമിച്ചു. സാദ്ധ്യമല്ലാതെ വന്നപ്പോൾ പിന്നീ ട് അവശേഷിക്കുന്ന ഏററവും ഫലപ്രദമായ "പാ പ്പാമാർഗ്ഗം"തന്നെ പ്രയോഗിച്ചു. പീലക്സീനോസി നെ എന്നേക്കുമായി അവസാനിപ്പിച്ചു. ആവൂ! ജ ഗൽപ്രസിദ്ധമായ വത്തിക്കാൻ കുന്നിൻെറ മുകളിൽ വിരാജിക്കുന്ന മഹൽസിംഹാസനമേ! നീ ചിന്തിയ നിഷ്കളങ്ക രക്തം നിൻെറ ചുററിലും അലതല്ലിക്ക ളിക്കുന്ന മദ്ധ്യധരണിക്കടലിൻെറ ജലസമ്പത്തിനേ ക്കാൾ എത്ര ഇരട്ടി കാണും. ഭാരത സഭയുടെ അരുമ കുഞ്ഞുങ്ങളെ വിഷം കൊടുത്തും വറുത്തുപൊരിച്ചും പരലോകത്തിലേക്ക് യാത്രപറഞ്ഞ ആ പഴയ ഗോ

www.malankaralibrary.com



വൻ അട്ടപ്പും ചൂളയും റോമിലെ അനുദിനകൃത്യങ്ങളുടെ ഒരു ചെറുപതിപ്പ് മാത്രമല്ലേ? അഹത്തള്ളായെ കടലിലെറിഞ്ഞ ആ ദാരുണ കൃത്യം നിൻെറ കൈത്താരിലെ ഒരു വിനോദം മാത്രമല്ലേ? പരിശുദ്ധനും പണ്ഡിതനും, മനസ്സാക്ഷിയുടെ പ്രേരണയ്ക്കും ഉത്തമബോദ്ധ്യത്തിനും വേണ്ടി വീറോടെ പോരാടിയവനും ആയ ആ പൗരസ്ത്യമണിദീപം മാബൂഗിലെ ആബൂൽ മാർ പീലക്സീനോസിനെ നീ കൊന്നൊടുക്കിയ വിധം എങ്ങനെയെന്ന് എൻെറ വായനക്കാരെ ഞാൻ ഒന്നനുസ്മരിപ്പിച്ചുകൊള്ളട്ടെ. "Now they shut him up in an upper chamber and made smoke in the room below it and they shut the doors, in this way was he Crowned and he was suffocated by them in the true faith."[5]

അതേ, വാതിലുകൾ ബന്ധിക്കപ്പെട്ട ഒരു മുറിയിൽ അടച്ചിട്ടുകൊണ്ട് പുകച്ച് ശ്വാസം മുട്ടിച്ചു കൊന്നു. 523-ൽ ഗാംഗ്രായിൽ വച്ചു നടത്തിയ ഒരു മതപ്രചരണ തന്ത്രമാണിത്. ഇതവരുടെ ഭയങ്കര പദ്ധതികളിൽ ഒരു സാമ്പിൾ പ്രയോഗം മാത്രം.

കല്ക്കദോനിയാ സുന്നഹദോസിൻെറ നിശ്ചയങ്ങളെ അംഗീകരിക്കാതിരുന്നവർക്ക് റോമ്മാസാമ്രാജ്യത്തിൽ ജീവിക്കുക സാദ്ധ്യമല്ലാതെ വന്നു. ജീവനെ ഭയന്ന് ആ സത്യക്രിസ്ത്യാനികൾ പലടത്തേക്കും പാഞ്ഞു. ആ കൂട്ടത്തിൽ ചിലർ പേർഷ്യയിലും കുടിയേറി പാർത്തു. കുടിയേറിയവർ, തൻെറ ശത്രുവായ കുസ്തന്തീനോപോലീസിലെ ചക്രവർത്തിയുടെ എതിരാ

www.malankaralibrary.com



ളികളാണെന്നുള്ള ബോദ്ധ്യം പേർഷ്യൻ രാജാവിൻെറ കൃപാകടാക്ഷത്തിന്നു അവരെ അർഹരാക്കി. ഇവർക്കുംമത പ്രചരണത്തിനനുവാദം ലഭിച്ചു. അതിൽ അവർ വിജയികളാകുകയും ചെയ്തു.

"Monophysite propaganda was not slow in intervening and it too obtained some notable success"[6]

പേർഷ്യയിൽ ഇതോടുകൂടി മൂന്നു വിഭാഗങ്ങളെ നാം കാണുന്നു.

1) പൂർവികസഭയുടെ സന്താനപരമ്പര.

2) 431–ൽ ബൈസാന്ത്യ ചക്രവർത്തിമാരാൽ പീഢിപ്പിക്കപ്പെട്ട നെസ്തോറിയാ പക്ഷീയർ.

3) 451–മുതൽ പീഢിപ്പിക്കപ്പെട്ട കല്ക്കിദോനിയ എതിർ പക്ഷീയർ.

കല്ക്കദോനിയായെ അംഗീകരിച്ചുള്ള ഒരുവൻ പോലും പേർഷ്യയിലുണ്ടായിരുന്നില്ല. അതിർത്തിപ്രദേശങ്ങളിലായി കാണപ്പെട്ട കല്ക്കദോനിയപക്ഷീയരെ 465–ൽപേർഷ്യൻ രാജാവു നിശ്ശേഷം കൊന്നൊടുക്കുകയും ചെയ്തു. ഇങ്ങനെ പാശ്ചാത്യസഭാവിഭാഗങ്ങളോടൊ, അന്ത്യോക്യാസിംഹാസനത്തോടൊ ബന്ധമില്ലാതെ- പ്രത്യേകിച്ച് 424 മുതൽ–പേർഷ്യൻ രാജ്യത്തെ ക്രൈസ്തവ സഭ നിലനിന്നു വന്നിരുന്നു എന്നുള്ള ചരിത്രസത്യം മുൻപിൽ വച്ചുകൊണ്ട് ആറാം നൂററാണ്ടിൻെറ ആരംഭത്തിലെ മലങ്കര സഭാചരിത്രത്തിലെ ഒരു വസ്തുത പരിശോധിച്ചുനോക്കാം.

www.malankaralibrary.com



"In the Island of tabrobane, in the interior India, where the Indian occian is there existes a Christian Church where clergy and faithful are to be found. Wheather also further beyond I am unaware. So also is the male as it is called where the pepper grows. But the kalliana so named there is a bishop generally ordained in Persia.[7]

-ററാപ്രൊബെയിൻ (സിലോൺ)ദ്വീപിലും ഇൻഡ്യൻസമുദ്രതീരത്തുള്ള ഇൻഡ്യയുടെ ഉൾഭാഗങ്ങളിലും പുരോഹിതന്മാരും വിശ്വാസികളും ഉള്ള ഒരു ക്രിസ്ത്യൻസഭ നിലനിൽക്കുന്നുണ്ട്. അതിനപ്പുറം ഉണ്ടോ എന്നെനിക്കറിവില്ല. കുരുമുളകു വിളയുന്ന മാലിയിൽ-മലബാറിൽ സഭ കാണപ്പെടുന്നുണ്ട്. കല്യാണാ എന്നു വിളിക്കപ്പെടുന്ന സ്ഥലത്തു പേർഷ്യയിൽ അഭിഷേകം ചെയ്യപ്പെട്ട ഒരു. മെത്രാനുമുണ്ട്.-പേർഷ്യയിൽ വാഴിക്കപ്പെട്ട മെത്രാന്മാരാൽ ഭരിക്കപ്പെടുന്ന ആറാം നൂററാണ്ടിലെ മലങ്കരസഭ യാതൊരുവിധത്തിലും റോമൻസഭയോട് ബന്ധപ്പെട്ടിരുന്നതല്ലായെന്ന് ഇതിനുപരി പ്രതിപാദിച്ചിട്ടുള്ള ചരിത്ര വസ്തുതകളാൽ വെളിവാകുന്നുണ്ടല്ലോ! 325, 345, 424, 522 എന്നിങ്ങനെ നാലും അഞ്ചും ആറും നൂററാണ്ടുകളിലെ കാലഘട്ടങ്ങളിൽ മലങ്കരസഭ റോമൻപാപ്പായുടെ ഭരണസുഖം അനുഭവിച്ചിട്ടില്ല എന്നു ചൂണ്ടിക്കാണിക്കുന്നു.

www.malankaralibrary.com

# X

## 7-ാം നൂററാണ്ട്

മലങ്കരസഭാചരിത്രത്തിൽ വെളിച്ചം വീശുന്ന അടുത്ത സംഭവം ഏഴാംനൂററാണ്ടിന്റെറ അന്ത്യഘട്ടത്തിൽ കാണുന്ന ഒരു വസ്തുതയാണ്. തങ്ങൾക്കു മേൽപട്ടക്കാരെ ലഭിക്കുന്നതിനു മാർഗ്ഗങ്ങൾ ആരാഞ്ഞുകൊണ്ട് മലങ്കരയിൽനിന്നും ഒരു പ്രധിനിധിസംഘം ആ കാലത്തു അലക്സന്ത്രിയൻ സഭയെ സമീപിച്ചതായി മലങ്കരയിലും അലക്സാന്ത്രിയായിലും രേഖകൾ ഉണ്ട്. അക്കാലത്തെ അലക്സാന്ത്രിയൻസഭ റോമൻസഭയുമായി യാതൊരു സമ്പർക്കവുമില്ലാതെ അന്യോന്യം ശത്രുതയിൽ കഴിഞ്ഞുകൂടിയിരുന്ന വിഭാഗങ്ങളാണെന്നു ചരിത്രം സാക്ഷിപ്പെടുത്തുന്നു. 451 കൽക്കദോനിയാ സുന്നാഹദോസിൽവച്ചു അലക്സാന്ത്രിയൻ പാത്രിയക്കീസായ ദീയസ്ക്കോറോസിനെ അകാരണമായി അപമാനിച്ചു്, രാജകീയ പിൻതുണയാൽ സ്ഥാനഭ്രഷ്ടനാക്കി നാടുകടത്തപ്പെട്ട ആ സംഭവം, റോമാസഭയോടും കുസ്തന്തീനോസുപോലീസിലെ ചക്രവത്തിയോടും അതിവിപ്ളവകരമായ ഒരു വൈരുദ്ധ്യനില സ്വീകരിക്കുന്നതിന് അലക്സാന്ത്രിയൻ സഭയെ പ്രേരിപ്പിക്കുകയുണ്ടായിട്ടുണ്ട്. പൌരസ്ത്യർക്കു അസ്വീകാര്യമായിരുന്നതും തെററെന്ന് അവർ വിശ്വസിച്ചിരുന്നതുമായ ഒരു വിശ്വാസപ്രഖ്യാപനത്തിനാണ് രാജകീയ ശക്തിയെ ഭയന്നു കല്ക്കദോനിയായിൽ വച്ചു അവരുടെ ചില പ്രതിനിധികൾഒപ്പുവച്ചതു് റോമൻ

www.malankaralibrary.com



ചരിത്രകാരൻ പറഞ്ഞിരിക്കുന്നതു കാണുക. "The bishops evidently would vote "yes" or "no" as the government bade them"[1]

അതായതു് ഗവൺമെൻറു് ആജ്ഞാപിക്കുന്നതു പോലെ 'ഉവ്വ്', എന്നും 'അല്ല', എന്നും മെത്രാന്മാർ മനസ്സാക്ഷിയുടെ പ്രേരണ കൂടാതെ അഭിപ്രായപ്രകടനം നടത്തുവാൻ അന്നത്തെ രാഷ്ട്രീയ സാഹചര്യങ്ങൾ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. കൽക്കദോനിയായുടെ നടപടിപ്പിശകുകൾ ശരിയാംവണ്ണം ഗ്രഹിച്ച അലക്സാന്ത്രിയൻ സഭയും സിറിയായിലെ സഭയും ആ സുന്നഹദോസിനെ നിഷേധിക്കുകതന്നെയാണുണ്ടായതു്. അലക്സാന്ത്രിയൻ സഭയിൽ സംഭവിച്ചതു് എന്തെല്ലാമെന്നു അല്പമൊന്നു പരിശോധിക്കാം.

"Now in 451 his (Dioscoros) on degradation was felt in Egypt as a National calamity"[2]

—തങ്ങളുടെ പാത്രിയർക്കീസിനെ വേദവിപരീതത്തിനൊ അതുപോലെ മറേറതെങ്കിലും ഗൌരവാവഹമായ കുററത്തിനോവേണ്ടി ശിക്ഷിച്ചതല്ലെന്നും റോമിലെ ലീയോയുടെ മനഃപൂർവ്വ് വിരോധംകൊണ്ടും അയാളുടെ ദുരധികാരമോഹത്തിൻെറ പ്രേരണമൂലവുമാണെന്നും, പല കാരണങ്ങളാൽ ലീയോയോട്ടു് ആത്മാർത്ഥ സ്നേഹത്തിൽ കഴിഞ്ഞിരുന്ന മാർക്കിയൻ ചക്രവർത്തി പിൻതുണ നൽകിയതുകൊണ്ടാണെന്നും ഉള്ള യാഥാർത്ഥ്യങ്ങൾ അവർ ശരിയാംവണ്ണം മനസ്സിലാക്കി. ഫലമൊ "The sound of revolt speedly rumbled in the streets of Alexadria"[3]

www.malankaralibrary.com



അതെ വിപ്ളവത്തിൻെറ ആക്രോശങ്ങൾ അലക്സാന്ത്രിയായിൽ തെരുവീഥികളിൽ അലതല്ലി. മാർക്കിയൻ ചക്രവത്തി പടസമൂഹത്തെക്കൊണ്ടു തെരുവീഥികൾ നിറച്ചു. കല്ക്കദോനിയാ നിശ്ചയങ്ങൾ അക്ഷരംപ്രതി അനുസരിക്കുന്നതിനു, സത്യവിശ്വാസത്തിൽനിന്ന് വ്യതിചലിച്ച് ലിയോ വിശ്വാസം, അഥവാ ചക്രവത്തി വിശ്വാസം അംഗീകരിപ്പിക്കുന്നതിനു വാൾചുഴററി, കുന്തംചൂണ്ടി, സത്യവിശ്വാസത്തിനുവേണ്ടി രക്തസാക്ഷികളായി മരിക്കുകതന്നെ എന്നു അലക്സാന്ത്രിയൻ ജനതയും നിശ്ചയിച്ചു. വാളിനെയും കുന്തത്തേയും വിറോടെ ചെറുക്കുകതന്നെ ചെയ്തു. ഇരമ്പിപ്പാഞ്ഞ ജനക്കൂട്ടത്തിൻെറ മുൻപിൽ പടസമൂഹം പരാജിതമായി പലായനം തുടങ്ങി. ജനങ്ങൾ വിട്ടില്ല, പിൻതുടന്നു. പട്ടാളം ഒരു സങ്കേതത്തിൽ അഭയംതേടി. ആ സ്ഥാനം അൽപ്പസമയത്തിനകം ഭസ്മീകൃതമായി. ഇതിനു പകരം വീട്ടുന്നതിനും സഭാ ഭരണം ഏറെറടുത്തു നടത്തുന്നതിനുമായി പ്രോട്ടേറിയസ്സ് എന്നൊരു റോമൻ മെത്രാൻ വൻപിച്ച പടസമൂഹത്തോടുകൂടി അലക്സാന്ത്രിയായിൽ പ്രത്യക്ഷപ്പെടുന്നതാണ് അടുത്ത സംഭവം. പടത്തലവനായി കാണപ്പെട്ട ഈ മെത്രാൻ സഭയുടെ മെത്രാനല്ല. ഗവൺമെൻറിൻെറ മെത്രാനാണ്. "The Government made a Catholic Protorious Patriarch[4]

പടസമൂഹത്താൽ വലയിതനായി വന്നെത്തിയ ഈ പുണ്യദേഹം നല്ലവണ്ണം ഭരിച്ചു. ചരിത്രകാരൻെറ സാക്ഷിമൊഴി കാണുക.

www.malankaralibrary.com



"At Alexantria Proterius was elected in the room of Dioscoros but found himself fiercely opposed by a powerful faction, which could only be kept down by military force at the expence of much blood-shed"[5]

അതായത്തു അലക്സാന്ത്രിയായിൽ ദീവസ്ക്കോറോസിൻെറ സ്ഥാനത്തു പ്രൊട്ടേറിയസ്സ് തെരഞ്ഞെടുക്കപ്പെട്ടെങ്കിലും അയാൾക്കഭിമുഖീകരിക്കേണ്ടിവന്ന ഒരു വലിയ വിഭാഗത്തിൻെറ കഠിന എതിർപ്പ് തല്ക്കാലത്തേക്കെങ്കിലും അല്പമൊന്നു ശാന്തമാക്കിയതു അനേകരുടെ രക്തം ചിന്തിയതുമൂലം മാത്രമാണ്. മാക്കിയൻ ചക്രവർത്തി നിര്യാതനാകുന്നതുവരെ പ്രൊട്ടേറിയസ്സ് ഭരണം ഒരുവിധം നിർവഹിച്ചു: അഥവാ ജനം അതിനു അനുവദിച്ചു. 457 ൽ മാക്കിയൻ മറുലോകം പൂകി. ഇതുതന്നെ അവസരമെന്നു കണ്ടു് ജനം ഒന്നിച്ചു ഇളകി ആ വർഷത്തെ പെസഹാ വ്യാഴാഴ്ച പ്രൊട്ടോറിയാസിനോടു അവർ പ്രതികാരം ചെയ്തു; കൽക്കദോനിയാ നിശ്ചയങ്ങളോടുതന്നെ മനോഹരമായ പാത്രിയക്കാ ദേവാലയത്തിൽ ആരാധന നടത്തിക്കൊണ്ടിരുന്ന വേളയിൽതന്നെ പ്രൊട്ടേറിയസ്സ വധിയ്ക്കപ്പെട്ടു. പോരാ, ശവശരീരം അധിക്ഷേപാർഹമായി കെട്ടിതൂക്കി. തൃപ്തിയായില്ല. തെരുവുകൾതോറും വലിച്ചിഴച്ചു കൊണ്ടുനടന്നു. മതിയായില്ല, കഷണം കഷണമായി നുറുക്കി. ഇല്ലാ അവരുടെ വൈരാഗ്യവും പ്രതികാരേഛയും, അമന്നില്ല. ശവക്കഷണങ്ങൾ തീയിൽ ദഹിപ്പിച്ചു് ചാമ്പലാക്കി

www.malankaralibrary.com



അതിനെ കാററിൽ പറപ്പിച്ചു. കണ്ണിൽകണ്ട മൽക്കായ പുരോഹിതരെ മുഴുവനും അവർ കൊന്നൊടുക്കി. കൽക്കദോനിയാ പക്ഷീയരെന്നു സംശയിക്കപ്പെട്ടവരെയെല്ലാം അതിനിഷ്ഠുരമായി പീഡിപ്പിച്ചു. ഈ വിധത്തിൽ കൽക്കദ്ദൊനിയാ സുന്നഹദോസ്സിനോടു ചെറുത്തുനിന്ന ഒരു വൻപിച്ച ജനവിഭാഗത്താൽ രൂപീകരിക്കപ്പെട്ടിരുന്ന സഭയാണ് അലക്സാന്ത്രിയായിലും ഈജിപ്റ്റിലും ഉണ്ടായിരുന്നതു് എന്നുള്ള ചരിത്ര വസ്തുത ഓർമ്മയിൽവച്ചുകൊണ്ടു് മുൻപോട്ടുപോകാം.

അറുനൂററിമുപ്പത്തിഒൻപതിൽ ഈജിപ്ററും ആറുനൂററിനാൽപ്പതിൽ, ഇന്നു കെയിറോ എന്നറിയപ്പെടുന്ന "ഹെലിയോ" പോലീസും അറുനൂററിനാല്പത്തിഒന്നിൽ അലക്സാന്ത്രിയായും മഹമ്മദീയ സൈന്യം പിടിച്ചടക്കി. 642-ാമാണ്ടു് വന്നപ്പോഴേക്കും റോമൻ സഭാംഗങ്ങളായി മേൽപറഞ്ഞ സ്ഥലങ്ങളിൽ ഉണ്ടായിരുന്നവർ മുഴുവനും നശിപ്പിക്കപ്പെടുകയോ മറുനാടുകളിലേക്കു കയറിപ്പോകുകയോ ചെയ്തുകഴിഞ്ഞു. മഹമ്മദീയഭരണാധികാരിയും അലക്സാന്ത്രിയായിലെ പാത്രിയർക്കീസായ ബഞ്ചമിനും തമ്മിൽ സഖ്യത്തിലുമായി. അതിൻെറ ഫലമൊ മെല്ക്കായക്കാർ അഥവാ റോമൻ സഭാംഗങ്ങളുടെതായി ഉണ്ടായിരുന്ന ദേവാലയങ്ങളും ബഞ്ചമിൻ പാത്രിയർക്കീസിൻെറ ഉടമസ്ഥതയിലും ഭരണത്തിലും ചെന്നുചേർന്നു. "The copts then obtained possession of all churches formerly held by Melkites"[6]
ഇതു മാത്രവുമല്ലാ, റോമാസഭയുടെ അംഗങ്ങളായി

www.malankaralibrary.com



അലക്സാന്ത്രിയൻ കരയിൽ അവസാനം ഉണ്ടായിരുന്നതു കുറേ പടയാളികളും ഉദ്യോഗസ്ഥന്മാരും മാത്രമായിരുന്നു എന്നും അവരും സ്ഥലംവിടേണ്ടിവന്നതോടുകൂടി ആ ഒരു ജാതിയെ അവിടെ കാണപ്പെടുവാൻ ഇല്ലാതെവന്നു എന്നും റോമൻ സഭാംഗം രേഖപ്പെടുത്തിയിട്ടുണ്ട്. "With the army and officials there went too the little that remained of the country's Catholicism"[7]

ഈ വിധത്തിൽ റോമാസഭയോടോ റോമിലെ പാപ്പായോടോ യാതൊരു വിധ സമ്പർക്കവും വിശ്വാസ ഐക്യവും ഇല്ലാതിരുന്ന സത്യവിശ്വാസികളുടെ പാത്രിയർക്കീസിനെയാണ് 695 ൽ കേരളത്തിൽനിന്നും ചെല്ലുന്ന ദൌത്യവാഹകർ സമീപിക്കുന്നതു്. ഈ ചരിത്രവസ്തുതയിൽനിന്നും ഏഴാംനൂററാണ്ടിലെ മലങ്കരസഭ റോമാപാപ്പായുടെ അധികാരത്തിനു വിധേയമല്ലായിരുന്നു എന്നും വിശ്വാസത്തിൽ ഐക്യതയില്ലാത്തതായിരുന്നു എന്നും വെളിവാകുന്നുണ്ട്.

## XI

## എട്ടും, ഒൻപതും നൂററാണ്ടുകൾ.

"The period 717—867 opens with the efforts by which Leo and the people of the empire saved Roman land and the Christian religion from the conquering saracens."[1]

എട്ടും ഒൻപതും നൂററാണ്ടുകളിൽ റോമൻസാമ്രാജ്യ ശക്തികളുടെ പ്രവർത്തനങ്ങൾ മുഴുവനും കേന്ദ്രീ

www.malankaralibrary.com



കരിച്ചിരുന്നതു മഹമ്മദീയ ആക്രമണങ്ങളിൽനിന്നും തങ്ങളുടെ നാടിനേയും മതത്തേയും രക്ഷിക്കുന്നതിനു മാത്രമായിരുന്നു. നിലനിൽപ്പിനുവേണ്ടി അവർ ത്യാഗങ്ങളും ക്ലേശങ്ങളും സഹിച്ചുകൊണ്ടിരുന്ന ആ നൂററാണ്ടുകളിൽ ഭാരതത്തിലെ സഭയെ ഭരിക്കുവാൻ ആരെങ്കിലും നിയോഗിക്കപ്പെട്ടിട്ടുണ്ടോ എന്നുള്ളതു് റോമൻ സഭാ ചരിത്ര നിർമ്മാതാക്കളുടെ മസ്തിഷ്ക്കത്തിൽ ഇനിയും രൂപമെടുത്തു വരേണ്ടതായിട്ടാണിരിക്കുന്നതു്. ഒൻപതാം നൂററാണ്ടിലെ മലങ്കരസഭാ ചരിത്രത്തിൽ കാണുന്ന പ്രധാനസം വം മാർസാബോർ മാർഫ്രോക്ക് എന്നീ പേർഷ്യൻ മെത്രാന്മാരുടെ ആഗമനമാണു്. പേർഷ്യയിലെ ഓർത്തഡോക്സ് സഭയുടെ ചരിത്രത്തിൽ 9—ം 10—ം നൂററാണ്ടുകളാണു ഏററവും സുവർണ്ണകാലഘട്ടമെന്നു് പാശ്ചാത്യ ചരിത്രകാരന്മാർ 'അവിതർക്കിതമായി സ്ഥാപിച്ചിട്ടുണ്ടു്. മാർസാബോറും മാർ ഫ്രോത്തും കേരളദേശത്തു എത്തിയകാലം പേർഷ്യയിൽ ക്ഷീണിതയായിക്കൊണ്ടിരുന്ന നെസ്റ്റോറിയൻസഭയുടെ പരമാധികാരി ഒരു മാർ തീമോത്യോസാണെന്നു ചരിത്രം പറയുന്നു. വിദേശങ്ങളിലേക്കു അദ്ദേഹം നിയോഗിച്ചയച്ചിട്ടുള്ള മെത്രാന്മാരുടെ പേരുവിവരം രേഖപ്പെടുത്തിയിട്ടുള്ളതിൽ കേരളത്തിലെത്തിയ ഈ രണ്ടു മെത്രാന്മാരുടേയും നാമങ്ങൾ കാണപ്പെടുന്നില്ല. അതിനാൽ മാർ സാബോറും മാർ ഫ്രോത്തും നെസ്റ്റോറിയരായിരുന്നു എന്നു സംശയിക്കുവാൻ കാരണമില്ല. ഇനിയും അവർ റോമൻ സഭാംഗങ്ങളായിരുന്നുവോ എന്നു പരിശോധി

www.malankaralibrary.com



ച്ചുനോക്കാം. ഉദയമ്പേരൂർ സൂന്നഹദോസിന്റെ അ ഷ്ടമയോഗം 25-ാം നിശ്ചയം ഇപ്രകാരമാണ്: "പു ണ്യവാന്മാർ എന്നു സാധാരണ പറയപ്പെടുന്ന മാർ സാബോറിനും മാർ പ്രോത്തിനും പ്രതിഷ്ഠിക്കപ്പെട്ട ദേവാലയങ്ങൾ ഈ-മലങ്കരയിൽ-ഇടവകയിൽ അന വധിയുണ്ട്......ബാബേലിൽ നെസ്റ്റോറിയൻപാഷ ണ്ഡത പ്രചുരപ്രചാരത്തിൽ ഇരുന്നകാലത്തു അവിടെ നിന്നു അവർ ഇവിടേക്കു വന്നിരിക്കുകയാൽ അവർ നെസ്റ്റോറിയൻ പാഷണ്ഡമതാനുയായികൾ ആയിരു ന്നു എന്നു സംശയിക്കുന്നതിനു അൽപ്പം അല്ലാത്ത കാ രണം ഉള്ളതിനാലും ജന സഞ്ചയത്തിൽ പരന്നിരിക്കു ന്ന അവരുടെ പരിശുദ്ധതയെപ്പററി ശങ്കിക്കുവാൻ അ വകാശമുണ്ട്. ആകയാൽ അവരുടെ നാമത്തിലുള്ള സമസ്ത ദേവാലയങ്ങളും സകല സിദ്ധന്മാർക്കായി പ്ര തിഷ്ഠിക്കപ്പെടണമെന്നും അവരെക്കുറിച്ചു നടത്തപ്പെട്ടു വരുന്ന തിരുനാളുകളും നേർച്ചകളും നവംബർ 1-ാംനു- സകല സിദ്ധന്മാരുടെ തിരുനാളുകളിൽ നടത്തണ മെന്നും, അവരുടെ നാമത്തിൽ മേലാൽ യാതൊരു പ ള്ളികളും അഭിധാനം ചെയ്യപ്പെടരുതെന്നും സൂന്നഹ ദോസ്സു കല്പിക്കുന്നു." (Bernard Ch: VIII P. 71, 72) 1599-ൽ പാസ്സാക്കിയതാണ് ഈ നിശ്ചയം. 822 മു തൽ ഏതാനും വർഷങ്ങൾ മലങ്കരയിൽ അവിടവിടെ പള്ളികൾ വയ്പിച്ചും, സഭയെ നടത്തിയും, അത്ഭുത ങ്ങൾ പ്രവർത്തിച്ചും, ജീവിച്ച് ഈ നാട്ടിൽവച്ചു ത ന്നെ മരിച്ച് ഈ മണ്ണിൽതന്നെ സംസ്ക്കരിക്കപ്പെട്ട വരാണ് മാർസാബോറും, മാർപ്രോത്തും. ഏതാണ്ട്

www.malankaralibrary.com



ഏഴുനൂറു വർഷക്കാലം പരിശുദ്ധന്മാരായി മലങ്കര സഭ അംഗീകരിച്ച് അവരുടെ പെരുനാളുകൾ ഭക്തി പൂർവം കൊണ്ടാടി, അവരുടെ നാമത്തിൽ നേർച്ച കളും കാഴ്ചകളും അർപ്പിച്ച് അനുഗ്രഹസിദ്ധിയും ഐശ്വര്യസാഫല്യവും കൈവരുത്തിയ മലങ്കര ക്രിസ്ത്യാനികളോടാണ് പറയുന്നത് അവരെ മേലാൽ പരിശുദ്ധന്മാരായി ഗണിക്കരുതെന്ന്. അവർ പരിശുദ്ധന്മാരായി ഗണിക്കപ്പെട്ടിരുന്ന വസ്തുതയും, അതിൽനിന്നും മലങ്കരസഭ നിരോധിക്കപ്പെട്ടു എന്ന വസ്തുതയും ഉച്ചൈസ്തരം ഘോഷിക്കുന്നു. 9-ാം നൂററാണ്ടു മുതൽ 1599 വരെ റോമൻ ഭരണത്തിൻകീഴില്ല മലങ്കരസഭ നിലനിന്നു വന്നിരുന്നതെന്നു; റോമൻ ഭരണം തുടങ്ങിയപ്പോൾ പരിശുദ്ധന്മാരുടെ പട്ടികയിൽനിന്നും അവർ നീക്കം ചെയ്യപ്പെട്ടു. റോമൻസഭയ്ക്കു അംഗീകരിക്കുവാൻ സാദ്ധ്യമല്ലാത്ത പരിശുദ്ധന്മാരെ— അത്ഭുതങ്ങൾ അനവധി ചെയ്തിട്ടുണ്ടെന്നു റോമൻ സഭാംഗങ്ങൾതന്നെ സാക്ഷിപ്പെടുത്തുന്ന വലിയ പരിശുദ്ധന്മാരെ—അവർ തള്ളുകതന്നെ ചെയ്തു ഉദയമ്പേരൂർ സുന്നഹദോസിൻെറ മേൽപറഞ്ഞ നിശ്ചയം തെററിപ്പോയെന്നും, തെററിദ്ധാരണമൂലം ഉണ്ടായിട്ടുള്ളതാണെന്നും ചില റോമൻ സഭാംഗങ്ങൾ ആധുനിക കാലത്തു വാദിക്കുവാൻ തുടങ്ങിയിട്ടുണ്ട്. ഇന്നലെ അർദ്ധരാത്രിക്കു യമലോകം പൂകിയ ആളിനെ ഇന്നു പ്രഭാതത്തിൽ വിശുദ്ധന്മാരുടെ പട്ടികയിൽ ഉൾപ്പെടുത്തി പ്രഖ്യാപനം നടത്തുന്ന പാരമ്പര്യമുള്ള റോമാസഭയിൽ, ഏഴുനൂററാണ്ടു കാലങ്ങളിൽ മലങ്ക

www.malankaralibrary.com



രയിൽ വണങ്ങപ്പെട്ടു്, ബഹുമാനിക്കപ്പെട്ടു് അവരുടെ നാമത്തിൽ പള്ളികൾ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള പരിശുദ്ധന്മാരെന്നു്, അനവധി അത്ഭുതങ്ങൾ പ്രവത്തിച്ച വരെന്നു സമ്മതിക്കപ്പെടുന്ന മാർ സാബോറിനേയും മാർ ഫ്രോത്തിനേയും സംബന്ധിച്ചു് 1599-ൽ പാസ്സാക്കിയ നിശ്ചയം തെററിപ്പോയെങ്കിൽ ആ തെററിനെ തിരുത്താൻ കഴിഞ്ഞ 357 വർഷങ്ങൾ മതിയായ ഒരു കാലഘട്ടമായിരുന്നില്ലേ: അതേ, മാർ സാബോറും മാർ ഫ്രോത്തും റോമൻസഭാംഗങ്ങളായിരുന്നില്ല. 9-ാം നൂററാണ്ടിലും മലങ്കര റോമൻസഭാബന്ധത്തിലല്ലായിരുന്നു. പത്താം നൂററാണ്ടുമുതൽ മലങ്കരസഭയ്ക്കു് റോമൻ സഭയുമായി ബന്ധമുണ്ടായിരുന്നു എന്നു് തെളിയിക്കുവാൻ ഉന്നയിച്ചിട്ടുള്ള വാദമുഖങ്ങൾക്കെല്ലാം തന്നെ ഞാൻ ഇതിനുപരി മറുപടി നൽകിയിട്ടുള്ളതിനാൽ ആവത്തിക്കുന്നില്ല.

## XII

## ബാബേൽ മെത്രാന്മാർ.

"പോർട്ടുഗീസുകാരുടെ വരവിനുശേഷവും കേരളത്തിലെ സുറിയാനിക്രിസ്ത്യാനികളെ ഭരിക്കുന്നതിനായി ബാബേലിൽനിന്നു് സുറിയാനിമെത്രാന്മാർ വന്നിരുന്നു. ഈ സുറിയാനിമെത്രാന്മാരുടെ വിശ്വാസവും പോർട്ടുഗീസുകാരുടെ വിശ്വാസവും ഒന്നുതന്നെ ആയിരുന്നു എന്നും റീത്തിൽമാത്രമെ സുറിയാനിക്കാരും പോർട്ടുഗീസുകാരും തമ്മിൽ വ്യത്യാസം ഉണ്ടായിരുന്നുള്ളു എന്നും നിരവധി ചരിത്രരേഖകൾ ചൂണ്ടിക്കാ

www.malankaralibrary.com



ണിക്കുന്നു. വിസ്താരഭയത്താൽ ഒന്നുരണ്ടുരേഖകൾ മാത്രം ഉദ്ധരിക്കുന്നു."[1]

നല്ല ഒരു ആമുഖമാണ് കൊടുത്തിരിക്കുന്നത്. കാള്ളപ്രമാണസൃഷ്ടിക്കും യഥാർത്ഥചരിത്രം കരിച്ചുകളയുന്നതിനും പ്രാപ്തിയുള്ള ഈ ഗ്രന്ഥകാരൻ രേഖപ്പെടുത്തുവാൻ പോകുന്ന കാര്യത്തിന്റെ യാഥാർത്ഥ്യത്തെ ഈ മനോഹരമായ ആമുഖം കൊണ്ടു ഉറപ്പിക്കുകതന്നെചെയ്തു. പോർട്ടുഗീസുകാരുടെയും ബാബേലിൽ നിന്നുവന്ന മെത്രാന്മാരുടെയും വിശ്വാസം ഒന്നുതന്നെ എന്നുകാണിക്കുന്നതിനു തെളിവുകൾ ധാരാളം ഉണ്ടുപോലും!! വിസ്താരഭയംനിമിത്തം അതിൽ ഏററവും പ്രാധാന്യം അർഹിക്കുന്ന രണ്ടെണ്ണംമാത്രം അദ്ദേഹം ഉദ്ധരിക്കുന്നു. അവ എന്താണെന്നു പരിശോധിച്ചറിയുമ്പോഴല്ലേ മറെറാരു കൃത്രിമംകൂടികാണുക.

"ബാബേൽസിംഹാസനത്തിൽ വാണിരുന്ന മാർ ഏലിയാസ്പാത്രിയക്കീസ് 1503-ൽ മാർത്തോമ്മാ മാർ യാബ്അല്ലാഹാ, മാർ ദനഹാ, മാർ യാക്കൂബ് എന്നീ നാലു മെത്രാന്മാരെ കേരളത്തിലേക്ക് അയക്കയുണ്ടായി"[2] ഇതാണ് ഒന്നാമത്തെതെളിവ്. ഈ മെത്രാന്മാർ റോമൻസഭാംഗങ്ങളായിരുന്നു എന്നാണ് ഗ്രന്ഥകാരന്റെ വിവക്ഷ. അവർ റോമൻസഭാംഗങ്ങളായിരുന്നുഎങ്കിൽ അവരെ നിയോഗിച്ചയച്ച ഏലിയാസ്പാത്രിയക്കീസും അപ്രകാരമായിരിക്കണമല്ലോ? ഏലിയാസ്സ ഏതുസഭയിലെ പാത്രിയക്കീസു ആയിരുന്നുഎന്ന് അറിയുന്നതിലേക്കായി ബാബേൽ സഭയുടെചരിത്രം അല്പം ഒന്നു ആരായേണ്ടിയിരിക്കുന്നു

www.malankaralibrary.com



13-ാംനൂററാണ്ടിൽ മംഗോളിയനായ ചെങ്കിസ് ഖാൻ പേർഷ്യാരാജ്യത്തെ ആക്രമിച്ച് കീഴടക്കിയതു മുതൽ അയാളുടെ പൻതുടച്ചക്കാരാണ് പേർഷ്യാരാജ്യത്തെ ഭരിച്ചുവന്നിരുന്നതെന്നു ചരിത്രത്തിൽ കാണുന്നു. ഈ കാലഘട്ടമാണ് നെസ്തോറിയൻസഭയുടെ ഉന്നതിയുടെ പാരമ്യാവസരം. 1265-മുതൽ 1281 വരെ നെസ്തോറിയൻസഭയെ ഭരിച്ചുവന്നിരുന്ന മാർ ദനാഹാ ഒന്നാമൻപാത്രിയക്കീസിനെ സന്ദർശിക്കുവാൻ ചൈനയിൽനിന്ന് മാക്ക് എന്നൊരുദേഹം പാത്രിയക്കാഅരമനയിൽ എത്തിച്ചേന്നു. ഈ മാക്കിനെ മെത്രാനാക്കിവാഴിച്ച് വടക്കൻചൈനയിലെ സഭയെ ഭരിക്കുന്നതിനു മാർദനഹായാൽ നിയോഗിക്കപ്പെട്ടു. പക്ഷെ മാക്ക്മെത്രാൻ സ്ഥലംവിടുന്നതിനുമുമ്പായി മാർദനഹാ നിര്യാതനാകയാൽ ജാബല്ലാതുതീയൻ എന്നപേരിൽ നെസ്തോറിയൻപാത്രിയക്കീസായി മാക്ക്മെത്രാൻ ഭരണം ആരംഭിക്കേണ്ടതായിവന്നു.— മാക്ക് ചൈനാദേശീയനല്ല. ചൈനയിലേക്കയക്കപ്പെട്ട മിഷ്യനറിമാരിൽ ഒരാളായിരുന്നു.—ആർഗോൻ ഖാൻ എന്ന ആളാണ് ഈകാലത്തു പേർഷ്യയിലെ രാജാവ്. 1281-ൽ നെസ്തോറിയൻ പാത്രിയക്കാസിംഹാസനത്തെ പ്രാപിച്ച ജാബല്ലാതുതീയനും ആർഗോൻ ഖാനും തമ്മിൽ വളരെ മൈത്രിയിൽകഴിഞ്ഞുകൂടിയിരുന്നതിനാൽ പലപ്പോഴും തമ്മിൽകാണുകയും പലകാര്യങ്ങളും പരസ്പരം ആലോചിക്കുകയും ചെയ്യുക പതിവായിരുന്നു. ഇരുവരും ഒരവസരത്തിൽ സമ്മേളിച്ചപ്പോൾ പാശ്ചാത്യരാജ്യത്തെ ഭരണാധികാ

www.malankaralibrary.com



രികളുമായി സമ്പക്ക്ത്തിലേർപ്പെടുന്നതിനും മൈത്രീബന്ധം സ്ഥാപിക്കുന്നതിനും താൻ ഒരു പ്രതിനിധിയെ ആ ഭാഗങ്ങളിലേക്കു അയക്കുവാൻ ആഗ്രഹിക്കുന്നതായും അതിലേക്കു പററിയ ഒരാളിനെ ലഭിക്കേണ്ടിയിരിക്കുന്നു എന്നും രാജാവ് പാത്രിയക്കീസിനോടു പറകയുണ്ടായി. തൻെറ അഭിപ്രായത്തിൽ റാബ്ബാൻ സൌമാ എന്ന പണ്ഡിതനായ ഒരു സന്യാസിശ്രേഷ്ഠൻ അതിനുപയോഗപ്പെടുത്തപ്പെടാവുന്ന ആളാണെന്നു പാത്രിയക്കീസ് നിർദ്ദേശിച്ചു. ആ നിർദ്ദേശം അതേപടി അംഗീകരിച്ചു രാജാവ് റാബ്ബാൻ സൌമ്മാക്കു ആവശ്യമായ അധികാരപത്രങ്ങളും പാശ്ചാത്യദേശങ്ങളിലെ ഭരണാധികാരികൾക്കു കത്തുകളും യാത്രക്കുംമററും ആവശ്യമായ പണവും കൊടുത്തു് അദ്ദേഹത്തെ യാത്രയാക്കി. പല രാജ്യങ്ങൾ സന്ദർശിച്ചും പല പാശ്ചാത്യഭരണാധികാരികളെ കണ്ടും സൌമ്മാ റോമിലെത്തിചേന്നു. അദ്ദേഹം റോമിൽ എത്തിയപ്പോൾ 1287 ഏപ്രിൽ 3–ാംനു ഹോണോറിയസ്സ് പഞ്ചമൻപാപ്പാ നിയ്യാതനാകയും പകരം ആൾതിരഞ്ഞെടുക്കപ്പെട്ടിട്ടില്ലാതിരുന്നതിനാൽ പാപ്പാസിംഹാസനം ഒഴിവായുംകണ്ടു. പന്ത്രണ്ടുകർദ്ദിനാളന്മാരെയാണു് അദ്ദേഹം സന്ദർശിച്ചതു്. സന്ദർശനവേളയിൽ കർദ്ദിനാളന്മാരുടെ പ്രഥമചോദ്യം സൌമായുടെനാട്ടിലെ സഭയുടെ സ്ഥാപകൻ ആരെന്നായിരുന്നു. മാർതോമ്മാ, ആദായി, മാറി, മുതലായവരാണെന്നായിരുന്നു സൌമ്മായുടെ മറുപടി. അയാളുടെ സഭയുടെ വിശ്വാസപ്രമാണം എന്താണെ

www.malankaralibrary.com



ന്നു തുടൎന്നുചോദിച്ച ചോദ്യങ്ങൾക്കു സൌമ്മാ നെസ്റ്റോറിയൻസഭയുടെ വിശ്വാസപ്രമാണം കാണിച്ചുകൊടുത്തു പരിശുദ്ധാത്മാവിൻെറ പുറപ്പാടിനെ സംബന്ധിച്ച് റോമാസഭ കൂട്ടിച്ചേൎത്തിട്ടുള്ള ഭാഗവും ആ വിശ്വാസപ്രമാണത്തിൽ ഇല്ല. സൌമ്മാ മനസിലാക്കിയ നെസ്റ്റോറിയൻ വിശ്വാസപ്രമാണം റോമാസഭയ്ക്കു് സ്വീകാൎയ്യമെങ്കിൽ പേൎഷ്യയിലെ സഭ വിശ്വാസകാൎയ്യത്തിൽ റോമാസഭയോടുബന്ധപ്പെട്ടിരുന്നു എന്നു സമ്മതിച്ചുകൊടുക്കാം. സൌമ്മാ റോംവിട്ട് പല യൂറോപ്യൻരാജ്യങ്ങളിലും സന്ദൎശിച്ചു നാട്ടിലേക്ക് മടങ്ങുന്നവേളയിൽ വീണ്ടും റോമിൽ എത്തിയപ്പോൾ നിക്കോളസ്സ്നാലാമൻ പാപ്പാ സ്ഥാനാഭിഷിക്തനായി ഭരണം നിൎവ്വഹിച്ചുകൊണ്ടിരുന്നു.

ആ ഇടയ്ക്കു വന്നുചേൎന്ന ഒരു ഹോശാനാ ഞായറാഴ്ച ദേവാലയത്തിൽ ഈ പാപ്പാ ശുശ്രൂഷ നടത്തുമ്പോൾ വേദവിപരീതിയായ ഈ സൌമ്മായിക്ക് വിശുദ്ധ കുൎബ്ബാന നൽകിയതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഒരു പാപ്പാ എന്താണ് ഇങ്ങനെ ചെയ്തതെന്ന് സ്വാഭാവികമായി ഉദിക്കുന്ന പ്രശ്നത്തിനു റോമൻ സഭാംഗംതന്നെ മറുപടി പറയട്ടെ."By this time the very existence of a Nestorian church was almost forgotten in the west ..............................

........Clearly they (the Cardinals) have never heard of it"[3] പാപ്പാ കുൎബാന കൊടുത്തതു കൂടാതെ ഈ നെസ്റ്റോറിയൻ സൌമ്മായെ കുൎബാന ചൊല്ലുന്നതിനു അനുവദിക്കുകയും ചെയ്തു. സൌമ്മാ നാട്ടിൽ മടങ്ങി

www.malankaralibrary.com



യെത്തി പാപ്പായെക്കുറിച്ചു പറഞ്ഞതു്, "The Lord Pope Catholicose patriarch of the Roman lands and of all western people"[4] 1288-ൽ പേർഷ്യൻ സഭയിലെ പണ്ഡിതനായ ഒരു മനുഷ്യനു് റോമിലെ പാപ്പായെ സംബന്ധിച്ചു് ഏററവും കൂടുതലായി ലഭിച്ച അറിവു്, അദ്ദേഹം റോമാ പ്രദേശങ്ങളുടേയും പാശ്ചാത്യരാജ്യങ്ങളുടേയും പാപ്പാ മാത്രമാണെന്നാണു്. പേർഷ്യയിലുള്ള സഭയേയും വിശ്വാസകാര്യങ്ങളേയും സംബന്ധിച്ചു അജ്ഞരായ കർദ്ദിനാളന്മാരും പോപ്പും ഉൾപ്പെട്ട റോമാസഭ, പേർഷ്യൻസഭയാൽ യാതൊരുവിധമായ അധികാരങ്ങളും വേഴ്ചകളുമില്ലെന്നു മുൻനടപടികൊണ്ടു പോപ്പുൾപ്പെടെ റോമൻ സഭ സമ്മതിച്ചിരിയ്ക്കേ, അതിൽനിന്നു ഭിന്നമായി അക്കാലത്തെ പേർഷ്യൻസഭ റോമൻ പാപ്പായുടെ ഭരണത്തിൻകീഴിലായിരുന്നു എന്നു മലങ്കര ഇരുന്നുകൊണ്ടു ജല്പനം നടത്തിയാൽ അതിലെത്രമാത്രം സത്യവും യുക്തിയുമുണ്ടെന്നു് നിഷ്പക്ഷ ബുദ്ധികൾ വിധിക്കട്ടെ!! കർദ്ദിനാളന്മാരും പാപ്പായും പറയുന്നു;--നിങ്ങളുടെ കാര്യം ഒന്നുംതന്നെ ഞങ്ങൾക്കറിവില്ലെന്നു്, പേർഷ്യാക്കാരൻ പറയുന്നു, റോമാസഭയും അതിന്റെ വിശ്വാസവുമായി ഞങ്ങൾക്ക യാതൊരു വേഴ്ചയും ഇല്ലെന്നു്; മലങ്കര റീത്തു പ്രചരണ വകുപ്പു പറയുന്നു; പേർഷ്യാ അന്നും റോമൻ ഭരണത്തിലാണെന്നു്;—ചരിത്രസൃഷ്ടി വിചിത്രംതന്നെ.

കുറച്ചുകൂടി മുൻപോട്ടുപോകാം. ചെങ്കിസ് ഖാൻ പിൻതുടർച്ചക്കാരിൽനിന്നും രാജ്യമെല്ലാം പിടി

www.malankaralibrary.com



ടിച്ചെടുക്കുന്നതിനു ടൈമൂർ 14-ാം നൂററാണ്ടിൽ (1390-ൽ) പാഞ്ഞെത്തി സിറിയാ, പേർഷ്യ, ഇൻഡ്യാ മുതലായ രാജ്യങ്ങളെയെല്ലാം അധീനപ്പെടുത്തി സമർക്കണ്ടിൽ സിംഹാസനമുറപ്പിച്ചു ഭരണമാരംഭിച്ചതു് ഒരു ചരിത്ര വസ്തുതയാണല്ലോ. ഈ ടൈമൂർ പേർഷ്യൻ സഭയെ താറുമാറാക്കി നശിപ്പിച്ചു. അയാൾ കൊന്നൊടുക്കുകയോ, മതപരിവർത്തനം ചെയ്യിക്കയോ ചെയ്യുതൊഴികെ അവശേഷിച്ച ഒരു ചെറിയ കൂട്ടം ആളുകളുമായി അന്നത്തെ പാത്രിയക്കീസ് കുർഡിസ്റ്റാനിൽ അഭയംപ്രാപിച്ചു രക്ഷപെട്ടു. വളരെ പ്രശസ്തിയിലും അഭിവൃദ്ധിയിലും പേർഷ്യൻ സഭ നിലനിന്നിരുന്ന കാലങ്ങളിൽ ആ സഭയേയും അവിടത്തെ ക്രിസ്ത്യാനികളേയും കുറിച്ചു ഇററലിയിലും റോമിലും അധിവസിച്ചിരുന്ന പോപ്പും കർദ്ദിനാളന്മാരും അജ്ഞരായിരുന്നു എന്ന സത്യത്തിൻെറ വെളിച്ചത്തിൽ, സഭ പീഡിപ്പിക്കപ്പെടുകയും, അതിൻെറ ആസ്ഥാനം തന്നെ, മരുഭൂമിയിലേക്കും, പർവ്വത പ്രദേശങ്ങളിലേക്കും നീക്കം ചെയ്യു് കഴിഞ്ഞുകൂടിയ 14-ാംനൂററാണ്ടിലും 15-ാംനൂററാണ്ടിലും ആ സഭയെക്കുറിച്ചു ഭരണച്ചുമതലയും അതുമായുള്ള സമ്പക്കവും റോമൻസഭയ്ക്കും പാപ്പായിക്കും ഉണ്ടായിരുന്നു എന്നു പറഞ്ഞാൽ അതിൽ എത്രമാത്രം യാഥാർത്ഥ്യമുണ്ടെന്നു് വായനക്കാക്കു വിധിയെഴുതാമല്ലോ. ഇങ്ങനെ കാലങ്ങൾ മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കെ 15-ാം നൂററാണ്ടിൻെറ മദ്ധ്യകാലത്തിനടുത്തു് ഇവരുടെ-പേർഷ്യാക്കാരുടെ-പാത്രിയക്കാസ്ഥാനം ഒരു പ്രത്യേക കുഡുംബത്തിൻെറ

www.malankaralibrary.com



പരമ്പരാവകാശമായി പരിണമിച്ചു. പാത്രിയക്കീസിൻെറ സ്ഥാനത്തു് അവരോധിക്കപ്പെടുന്നയാൾ "മാർ ശീമോൻ" എന്ന പേരാണു് വിളിക്കപ്പെട്ടുതുടങ്ങിയതു്. ഈ വിധത്തിൽ പേർഷ്യയിലെ നെസ്തോറിയൻ സഭ ഭരിക്കപ്പെട്ടുവരുമ്പോൾ 1551-ൽ ശീമോൻ ബാർ മമ്മാ പാത്രിയക്കീസു നിര്യാതനായി. പകരം സ്ഥാനത്തു വന്നതു് 8 വയസ്സുമാത്രം പ്രായമുള്ള ഒരു ബാലനായിരുന്നു. പാത്രിയക്കാസ്ഥാനം തനിക്കു കിട്ടണമെന്നു പാത്രിയക്കാ കുഡുംബത്തിലുള്ള മറെറാരു മെത്രാൻ ആഗ്രഹിച്ചു. അതിനുവേണ്ടി ചില പ്രയത്നങ്ങൾ ചെയ്തു. ഇവർ രണ്ടുമല്ലാതെ നമുക്കു മറെറാരാളെ പാത്രിയക്കീസായി വാഴിക്കണമെന്നു ഒരു വിഭാഗം ആളുകൾ തീരുമാനിച്ചു് ജോൺ സിൻഡ് സുലാഖാ എന്നൊരു ദേഹത്തെ തിരഞ്ഞെടുത്തു. ഈ സുലാഖായ്ക്കു് പട്ടത്വം ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞതിൽ അന്ത്യമായി ലഭിച്ച മാർഗ്ഗം, റോമിലേക്കയച്ചു് അതു കരസ്ഥമാക്കുകയെന്നാണു്. 1552-ൽ ഈ സുലാഖായെ ഒരു അഭ്യർത്ഥനാപത്രവുമായി റോമിലേക്കു് അവർ അയച്ചു. ആ എഴുത്തിലെ ഒരു വിവരം, കഴിഞ്ഞ മുന്നൂറു വർഷങ്ങളായി അവരുടെ സഭയും റോമാസഭയും തമ്മിലുള്ള ബന്ധം മഹമ്മദീയ ശക്തികളാൽ തടയപ്പെട്ടിരുന്നു എന്നുള്ളതാണു്. "1552-ൽ പറയുന്നു മുന്നൂറു വഷങ്ങളായി റോമാസഭയുമായി പേഷ്യയിലെ സഭയ്ക്കു് ബന്ധമില്ലെന്നു്"[5]. 1288-ൽ അതായതു് സുലാഖാ ചെല്ലുന്നതിനു് 264 വർഷം മുൻപു് പേർഷ്യൻ സഭയും റോമാസഭയും

www.malankaralibrary.com



തമ്മിലുള്ള ബന്ധം എന്തെന്ന് മുകളിൽ നാം കണ്ടു കഴിഞ്ഞു. ഈ ചരിത്രവസ്തുതകൾ മനസ്സിൽ വച്ചു കൊണ്ട് 1503–ലേതായി റോമൻ പ്രചരണ വകുപ്പു പറഞ്ഞിരിക്കുന്നതു നോക്കാം.

1503–ൽ നാലു മെത്രാന്മാരെ മാർ ഏലിയാസ് പാത്രിയർക്കീസു കേരളത്തിലേക്കയച്ചു എന്നാണ് മലയാളത്തിലെ റോമൻപ്രചരണവകുപ്പ് പറയുന്നത്. അതിന് അല്പംമുമ്പുള്ള ചരിത്രം അവർ മറച്ചുവച്ചിരിക്കുന്നു. അതുകൂടി വെളിപ്പെടുത്തിയാൽ മാത്രമെ മുഴുവൻ കാര്യങ്ങളും ഗ്രഹിക്കയുള്ളു. 1490–ൽപേർഷ്യൻ സഭാഭരണം നടത്തിയതു് ഒരു ശിമയോൻ പാത്രിയർക്കീസായിരുന്നു. അദ്ദേഹം 1502–ൽ നിര്യാതനായപ്പോൾ സ്ഥാനത്തു വന്ന ദേഹമാണ് ഏലിയാസ്. ഇദ്ദേഹം 1503-ൽ നാലു മെത്രാന്മാരെ കേരളത്തിലേക്കയയ്ക്കുന്നു. 1552 വരെ 300 വർഷക്കാലത്തേക്കു റോമാസഭയുമായി ബന്ധമില്ലായിരുന്നു എന്നു സമ്മതിക്കപ്പെട്ടുന്ന നിലയിൽ 264 വർഷം മുൻപു വിശ്വാസത്തിൽ അന്യോന്യബന്ധം ഇല്ലാതിരുന്നതും ഭിന്ന വിശ്വാസപ്രമാണങ്ങൾ വച്ചുപുലർത്തിയിരുന്നവരെന്നു അസന്നിഗ്ദ്ധമായി തെളിയപ്പെട്ടിരിക്കുന്നതുമായ റോമാസഭയും നെസ്തോറിയൻ സഭയും—കഴിഞ്ഞുകൂടിയിരുന്ന പേർഷ്യൻ സഭയിൽനിന്ന് 1503–ൽ അയയ്ക്കപ്പെട്ട മെത്രാന്മാർ റോമൻ സഭാംഗങ്ങളും റോമൻസഭാവിശ്വാസികളും റോമാപാപ്പായുടെ അധികാരത്തിനു വിധേയരും ആയിരുന്നു എന്നു സമർത്ഥിക്കുവാൻ ശ്രമിക്കുന്നതു് എത്ര അബദ്ധസമ്പൂർണ്ണമെന്ന് ഞാൻ എടു

www.malankaralibrary.com



ത്തുപറയേണ്ടതില്ലല്ലോ. അതേ; അതൊരു വൻ കള്ള ചരിത്ര നിർമ്മാണശ്രമം മാത്രം. കേരളത്തിലേക്ക അയക്കപ്പെട്ട മെത്രാന്മാർ ആരാൽ അയക്കപ്പെട്ടുവോ ആ പാത്രിയർക്കീസു നെസ്തോറിയൻ ആയിരിക്കെ അയക്കപ്പെട്ടവർ റോമൻ സഭാംഗങ്ങളായി രൂപാന്തരപ്പെട്ട മാസ്മരവിദ്യ എന്താണു്?

### ബാബേലിൽനിന്നു വന്ന മെത്രാന്മാൎക്ക ലഭിച്ച സ്വീകരണം.

ഈ നെസ്തോറിയൻ മെത്രാന്മാർ കണ്ണൂരിൽ എത്തിയപ്പോൾ അവരെ അവിടെയുണ്ടായിരുന്ന പോർട്ടുഗീസു വൈദികർ ബഹുമാനപുരസ്സരം സ്വീകരിച്ചെന്നും ഉടുപ്പുകളും സ്വർണ്ണനാണയങ്ങളും കൊടുത്തെന്നും ഈ മെത്രാന്മാരെക്കൊണ്ടു് തങ്ങളുടെ പള്ളിയിൽ വി: കുർബ്ബാന ചൊല്ലിച്ചു എന്നും ഇതെല്ലാം ഈ മെത്രാന്മാർ തങ്ങളുടെ സഭയിൽ പെട്ടവരായതുകൊണ്ടു് പോർട്ടുഗീസു വൈദികർ ചെയ്തതാണെന്നുമാണു് പ്രചരണം. "ഈ മെത്രാന്മാർ റോമാവിശ്വാസികളായിരുന്നതുകൊണ്ടാണു് റോമാപ്പള്ളിയിൽ കുർബ്ബാന ചൊല്ലിച്ചതെന്നു്: ഒരു വിശദീകരണവും"[6] 1288-ൽ നിക്കോളസ്സ് 4-ാമൻ പാപ്പാ നെസ്തോറിയൻ സഭാംഗമായിരുന്ന സൌമ്മായ്ക്കു് വിശുദ്ധ കുർബ്ബാന കൊടുത്തതും അയാളെക്കൊണ്ടു് റോമിലെ ദേവാലയത്തിൽ കുർബാന ചൊല്ലിച്ചതും അയാൾക്ക പാപ്പാതന്നെ ധാരാളം സമ്മാനങ്ങൾ കൊടുത്തതും ആയ സംഭവങ്ങൾ ഞാൻ മുകളിൽ വിവരിച്ചിട്ടുള്ളതും ഇതുംകൂടി നോക്കുമ്പോൾ ഈവിധ നടപടികൾ

www.malankaralibrary.com



റോമാക്കാരുടെ തന്ത്രപ്രയോഗമെന്നോ, അവരുടെ അജ്ഞതയുടെ പ്രകടനമെന്നോ ഗ്രഹിക്കേണ്ടതില്ല. പോർട്ടുഗീസു പള്ളിയിൽ കുർബാന ചൊല്ലുകയും പോർട്ടുഗീസുകാരോടു കാഴ്ചകളും സമ്മാനങ്ങളും വാങ്ങുകയും ചെയ്ത പേർഷ്യൻ മെത്രാന്മാർ അവരുടെ പാത്രിയക്കീസിന് അയച്ചതായുള്ള കത്തിൽ ഈ പോർട്ടുഗീസുകാർ അന്യ സമുദായക്കാരാണെന്നുള്ള സത്യം വെളിപ്പെടുത്തുന്നുമുണ്ട്. "കണ്ണൂരിൽ ഞങ്ങൾ എത്തിയപ്പോൾ ആ പട്ടണത്തിൽ വസിക്കുന്നവരായ 20 പോർട്ടുഗീസുകാരുണ്ട്. അവരെ ഞങ്ങൾ കണ്ടു്, ഞങ്ങൾ ആരെന്നും മററും പറഞ്ഞു മനസ്സിലാക്കി. ക്രിസ്തുവിനെപ്രതി അവർ ഞങ്ങളെ ബഹുമാനിക്കുകയും സമ്മാനങ്ങൾ തരികയും ചെയ്തു. ഞങ്ങൾ അവിടെനിന്നും പുറപ്പെട്ടു് എട്ടു ദിവസത്തെ വഴിക്കപ്പുറം താമസിക്കുന്ന നമ്മുടെ ക്രിസ്ത്യാനികളുടെ അടുക്കലേക്കു പോയി."[7] ഒരു നെസ്തോറിയനെ തിരിച്ചറിയുവാനുള്ള പാണ്ഡിത്യം റോമാസഭയുടെ ഭരണചക്രം തിരിക്കുന്ന പാപ്പായിക്കും കർദ്ദിനാളന്മാർക്കും ഇല്ലായിരുന്നു എന്നു തെളിയിക്കുന്ന ഈ സംഭവം മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനോടു താരതമ്യപ്പെടുത്തി കണ്ണൂരിൽ കണ്ട പോർട്ടുഗീസു പാതിരിമാർ ഈ നെസ്തോറിയൻ മെത്രാന്മാരെ, അവർ ആരെന്നു ശരിക്കു മനസ്സിലാക്കുവാൻ പ്രാപ്തരല്ലാതെ പോയതിൽ അതിശയിക്കേണ്ട ആവശ്യമില്ലല്ലോ. വേഷവിധാനങ്ങളും മററും കണ്ടു് ഇവരും ക്രിസ്തീയ സഭയിലെ മെത്രാന്മാരാണെന്നു പാതിരിമാർ ഗ്രഹിച്ചിരി

www.malankaralibrary.com



ക്കാം. റോമൻ സഭ എന്ന ഒരു സഭയെക്കുറിച്ചു മാത്രമെ പോർട്ടുഗലിൽനിന്നു വന്ന റോമൻ പാതിരിമാൎക്കു അറിവു ലഭിക്കുവാൻ സാദ്ധ്യതയുണ്ടായിട്ടുള്ളു എന്നല്ലാതെ മറെറാന്നുമില്ല. പോർട്ടുഗലിൽ നിന്നും ഈ പാതിരിമാർ കണ്ണൂരിൽ എത്തിയിട്ടു അധികം കാലം ആയതുമില്ല. അതിനാൽ റോമാസഭയിലെ മെത്രാന്മാർ എന്ന നിലയിൽ ബാബേൽ മെത്രാന്മാരെ സ്വീകരിച്ചു എന്നു പറയുന്നതിൽ യാതൊരു അൎത്ഥവുമില്ല. ക്രിസ്തുവിനെപ്രതിമാത്രം ഇവരുടെ സ്വീകരണത്തെ ആ മെത്രാന്മാർ അംഗീകരിച്ചു എന്നുമാത്രം. മെത്രാന്മാരോ ആ പാതിരിമാരേയും കൂട്ടരേയും തിരിച്ചറിഞ്ഞു. കേരളക്കരയിലെ ക്രിസ്ത്യാനികളും പേർഷ്യക്കാരായ തങ്ങളും ഏതോ ഒരു ബന്ധത്തിൽ ഉള്ളവരാണെന്നും പോർട്ടുഗീസുകാർ അങ്ങനെയുള്ളവരല്ലെന്നും "നമ്മുടെ ക്രിസ്ത്യാനികൾ" എന്ന പേരുമൂലം അവർ തങ്ങളുടെ സ്വന്തനില വെളിപ്പെടുത്തുകയും ചെയ്തു.

മലങ്കരയിൽ മെത്രാന്മാരുടെ ദീർഘകാലത്തെ അഭാവംമൂലം നേരിട്ട പ്രയാസത്തെ പരിഹരിക്കുന്നതിനായി 1490-ൽ മലങ്കരയിൽനിന്നും ഒരു പ്രതിനിധിസംഘം ബാബേലിലെ മാർ ശിമോൻ പാത്രിയക്കീസിനെ സമീപിക്കുന്നുണ്ടു്. ആ പാത്രിയക്കീസ്, പ്രതിനിധി സംഘത്തോടു് ഒരുമിച്ചു് നിയോഗിച്ച രണ്ടു മെത്രാന്മാരുടെയും, 1503-മുതൽ നാലു മെത്രാന്മാരുടെയും ഉപദേശത്തിലും മേലന്വേഷണത്തിലും നിലനിന്നു വന്ന മലങ്കര ക്രിസ്ത്യാനികൾ 1599 ലെ ഉദയംപേരൂർ

www.malankaralibrary.com



സുന്നഹദോസു സമയം വരെയും റോമാ മേലധികാരത്തിൻ കീഴിലല്ലായിരുന്നു എന്നും, റോമാ വിശ്വാസത്തിൽനിന്നും വിഭിന്നരായിരുന്നു എന്നും മേൽപ്പടി സുന്നഹദോസു നിശ്ചയങ്ങൾ കൊണ്ടു തെളിയിക്കപ്പെട്ടുമ്പോൾ 1503-ൽ കേരളത്തിലെ ക്രൈസ്തവ സഭയും അവരെ ഭരിച്ച പേർഷ്യൻ മെത്രാന്മാരും പാപ്പായുടെ അധികാരത്തിൻ കീഴിൽ ആയിരുന്നു എന്നു പറഞ്ഞാൽ അതൊരു വിലപോകാത്ത അഭിപ്രായമെന്നുമാത്രം പരിഗണിക്കേണ്ടതേയുള്ളു.

1502-ൽ നാട്ടുക്രിസ്ത്യാനികളും പോർട്ടുഗീസുകാരും തമ്മിൽ നടന്നതായി രേഖപ്പെടുത്തപ്പെട്ടിട്ടുള്ള സംഭാഷണങ്ങൾകൂടി ഈ ഘട്ടത്തിൽ ഉദ്ധരണീയമാണ്. "പോർട്ടുഗീസുകാർ— ഈ പള്ളികൾ പാപ്പായുടെ വകയാകുന്നു. സ്വദേശികൾ— പാപ്പാ ആരാകുന്നു? ഞങ്ങൾ അദ്ദേഹത്തെപ്പററി ഒരിക്കലെങ്കിലും കേട്ടിട്ടില്ല. പാശ്ചാത്യരായ നിങ്ങൾ ഏതു വിധക്കാരായിരുന്നാലും ഞങ്ങൾ സത്യവിശ്വാസികൾ ആണ്."[8] ക്രിസ്താബ്ദം അൻപത്തിരണ്ടു മുതൽ ആയിരത്തിനാന്നൂററിഅൻപതു വർഷക്കാലം ഭാരതഭൂമിയിൽ നിലനിന്നു വരുന്ന സഭയിലെ അംഗങ്ങളാണു അന്നുപറയുക, ഇക്കാലമത്രയും പാപ്പായെക്കുറിച്ചു കേട്ടിട്ടേ ഇല്ലെന്ന്. പാപ്പായുടെ പേരുപറഞ്ഞു വന്നവർ യഥാർത്ഥ ക്രിസ്ത്യാനികൾ തന്നായോ എന്നുപോലും മലങ്കര ക്രൈസ്തവർ സംശയിച്ചു. പോരാ, തങ്ങൾ സത്യക്രിസ്ത്യാനികളാണെന്ന് അവർക്കു ഉത്തമബോദ്ധ്യവുമുണ്ടായിരുന്നു. മഹമ്മദീയരുടെ ഉപദ്രവങ്ങൾ അ

www.malankaralibrary.com



നഭവിച്ച് വലഞ്ഞിരുന്ന കേരള ക്രൈസ്തവർ അവരിൽനിന്നു തങ്ങളെ രക്ഷിക്കുന്നതിനുള്ള അഭ്യർത്ഥനയോടുകൂടി തങ്ങളുടെ ഭരണാധികാരിയുടെ പൂർവികമായ ചെങ്കോലും മററും .വാസ്ക്കോടിഗാമായിക്കു കാഴ്ചവച്ചു്, ആയിരത്തി അഞ്ഞൂററിരണ്ടു് ഡിസംബർ ഏഴാം തീയതി പോർട്ടുഗൽ രാജാവിൻെറ സംരക്ഷണയിൽ സ്വയം ഏല്പിക്കപ്പെട്ടുന്നുണ്ടു്. പക്ഷെ ചെങ്കോലും കൊണ്ടു കടന്നുകളഞ്ഞതല്ലാതെ നാൽപ്പത്തു വർഷകാലത്തേക്കു മലങ്കരക്രിസ്ത്യാനികളുടെ കാര്യം ആ വിദേശികൾ അന്വേഷിച്ചതേയില്ല. മലങ്കരക്രിസ്ത്യാനികളോ അവരുടെ പേർഷ്യൻ മെത്രാന്മാരുടെ ഭരണത്തിൻകീഴിൽ മുൻപോട്ടു നീങ്ങിക്കൊണ്ടിരിക്കുകയും ചെയ്തു.

## XIII

## ബാബേലിൽനിന്നു വന്ന മാർ യൌസേഫ്

1556-ൽ ബാബേലിൽ നിന്നും കേരളത്തിൽവന്നുചേർന്ന ഒരു മാർ യൌസേഫ് മെത്രാൻ റോമാസഭാവിശ്വാസിയും പാപ്പായുടെ മേലധികാരത്തെ അംഗീകരിച്ചിരുന്ന ആളുമാണെന്നുള്ളതാണു് പാപ്പാസിംഹാസനത്തോടുള്ള മലങ്കരസഭയുടെ വിധേയത്വത്തെ സമർത്ഥിക്കുവാൻ ഉന്നയിച്ചിരിക്കുന്ന അടുത്ത തെളിവു്. അന്നത്തെ സഭയുടെ സ്ഥിതിഗതികളെ ഗ്രഹിക്കുന്നതിനു മലങ്കരയുമായി ബന്ധം പുലർത്തിയിരുന്ന റോമൻസഭാംഗങ്ങൾ അക്കാലത്തെഴുതിയിട്ടുള്ള ഒരു ഗ്രന്ഥം നമുക്കു് ആധാരമായി സ്വീകരിക്കാം. Oriente,

www.malankaralibrary.com



Conquistado.' ഇതൊരു ഗ്രന്ഥമാണ്. ഇതിന്റെ പ്രസിദ്ധീകൃത ആണ്ട് 1710 എന്നാണ പണ്ഡിതനായ മെക്കൻസീ രേഖപ്പെടുത്തിയിരിക്കുന്നത്. പോർട്ടുഗീസുകാരനായ ഒരു ഡിസൂസയാൽ വിരചിതമെന്നാണ് ഫാദർ പ്ളാസിഡ് ഇതേക്കുറിച്ച് അഭിപ്രായപ്പെട്ടിരിക്കുന്നത്. പോർട്ടുഗീസുകാരെ സംബന്ധിച്ച് ഒരു പോർട്ടുഗീസുകാരൻ തന്നെ എഴുതിയ ഈ ഗ്രന്ഥം നമുക്ക ഉപയോഗപ്പെടുത്താം. എന്നാൽ മാർയൗസേഫിനെക്കുറിച്ച് അയാളുടെ സാക്ഷ്യം കാണുന്നതിനുമുമ്പായി പോർട്ടുഗീസുകാരുടെ അന്നത്തെ ഇവിടുത്തെ സ്വാധീനം എത്രകണ്ടു ശക്തിമത്തായി പ്രബലപ്പെട്ടിരുന്നു എന്ന് അല്പമായിട്ടെങ്കിലും അറിഞ്ഞിരിക്കേണ്ടതായുണ്ട്.

"Gama treated him....Raja of Cochin...with much liberality."[1] അതെ കൊച്ചീരാജാവിനു ധാരാളം പണം കൊടുത്തു അദ്ദേഹത്തെ സ്വാധീനത്തിലാക്കി.

"The King of Cochin realised much profit by his trade with the Protughese."[2]—"പോർട്ടുഗീസുകാരുമായുള്ള വ്യാപാരം കൊച്ചീരാജാവിന് അമിതമായ ലാഭംവരുത്തിയിരുന്നു." സുറിയാനിക്കാരുടെ ഒരു കേന്ദ്രമായിരുന്ന കൊച്ചിയിലും സമീപപ്രദേശങ്ങളിലും ഭരണാധികാരിയായിരുന്നരാജാവ് പലകാരണങ്ങളാൽ, സുറിയാനിക്കാരുമായി ശത്രുതയിൽ ആയിതീന്ന പോർട്ടുഗീസുകാരുമായി ബന്ധത്തിലും സൗഹാർദ്ദത്തിലും ആയിതീന്നു സുറിയാനിക്കാരോട എന്തും പ്രവത്തിക്കുന്നതിനുള്ള സൌകര്യത്തെ ആ

www.malankaralibrary.com



വിദേശികൾക്കുണ്ടാക്കികൊടുത്തു ഒരു പ്രമുഖ ചരിത്രകാരന്റെ ഗ്രന്ഥത്തിൽ നിന്നും ഒരു ഭാഗംകൂടി ഇവിടെ ഉദ്ധരിക്കാം.

When the Portuguese arrived on the Malabar coast the Cochin Raja readily entered in to an alliance with them hoping that he could extricate himself from the humiliating tutelage of Calicut. But it was a fall from the frying pan into the fire. From the very begining of Portuguese relations with Malabar, they treated the Cochin Rajas as their vassals. They considered Cochin as one of their dependencies and in all their correspondence with the Raja they used to address him as their "faithful servant". The Portuguese governors at Cochin never showed even the ordinary courtesies due to a king in their dealings with him. In 1510 the Portuguese interned the Raja in his palace on the slightest provocation. The Raja was not allowed even to retire. Once Albuquerque openly told the Raja that it was the will of Portugal and not the custom of Cochin that was binding on Cochin. The Raja was deprived of even the taxes which were legitimately due to him.....During the century and a half that the Portuguese captains exercised their authority in the fortress of Cochin, the Rajas of that territory were virtually prisoners.[3]

www.malankaralibrary.com



കോഴിക്കോട്ടുസാമൂതിരിയുടെ അപ്രതിസംഹരണീയമായ നിയന്ത്രണത്തിൽനിന്നും വിമുക്തമാകുന്നതിന്നു തന്നെ സഹായിക്കുമെന്നു കരുതി കൊച്ചീമഹാരാജാവു്, പോർട്ടുഗീസുകാർ മലബാർതീരത്തിൽ എത്തിയവുടനെതന്നെ അവരുമായി സഖ്യത്തിൽ ഏപ്പെട്ടു. പക്ഷെ, അതു് വറകലത്തിൽനിന്നും അടുപ്പിലേക്കുള്ള വീഴ്ചമാത്രമായിരുന്നു. മലബാറുമായുള്ള ബന്ധത്തിൻെറ ആരംഭംമുതല്ക്കേ കൊച്ചീരാജാക്കന്മാരെ വെറും ആശ്രിതർ കണക്കെയാണു് പോർട്ടുഗീസുകാർ പരിഗണിച്ചുവന്നതു്. കൊച്ചി തങ്ങളുടെ ആശ്രിതരാജ്യമെന്നുതന്നെ അവർ ഗണിക്കുകയും രാജാക്കന്മാൎക്കു അയച്ചിട്ടുള്ള എല്ലാകത്തുകളിലും രാജാക്കന്മാരെ വിശ്വസനീയസേവകർ എന്നുമാത്രം അഭിസംബോധനം ചെയ്തിട്ടുള്ളതുമാണു്. ഒരു രാജാവിനോടു കാണിക്കേണ്ട സാമാന്യമയ്യാദപോലും പ്രദർശിപ്പിക്കാതെയാണു് കൊച്ചിയിൽ വന്നിട്ടുള്ള പോർട്ടുഗീസുഗവർണർമാർ എല്ലാവരുംതന്നെ കൊച്ചിരാജാക്കന്മാരോടു പെരുമാറിയിട്ടുള്ളതു്. വളരെനിസ്സാരമായ ഏതോകാരണം ഹേതുവായി കൊച്ചിരാജാവിനെ പോർട്ടുഗീസുകാർ ബന്ധനത്തിൽ പാൎപ്പിച്ചിരുന്നു. രാജസ്ഥാനത്തുനിന്നും വിരമിക്കുന്നതിന്നു ആഗ്രഹിച്ചിട്ടു് അതിനുപോലും രാജാവിന്നു അനുവാദംലഭിച്ചില്ല. കൊച്ചിയുടെ ഇഷ്ടമല്ല പോർട്ടുഗൽരാജ്യത്തിൻെറ അഭിമാനമാണു കൊച്ചീരാജ്യത്തു പ്രായോഗികമാകേണ്ടതെന്നു് ഒരിക്കൽ ആൽബുക്കൎക്കു് കൊച്ചീരാജാവിനോടു പറകയുണ്ടായി. രാജാ

www.malankaralibrary.com



വിന്റെ അവകാശപ്പെട്ട കരം വ ൽചെയ്യുന്നതിനുപോലും അദ്ദേഹത്തിനു സാദ്ധ്യമല്ലാതാക്കിതീർത്തു........ കൊച്ചിയിൽ പോർട്ടുഗീസുകാർ അധികാരം നടത്തിവന്ന നൂററിഅൻപതുവർഷക്കാലത്തേക്കു കൊച്ചീ രാജാക്കന്മാർ വെറും തടവുകാരായിരുന്നു.

സുറിയാനിക്കാരുടെ മറെറാരു കേന്ദ്രമായ കൊല്ലത്തേക്കു ഒന്നു നോക്കാം. അവിടുത്തെ കിരീടാവകാശി അക്കാലത്തു ബാല്യപ്രായം തരണം ചെയ്തു കഴിഞ്ഞിട്ടില്ലാതിരുന്നതിനാൽ അദ്ദേഹത്തിൻെറ സഹോദരി ആഴിപണ്ടാരി രാജ്ഞിയാണ് രാജ്യഭാരം നടത്തിക്കൊണ്ടിരുന്നതു്. ഈ രാജ്ഞിയേയും അവരുടെ പ്രധാന മന്ത്രിയേയും പണവും മററു വിശിഷ്ട സാധനങ്ങളും സമ്മാനം കൊടുത്തു് പോർട്ടുഗീസുകാർ അവരുടെ സ്വാധീനത്തിലാക്കി.

"He—the Portughese governor—deputed Rodrigus to go to the queen (of Quilon) and the chief minister with presents to the value of 4000 gold Fanams. The queen was delighted and accepted the money and presents"[4]

എന്താ മതിയായില്ലേ! നാലായിരത്തിൽപരം സ്വർണ്ണ നാണയങ്ങൾ, ധാരാളം സാധനങ്ങൾ, സന്തോഷസമേതം അതെല്ലാം രാജ്ഞി സ്വീകരിച്ചു. പക്ഷെ, ഇതു മാത്രമല്ലാ, വ്യാപാരാർത്ഥം തൻെറ രാജ്യാതൃത്തികളിൽ വന്നുചേന്ന വിദേശികളാണ് പോർട്ടുഗീസുകാരെങ്കിലും അവരെ അല്പം ഭയപ്പെട്ടു രാജ്ഞിക്കു കഴിഞ്ഞുകൂടേണ്ടതായിട്ടാണ് വന്നതു്. എന്തും പ്രവർത്തിക്കുന്ന ക്രൂരതയില്ലാത്ത ആ വിദേശികളുടെ ചില പ്ര

www.malankaralibrary.com



വത്തികളിൽ അസുഖംതോന്നിയ റാണി അൽപ്പമൊരു നീരസം അവരോടു ഒരവസരത്തിൽ പ്രകടിപ്പിച്ചെങ്കിലും ഉടനടി അവരുടെ ഗവർണ്ണരോടു മാപ്പു ചോദിച്ചു രമ്യതപ്പെടുന്നുണ്ടു്. മലങ്കര നസ്റാണികളുടെ കേന്ദ്രങ്ങളിലെ ഭരണാധികാരികൾ ഈ വിധം പോർട്ടുഗീസുകാരുടെ അധീനതയിൽ ആയി കഴിഞ്ഞതോടുകൂടി നാട്ടുക്രിസ്ത്യാനികളോടു അതൃപ്തി ഉളവാകുന്ന മറെറാരു കാരണവും ഈ വിദേശികൾക്കു ഉണ്ടായിതീൎന്നു. സുറിയാനി ക്രിസ്ത്യാനികളുടെ സ്ത്രീകളെ വിവാഹംചെയ്യുന്നതിനു തങ്ങൾക്കുള്ള ആഗ്രഹത്തെ അവർ പ്രകടിപ്പിച്ചപ്പോൾ വളരെ പുഛത്തോടും അവജ്ഞയോടും അവർ പ്രതിഷേധിച്ചു എന്നുള്ളതാണു് ആ കാരണം. റോമൻ സഭാ ചരിത്രകാരനായ ഫാദർ ബർണാഡ് എൻെറ ഈ പ്രസ്താവനയ്ക്കു സാക്ഷി നിൽക്കും. "സുറിയാനിക്കാരിൽനിന്നു അവൎക്കു വിവാഹം നടത്തണമെന്നു് 1535-ാമാണ്ടിടക്കു പറങ്കികൾ ഒരാലോചന നടത്തി, പല കാരണങ്ങൾ നിമിത്തം മാർ തോമ്മാക്രിസ്ത്യാനികൾ അതിനു വഴിപ്പെട്ടില്ല. മാത്രമല്ല അവരിൽ പലരും പറങ്കികളുടെ ഉപദ്രവത്തെ ഭയന്നു് കൊച്ചിയിൽനിന്നും കുടിപുറപ്പെടുകയും, കിഴക്കൻ ദിക്കുകളിൽ ചെന്നു വാസമുറപ്പിക്കുകയും ചെയ്തു. ഈ ഘട്ടം മുതൽക്കാണു് സുറിയാനിക്കാരുടെ നേൎക്കു പറങ്കികൾ വിരോധം ഭാവിച്ചു തുടങ്ങിയതു്."[5]

വ്യാപാരാർത്ഥം കേരളത്തിലും മററും എത്തിച്ചേൎന്ന പോർട്ടുഗീസുകാർ യാതൊരു സാമ്രാജ്ഗിക ബോധവുമില്ലാതെ അധഃസ്ഥിത സ്വഭാവമുള്ള ഒരു കൂട്ടരായിരു

www.malankaralibrary.com



ന്ന എന്നുള്ള യാഥാർത്ഥ്യംകൂടി നാം ഓർത്തിരിക്കേണ്ട തായുണ്ട്. അവരുടെ നാട്ടിലേയും ചുററുപാടുകളിലേ യും നടപടികൾ ഏതാണ്ട ചിലതെല്ലാം സന്ദർഭവ ശാൽ ഇതിനുപരി പ്രതിപാദിച്ചിട്ടുണ്ടല്ലോ. അ തിൽ ഒട്ടും തന്നെ നന്നായതല്ലായിരുന്ന കേരളത്തിലെ ത്തിയ പോർട്ടുഗീസുകാരുടെ അവസ്ഥയും. കേരള ത്തിൽ സുവിശേഷഘോഷണം നടത്തുന്നതിനും അ നേകായിരം അക്രൈസ്തവരെ സഭയിലേക്ക ചേർക്കുന്ന തിനും യഥാർത്ഥസുവിശേഷഘോഷണംനടത്തിയ ശൌ രിയാർ എന്ന വിശുദ്ധൻ മററൊരു ജോലികൂടി ഇ ന്ത്യയിൽ നിർവഹിക്കേണ്ടിവന്നതായി റോമൻചരിത്ര കാരൻതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

"In particular he induced the degenerate Europeans in Goa to lead more christian lives,"[6]. തങ്ങളുടെ വഷളായ ജീവിതരീതി വിട്ട് ക്രിസ്തീയമാ യ രീതിയിൽ ജീവിക്കണമെന്ന് ഗോവയിലെ പോർ ട്ടുഗീസുകാരെ ഉൽബോധിപ്പിക്കേണ്ടിവന്ന ജോലി ശൌരിയാർ (ഫ്റാൻസിസ് സേവിയർ) ഏറെറടു ക്കേണ്ടിവന്നു. അവരുടെ നിന്ദ്യമായ ജീവിതം എത്ര പ്രസിദ്ധമായിരുന്നു എന്ന് നമുക്ക മനസ്സിലാക്കുവാൻ ഉപയോഗപ്പെടുന്ന ഒരു തെളിവാണിത്. പാതിവ്ര ത്യത്തിനും, സാന്മാർഗ്ഗിക ജീവിതത്തിനും അതുല്യ പ്രാധാന്യം നല്കുന്ന ക്രൈസ്തവ ഉപദേശങ്ങളും അ തിനോടൊത്തിണങ്ങിയ ഭാരതീയ സംസ്ക്കാരവും ത ങ്ങളുടെ രക്തത്തിൽ ലയിച്ചു ചേർന്നിരുന്ന കേരളക്രൈ സ്തവരുണ്ടോ ആ മഹനീയപാരമ്പര്യത്തിൽ നിന്നും അ

www.malankaralibrary.com



കലെ പോകുന്നു. സ്ഥാനധനാഗമമാർഗ്ഗങ്ങൾ ഉപേക്ഷിച്ചുപോലും അവരുടെ ധാർമ്മികജീവിതം പുലർത്തി സംരക്ഷിക്കുന്നതിന് അവർ സദാ ജാഗരൂകരായിരുന്നു. അധർമ്മികളും നീചരുമായ പറങ്കികൾ കേരളനസ്രാണിസ്ത്രീകളെ ഭാര്യമാരായി ലഭിക്കുന്ന പദ്ധതിയിൽ പരാജയമടഞ്ഞുകഴിഞ്ഞപ്പോൾ അവർ നാട്ടുക്രിസ്ത്യാനികളുടെ ആജന്മ ശത്രുക്കളായിത്തന്നെ നിലകൊണ്ടു. കൊല്ലത്തേയും കൊടുങ്ങല്ലൂരെയും തങ്ങളുടെ പ്രിയപ്പെട്ട ദേവാലയങ്ങൾ മഹമ്മദീയർ നാമാവശേഷമാക്കിയതിനെ പറങ്കിപ്പടസമൂഹത്തിൻെറ സഹായത്തോടുകൂടി നാശത്തിൽനിന്നും രക്ഷിക്കാമായിരിക്കെ അതിനുപോലും നാട്ടുക്രിസ്ത്യാനികൾ ഇവരെ അഭയംപ്രാപിച്ചില്ല. മാർത്തോമ്മാ ക്രിസ്ത്യാനികൾ ആ കാലഘട്ടത്തിൽ അനുഭവിക്കേണ്ടിവന്ന പീഡയിൽ ഒരു സഹതാപബുദ്ധിപോലും പ്രകടിപ്പിക്കുവാൻ ആ പറങ്കികൾക്കു മനസ്സായതുമില്ല. മഹമ്മദീയരും ഹിന്ദുക്കളും ഭരണാധികാരികളും തങ്ങളുടെ ശത്രുക്കളായി വർത്തിച്ചുകൊണ്ടിരുന്ന ആ കാലഘട്ടത്തിലെ മർത്തോമ്മാ ക്രിസ്ത്യാനികളുടെ സ്ഥിതി ഏററവും പരിതാപകരവും അപകടസമ്പൂർണ്ണവും ആയിരുന്നു. തങ്ങളുടെ മതാനുയായികൾ എന്നു വിശ്വസിച്ച് തങ്ങളുടെ ശത്രുക്കളിൽനിന്നും രക്ഷിക്കണമെന്നഭ്യർത്ഥിച്ചും ആരുടെ മുൻപിൽ തങ്ങളുടെ പൂർവിക അഭിമാനത്തിൻെറ ചിഹ്നമായ രാജകീയ ചെങ്കോലും ചെമ്പുപട്ടയങ്ങളും അടിയറവച്ച് അഭയ യാചന നടത്തിയോ, ആ പോർട്ടുഗീസുകാർ, ആ നിർഘൃണർ

www.malankaralibrary.com



കൂടുതൽ വിനാശഹേതുകരായിത്തീരുകയാണ് ചെയ്തു തെന്നോർക്കുമ്പോൾ യഥാർത്ഥ മർത്തോമ്മാ ക്രിസ്ത്യാനികൾക്ക്, അഭിമാനവും, ആഭിജാത്യവും, നീതിബോധവും മനുഷ്യത്വവുമുള്ള വ്യക്തികൾക്ക്, ആ പരമ്പരയ്ക്ക് ആ ദുരനുഭവങ്ങൾ, മറക്കുവാൻ, മറയ്ക്കുവാൻ എങ്ങിനെ കഴിയും? എന്തും പ്രവർത്തിക്കുന്നതിനുള്ള കഴിവ് അക്കാലത്തു പോർട്ടുഗീസുകാർക്കുണ്ടായിരുന്നു എന്നു തെളിയിക്കുവാൻ ഒരു സംഭവം ഞാൻ ഇവിടെ ഉദ്ധരിക്കാം. തേവലക്കരയിലെ സുപ്രസിദ്ധമായ ഒരു പുരാതന ക്ഷേത്രത്തിൽ പട്ടാപ്പകൽ നടത്തപ്പെട്ട ഒരു കൊള്ളയാണ് ആ സംഭവം. ക്ഷേത്രഭണ്ഡാരത്തിൽ ധാരാളം രത്നങ്ങളും സ്വർണ്ണശേഖരവും ഉണ്ടെന്നു ഏതു വിധേനയോ പോർട്ടുഗീസുകാർ കേട്ടറിഞ്ഞു. അതു കവർന്നെടുക്കുവാൻതന്നെ അവർ തീരുമാനിച്ചു. രണ്ടു വലിയ വീപ്പകളുമായി അവർ ക്ഷേത്രത്തിനുള്ളിൽ കടന്നു. പരിശോധന പൂർത്തിയാക്കി ഭണ്ഡാരങ്ങൾ വെട്ടിപ്പൊളിച്ചു. വീപ്പകൾ രണ്ടും നിറച്ചു. എട്ടാളുകൾ വീതം ഒരേ സമയത്തു അത്യദ്ധ്വാനം ചെയ്തു മാത്രമാണ് വീപ്പകൾ ഓരോന്നും ഉരുട്ടിക്കൊണ്ടു പോകുന്നതിനെങ്കിലും സാധിച്ചതു്. ഹൈന്ദവരാജ്യത്തു ഹൈന്ദവ ഭരണാധികാരിയുടെ കൺമുൻപിൽ ഇത്തരം കൊള്ളകൾ പട്ടാപ്പകൽ നടത്തുവാൻ ശങ്കയില്ലാത്ത ആ വിദേശികൾക്കു ഇവിടെ ഉണ്ടായിരുന്ന സ്വാധീനവും പ്രാബല്യവും എത്ര വലുതായിരുന്നു എന്നു ഗ്രഹിക്കാമല്ലൊ. ഈവിധം പോർട്ടുഗീസുകാർ വിജയശ്രീലാളിതരായി കഴിയുന്ന കാല

www.malankaralibrary.com



ത്താണ് വിദേശിയനായ മാർ യൗസേഫ് മെത്രാൻെറ ആഗമനം. അദ്ദേഹം വന്നിറങ്ങി കാൽകുത്തിയതു് ഗോവാ തുറമുഖത്താണ്. അവിടെ ലഭിച്ച സ്വീകരണം പോർട്ടുഗീസുകാരുടെ കാരാഗാരത്തിലേക്ക്. പതിനെട്ടു ദീർഘ മാസങ്ങൾ ഇരുമ്പഴികൾക്കകത്തു ബന്ധിതനായി കഴിയേണ്ടിവന്ന അദ്ദേഹത്തെ ആ കാലഘട്ടത്തിനുശേഷം മോചിപ്പിച്ചതു തന്നെ ഗോവായിലെ പറങ്കിമെത്രാൻെറ ഇഷ്ടാനുസരണവും ആജ്ഞാനുസരണവും മാത്രം പ്രവർത്തിച്ചുകൊള്ളണമെന്നുള്ള നിർദ്ദേശങ്ങളോടുകൂടി മാത്രമാണ്. ഫാദർ പ്ളാസിഡ് ഇതു സമ്മതിക്കുന്നുമുണ്ട്. "But were not allowed to exercise any jurisdiction without the permission of the bishop of Goa"[7]

ഈവിധ സാഹചര്യങ്ങളിൽ മാർ യൌസേഫ് എന്താണു ചെയ്യുക. അദ്ദേഹത്തിൻെറ പ്രവർത്തികൾ റോമൻസഭാംഗം തന്നെ പറയട്ടെ.

"From the year 1558 there governed the Christians of St. Thomas one Mar Joseph with the title Archbishop and the Archbishop in order to show himself a catholic and to gain the good will of the Portuguese put the affairs of the Serra into better order so far as concerns the Mass and divine offices. He introduced vestments in the Roman style... He removed other abuses and ignorances and to obtain greater

www.malankaralibrary.com



credit-he often came to Cochin and he took into his employ Portuguese pages."[8]

—ഒരു കത്തോലിക്കനാണെന്നുകാണിക്കുന്നതിനു്—കത്തോലിക്കനായി ജീവിക്കുന്നതിനല്ല—പോർട്ടുഗീസുകാരുടെ പ്രീതി സമ്പാദിക്കുന്നതിനു—എങ്കിൽ മാത്രമെ നാട്ടിൽ ജീവിക്കുന്നതിനു സാധിക്കയുള്ളു. ——ബാഹ്യമായ പല പരിഷ്ക്കാരങ്ങളും അദ്ദേഹം ചെയ്തു. വേഷവിധാനങ്ങളെല്ലാം റോമൻ രീതിയിലാക്കി. വി: കർബാന മുതലായ ആരാധന ക്രമങ്ങളിൽ ചില ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ചില നടപടികൾ നിർത്തലാക്കി. പോരാ, തന്നിൽ കൂടുതൽ പ്രതിപത്തി തോന്നിക്കുന്നതിനായി പറങ്കികളുടെ പ്രധാന ആസ്ഥാനങ്ങളിൽ ഒന്നായ കൊച്ചിയിൽ കൂടക്കൂടെ പോകുകയും പറങ്കിബാലന്മാരെ തന്നോടൊന്നിച്ചു വസിക്കുന്നതിനു കൂട്ടിക്കൊണ്ടുപോകുകയും ചെയ്തുവന്നു. ഇങ്ങനെ ബാഹ്യമായി പലതും കാട്ടിക്കൂട്ടിയ ആ മാർ യൗസേഫിന്റെ വിശ്വാസം ഏതായിരുന്നു എന്നു ആരാഞ്ഞുനോക്കാം. അതും റോമൻ സഭാംഗങ്ങൾതന്നെ പറയട്ടെ!! "പോർട്ടുഗീസുകാർ അദ്ദേഹത്തിൽ—മാർ യൗസേഫിൽ—നെസ്തോറിയൻ പാഷണ്ഡതയെ ആരോപിക്കുകയും അദ്ദേഹത്തെ ബന്ധനസ്ഥനാക്കി പോർട്ടുഗലിലേക്കു കൊണ്ടുപോകുകയും ചെയ്തു."[9] ഇതു് 1916–ലെ അഭിപ്രായമാണു്. മറെറാരു തെളിവുകാണുക. **Mar Joseph was soon accused of heresey".**[10] മാർ യൗസേഫിനെ വേദവിപരീതിയായി കുററം വിധിച്ചു. ഇതു 1938

www.malankaralibrary.com



-ലെ അഭിപ്രായമാണു്. ഇനിയും 1940-ലെ ഒരഭിപ്രായം ഉദ്ധരിക്കാം. "ഏറെ താമസിയാതെ മാർ യൗസേഫ് മെത്രാനെ നെസ്റ്റോറിയൻ എന്ന കുററം ചുമത്തി ബന്ധനസ്ഥനാക്കി പറങ്കികൾ പോർട്ടുഗീസ് രാജ്യത്തേക്കയച്ചു."[11] റോമൻ സഭാംഗങ്ങളായ ഈ മൂന്നു ചരിത്രകാരന്മാരും സമ്മതിക്കുന്നു മാർ യൗസേഫിൽ വേദവിപരീതകുററം സ്ഥാപിക്കപ്പെട്ടിരുന്നു എന്നു്. ആ വേദവിപരീതം എന്താണെന്നു ഈ ചരിത്രകാരന്മാർ വെളിവാക്കുന്നില്ലെങ്കിലും ഇവക്കു മുൻപും മാർ യൗസേഫിൻെറ കാലത്തിനു ഏററവും അടുത്തും ജീവിച്ചിരുന്ന റോമൻ ഗ്രന്ഥകാരന്മാർ ആ വേദവിപരീതം എന്താണെന്നു പറയുന്നുണ്ടു്. അതു കാണുക.

Teaching them—the Portuguese pages—one day he recommended them to have great devotion towards the virgin Mary, but told them not to call her mother of God, but mother of Christ, and that they should never say Holy Mary Mother of God, but Holy Mary Mother of Christ pray for us."[12]

അതായതു മാർ യൗസേഫ് ഒരു ദിവസം പോർട്ടുഗീസുബാല്യക്കാരെ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ അവരോടു ഇപ്രകാരം ഉപദേശിച്ചു. കന്യകമറിയാമിനോടു വലിയ ഭക്തി ഉണ്ടായിരിക്കണം അവളെ ദൈവത്തിൻെറ അമ്മയെന്നു സംബോധന ചെയ്യരുതു്. എന്നാലും ക്രിസ്തുവിൻെറ അമ്മ എന്നു വിളിക്കണം. വിശുദ്ധ മറിയം ദൈവത്തിൻെറ മാതാവെന്നു്

www.malankaralibrary.com



ഒരിക്കലും പറയരുത്. പിന്നെയൊ വിശുദ്ധമറിയാമെ! ക്രിസ്തുവിൻെറ അമ്മേ! ഞങ്ങൾക്കവേണ്ടി പ്രാർത്ഥിക്കണമെ എന്ന പറയണം. ഇതാണ് മാർ യൌസേഫിൻെറ വിശ്വാസം. അതായത് അദ്ദേഹം പരിപൂർണ്ണനെസ്സോറിയൻ തന്നെ. അദ്ദേഹത്തിൻെറ പേരിലുണ്ടായ അന്വേഷണവും വിസ്താരവും ഈ യാഥാർത്ഥ്യത്തെ തെളിയിക്കുന്നുണ്ട്. 1567—ൽ ഗോവായിൽ വച്ചു നടത്തപ്പെട്ട പ്രാദേശിക സുനഹദോസിൻെറ നടപടികൾ ഈ വസ്തുതയെ സാക്ഷിപ്പെടുത്തുന്നുണ്ട്. മാർ യൌസേഫിനെ വിസ്തരിച്ച് വേദവിപരീതകുററം തെളിയിച്ച് മാത്രമാണ അദ്ദേഹത്തെ കപ്പൽ കയററി പോർട്ടുഗലിലേക്കും അവിടെനിന്നും റോമായിലേക്കും യാത്രയാക്കിയത്. റോമിൽവച്ചു മനം മാറിയതായും മാനസാന്തരപ്പെട്ട സത്യവിശ്വാസത്തെ സ്വീകരിച്ചതായും അതിനൊരു പ്രതിഫലമെന്നവണ്ണം കർദ്ദിനാൾ സ്ഥാനത്തേക്ക ഈ മനുഷ്യനെ ഉയർത്തുവാൻ പാപ്പാ സന്നദ്ധനായെന്നും പക്ഷെ കർദ്ദിനാൾ തൊപ്പി ലഭിക്കുന്നതിന മുമ്പായി യമപുരി പൂകിച്ചതായും ചരിത്രമുണ്ട്. മാർ യൌസേഫ് ആട്ടിൻതോൽ ധരിച്ച ചെന്നായുടെ കണക്കെ ഭാവനയിൽ റോമനും വിശ്വാസത്തിൽ നെസ്തോറിയനും ആയിരുന്ന എന്നുള്ളതുതന്നെ യഥാർത്ഥ ചരിത്രവസ്തുത. ഈ മാർ യൌസേഫ് മലങ്കരയിൽ വന്നതോ പ്രവർത്തിച്ചതോ മലങ്കരസഭയുടെ റോമാ സിംഹാസന ബന്ധത്തെ യാതൊരു വിധത്തിലും സ്പർശിക്കുന്ന ചരിത്ര വസ്തുതയല്ലതന്നെ.

www.malankaralibrary.com

# XIV

## ഉപസംഹൃതി.

റോമാസിംഹാസനത്തിന് മലങ്കരസഭ ആദിമ കാലംമുതൽ വിധേയമായിരുന്നുഎന്നു ഒരു ചിന്താഗതി ഉണ്ടായിരുന്നില്ല. 1599-ൽ നടന്ന ഉദയമ്പേരൂർ സുന്നഹദോസ്സുമുതലാണ് റോമാസഭയുടെ ഔദ്യോഗികനേതൃത്വം മലങ്കരസഭാമണ്ഡലത്തിൽ പ്രഥമതപ്രത്യക്ഷപ്പെടുന്നത്. ഇവിടുത്തെ അന്നത്തെ ദേശീയ ഭരണാധികാരികളെ ഭയപ്പെടുത്തിയും കോഴ കൊടുത്തും അവരുടെ മേൽ ഏതുവിധസ്വാധീനങ്ങളും പ്രയോഗിക്കുന്നതിൽ കഴിയുമായിരുന്ന പോർട്ടുഗീസുഭരണാധിപന്മാർ മലങ്കരക്രിസ്ത്യാനികളുടെ ദേവാലയങ്ങളിൽ പ്രവേശിക്കുവാനുള്ള ശ്രമത്തിൽ പരാജിതമായശ്രമങ്ങൾ പലതുമുണ്ട്. എന്നാൽ ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള വസ്തുതകൾ ഉദയംപേരൂർ സുന്നഹദോസിനുമുമ്പുണ്ടായിട്ടുള്ളതുമാത്രമാണ്. 1599 ലെ ഉദയമ്പേരൂർസുന്നഹദോസും 1653 ലെ കൂനങ്കുരിശുസത്യവും അതിൻെറപ്രയോക്താക്കളിൽ.പെട്ടിരുന്ന പറമ്പി, കടവി, ആദിയായ പ്രചരണാരൂപികളുടെ പിൽകാല ഗതിവിഗതികളും സാമാന്യം സവിസ്തരമായിതന്നെ രേഖപ്പെടുത്തുവാനുണ്ട്. മലങ്കരസഭയുടെ പൂർവ്വികമായതും കലർപ്പില്ലാത്തതുമായ വിശ്വാസാചാരങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഏതുക്ലേശങ്ങളും സഹിക്കുന്നതിനു സന്നാ

www.malankaralibrary.com



ദ്ധനായിരുന്ന വലിയ മാർദിവന്നാസ്യോസ്—ആറാം മാർതോമ്മാ—യെ പുത്തൻകാവുപള്ളിമേടയിൽ പട്ടിണി പാർപ്പിച്ചതും, പാദരക്ഷയും കുടയും കൂടാതെ ആലപ്പുഴ കടൽപുറത്തെ ചൊരിമണലിൽഎരിപൊരികൊള്ളുന്ന ഒരു കുംഭമാസത്തിലെ നട്ടുച്ചക്ക്നിർത്തി ബോധംകെടുത്തി നിലംപതിപ്പിച്ചതും, തത്തമ്പള്ളിപള്ളിയിൽ അദ്ദേഹത്തിന്റെ മനഃസാക്ഷിക്കു വിപരീതമായി പത്തീറാ ഉപയോഗിച്ചു കുർബാന ചൊല്ലിച്ചതും, പരിശുദ്ധാത്മാവിനു വിരോധമായ ആ തെററിനു പ്രതിശാന്തിയായി അദ്ദേഹം സ്വീകരിച്ചു നിർവഹിച്ച പശ്ചാത്താപപരിഹാരമാർഗ്ഗങ്ങളും, കരിയാററി, നാരകത്തറ, കട്ടക്കയം, തച്ചിൽ മുതലായ പുരോഹിതരുടെ നേതൃത്വത്തിൽ നടന്ന വിക്രിയകളുടെ സാമാന്യവിവരങ്ങളും, ചെങ്ങന്നൂർ, പുത്തൻകാവ്, നിരണം മുതലായപള്ളികളിലെ പണത്തിന്റെയും ജംഗമസ്വത്തുക്കളുടെയും കണ്ടുകെട്ടലുകളും എന്നിങ്ങനെപലതും സൂര്യപ്രകാശം കാണാതെ അവിടവിടെ ചില പഴയരേഖകളിലായി മറഞ്ഞു കിടക്കുന്നുണ്ട്. അവ ഓരോ സുറിയാനിക്കാരനും അറിഞ്ഞെങ്കിൽമാത്രമെ നമ്മുടെ പൂർവ്വികന്മാർ, നമ്മുടെ സത്യവിശ്വാസത്തെ കാത്തുരക്ഷിക്കുന്നതിനു അനുഭവിച്ചിട്ടുള്ള ക്ലേശങ്ങളും ത്യാഗങ്ങളും എത്രവിലമതിക്കത്തക്കതായിരുന്നു എന്നു നമുക്കഭിമാനിക്കാൻ സാധിക്കയുള്ളു. വീരചരിതരായ അവർ എന്തിനുവേണ്ടി, ഇവയെല്ലാം സഹിച്ചുവോ ആ സത്യവിശ്വാസത്തെ

www.malankaralibrary.com



കാത്തുസൂക്ഷിച്ചുവോ, ആ പാവനസ്മരണീയരുടെ ആശാനിർഭരമായ ആശംസയിൽ അനുഗ്രഹീതരായി ശേഷിച്ചിരിക്കുന്ന സത്യവിശ്വാസികളെ വഴിതെററിക്കുവാൻ മശിഹാതമ്പുരാൻെറ തിരുമുമ്പിൽ, സാമ്രാജ്യനാഥനായ രാജാധിരാജൻെറ വേഷത്തിൽ സ്മേരവദനനായി ചെന്നടുത്ത ആ തമോലോകാധിപനെപ്പോലെ കിണഞ്ഞുശ്രമിക്കുന്ന ഒരു രംഗം ഹാ! എന്തുചെയ്യട്ടെ!! ഭോഷ്കും വഞ്ചനയും വിധിക്കപ്പെട്ടും; നിശ്ചയം.

ശോകവിച്ഛേദനായ ശ്രീയേശു ക്രിസ്തുവിൻെറ ശിഷ്യോത്തംസമായ വി: തോമ്മസ്സ് അപ്പസ്തോലൻെറ പാവന പാദരേണുക്കളാൽ പരിപൂതമാക്കപ്പെട്ട ഭാരതമേദിനിയുടെ ദക്ഷിണപാർശ്വത്തിൽ, രണ്ടു സഹസ്രാബ്ദ കാലങ്ങളായി അക്ഷയഭാസ്സോടും അതുല്യ സംശുദ്ധയോടുംകൂടി പരിലസിക്കുന്ന മലങ്കര സഭയിൽ അപ്പസ്തോലിക നൽവരത്തിൻെറ ശാശ്വതശാന്തി അഭംഗുരം നിലനില്ക്കുന്ന ഈ സഭയിൽ, പൌരസ്ത്യനായ മശിഹാതമ്പുരാൻെറയും തൻെറ ശിഷ്യഗണങ്ങളുടേയും പരിശുദ്ധ സംസ്കാരത്തിൻെറ പിറവികണ്ടു കമ്പിട്ട ഈ പൌരസ്ത്യനാട്ടിൽ, അതിൻെറ സാകല്യതയിൽ മുദ്രണംചെയ്യപ്പെട്ട ഈ മലങ്കരസഭയിൽ, ഒരുവ്യക്തിയ്ക്കു ആത്മരക്ഷ സമ്പൂർണ്ണമാണെന്നു ലോകം സമ്മതിക്കെ, സത്യവിശ്വാസ പ്രമാണം ഉൾപ്പെടെയുള്ള സകല വിശ്വാസ സത്യങ്ങളിലും കലർപ്പു ചേർത്തുകൊണ്ടിരിക്കുന്ന റോമാസഭക്കു ആത്മരക്ഷ അനുഭവപ്പെട്ടുത്താമെന്നു വാഗ്ദാനംചെയ്തു ഒരുവ്യക്തിയെ ആ

www.malankaralibrary.com



ഹ്വാനം ചെയ്യാൻ സാധിക്കുമോ എന്നു ന്യായമായി ചോദിക്കുന്നു.

മേൽ സൂചിപ്പിച്ച വിഷയങ്ങളെ ആധാരീകരിച്ചും സത്യവിശ്വാസത്തിന്റെ മഹനീയ മൂല്യങ്ങളെ അപ്രതിസംഹരണീയമായ സത്യത്തിൽ തെളിയിച്ചും വിരചിക്കുന്ന ഒരു ഗ്രന്ഥം വിനാവിളംബം വായനക്കാരുടെ സമക്ഷം സമർപ്പിക്കാമെന്നു പ്രത്യാശിച്ചുകൊണ്ടു ഈ ചെറുഗ്രന്ഥം നീതിയേറിയ ലോകസമക്ഷം സമർപ്പിച്ചുകൊള്ളട്ടെ!!

MALANKARA
LIBRARY

www.malankaralibrary.com

MALANKARA
LIBRARY